Labasco, scis, scere ഇളകിയിരിക്കുന്നു, വിഴാറായിരിക്കുന്നു.
Plecto, is, ere അടിക്കുന്നു, തല്ലുന്നു, ശിക്ഷിക്കുന്നു.
Polleo, es, ere അധികാരം v. ശക്തി, v. പുണ്യമുണ്ടായിരിക്കുന്നു.
Recello, is, ere വളെക്കുന്നു, കനിക്കുന്നു, പുറകോട്ടു വളെക്കുന്നു.
Suffero, s, erre പാടുപെടുന്നു, സഹിക്കുന്നു, ക്ഷമിക്കുന്നു.
Stupesco, is, scere, (vide obustupesco, supra
Vergo, is, ere കീഴ്പ്പോട്ടുവളെയുന്നു v. ചരിഞ്ഞിരിക്കുന്നു

---

„ Or „ ആയിട്ടവസാനിക്കുന്ന ഏതാനും
ക്രിയാപദങ്ങൾ.

Diffiteor, eris, eri ഇല്ലെന്നുപറയുന്നു, ഉള്ളതെന്നു പറഞ്ഞതിനെ ഇല്ലെന്നു പറയുന്നു
Divertor, eris, erti പോകുന്ന വഴിവിട്ടു മറ്റൊ സ്ഥലത്തേക്കു തിരിയുന്നു മറ്റിടത്തിൽ തങ്ങുന്നു.
Liquor, eris, qui, (അലിയുന്നു) ഉരുകുന്നു, തുള്ളിതുള്ളിയായിട്ടു വീഴുന്നു,
Medeor, eris, eri ചികിത്സിക്കുന്നു, പൊറുപ്പിക്കുന്നു &c.

Praevertor, eris, praeverti കടക്കുന്നു, മുന്നിടുന്നു.
Reminiscor, sceris, sci ഓൎക്കുന്നു, ഓൎമ്മയിൽ വരുത്തുന്നു.
Ringor, geris, gi പല്ലിറുമ്മുന്നു, കോപിക്കുന്നു.
Vescor, sceris, sci തിന്നുന്നു, ഭക്ഷിക്കുന്നു.

---

Nota അപ്രകാരം ഇപ്പോൾ എഴുതിയ ക്രിയാപദങ്ങൾക്കു Praeteritum ഇല്ല എന്നതിനെക്കൊണ്ടു Supinum ഇല്ല. ആകയാൽ മലയാഴ്മയിൽ Praeteritum v. plusquam perfectum v. Subjunctivi ന്റെ Futurum ആയിട്ടുള്ള വാചകത്തിൽ ഈ വക ക്രിയാപദങ്ങളുടെ അൎത്ഥം വന്നാൽ Praeteritum supinum ഉള്ള ക്രിയാപദങ്ങൾ ഈ അൎത്ഥത്തോടു കൂടിയതായി ഉണ്ടായിരിക്കകൊണ്ടു അവകളെ മെലെഴുതിയതിന്നു പകരമായിട്ടു പ്രയോഗിച്ചുകൊൾക. ഉദ: Ambigo എന്നു വന്നാൽ Circundo, v. circumeo, v. സംശയിക്കുന്നുയെന്ന അൎത്ഥമായിട്ടു വന്നാൽ Dubito v. haereo പ്രയോഗിക്ക Ferio എന്നതിന്റെ അൎത്ഥം ആവിശ്യമായിവന്നാൽ ഇതിന്നു പകരമായിട്ടു praeteritum supinum ഉള്ള vulnero, v. percutio, v. verbero, v. caedo, പ്രയോഗിക്ക. Reminiscor ഓൎക്കുന്നുഎന്ന അൎത്ഥം ആവിശ്യമായി വന്നാൽ ഇതിന്നു പകരമായിട്ടു Recordor, vel, memini പ്രയോഗിക്ക, Vescor തിന്നുന്നു എന്ന അൎത്ഥം ആവിശ്യമായി വന്നെങ്കിൽ അതിന്നു പകരം Edo, vel comedo, vel, pascor പ്രയോഗിച്ചുകൊൾക. ഈ വണ്ണം ശെഷവും.

---

## CAPUT 5um.

## De participiis, gerundiis, et supinis

## ൫ാം അദ്ധ്യായം.

### Participia, Gerundia, Supina എന്നവകളുടെമെൽ.

---

ചൊ: Participium എന്നു പറയുന്നതെന്താകുന്നു ?

ഉ: പങ്കാളിയാകുന്നു. പങ്കെടുക്കുന്നു എന്ന അൎത്ഥമായിരിക്കുന്ന Participare, എന്ന ക്രിയാപദത്തിൽ നിന്നു അൎത്ഥം എടുത്ത ക്രിയാപദത്തൊടുചെൎന്ന ഒരുവക Adjectivum പെരാകുന്നു.

ചൊ: എന്നാൽ എന്ത്യ പങ്കെടുക്കുന്നു എന്ന അൎത്ഥമായിരിക്കുന്ന Participium, വിളിക്കപ്പെടുന്നു ?

ഉ: ക്രിയാപ്പദത്തിൽനിന്നും പെരിൽനിന്നും പങ്ക എടുക്കുന്നതുകൊണ്ടത്രെ.

ചൊ: എന്നാൽ ക്രിയാപദത്തിൽനിന്നു എന്തെടുക്കുന്നു ?

ഉ: ക്രിയാപദംപൊലെ കാലം കാണിക്കയും ആ ക്രിയാപദത്തിന്നു വെണ്ടുന്ന casus ചൊദിക്കയും ചെയ്യുന്നു എന്നതുകൊണ്ടു ഇതു രണ്ടുംകൂടവും ക്രിയാപദത്തിൽനിന്നു എടുക്കുന്നു എന്നു പറയുന്നു.

ചൊ: എന്നാൽ Adjectiva പെരുകളിൽനിന്നു എന്തെടുക്കുന്നു ?

ഉ: അതുകളുടെ പെരുക്കവും ഇതിനൊടു ചെൎന്നുവരുന്ന പെരിനൊടു വൎഗ്ഗത്തിലും വചനത്തിലും വിഭക്തിയിലും ഒത്തിരിക്കണം എന്നുള്ള ന്യായവും എടുക്കുന്നു. ഉദ: നല്ല മക്കളെ സ്നെഹിക്കുന്ന നല്ല അപ്പന്മാര നല്ല മനുഷ്യരാകുന്നു. Patres boni amantes filios bonos sunt homines boni.

ചൊ: ലത്തീൻഭാഷയിൽ Participiaകൾ എത്രയാകുന്നു?

ഉ: നാല, അതായ്ത ns ആയിട്ടും, us ആയിട്ടും, rus ആയിട്ടും, dus ആയിട്ടും അവസാനിക്കുന്നത ഉദ: Amans, Amatus, Amaturus, Amandus, ns ആയിട്ട അവസാനിക്കുന്നത നില്ക്കുന്ന കാലത്തിന്റെ participium എന്നും us ആയിട്ട അവസാനിക്കുന്നത കഴിഞ്ഞ കാലത്തിന്റെ participium എന്നും, rus ആയിട്ട അവസാനിക്കുന്നത വരുംകാലത്തിന്റെ participium എന്നും, dus ആയിട്ട അവസാനിക്കുന്നത passivum അൎത്ഥത്തൊടുകൂടിയ വരുംകാലത്തിന്റെ participium എന്നും വിളിക്കപ്പെട്ടമാറാകുന്നു എന്നുവരികിലും ns, us, ആയിട്ട അവസാനിക്കുന്ന participia രണ്ടും നില്ക്കുന്ന കാലത്തിനും ശെഷം കാലങ്ങൾക്കും കൊള്ളിക്കയും ആം. ഉദ: Rogat dicens, rogabat dicens, rogavit dicens, rogaverat dicens, rogabit dicens, ചൊല്ലിക്കൊണ്ട അപെക്ഷിക്കുന്നു അപെക്ഷിക്കയായിരുന്നു മറ്റും അതിൻവണ്ണംതന്നെ, sum paratus, ഞാൻ ആസ്ഥമായിരിക്കുന്നു ero paratus ഞാൻ ആസ്ഥമായിരിക്കും.

ചൊ: ഓരൊ ക്രിയാപദത്തിന്ന എത്ര participiaകൾ ഉണ്ട?

ഉ. o ആയിട്ട അവസാനിക്കുന്ന Activa, Neutra ക്രിയാപദങ്ങൾക്ക ns rus, ആയിട്ടുള്ള രണ്ട participia ഉണ്ട. ഉദ: Amo എന്ന ക്രിയാപദത്തിന്ന, Amans et amaturus അതിൻവണ്ണം തന്നെ passiva ക്രിയാപദങ്ങൾക്ക us, dus, ആയിട്ടുള്ള രണ്ട participia ഉണ്ട. ഉദ: Amor ഞാൻ സ്നെഹിക്കപ്പെടുന്നുയെന്നതിൽനിന്ന Amatus, Amandus, എന്നാൽ or ആയിട്ട അവസാനിക്കുന്ന Neutra ക്രിയാപദങ്ങൾക്ക ns, us, rus, എന്നിങ്ങനെ മൂന്ന participiaകൾ ഉണ്ട ഉദ: Ingredior, ഞാൻ പ്രവെശിക്കുന്നുയെന്നതിൽനിന്ന Ingrediens, ingressus, ingressurus.

Deponentia ക്രിയാപദങ്ങൾക്കൊയെന്നാൽ ഒരു വക ക്രിയാപദങ്ങൾക്ക മെൽകാണിച്ചിരിക്കുന്ന participiaകൾ നാലും ഉണ്ടായിരിക്കുന്നു എന്നാൽ us ആയിട്ട അവസാനിക്കുന്നത Activo അൎത്ഥത്തൊടുകൂടിയതായിരിക്കുന്നുയെന്ന ഓൎത്തുകൊൾക ഉദ: secutus, vel sequutus പിഞ്ചെന്ന എന്നാൽ dus ആയിട്ട അവസാനിക്കുന്നത passivum അൎത്ഥമുള്ളതായിരിക്കയും ചെയ്യുന്നു ഉദ: sequendus-a-um, പിന്തുടരപ്പെടത്തക്ക-പ്പെടുവാനിരിക്കുന്ന വിശെഷിച്ച പൊതുവായ ക്രിയാപദങ്ങളെന്ന പറയുന്ന communia verbaകൾക്കതിൻവണ്ണംതന്നെ participia നാലും ഉണ്ട എന്നാൽ ns, rus ആയിട്ട അവസാനിക്കുന്ന participia രണ്ടിന്റെയും അൎത്ഥം Activum ആയിരിക്കുന്നു us ആയിട്ട അവസാനിക്കുന്നതിന്റെ അൎത്ഥം Activum passivum; dus ആയിട്ട അവസാനിക്കുന്നതിന്റെഅൎത്ഥം passivum മാത്രം ആയിരിക്കയും ചെയ്യുന്നു വിശെഷിച്ചും sum, es, est എന്ന ക്രിയാപദത്തിനും അതിനാലുണ്ടാക്കപ്പെട്ട ക്രിയാപദങ്ങൾക്കും rus ആയിട്ട അവസാനിക്കുന്ന വരുംകാലത്തിന്റെ participium മാത്രമെയുള്ളു അതായത Futurus ഇങ്ങനെയുള്ള participium ഒരുത്തൻ ഒരു കാൎയ്യം ചെയ്യുമാറായിരിക്കുന്നുവെന്ന കാണിക്കയും ചെയ്യുന്നു. ഉദ: vir discessurus പുറപ്പെടുമാറായിരിക്കുന്ന മനുഷ്യൻ എന്ന അൎത്ഥമാകും അതിൻവണ്ണംതന്നെ dus ആയിട്ട അവസാനിക്കുന്ന participium, അതിനെക്കുറിച്ച പറയാം എന്നതിനെകൊണ്ട Adolescens puniendus, എന്ന ഒരു മൊഴികളുടെ അൎത്ഥം ഇതായിരിക്കുന്നു അതായത ശിക്ഷിക്കപ്പെടുവാനിരിക്കുന്ന v. ശിക്ഷിക്കപ്പെട്ടുവാനിരുന്നബാലൻ അല്ലെങ്കിൽ ശിക്ഷിക്കപ്പെട്ടുവാറായിരിക്കുന്ന v. ശിക്ഷിക്കപ്പെട്ടുവാറായിരുന്ന ബാലൻ. &c.

---

## DE GERUNDIIS

### Gerundia എന്നതിന്മെൽ.

ചൊ: Gerundia എന്ന പറയുന്നതെന്താകുന്നു?

ഉ: Gerundium, എന്ന പറഞ്ഞാൽ ചെയ്യുന്നുയെന്ന അൎത്ഥത്തൊടുകൂടിയ gero, geris എന്ന ലത്തീൻ ക്രിയാപദത്തിൽനിന്ന വരുന്നതും വല്ല കാൎയ്യത്തെ ചെയ്യുവാനുള്ള കടം അല്ലെങ്കിൽ ആവശ്യം കാട്ടുന്നതുമായ ഒരുവക substantivum പെരാകുന്നുയെന്ന പറയാം എന്നതിനെകൊണ്ട gerundium എന്ന പറയുമ്പൊൾ Aliquid gerendum അതായത വല്ലൊന്ന ചെയ്യെണ്ടതാകുന്നുവെന്ന പറയുന്നതുപൊലെ ആകും എന്നതിനെകൊണ്ട discedendum, എന്ന പറഞ്ഞാൽ പുറപ്പെട്ടു പൊകെണ്ടതാകുന്നു അല്ലെങ്കിൽ പുറപ്പെട്ടുവാൻ ആവശ്യമായിരിക്കുന്നു എന്ന അൎത്ഥമാകുന്നു.

ചൊ: എന്നാൽ ലത്തീൻപെച്ചിൽ എത്ര gerundiaകൾ ഉണ്ട?

ഉ: മൂന്ന അതായത,, in di,, in do, in dum, ഉദ: Amandi, Amando, Amandum. ആയത മെൽ ചൊല്ലിയിരിക്കുംവണ്ണം പല, casus, ആയിട്ടുള്ള substantiva, പെരുകളെപൊലെ ആകുന്നു. അതായത, Gerundium, in di. casus Genitivus, Gerundium, in do, ചിലപ്പൊൾ Dativus, ചിലപ്പൊൾ Ablativus; Gerundium, in dum. ചിലപ്പൊൾ Nominativus. ചിലപ്പൊൾ Accusativus, ആകകയും ചെയ്യും: എന്നാൽ ഒരു മുൻചൊല്ലിന്റെശെഷം വരുമ്പൊഴൊക്കെയും Accusativus casus. ആകും ഉദ: Legendum est. വായിക്കെണ്ടതാകുന്നു എന്ന പറഞ്ഞാൽ ഇവിടെ Legendum, Nominativus casus ആകുന്നു. Te hortor ad legendum, വായിപ്പാൻ നിന്നൊടു ഞാൻ ഗുണദൊഷിക്കുന്നു. ഇവിടെ Legendum, Accu: casus ആകുന്നു വിശെഷിച്ച Gerundiaമെൽ സൂക്ഷിക്കെണ്ടുന്നതായത. Gerundiaകളും Participium, dus-da-dum, തമ്മിൽ പെരുത്ത വിത്യാസമായിരിക്കുന്നു. അതെന്തെന്നാൽ ഈ വക Participium, substantivo പെരിനൊടു Adjectiva പെരുകളെപൊലെ ഒപ്പിക്കയും ആം എന്നാൽ Gerundiaകളെ ഒപ്പിച്ചുകൂടാ എന്നതിനെക്കൊണ്ട Tempus legendi historiam. ചരിത്രം വായിക്കുന്നതിനുള്ളകാലം vel നെരം എന്നുപറയുമ്പൊൾ Gerundium, in di, ആകും: tempus legendæ historiæ. ചരിത്രം വായിക്കപ്പെടുവാനുള്ളനെരം vel കാലം എന്ന പറയുമ്പൊൾ Participium in dus ആകും.

---

## DE SUPINIS.

ചൊ: Supina, എന്ന ലത്തീൻപെച്ചിൽ പറയുന്നതെന്താകുന്നു?

ഉ: നാശില്ലാത്തതായ രണ്ടമൊഴികൾ ആകകൊണ്ട അനക്കംകൂടാതെ മലൎന്ന കിടക്കുന്നവനെകുറിച്ച പെരുമാറുന്നമൊഴി ഇതിന്നപെരായിട്ട ഇട്ടിരിക്കുന്നു. എന്നാൽ ഈ ശെഷിച്ചിരിക്കുന്ന മൊഴികൾ രണ്ടിന്റെ പെരുമാറ്റവും അപൂൎണ്ണമെന്നും പറകയുമാം ആയ്തു രണ്ടും ക്രിയാപദം കൊണ്ടുണ്ടാക്കപ്പെട്ട രണ്ട substantiva, പെരുകളെപൊലെ വിചാരിക്കയും ആം എന്നാൽ,, um, ആയിട്ട അവസാനിക്കുന്ന ഒന്നാമത്തെതിന്റെ അൎത്ഥം Activum., u,, ആയിട്ട അവസാനിക്കുന്നതിന്റെ അൎത്ഥം Passivum, ആയിരിക്കയും ചെയ്യുന്നു. ഉദ: Amatum, സ്നെഹിപ്പാൻ, Amatu., സ്നെഹിക്കപ്പെടുവാൻ,

---

# CAPUT 6um DE ADVERBIIS.

## ആറാം അദ്ധ്യായം

### Adverbia കളുടെമെൽ.

---

ചൊ: Adverbiaകൾ എന്ന പറയുന്നതെന്താകുന്നു?

ഉ: സാമാന്യം ക്രിയാപദങ്ങളൊടു ചെൎക്കപ്പെടുന്ന ക്രിയാപദങ്ങളുടെ ഒരു ഗുണം അല്ലെങ്കിൽ ഗുണക്കെട എന്നപൊലെ കാണിക്കുന്ന പെരുക്കമില്ലാത്ത ഒരുവക പദങ്ങളാകുന്നു. എന്നതിനെക്കൊണ്ട ഒരു വിധത്തിൽ ക്രിയാപദത്തിന്റെ പെരുക്കമില്ലാത്ത ഒരുവക Adjectivum പെര, യെന്ന പറയാം; വിശെഷിച്ച സൂക്ഷിക്കെണ്ടുന്നതെന്തന്നാൽ: ഈ വക മൊഴികൾ സാമാന്യം ക്രിയാപദങ്ങളൊടു ചെൎക്കപ്പെടുന്നുവെന്ന ചൊല്ലിയിരിക്കുന്നു. അതെന്തെന്നാൽ substantiva, പെരുകളൊടും Adjectiva പെരുകളൊടും ചിലപ്പൊൾ വെറിട്ടൊരു Adverbiയൊടും കൂടെ ചെൎക്കപ്പെടുകയും ചെയ്യും ഉദ: Vere pater, പട്ടാങ്ങയായിട്ട അപ്പൻ Nimis debilis അധിക ക്ഷീണമുള്ള, valde cito, വളരെ വെഗത്തിൽ &c.

ഇത കൂടാതെയും സൂക്ഷിക്കെണ്ടുന്നതായത Adverbiaകൾ എന്ന ഈ പദങ്ങളുടെ അൎത്ഥവും വൎഗ്ഗവും പലതാകുന്നു. ആയതിന്റെ തിരിവിന്നായിട്ട ഇതിന്റെതാഴെ ഒരൊവക തിരിച്ച ഒരൊവകയിൽ ചെൎന്നതായിട്ട ഏതാനും എങ്കിലും കാട്ടുകയും ആം.

കടശി Adverbia സംബന്ധമായിട്ട അറിയെണ്ടുന്നതെന്തന്നാൽ Adverbiaകളിൽ പലതും പ്രത്യെകം Adjectiva പെരുകളിൽനിന്ന വരുന്നതുകൾക്ക, comparativus, su-

perlativus എന്ന gradus, ഉണ്ടായിരിക്കുന്നു. എന്നാൽ comparativus gradus Adjectiva പെരുകളുടെ comparativi ന്റെ Genus neutrum പൊലെ എല്ലാപ്പൊഴും (ius) ആയിട്ട അവസാനിക്കുന്നു. എന്നാൽ ഇവകളുടെ superlativus gradus എല്ലാപ്പൊഴും Adjectiva പെരുകളുടെ superlativi ന്റെ vocativus casus പൊലെ (e) ആയിട്ട അവസാനിക്കയും ചെയ്യും ക്രമമില്ലാത്ത comparativus superlativus gradus, ഉള്ള Adjectiva പെരുകളിൽനിന്ന ഉത്ഭവിക്കുന്ന Adverbia കളുടെ ൨ാം gradus രണ്ടും ക്രമമില്ലാത്തതാകുന്നു. ഇവകളുടെമെൽ ശിഷ്യൎക്ക അറിവുണ്ടാകുവാൻ എറ്റം ആവശ്യമായിരിക്കകൊണ്ട ക്രമമുള്ളതുകളുടെയും ക്രമമില്ലാത്തതുകളുടെയും ഒരു കുറിപ്പ ഇതിന്റെതാഴെ കുറിച്ചിരിക്കുന്നു.

---

| POSITIVUS GRADUS | COMPARATIVUS | SUPERALTIVUS |
|---|---|---|
| Sancte, പുണ്യമായിട്ട | Sanctius എറ്റം പുണ്യമായിട്ട | Sanctissime, എത്രയും പുണ്യമായിട്ട |
| utiliter, ഉപകാരമായിട്ട | utilius എറ്റം ഉപകാരമായിട്ട | utilissime, എത്രയും ഉപകാരമായിട്ട |
| Acriter, കഷ്ടമായിട്ട, കഠിനമായിട്ട | Acrius, എറ്റം കഷ്ടമായിട്ട | Accerrime, എത്രയും കഠിനമായിട്ട |
| Facile, എളുപ്പമായിട്ട | Facilius, എറ്റം എളുപ്പമായിട്ട | Facillime, എത്രയുംഎളുപ്പമായിട്ട |
| bene, നന്നായിട്ട | melius, എറ്റം | optime, എത്രയും |
| male, മൊശമായിട്ട | pejus, എറ്റം | pessime, എത്രയും |
| multum, വളരെ | plus vel magis എറ്റം | plurimum, maxime എത്രയും |
| parum, കുറെച്ച | minus എറ്റം &c. | minime, എത്രയും &c. |
| cito, വെഗത്തിൽ | citius എറ്റം ,, | citissime, എത്രയും,, |
| sæpe, കൂടെ കൂടെ | sæpius, എറ്റം ,, | sæpissime, എത്രയും ,, |
| Prope, സമീപെ | propius, എറ്റം ,, | proxime, എത്രയും സമീപെ അടുത്ത വിധത്തിൽ. |

---

താഴെ എഴുതുവാൻപൊകുന്ന രണ്ട Adverbia കൾക്ക

Superalatívus ഇല്ല.

| | | | | | | |
|---|---|---|---|---|---|---|
| Sero, | താമസിച്ച. | Serius, | എറ്റം. | ,, | ,, | ,, |
| Satis, | മതി, | Satius, | എറ്റം നല്ലത. | ,, | ,, | ,, |

---

താഴെ എഴുതുന്നതിന്ന Comparativus ഇല്ല.

Nuper, കുറെ മുമ്പെ. ,, ,, ,, nuperrime, എത്രയും നൂതനമായിട്ട എത്രയും അടുത്തകാലത്തിൽ &c.

---*---

താഴെ എഴുതുവാൻപൊകുന്ന

രണ്ട Adverbia കളക്ക, positivus gradus ഇല്ല.

| | | |
|---|---|---|
| ,, ,, ,, | ocyus, ഏറ്റം വെഗത്തിൽ ചുറുക്കെ. | ocyssime, ഏത്രയും വെഗത്തിൽ. |
| ,, ,, ,, | Potius. ഏറ്റം നല്ലത, അതിനെക്കാൾ ഉദ: അതു നീ ചെയ്യുന്നതിനെക്കാൾ ഇത ചെയ്യുന്നത ഏറ്റം നല്ലത. Potius est ut facias hoc quam illud. | potissime, v. potissimum. പ്രത്യെകമായിട്ട. പ്രധാനമായിട്ട |
| ,, ,, ,, | മാറും | |

Adverbia loci, ഇടത്തിന്നടുത്ത

Adverbia കൾ.

Adverbia status in loco,

ഇടത്തിൽ ഇരിപ്പ കാട്ടുന്ന Adverbia കൾ

Ubi, ? എവിടെ ?
Hic, Istic, { ഇവിടെ
Illic, Ibi, { അവിടെ
Ubique, എല്ലായിടത്തും
Ubicumque, എവിടെ എങ്കിലും
Ubivis, വല്ലയിടത്ത എവിടെയെങ്കിലും
Ubilibet, എവിടെ ആയാലും
Alibi, മറ്റൊടത്തിൽ
Alicubi, ചിലെടത്ത
Sicubi, യാതൊരിടത്തിൽ . . . . ആൽ . . ആയാൽ
Nullibi ഒരെടത്തും ഇല്ല
Ibidem അവിടത്തന്നെ
Intus അകത്ത ഉള്ള
Foris പുറത്ത

Adverbia, motus ad locum

ഇടത്തിന്ന ഇളക്കം v. പൊക്ക കാട്ടുന്ന

Adverbia കൾ,

Quo ? എവിടെക്കു ?
Huc, Istuc | ഇവിടെക്കു
Illuc, Illo | അവിടെക്കു
Quoquo എവിടെ യെങ്കിലും എല്ലായിടത്തും, ഇടം എല്ലാം
Quo cum que എല്ലാടത്തും ഏതെല്ലാം ഇടത്തു ആയാലും, എങ്ങും, എവിടെ ആയാലും
Quovis ഇഷ്ടമുള്ളിടത്ത ആയാലും എവിടെയെങ്കിലും
Quolibet എവിടെ ഇഷ്ടമൊ അവിടെ
Alio മറ്റെ സ്ഥലത്തെക്കു
Aliquo വല്ല സ്ഥലത്തെക്കു
Siquo യാതൊരു സ്ഥലത്തെക്കു എങ്കിൽ
Nusquam യാതൊരു ഇടത്തും, ഇല്ല
Eo ആ സ്ഥലത്തെക്കു
Eodem ആ സ്ഥലത്തെക്കു തന്നെ
Intro അകത്തെക്കു
Foras പുറത്തെക്കു

Adverbia motus per locum

ഒരു യിടത്തിൽ കൂടെയുള്ള ഇളക്കം കാട്ടുന്ന

Adverbia കൾ

Qua ? ഏതിലെ, ഏതിലെക്കു
Hac, Istac } ഇതിലെ
Illac, Ea } അതിൽകൂടെ, അതിലെ
Usquequaque എല്ലായിടത്തിൽകൂടെ
Quacunique ഏത എടത്തിൽ കൂടെയെങ്കിലും

Quavis / Qualibet — നിനക്ക ഏതിലെ ഇഷ്ടമൊ അതിലെ
Alia — മറ്റ ഭാഗത്തു കൂടെ മറ്റ വഴിയായി
Aliqua — വല്ല ഭാഗത്തു കൂടെ
Nusquam — യാതൊരു ഭാഗത്തും കൂടെ ഇല്ല
Eadem — ആ യിടത്തിൽ കൂടെ തന്നെ
Intus — അകത്ത കൂടെ
Foris — പുറത്തുകൂടെ

---

## Adverbia motus, a loco.

ഒരു യിടത്തിൽ നിന്ന ഇളക്കം കാട്ടുന്ന

Adverbia കൾ.

Unde, ? എവിടെ നിന്ന
Hinc / Istinc — ഇവിടെനിന്ന
Illinc / Inde — അവിടെ നിന്ന ആയിടത്തിൽ നിന്ന
Undique എല്ലായിടത്തുനിന്നും
Undecumque എവിടെനിന്നയെങ്കിലും
Unde vis / Undelibet — നിനക്ക ഇഷ്ടമുള്ളയിടത്തു നിന്ന
Aliunde മറ്റെടത്തിൽ നിന്ന
Alicunde വല്ലയിടത്തുനിന്ന
Sicunde വല്ലഭാഗത്തനിന്നയെങ്കിൽ
Nusquam യാതൊരിടത്തിൽനിന്നുംഅല്ല
Indidem, ആയിടത്തിൽനിന്ന
,, ,, ആയിടത്തിൽനിന്നതന്നെ
,, ,, ഒരിടത്തിൽനിന്ന
Intus അകത്തുനിന്ന
Foras പുറത്തുനിന്ന

---

## ADVERBIA MOTUS VERSUS LOCUM.

ഒരിടത്തൊട്ട ഇളക്കം കാണിക്കുന്ന

Adverbia കൾ.

Quorsum എങ്ങൊട്ട
(എന്തിന്ന എന്തൊരു കാൎയ്യത്തിന്നായിട്ട)
എന്നുവരും
Horsum ഇങ്ങൊട്ട
Istorsum ഇത്തൊട്ടെക്കു
Illorsum അങ്ങൊട്ട
Aliorsum മറുഭാഗത്തൊട്ട
Alioversum മറ്റ ഭാഗത്തൊട്ട
Sursum മെലൊട്ട മെല്പൊട്ട
Deorsum കിഴ്പൊട്ട
Introrsum അകത്തൊട്ട
Dextrorsum വലത്തഭാഗത്തൊട്ട
Sinistrorsum ഇടത്തുഭാഗത്തൊട്ട
Retrorsum പുറകൊട്ട
Quoquoversum ഏതഭാഗത്തൊട്ടെങ്കിലും

---

## ADVERBIA MOTUS USQUE AD LOCUM.

ഒരെടത്തുവരെ ഇളക്കം കാട്ടുന്ന

Adverbia കൾ.

Usquequo എവിടത്തൊളം
Hucusque ഇവിടത്തൊളം
Hactenus ഇവിടംവരെ
Ubies, ubi habitas, ubi studuisti എവിടെ നീയിരിക്കുന്നു, എവിടെ നീ പാൎക്കുന്നു, എവിടെ നീ പഠിച്ചു ?
Sum hic, habito illuc. ibidem studui ഇവിടെ ഞാനിരിക്കുന്നു, അവിടെ ഞാൻ പാൎക്കുന്നു, അവിടെത്തന്നെ ഞാൻ പഠിച്ചു.
Quo vadis എവിടെക്കു നീ പൊകുന്നു ?
Eo illuc അവിടെക്കു ഞാൻ പൊകുന്നു
Quo pervenies ? എവിടെ നീ എത്തും ?

---

## ADVERBIA TEMPORIS

കാലത്തിന്നടുത്ത Adververvia കൾ.

Hodie ഇന്ന
Cras നാളെ
Perendie മറ്റെന്നാൾ നാളെ കഴിഞ്ഞിട്ട
Heri ഇന്നലെ
Nudiustertius മിനിഞ്ഞാന്ന
Pridie തലെനാൾ
Postridie പിറ്റെന്നാൾ
Quotidie ദിവസംതൊറും
Semper എല്ലായ്പ്പൊഴും
Nunc ഇപ്പൊൾ
Modo ഇപ്പൊൾതന്നെ
Nuper കുറെ മുമ്പെ, കുറെനാൾമുമ്പെ നൂതനമായി
Olim പണ്ട, ഒരിക്കൽ വരുംകാലത്തിൽ
Aliquando ചിലപ്പൊൾ, ഒരിക്കൽ
Quondam ഒരു സമയത്ത മുൻകാലങ്ങളിൽ
Antea മുൻമ്പിൽ
Postea പിന്നെ
Postmodum പിന്നെ, അതിന്റെ ശെഷം

Brevi ചുരുക്കത്തിൽ കുറെ കഴിയുമ്പോൾ
Diu ദീൎഘമായിട്ട

Adhuc കൂടെ, കൂടെയും
Nondum ഇതുവരെയും ഇല്ല
Unquam ചിലപ്പോൾ, ഒരുനാളും
Nunquam ഒരിക്കലും ഒരു നാളും
Deinceps ഇനിമെലിൽ
Inposterum വരും കാലത്തിൽ
Mox ഉടനെ
Ut ubi } പൊൾ
cumprimum } (അകയാൽ) ഉടനെ
Donec |
Quoad | അതുവരെ
Quoadusque അതുവരെ വരെ
Opportune തക്ക സമയത്തിൽ
Tempestive ecc ,, ,,

---

## ADVERBIA NUMERI

എണ്ണത്തിന്നടുത്ത Adverbia കൾ

Semel ഒരു പ്രാവശ്യം, ഒരിക്കൽ
Bis രണ്ടുഉരുഴം
Ter മൂന്നുഴം
Quater നാലുഴം
Quinquies അഞ്ചുപ്രാവശ്യം
Centies നൂറുപ്രാവശ്യം
Millies ആയിരം പ്രാവശ്യം
Toties അത്രപ്രാവശ്യം
Quoties എത്രപ്രാവശ്യം
Multoties പലപ്രാവശ്യം
Pluries ഏറിയ പ്രാവശ്യം
Sæpe പലപ്പൊഴും
Plerumque ഏറിയ കുറും
ut plurimum സാമാന്യം
Identidem ചിലപ്പൊൾ

Primo, primum ഒന്നാമത്തെതിൽ ഒന്നാമത്തെ ഉരുഴം

Secundo രണ്ടാമത്തെതിൽ രണ്ടാമത്തെ ഉഴം

Denuo, iterum, rursus വീണ്ടും രണ്ടാമത്തെ ഉഴം

Tertio (etce) മൂന്നാമത്തെതിൽ മൂന്നാമിടത്തിൽ ശെഷവും

---

## ADVERBIA QUANTITATIS

വലിപ്പ ചെറുപ്പത്തിന്നടുത്ത
Adverbia കൾ.

Multum | വളരെ
Valde | ,,
Satis മതി
Nimis v. nimium അധികം
Parum കുറെച്ച
Nihil v. nil ഏതുമില്ല

---

## ADVERBIA QUALITATIS

ഗുണലക്ഷണങ്ങൾക്കടുത്ത Adverbia കൾ

Recte, probe, നന്നായിട്ട, കൊള്ളാം, ചൊവ്വെ

Sancte പുണ്യമായിട്ട
പുണ്യസുഖത്തൊടുകൂടെ
Prudenter വിവെകമായിട്ട
Feliciter ഭാഗ്യമായിട്ട

---

## ADVERBIA SIMILITUDINIS

തുല്യം കാട്ടുന്ന Adverbia കൾ

Ita അതിൻവണ്ണം
Sic ഇപ്രകാരം, ഈ വണ്ണം
Quasi, ceu, tanquam ഏകദെശം പൊലെ

ഉ-ദ: Agit ceu demens ഭ്രാന്തനായിരുന്നാൽ എന്നതുപൊലെ അവൻ പ്രവൃത്തിക്കുന്നു.

Quemadmodum പൊലെ
ut, uti ആ വിധമായി
Sicut, sicuti | പൊലെ
velut, veluti |
Prout പൊലെ അതിന്ന തക്കതിൻവണ്ണം
Non secus, |
Haudaliter | മറ്റപ്രകാരമല്ല
Instar പൊലെ അതിന്നതക്കതിൻവണ്ണം
Instar montis മലപൊലെ (ഒരു വക Adjectivum പൊരാകുന്നു ഇതു ഹെതുവായിട്ട Genitivo വിഭക്തിയൊടു ചെൎക്കപ്പെടുന്നു

---

## ADVERBIA INTERROGATIONIS

ചൊദ്യത്തിന്നടുത്ത Adverbia കൾ.

Cur ? എന്ത്യ ?
Quare ?
Utquid ? എന്തുകൊണ്ട ?
Quamobrem ?
Quorsum ? എന്തിന്ന
An, anne ? പക്ഷെ, ഒ ?
Nonne, num ?

## ADVERBIA AFFIRMATIONIS

ഉണ്ടു, ഉവ്വാ എന്നു സമ്മതിക്കുന്ന വാചകങ്ങളോടു ചേരുന്ന Adverbia കൾ

Ita } അതെ ഈ വണ്ണം ആകുന്നു
Etiam ,, ,,
Utique ,, ,,
Certe പട്ടാങ്ങയായി
Sane | നിശ്ചയമായി
Profecto | ,, ,,
Quidem (*) പട്ടാങ്ങയായിട്ടു സാക്ഷാൽ

Equidem നിശ്ചയമായിട്ടു പട്ടാങ്ങയായിട്ടു സാക്ഷാൽ Ego quidem പോലെ: എന്നുതന്നെക്കൊണ്ടു സാമാന്യം ഏക Persona യോടു ചേൎക്കപ്പെടുന്നു Equidem non video &c.

Procul dubio സംശയം കൂടാതെ

## ADVERBIA NEGATIONIS

ഇല്ലെന്നു കാട്ടുന്ന Adverbia കൾ

Non, haud ഇല്ല
Minime ഇല്ല
Nequa quam ,,
Haud qua quam ഇല്ല
Neuti quam ഇല്ല, അല്ല, ഒരുവിധത്തിലുമല്ല

## ADVERBIA DUBITATIONIS

സംശയത്തിനടുത്ത Adverbia കൾ

Forsan പക്ഷെ ഒരു വേളയിൽ
Forsitan } പക്ഷെ ഒരു വേള
Fortasse }
Forte പക്ഷെ അസംഗതിയായിട്ടു
An എങ്കിൽ, അല്ലെങ്കിൽ
utrum......an..എങ്കിൽ, അല്ലെങ്കിൽ

## ADVERBIA EXHORTATIONIS

ഉണൎച്ചെക്കടുത്ത Adverbia കൾ

Age (singularis) } ധൈൎയ്യം
Agedum (singu. et plu.) } ധൈൎയ്യമായി
Agite (pluralis) } വിട്ടിൻ, മു
Agitedum (pluralis) } ന്നോട്ടു

## ഉദാഹരണങ്ങൾ

Quando venisti? എപ്പോൾ നീ വന്നു? Heri vel nudius tertius ഇന്നലെ vel മിനിഞ്ഞാന്നു,

Equidem non video cur ita loquaris നീ ഇവ്വണ്ണം പറയുന്നതെന്തു? എന്നു സാക്ഷാൽ ഞാൻ കാണുന്നില്ല.

Ille homo trium litterarum quotidie furatur മൂന്നു അക്ഷരങ്ങളുടെ ആ മാനുഷൻ ദിവസേന കക്കുന്നു.

Unde venis? എവിടെനിന്നു നീ വരുന്നു cur venisti? എന്തു നീ വന്നു? Quorsum hæ interrogationes? ഈ ചോദ്യങ്ങൾ എന്തിന്നു? Certe non sunt pro salute animæ meæ എന്റെ ആത്മത്തിന്റെ രക്ഷയ്ക്കുവെണ്ടിയല്ല നിശ്ചയം,

Quare ita loqueris? ഇവ്വണ്ണം നീ പറയുന്നതെന്തു?
Non est profecto ut tu cogitas നീ വിചാരിക്കുന്നതുപോലെയല്ല നിശ്ചയം
Age eamus deambulatum ധൈൎയ്യം vel കൊള്ളാം നാം ഉലാത്തുവാൻ പോക
Ita fiat ഇവ്വണ്ണമാകട്ടെ eamus ut tu vis നീ മനസ്സാകുന്നതുപോലെ നാം പോക
Nequaquam fiet sicut ego volo sed sicut tu ഞാൻ മനസ്സാകുന്നതുപോലെ ചെയ്യപ്പെടുകയില്ല, പിന്നെയൊ നീ മനസ്സാകുന്നതുപോലെ

Ita non erit ഇവ്വണ്ണമാകയില്ല minime certe നിശ്ചയമായിട്ടു ഇല്ല vel അല്ല
Frater tuus veniet forte vel forsitan nobiscum നിന്റെ സഹോദരൻ പക്ഷെ

---

(*) Quidem ഈ മൊഴിവാചകത്തിന്റെ തുടക്കമായിട്ടു പെരുക്കരുത.
ഉദ: tu quidem, nunc quidem

നമ്മൊടുകൂടെ വരും sed hoc satis est എന്നാൽ ഇത മതിയായിരിക്കുന്നു, Recte locutus es നീ ചൊവ്വെ പറഞ്ഞു.

---

# CAPUT 7 um.

## DE PRÆPOSITIONIBUS.

### ഏഴാം അദ്ധ്യായം

### മുൻ ചൊല്ലുകളിന്മെൽ

ചൊ : Præpositio എന്ന പറയുന്നതെന്താകുന്നു?

ഉത്ത : ശെഷം മൊഴികൾക്ക മുൻ വെയ്ക്കപ്പെടുന്ന പെരുക്കമില്ലാത്ത ഒരു മൊഴിയെ ആകുന്നു Præpositio എന്ന പറയുന്നത, എന്നാറെ ഇത ലത്തീൻപെച്ചിൽ മററുമൊഴികളിൽ നിന്ന വെർതിരിയപ്പെട്ടതായിരിക്കുമ്പൊൾ നിശ്ചയമുള്ള ഒരു വിഭക്തിയെ ഭരിക്കയും ചെയ്യുന്നു. ഉദ : Ad cœlum ആകാശത്തിലെയ്ക്കു, Contra eos അവൎക്ക വിരൊധമായിട്ട എതിരെ, നെരെ, In horto തൊട്ടത്തിൽ &c.

എന്നാൽ ചിലപ്പൊൾ മററമൊഴികളൊട്ട ചെന്ന ഒരു മൊഴിയായിട്ട വരികയുംചെയ്യും ഉദ: Monitus എന്നമൊഴിയൊട്ട Ad ചെൎത്ത Admonitus ഗുണദൊഷിക്കപ്പെട്ട എന്ന വരും ചിലപ്പൊൾ ഇങ്ങനെയുള്ള മുൻ ചൊല്ലുകൾ ചെൎക്കുന്നതുകൊണ്ട മൊഴികൾക്ക വിരൊധമായ അൎത്ഥം ഉണ്ടാകയും ചെയ്യും. ഉദ : Dignus യൊഗ്യതയുള്ള (in) എന്ന മുൻ ചൊല്ലചെൎത്ത Indignus യൊഗ്യതയില്ലാത്ത എന്ന അൎത്ഥമാകും, അതിൻവണ്ണം തന്നെ Finitus അറുതിയുള്ള (in) ചെൎത്ത Infinitus അറുതിയില്ലാത്ത എന്ന അൎത്ഥമാകും വിശെഷിച്ച ചില മൊഴികളൊട്ട ചെന്നവരുമ്പൊൾ അൎത്ഥത്തിന്ന വിരൊധമായ അൎത്ഥംവരുന്നുകയില്ലയെങ്കിലും വല്ല്യവ്യത്യാസങ്ങൾ വരികയുംചെയ്യും. ഉദ : Dico ഞാൻ ചൊല്ലുന്നു Contradico ഞാൻ വിരൊധമായിട്ട ചൊല്ലുന്നു Eo ഞാൻ പൊകുന്നു Circumeo ഞാൻ ചുററിത്തിരിയുന്നു vel ചുററും സഞ്ചരിക്കുന്നു

ഒരൊ വക Præpositioniകളിൽ പ്രധാനമായിട്ടുള്ളതായ്തു, "in" "de" "re" "præ" "con"

---

### PRÆPOSITIONES QUÆ GUBERNANT CASUM ACCUSATIVUM.

Accusativum വിഭക്തിയെ ഭരിക്കുന്ന

മുൻ ചൊല്ലുകൾ

Ad (ക്ക) ക്കായി, ന്ന, ലെയ്ക്കു, ഓളം, വരെ
Adversum } നെരെ, എതിരെ
Adversus } വിരൊധമായി
Ante മുമ്പിൽ, മുമ്പാകെ
Apud അടുക്കൽ, അരികിൽ, മുമ്പിൽ
Circa ചുററും അരികെ, ഏകദെശം
Circum ചുററും, ഏകദെശം
Cis | ഇപ്പുറം, ഇക്കരെ, ഇക്കരയിൽ
Citra |
Contra വിരൊധമായി, നെരെ
Erga എതിരെ, നെരെ, ചൊവ്വെ
Extra പുറത്ത, അപ്പുറം, ഒഴികെ
Infra താഴെ, കീഴെ
Inter ഇടയിൽ, തമ്മിൽ, നടുവിൽ
Intra അകത്ത, ഉള്ളെ &c.
Iuxta സമീപെ, പക്കൽ, അരികെ
Ob നിമിത്തം തക്കവണ്ണം കുറിച്ച (ആൽ)
Penes പക്കൽ, പാററിൽ &c.
Per ആൽ, കൊണ്ട, മൂലമായ (ഊടെ)
Pone പുറകിൽ, പിന്നെ, അരികെ
Post പിന്നെ, ശെഷം
Præter ഒഴികെ, അല്ലാതെ
Propter നിമിത്തമായി കുറിച്ച, ആയിട്ട
Secundum പ്രകാരം, വണ്ണം, തക്കതിൻവണ്ണം
Secus വഴിയെ, അരികെ, പക്കൽ,
Supra മെൽ, പുറത്ത,
Trans അക്കരെ, അപ്പുറം
Ultra അപ്പുറത്ത, അപ്പുറം, അധികം

താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളെ സൂക്ഷിച്ച വായിക്ക

Ad dextram വലത്തു ഭാഗത്തെയ്ക്കു &c.

Adversum vel / Adversus vel / Contra } hostem ശത്രുവിന്ന വിരൊധമായിട്ട മറുതലയായി

Ante lucem വെളുക്കും മുമ്പെ

Apud Græcos ഗ്രെക്കക്കാരുടെ പക്കൽ

Circa meridiem ഏകദെശം ഉച്ചസ്സ, ഉച്ചയാകാറാകുമ്പോൾ

Cis vel / Citra } flumen ആറ്റിന്നിക്കരെ

Extra urbem നഗരിക്ക പുറത്ത

Inter amicos സ്നെഹിതന്മാരുടെ ഇടയിൽ

Intra cubiculum മുറിക്കകത്ത

Ob vel / Propter | desidiam മടിയെ കുറിച്ച

Post mediam noctem പാതിര കഴിഞ്ഞിട്ട

Secundum legem ന്യായപ്രമാണത്തിന്ന ഒക്കതിൻവണ്ണം, മാർഗ്ഗത്തിന്ന തക്കതിൻവവണ്ണം

Secus viam വഴിയെ വഴിയുടെ അരികിൽ

Supra vires വശത്തിന്ന മീതെ, പാട്ടുള്ളതിൽ അധികം

Trans Tiberim തെവെരെ എന്ന ആറ്റിന്നക്കരെ

---

## PRÆPOSITIONES REGENTES CASUM ABLATIVUM.

Ablativum വിഭക്തിയെ ഭരിക്കുന്ന മുൻചൊല്ലുകൾ

A നിന്ന; മുതൽ, തുടങ്ങി.
Ab ആൽ (*)
Abs &c.
Absque കൂടാതെ, ഇല്ലാതെ
Clam ഒളിവായിട്ട ഗൂഢമായിട്ട അറിയാതെ.

Coram, മുമ്പാകെ സന്നിധിയിൽ

Cum ഓട്, കൂടെ &c.

De ഉടെ, ൻറ, പററിൽ, അടുത്ത, ഇൽനിന്ന

E / Ex } ഇൽനിന്ന, കുറിച്ച, കൊണ്ട

Palam, പരഹസ്യമായിട്ട, സൂക്ഷ്മമായിട്ട
Præ കാൾ. കായിലും, മുമ്പ
Pro വെണ്ടി, ആയിട്ട. പെക്ക
Sine, കൂടാതെ, v. absque
Tenus, ഓളം, വരെ

---

മെലെഴുതിയതിൻെറ ചില
ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ

A puritia, ab infantia ചെറുപ്രായത്തിൽനിന്ന, മുതൽ

Absque, liberis മക്കൾ കൂടാതെ v. ഇല്ലാതെ

Coram rege രാജാവിൻെറ മുമ്പാകെ

Cum patre, et matre അപ്പനൊടും അമ്മയൊടും കൂടെ

Multis de causis, പലകാരണങ്ങളാൽ vel ഏറിയ ന്യായങ്ങളെകുറിച്ച

Ex eodem flumine ആയാററിൽനിന്നതന്നെ ഒരെ ആററിൽ നിന്നതന്നെ

Præ cunctis fratribus ശെഷം കൂടപ്പിറപ്പുകളെക്കാൾ.

Pro socio, കൂട്ടുകാരനവെണ്ടി കൂട്ടുകാരന്ന പകരമായിട്ട

Sine metu, ഭയംകൂടാതെ.
Fronte tenus നെററിയോളം

---

In ഇൽ മെൽ വിരൊധമായി

Super മെൽ പുറത്ത

Sub / Subter } താഴെ കീഴെ

ഈ നാല മുൻചൊല്ലുകൾ ഇളക്കം കാട്ടുന്ന ക്രിയാപദത്തൊട ചെരുമ്പൊഴൊക്കയും Accusativum വിഭക്തിയെ ഭരിക്കയും ചെയ്യുന്ന മററ മുൻചൊല്ലുകൾക്ക പകരമായിട്ട പ്രയോഗിക്കപ്പെട്ടപ്പൊഴും മെൽ ചൊല്ലിയ Accusativum വിഭക്തിയെ ഭരിക്കയും ചെ

---

(*) „A „ എന്ന മുൻ ചൊല്ല Consonas അക്ഷരം കൊണ്ട തുടങ്ങുന്ന പെരുകളൊട പ്രയോഗിപ്പാനുള്ളതാകുന്നു ഉദ: a Domino, a patre, (Ab) എന്ന മുൻചൊല്ല Vocalis അക്ഷരംകൊണ്ട തുടങ്ങുന്നവകളൊടും (h) കൊണ്ടും ചിലപ്പൊൾ l, r, ആയിട്ട തുടങ്ങുന്നവകളൊടും പ്രയോഗിക്കുന്നു ഉദ: ab adversariis വിരൊധികളാൽ ..ളിൽനിന്ന Ab homine, മനുഷ്യനാൽ-നിൽനിന്ന (Abs) എന്ന മുൻചൊല്ല t, q, തുടങ്ങുന്നവകളൊടും abs te നിന്നാൽ.ൽനിന്ന.

ല്ലുന്നു ഈ സംഗതികളിൽ ഒഴികെ Ablativum വിഭക്തിയെ ഭരിക്കുന്നു എന്നാൽ ഇത താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളാൽ തെളിവാകും.

Venit in senatum ആലൊചന സംഘത്തിൽ വന്നു Irruit in hostem ശത്രുവിന്റെ മെൽ പാഞ്ഞു v. വീണു Amor in patriam സ്വന്ത ദിക്കിന്മെലുള്ള സ്നെഹം Elevatus est super ceteros ശെഷമുള്ളവരുടെമെൽ ഉയൎത്തപ്പെട്ടു Amor Dei super omnia, എല്ലാവറ്റെക്കാൾ തമ്പുരാന്റെ സ്നെഹം Conjecit se sub vel subter scalas ഗൊവണിയുടെ താഴെതന്നെത്താനിട്ടു. sub vesperam വൈകാറാകുമ്പൊൾ

ഇവിടത്തൊളം Accusativum വിഭക്തിയെ ഭരിക്കുന്നപ്രകാരം.

---

ഇപ്പൊൾ Ablativum വിഭക്തിയെ ഭരിക്കുന്നപ്രകാരം.

Mansit in solitudine ഏകാന്തത്തിൽ ഇരുന്നു.

Quiescit super viridi fronde പച്ച ഇലകളുമ്മെൽ അനുകൂലപ്പെടുന്നു Obdormivit subdivo, sub cælo sub aere, വെളിയിൽ അവൻ ഉറങ്ങി

---

## CAPUT 8vum.

## De Conjunctionibus.

### എട്ടാം അദ്ധ്യായം.

### സന്ധിപ്പദങ്ങളുടെമെൽ.

ചൊ: സന്ധിപ്പദം എന്ന പറയുന്നതെന്താകുന്നു?

ഉ: മറ്റമൊഴികളെയും വാചകത്തിന്റെ കൂറുകളെയും ഒന്നിച്ചചെൎത്ത കെട്ടുന്നതിന്ന എല്ലാപ്പെച്ചിലും പ്രയൊഗിക്കപ്പെടുന്ന പെരുക്കമില്ലാത്ത ഒരുവക മൊഴികൾ അത്രെ സന്ധിപ്പദങ്ങൾ എന്ന പറയുന്നത ഇതുകൊണ്ടത്രെ ഒന്നിപ്പ എന്ന അൎത്ഥമായിരിക്കുന്ന Conjunctio, എന്ന ലത്തീൻപെച്ചിൽ ചൊല്ലപ്പെടുന്നത.

ചൊ: എന്നാൽ ഈ പദങ്ങൾ എത്രവകയുണ്ടായിരിക്കുന്നു?

ഉ: വാചകത്തിൽ ഉണ്ടാകുന്ന പെരുമാറ്റം പൊലെ പലവകയായി തിരിയപ്പെടുകയും ചെയ്യുന്നതു കൂടാതെ അതിന്റെ പെരുമാറ്റത്തിന്ന തക്കതിൻവണ്ണം ഒരൊ വകയ്ക്കു ഒരൊ പെരുണ്ടായിരിക്കയും ചെയ്യുന്നു. അതായ്തു, ചിലത ഒന്നിപ്പിനെ കാട്ടുന്നതുകൊണ്ട Copulativæ, എന്നും: ഇല്ലായ്മയെ കാട്ടുന്നതുകൾ, Negativæ, എന്നും മറ്റ ചിലത ഒരു കൂട്ടത്തെ മറ്റെതിൽനിന്ന വെർ തിരിക്കുന്നതുകൊണ്ട Disjunctivæ, എന്നും ഒരുകൂട്ടം മറ്റെതിനൊട ചെൎക്കുന്നതുകൾ, Conjunctivæ, എന്നും വിരൊധം കാണിക്കുന്നതുകൾ Adversativæ, എന്നും മുൻ ചൊല്ലിയ കാൎയ്യത്തെ തെളിയിപ്പാൻ പ്രയൊഗിക്കപ്പെടുന്നതുകൾ, Declarativæ, എന്നും (എങ്കിൽ) എന്ന കൂടിയ ഒരുന്യായം കാണിക്കുന്നതുകൾ Conditionales, എന്നും സംശയം കാട്ടുന്നതുകൾ, Dubitativæ, എന്നും മുൻ ചൊല്ലിയതിൽ നിന്ന വല്യ ന്യായം എടുക്കുന്നതിന്ന പ്രയൊഗിക്കപ്പെടുന്നതുകൾ, Illativæ, എന്നും ഒരു കാൎയ്യം എന്തിന ചെയ്യുന്നുവെന്ന കാണിക്കുന്നതുകൾ, Finales എന്നും ഒരുകൂട്ടം മറ്റെതിനൊട ശരി സമമുള്ളതാകുന്നുവെന്ന കാട്ടുന്നതുകൾ Conjunctiones similitudinis, എന്നും വിളിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഒരൊരൊ വകയിൽ ഇതിന്റെതാഴെ കാണിച്ചിരിക്കുന്ന കുറിപ്പിനെനൊക്കി പഠിച്ചുകൊൾക.

---

Particulæ copulativæ യൊജിപ്പിക്കുന്ന Particulæ.

---

Et
Ac
Atque
que
} ഉ: Ego. et tu, ഞാനും നീയും:

---

Negativæ ഇല്ലെന്നു കാട്ടുന്നവകൾ

Nec | ഇല്ല ഉം ഇല്ല nec hoc nec il-
Neque | lud, ഇതുമല്ല അതുമല്ല.

Neve ഇല്ല ഉം ഇല്ല Nec caput nec pedes. തലയുമില്ല കാല്കളുമില്ല Nec ego nec tu sancti sumus ഞാനും നീയും പുണ്യവാളന്മാരല്ല.

Nequidem ഇല്ല ഈ മൊഴി രണ്ടാക്കി അതിന്റെ, ഇടയിൽ വാചകത്തിൽ ഉള്ളതിൽ ഒരുമൊഴി കൂട്ടണം ഉദ: ഒരുത്തൻ എങ്കിലും ഇല്ല, Ne unus quidem adest.

## Disjunctivæ.

വെർതിരിക്കുന്നതുകൾ

Vel, Aut, Seu, Sive, Ve — അല്ലെങ്കിൽ, ഒന്നുകിൽ.

---

## Conjunctivæ

കൂട്ടിചെർക്കുന്നവകൾ

Etiam, Et, Quo que — കൂടെ, കൂടെയും

Necnon കൂടെ, കൂടെയും

Instiper, Praeterea — വിശെഷിച്ചു, ഇത കൂടാതെയും അതു കൂ:

Praeterquamquod ഇത കൂടാതെ, എന്നതകൂടാതെ.

Imo, v. immo എന്നു തന്നെയുമല്ല പിന്നെയൊ.

Tam, quam — ഇത്ര എത്ര
Tum, cum — ഇത മാത്രമല്ല
Non solum — പിന്നെയൊ
Sed etiam — കൂടെയും

ഞാൻ മാത്രമല്ല പിന്നെയൊ നീയും കൂടെ
Non solum ego, sed etiam tu.

---

## Adversativæ.

വിരൊധം കാട്ടുന്നതുകൾ

Sed, At, Autem, Vero — എന്നാൽ എങ്കിലും

Verum എന്നാലും എങ്കിലും

Tamen, Attamen, Nihilominus, Nihilotamen minus — എങ്കിലും

Porro, Atqui — എന്നാൽ, സാക്ഷാൽ

Etsi — എങ്കിലും
Etiamsi — ഇങ്ങനെ
Tametsi — ആയാലും
Licet — ,, ,, ,,
Quamvis — ,, ,, ,,
Quamquam — ,, ,, ,,

Quin, Quinimo — എന്നുതന്നെയുമല്ല പിന്നെയൊ ആധെ

Quin, etiam, Imovero — എന്നതന്നെയുമല്ല പിന്നെയൊ മറിച്ച

Ceterum, Ceteroquin — Cæterum Cæteroquin എങ്കിലും വിശെഷിച്ച

---

## Declarativæ.

തെളിയിക്കുന്നതുകൾ.

Idest, Nempe, Nimirum, Scilicet, Videlicet — അതായ്തു, ഇതായ്തു

---

## Conditionales.

എങ്കിൽ എന്ന ശബ്ദത്തൊടു ചെർന്നവകൾ.

Si എങ്കിൽ

Simodo എന്നാൽ എങ്കിൽ

Sin, Sinminus — ഇല്ല vel അല്ലായെങ്കിൽ

Nisi v. ni ഇല്ലായെങ്കിൽ

Dum, Modo, Dummodo — എങ്കിൽ Dabo dummodo venias നീ വന്നാൽ ആയെങ്കിൽ തരാം

---

## Conujunctiones dubitations.

സംശയത്തിന്നടുത്ത സന്ധിപ്പദങ്ങൾ.

Num പക്ഷെ, ഓ, എങ്കിൽ

Utrum, An, Ne — പക്ഷെ ഒ? ne മൊഴിയുടെ ഒടുക്കം ചെർപ്പാനുള്ളതാകുന്നു venies ne? വരുമൊ ibis ne? പൊകുമൊ?

An non — ഓ? ഇല്ലയൊ?
Nec ne — അല്ലയൊ?

Interroga illum an filius ejus an non അവന്റെ മകനാകുന്നൊ ഇല്ലയൊ എന്ന അവനൊട ചൊദിക്ക

---

Causales കാരണം കാട്ടുന്നതുകൾ

| | |
|---|---|
| Nam<br>Namque<br>Enim<br>Etenim | അതെന്തുകൊണ്ടെന്നാൽ<br>എന്തുകൊണ്ടെന്നാൽ |
| Quoniam<br>Siquidem | അതെന്തുകൊണ്ടെന്നാൽ<br>എന്തുകൊണ്ടെന്നാൽ |
| Quandoquidem<br>Quippe<br>Utpote<br>Quum, v. cum | അതെന്തുകൊണ്ടെന്നാൽ ഇപ്രകാരം ആയിരിക്കയിൽ |
| Reapse v.<br>Reipsa<br>Et vero<br>Enim vero<br>Revera<br>Re enim vera | സാക്ഷാൽ<br>പട്ടാങ്ങയായിട്ട |
| Quia<br>Quod<br>Eo quod | എന്തുകൊണ്ടെന്നാൽ<br>അതെന്തുകൊണ്ടെ<br>അതെന്തെന്ന്യ |

Equidem പട്ടാങ്ങയായിട്ട സാക്ഷാൽ

---

Illativæ.

മുൻപറഞ്ഞതിൽനിന്ന ന്യായം കാട്ടുന്നവകൾ.

| | |
|---|---|
| Ergo<br>Igitur | അപ്പഴൊ |
| Ides<br>Propterea<br>Proinde<br>Quocirca<br>Quamobrem<br>Quapropter<br>Hinc<br>Unde | ഇത ഹെതുവായിട്ട<br>ഇതിനാൽ ആക കൊണ്ട ആകയാൽ<br>ഇത നിമിത്തമായിട്ട ഇതിനാൽ |

---

Finales ലാക്ക അന്ത്യം

v. കറിമാനംകാട്ടുന്നത.

| | |
|---|---|
| Ut<br>Quo (*)<br>Eo, eo ut | അതിനവെണ്ടി<br>അതിനായിട്ട |
| Ne<br>Ut ne<br>Eo ne | Ne ut ne എന്നരണ്ടും ut non എന്നതിന്നപകരമായിട്ടാകുന്നു |

Ne periret v. ut ne periret v. ut non periret നശിക്കാതെയിരിക്കുന്നതിന്നവെണ്ടി (ആകാതെ അതിന്നവെണ്ടി)

---

Conjunctiones Similitudinis,

ശരിസമാനം കാട്ടുന്നവകൾ

| | |
|---|---|
| Sicut | പൊലെ |
| Sicuti | ,, |
| ut, uti | ,, |
| Velut | ,, |
| Veluti | ,, |

Quæmadmodum പൊലെ ആവിധത്താൽ.

Ceu പൊലെ ൽ പൊലെ

Quasi ഏകദെശം.

Ita
Sic ഒരു വണ്ണം ഒരു വിധത്തിൽ ഇപ്രകാരം.

## NOTA.

കറിമാനം

ആകമാനമായിട്ട സന്ധിപ്പുലങ്ങളുന്മേൽ സൂക്ഷിക്കേണ്ടുന്നതായ്യു. സന്ധിപ്പദത്തിന്റെ ശെഷം വരുന്നമൊഴി സന്ധിപ്പദത്തിന്ന മുമ്പുള്ള മൊഴിയുടെ Casu വിൽ; അല്ലെങ്കിൽ കാലത്തിൽ വെപ്പാനുള്ളതാകുന്നുവെന്ന കാണിക്കയും ചെയ്യുന്നു. ഉദ: പത്രൊസും പൌ

---

(*) Quo, comparativiന്ന മുമ്പിൽ ut എന്നതിന്ന പകരമായിട്ട പ്രയൊഗിക്കപ്പെടുന്നു Syntaxim കാണ്ക.

ലൊസും വന്നു Venerunt Petrus et Paulus പത്രൊസിനെയും പൌലൊസിനെയും ഞാൻ കണ്ടു Ego vidi Petrum et Paulum: പത്രൊസിനെപൊലെ പൌലൊസിനെയും ഞാൻ സ്നെഹിക്കുന്നു. Amo tam Petrum, quam Paulum, പത്രൊസിനെയും പൌലൊസിനെയും ഞാനറിയുന്നില്ല. Nec Petrum novi, nec Paulum. നീ മിണ്ടാതെയിരിക്കണമെന്നും, പഠിക്കണമെന്നും നിന്നൊടു ഞാൻ കല്പിക്കുന്നു, Tibi præcipio ut taceas et studeas. vel. Jubeo te tacere et studere. വായിപ്പാനല്ല പിന്നെയൊ പഠിപ്പാൻ അവൻ ആഗ്രഹിക്കുന്നു. Cupit discere, non autem legere.

മെലെഴുതിയ ഉദാഹരണങ്ങളെ സൂക്ഷിച്ചാൽ മറ്റുള്ള ഉദാഹരണങ്ങളൊക്കെയ്ക്കും ഒരു മാതൃകയാകും: എന്നാൽ അതിന്റെ ന്യായം അറിയണമെങ്കിൽ സൂക്ഷിക്കെണ്ടുന്നതായതു: സന്ധിപ്പദത്തിന്നു മുമ്പുള്ള ക്രിയാപദമെങ്കിലും മറ്റ മൊഴിയെങ്കിലും സന്ധിപ്പദത്തിന്റെ ശെഷം വീണ്ടും ചെൎത്തിരിക്കുന്നുയെന്ന് ഉള്ള അൎത്ഥമായിരിക്കുന്നു. എന്നതിനെ കൊണ്ടു, Vidi Petrum, et Paulum. എന്ന പറയുമ്പൊൾ vidi Petrum, et vidi Paulum എന്ന പറയുന്നതു പൊലെയായിരിക്കുന്നു.

വിശെഷിച്ച, Enim, Autem, Vero. Quoque. എന്ന സന്ധിപ്പദങ്ങൾ വാചകത്തിന്റെ തുടക്കത്തിൽ ഒരിക്കലും വെപ്പാറില്ലായെന്ന സൂക്ഷിച്ചുകൊൾക. പിന്നെയൊ ഒരു മൊഴിയുടെ ശെഷം ഈ വക പദങ്ങളെ വെക്കയും വെണം: അപ്പൊഴൊ, അതെന്തു കൊണ്ടെന്നാൽ രാജാവ കല്പിക്കുന്നു എന്ന ഈ വാചകം ലത്തീൻ പെച്ചിൽ ആക്കെണ്ടിവന്നാൽ Enim, rex, vere rex. എന്നല്ല തുടങ്ങുന്നത പിന്നെയൊ, Rex enim jubet. Rex autem. vel, rex vero. vel. rex (quoque കൂടെയും) &c.

എന്നാൽ അന്വയം (constructio) ചെയ്യുമ്പൊൾ ഈ സന്ധിപ്പദങ്ങളെ ആദ്യത്തിങ്കൽ വെക്കെണ്ടിവന്നാൽ അതിന്നു സമമുള്ളത നൊക്കി പകൎത്തുകയും വെണം ഉദ: Rex enim. Nam. v. etenim. rex.,, Rex autem, v. rex vero. എന്നതിന്ന പകരമായിട്ട Sed rex. എന്നാൽ രാജാവ. അതിൻവണ്ണം തന്നെ മൊഴികളുടെ ഒടുക്കം ഒരു വചനമായിട്ട ചെൎക്കപ്പെടുന്ന, que, എന്നതിന്ന പകരമായിട്ട, et, പ്രയൊഗിക്കണം ഉദ: Dixitque, et dixit. Ne, വന്നാൽ, An. v. num. ആയിട്ട പകൎത്തണം ഉദ: Dabis ne? an-v-num dabis? തരുമൊ എന്നാകണം Ve വന്നാൽ. Vel. എന്നായിട്ട പകൎത്തണം. ഉദ. Canes ve? vel canes?

---

# CAPUT IX

## DE INTERJECTIONE.

### മനൊവികാരങ്ങളെ കാട്ടുന്ന അവ്യയ പദങ്ങളുടെമെൽ

### ഒമ്പതാം അദ്ധ്യായം

ചൊ: Interjectio, എന്ന പറയുന്ന തെന്താകുന്നു.

ഉ: ഉള്ളിൽ vel മനസ്സിൽ ഉണ്ടാകുന്ന ഒരൊരൊ പകച്ചകളെ കാട്ടുന്ന ഒരുവക പെരുക്കമില്ലാത്ത അവ്യയങ്ങൾ ആകുന്നു, എന്നാൽ മനസ്സിന്റെ ഇളക്കങ്ങൾ vel പകച്ചകൾ പലതായിരിക്കുന്നതുപൊലെ ഈ വക മൊഴികൾ പലതായിരിക്കയും ചെയ്യുന്നു. ചിലതൊക്കെയും മനസ്സിൽ ഉണ്ടാകുന്ന സന്തൊഷം ചിലതൊക്കെയും ദുഃഖം, ചിലതൊക്കെയും വിസ്മയം, ചിലതൊക്കെയും വെറുപ്പ, കൊപം മറ്റും കാണിക്കയും ചെയ്യുന്നു. പ്രധാനമായിട്ടുള്ളതുകളുടെ ഒരു കുറിപ്പ ഇതിന്റെ താഴെ കാണിച്ചിരിക്കുന്നു.

---

### പ്രധാനമായിട്ടുള്ള Interjectiones എന്ന അവ്യയങ്ങളുടെ കുറിപ്പ

ചിരിക്കുന്നവന്റെ സന്തൊഷം കാട്ടുന്നത

O!
Oh!
Ha
} ഹൊ! ഹൊഹൊ! ഒഹൊ!

---

ദുഃഖത്തിന്നടുത്തത

Hei! അയ്യൊ! അയ്യയ്യൊ! ആ:
Heu!
Ah! ഒ! അയ്യൊ, വാഷ്ട
Io! *

---

(*) Io എന്നുള്ളത സന്തൊഷത്തിന്നും ദുഃഖത്തിന്നും പ്രയൊഗിക്കപ്പെടുന്നു.

കൊപത്തിനടുത്തത്

Pro!
Heu! ഹാ കഷ്ടം
Ah!

---

ശാസന കാട്ടുന്നത

Hei! ദുരിതം, ഹാ കഷ്ടം
Væ!

---

ആക്ഷേപം, ധിക്കാരം കാട്ടുന്നത

Vah! ചൊ, ചൊ, ഹെ ചൊ,
O! പൊടാ ചൊ

---

വിസ്മയം കാട്ടുന്നത

Papæ! അത്ഭുതമെ!
Proh!
Oh! ഹെ! ഒഹെ! ഒഹൊ!

---

ആഗ്രഹം കാട്ടുന്നതുകൾ

Oh! ആ!
Ut! ആർ കൊള്ളായിരുന്നു. ത
Utinam! തമ്പുരാൻ തിരുമനസ്സായെ
Oh utinam! ങ്കിൽ കൊള്ളമായിരുന്നു.
Si! എങ്കിൽ
Oh si! ഒ എങ്കിൽ

---

വിളിക്കടുത്തതുകൾ.

O! ഒ! ഒഹൊ, കൂഹെ.
Heus! എടൊ.

---

ഉത്സാഹിപ്പിക്കുന്നതുകൾ

Eia ധൈര്യം കൊള്ളാം
euge നന്നായി നന്നെന്നൊ

---

വല്ലതിനെ ചൂണ്ടി കാണിക്കുന്നതുകൾ

Ecce ഇതാ കണ്ടാലും
En നോക്ക

---

വെറുപ്പ കാട്ടുന്നത

Apage ഛീ, ഛീ. ചീ, ചീ. പോ
&c. &c. &c.

---

## NOTA.

കുറിമാനം

സാക്ഷാൽ പറഞ്ഞാൽ ഈ വക പദങ്ങൾ വാചകത്തിന്റെ ഇടയിൽ തനിച്ചു വരുന്നതാകകൊണ്ട യാതൊരു വിഭക്തിയെ ഭരിക്കുന്നില്ലയെന്ന പറവാൻ ന്യായം ; എന്നാൽ ചിലതൊക്കെയും എപ്പോഴും ഒരു Casu വിനൊട്ട ചെന്നവരുന്നു. ആയ്ത ആകുന്നതെന്തെന്നാൽ.

൧. Ecce En ഇതാ; ശരിയായിട്ട, ഒന്നുകിൽ, Nominativum അല്ലെങ്കിൽ Accusativum വിഭക്തിയെ ചെർക്കും, Ecce lupus. vel Ecce lupum. ഇതാ ചെന്നാ. എന്നാൽ Ecce lupus എന്ന പറയുമ്പോൾ Ecce adest lupus ഇതാ ചെന്നായുണ്ട എന്നർത്ഥമാകും Ecce lupum. Aspice lupum, ചെന്നായെ നൊക്കുക എന്നർത്ഥമാകും.

൨. O! heu proh അയ്യൊ ഹാ കഷ്ടം ഈ മൂന്നും വിളിക്കുന്നതിന്ന പ്രയോഗിക്കപ്പെടുമ്പോൾ Vocativo എന്ന വിഭക്തിയോടുകൂടെ ചെർക്കപ്പെടുന്നു. മറ്റ സംഗതികളിൽ ചിലപ്പോൾ Vocativo, ചിലപ്പോൾ Nominativo ചിലപ്പോൾ Accusativo, വിഭക്തികളോട ചെർക്കപ്പെടും ഉദ: O! pater mi. ഒ! എന്റെ പിതാവെ! o quantus dolor! എത്രയൊ വ്യാകുലം O! me infelicem ഒ! നിർഭാഗ്യക്കാരൻ ഞാൻ. Heu quanta miseria. അയ്യൊ എത്രയൊ അരിഷ്ടത ഒ! പ്രാക്കപെട്ട ജാതി. Heu stirpem invisam.

Proh! Dii imortales ഹെ, മരണമില്ലാത്ത ദൈവന്മാരെ! (അജ്ഞാനികളുടെ വാചകം)

ന. Hei, væ, ഇത രണ്ടും Dativo വിഭക്തിയൊടുകൂടെ ചെൎപ്പാനുള്ളതാകുന്നു. ഉദ: Hei mihi, ഇനിക്ക ദുരിതം Væ tibi നിനക്ക ഖരിതം heu mihi എന്നു പറയുന്നത malum est mihi എന്ന പറയുന്നത പൊലെയാകുന്നു. ചിലപ്പൊൾ Interjectio ഇല്ലാഞ്ഞാൽ ഉള്ളൎത്ഥമായിട്ട പൊരുൾതിരിക്കയും വെണം എന്നതിനെകൊണ്ട, Infelix ego homo, miserum me! എന്നു വരുമ്പൊൾ heu me miserum മറ്റുള്ളതുപൊലെ പൊരുൾതിരിക്ക.

ശെഷമിതൊക്കയും അഭ്യാസംകൊണ്ട പഠിക്കയും ചെയ്യും.

FINIS PRIMÆ PARTIS

GRAM: MALAB. LATINÆ.

ഒന്നാം കൂറ

സമാപ്തം

Carmel Monastery,
P.O. Vazhakulam,
Kerala State

# PARS SECUNDA.

## GRAMMATICÆ MALABARICO LATINÆ.

---

## മലയാഴ്മ, ലത്തീൻ ഗ്രമത്തിക്കിന്റെ

## രണ്ടാംക്കൂറ.

---

## DE SYNTAXI LATINA.

### ലത്തീൻ പദച്ചെൎച്ചമെൽ.

---

### മുഖവുരമാസ്സുള്ള കുറിമാനങ്ങൾ.

ഇപ്പൊൾ ആരംഭിപ്പാൻ പൊകുന്ന കാൎയ്യം ഏററം സാരമുള്ളതാകുന്നു അതെന്തെ ഒന്നാം ക്കൂറിൽ കാണിച്ചിരിക്കുന്ന പെരുകൾ പെരിന്നു പകരമുള്ള പദങ്ങൾ, ക്രിയാപദങ്ങൾ മുതലായതൊക്കയും തമ്മിൽ ചെൎത്ത ലത്തീൻ വാചകങ്ങളെ മുറപ്രകാരം ഉണ്ടാക്കുന്നതിന്നു കാക്കെണ്ടുന്ന കാനൊനാകളെ പഠിപ്പിക്കുന്ന വിദ്യയത്രെ. ഈ രണ്ടാം ക്കൂറിൽ ആരംഭിപ്പാൻ പൊകുന്നത ആയത ഗ്രെക്ക പെച്ചിൽ നിന്നു വരുന്ന മൊഴിയായിട്ട „Syntaxis„. എന്ന വിളിക്കപ്പെടുന്നു, മലയാഴ്മയിൽ „ പദച്ചെൎച്ച „ vel വാക്കുകളെ തമ്മിൽ കൂട്ടിച്ചെൎത്തു വാചകങ്ങളെ മുറപ്രകാരം ഉണ്ടാക്കുവാനുള്ള വിദ്യ എന്നു പറയാം.

എന്നാൽ Syntaxis രണ്ടുവകയുണ്ട. അതായത ഒന്ന Symplex, vel Regularis, അതായത ക്രമമുള്ളത. മററത Figurata, vel Irregularis അതായത ക്രമമില്ലാത്തത Regularis യെന്നു പറയുന്നത ഗ്രമത്തിക്കിൽ പഠിപ്പിക്കുന്ന കാനൊനാകൾക്ക തക്കതിൻവണ്ണം മൊഴികളെ എല്ലാം അതതിന്നടുത്ത ഇടത്തിൽ ചെൎത്തുവെച്ചുകൊണ്ടു വാചകം ഉണ്ടാക്കുന്നതാകുന്നു. രണ്ടാമത്തെത, അതായത Figurata, Seu, irregularis ഏററം ചുരുക്കമായിട്ട അല്ലെങ്കിൽ ഏററം സാരച്ചെൎച്ചയായിട്ട വാചകങ്ങളെ ഉണ്ടാക്കുന്നതിന്നു കാനൊനാകളെ വിട്ടെച്ച സ്വഭാവമായി മൊഴികളെ ക്രമപ്പെടുത്തുന്നതത്രെയാകുന്നത. ഉദ: Ego moneo te paucis verbis എന്നു പറഞ്ഞാൽ ; Syntaxis Simplex, vel regularis ആകും. ചുരുക്കമായ വചനങ്ങളാൽ നിന്നൊട ഞാൻ ഗുണദൊഷം പറയുന്നു Paucis moneo te എന്നു മാത്രം പറഞ്ഞാൽ അൎത്ഥം മെലെഴുതിയതുതന്നെയാകുന്നു. എന്നാൽ Syntaxis Figurata vel ക്രമംപൊലെയല്ലാത്ത പദച്ചെൎച്ചയാകും അതെന്തെ ഒരൊരു മൊഴി അതതിന്റെ ഇടത്തിൽ വെക്കാത്തതെന്നു, Verbis എന്ന മൊഴിയും Ego എന്നതും ഉള്ളൎത്ഥമായിട്ടല്ലാതെ തിരിച്ചുകാണിച്ചിട്ടില്ല. അതിൻവണ്ണം തന്നെ Qui legunt discunt വായിക്കുന്നവര പഠിക്കുന്നു എന്നിതും ക്രമമില്ലാത്ത vel Irregularis Syntaxis ആകുന്നു homines, vel juvenes, qui legunt എന്ന ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്നു. വായിക്കുന്നു എന്ന മാനുഷര vel ബാല്യപ്രായക്കാര പഠിക്കുന്നു വിശെഷിച്ച Sintaxis concordantiæ, et Regiminis പദങ്ങളുടെ യൊജിപ്പിന്റെ പദച്ചെൎച്ചയെന്നും, പദങ്ങളുടെ ഭരിപ്പിന്റെ പദച്ചെൎച്ചയെന്നും കൂടെയും ഉണ്ട. മുമ്പിലത്തെത Adjectivum പെര Substantivo പെരിനൊടും Relativum മുൻകടന്ന പെരിനൊടുള്ള ചെൎച്ച രണ്ടാമത്തെത casu കളുടെ പ്രയൊഗം സംബന്ധിച്ചതാകുന്നു എന്നാൽ ഇവയെല്ലാം ഒന്നാം അദ്ധ്യായത്തിൽ കാണിച്ചിരിക്കുന്ന കാനൊനുകളാൽ തെളിവാകും.

# GRAMMATICÆ MALABARICO-LATINÆ

## PARS 2a. DE SYNTAXI.

പദചെൎച്ചമെലുള്ള മലയാഴ്മ-ലത്തീൻ വ്യാകരണത്തിന്റെ
രണ്ടാം ക്രൂ.

———o———

പദചെൎച്ചെ സംബന്ധിച്ച ചില പൊതുവായ കാനൊനാകൾ.

---

## CAPUT PRIMUM.

### ഒന്നാം അദ്ധ്യായം

ചൊ: വെറിട്ടൊരു മൊഴിയൊട ഒത്തിരിക്കെണ്ടുന്ന മൊഴികൾ എത്രയാകുന്നു.

ഉ: മൂന്നു: അതായ്തു: Adjectivum പെരും, Relativum എന്നു പറയുന്ന സംബന്ധം കാട്ടുന്ന പെരിന്നു പകരമുള്ള പദവും ക്രിയാപദവും:

ചൊ: ഇങ്ങനെയായിരിക്കുമ്പൊൾ എത്രവക പദചെൎച്ചകൾ ഉണ്ടാകും.

ഉ: മൂന്നു: ഒന്നാമത: Substantivo പെരിനൊടുള്ള Adjectiviന്റെ ചെൎച്ച: രണ്ടാമത: വാചകത്തിൽ മുൻ കടന്ന പെരിനൊടുള്ള Relativiന്റെ ചെൎച്ച: മൂന്നാമത: വാചകത്തിൽ Nominativus ആയിരിക്കുന്നതിനൊടുള്ള ക്രിയാപദത്തിന്റെ ചെൎച്ച:

---

### Substantiviനൊടുള്ള Adjectiviന്റെ ചെൎച്ച.

#### ഒന്നാം കാനൊന

ചൊ: Adjectivum പെര Substantivo പെരിനൊടുകൂടെ ഒത്തിരിക്കെണ്ടുന്നതെങ്ങനെ ?

ഉ: വൎഗ്ഗത്തിലും, വചനത്തിലും, വിഭക്തിയിലും: അല്ലെങ്കിൽ ലത്തീൻ പെച്ചിൽ പറയുന്നതുപൊലെ Adjectivum debet concordare cum Suo Substantivo in genere, numero, et casu എന്നും ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ Pater bonus, നല്ല അപ്പൻ: Mater bona, നല്ല അമ്മ: Tempus bonum, നല്ല നെരം Patris boni, നല്ല അപ്പന്റെ; Matris bonæ, നല്ല അമ്മയുടെ, Temporum bonorum നല്ല നെരങ്ങളുടെ Vel Patres bonos നല്ല അപ്പന്മാരെ : Matres bonas, നല്ല അമ്മമാരെ:

ചൊ: Participium, et Pronomen അതിനൊട ചെൎക്കപ്പെടുന്നുഎന്ന Substantivo പെരിനൊട യെങ്ങനെ ഒത്തിരിക്കണം.

ഉ: Adjectivum പൊലെ: അതായ്തു: വൎഗ്ഗത്തിലും വചനത്തിലും വിഭക്തിയിലും ഉദ: Pater amans സ്നെഹിക്കുന്ന അപ്പൻ, Patres amantes, സ്നെഹിക്കുന്ന അപ്പന്മാര homines multiplicati sunt, മാനുഷര പെരുകി Peccata multiplicata sunt പാപങ്ങൾ പെരുകി Illa arbor cadet, ആ വൃക്ഷം വീഴും Illud templum cadet, ആ ദെവാലയം വീഴും.

ചൊ: ഒരു Adjectivum പെര, അല്ലെങ്കിൽ ഒരു Participium, vel ഒരു Pronomen, Substantivum പെരില്ലാത്ത വാചകത്തിൽ ഒരു Infinitivo വിധത്തൊട അല്ലെങ്കിൽ വാചകത്തൊട സംബന്ധം കാട്ടുന്ന വിധമായിട്ട വരുമ്പൊൾ Adjectivum പെര എങ്ങനെ പൊരുൾ തിരിക്കെണ്ടതാകുന്നു?

ഉ: Neutrum വൎഗ്ഗമായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദാഹരണം, നടക്കുന്നത ഉപകാരമുള്ളതാകുന്നു. deambulare utile est. ഉപെക്ഷ ശിക്ഷകൂടാതെയായിരിക്കുന്നത ന്യായമല്ല Non est justum negligentiam esse impunitam ഞാൻ മറ്റൊന്നും ചൊല്ലീയില്ല Ego aliud non dixi &c.

### ൨൦ാം കാനൊന

ചൊ: ഒരു Substantivo പെരിനൊട്ട ചെൎന്നിട്ടൊരു Substantivum പെര മുമ്പിലത്തതിന്റെ ലക്ഷണം, മഹിമ, സ്ഥാനം, മറ്റും കാട്ടുന്ന പെരായിട്ട ചെൎക്കപ്പെട്ടപ്പൊൾ എന്തൊരു വിഭക്തിയിൽ വെക്കെണ്ടതാകുന്നു.

ഉ: മുമ്പിലത്തതിന്റെ വിഭക്തിയിൽതന്നെ. ഉദ. കൊൻസ്താന്തിനൊസചക്രവൎത്തി Constantinus Imperator; കൊൻസ്താന്തിനൊസചക്രവൎത്തിയൊട്ട കൂടെ, cum Constantino Imperatore അവൻ നെരൊചക്രവൎത്തിയെ കൊന്നു Ille occidit Neronem Imperatorem. റൊമാനഗരത്തിന്നപ്പുറം, Trans urbem Romam മകരമാസത്തിൽ mense Januario.

### ൩൦ാം കാനൊന

ചൊ: ഒരു ക്രിയാപദം തമ്മിൽ ചെൎക്കുന്ന മൊഴികളെ അതാത്സ പെരുകളെ ചെൎക്കുന്നു എന്നുള്ള തൊഴിൽ മാത്രം ആ ക്രിയാപദം ചെയ്യുമ്പൊൾ അതിന്റെ ശെഷം വരുന്ന പെരു എന്തൊരു വിഭക്തിയിൽ വെക്കെണ്ടതാകുന്നു?

ഉ: അതിന്നു മുമ്പുള്ള പെരിന്റെ വിഭക്തിയിൽതന്നെ. അതെന്തെന്നാൽ രണ്ടാമത്തെ പെരു ഒന്നുകിൽ മുമ്പിലത്തതിന്റെ adjectivum പെരാകുന്നു അല്ലെങ്കിൽ adjectivum പൊലെ ആ വാചകത്തിൽ ഇരിക്കയും ചെയ്യുന്നു. ഉദ: തമ്പുരാൻ പരിശുദ്ധനാകുന്നു Deus est sanctus. മടിയൻ ഒരിക്കലും ശാസ്ത്രക്കാരനാകയില്ല Piger nunquam fiet doctus നീ ദുഃഖമുള്ളവനെന്ന തൊന്നപ്പെട്ടുകയായിരുന്നു Tu videbaris mæstus. ഈശൊമിശിഹാ അഗതിയായിപ്പിറന്നു ജീവിച്ചു മരിച്ചു Jesus Christus natus est, vixit, et mortuus est pauper, സൎവ്വെശ്വരൻ ആകാശത്തിന്റെയും ഭൂമിയുടെയും സൃഷ്ടിതാവാകുന്നു വെന്നു ഞാൻ വിശ്വസിക്കുന്നു. Credo Deum esse creatorem cœli et terræ.

എന്നാൽ infinitivo വിധത്തിന്ന മുമ്പുള്ള പെര genitivo അല്ലെങ്കിൽ dativo വിഭക്തിയിൽ ആയിരുന്നാൽ അതിന്റെ ശെഷം വരുന്നത Accusativo വിഭക്തിയിൽ വെക്കയും ആം ഉദ: ചുമ്മാ ഇരിപ്പാൻ യാതൊരുത്തനും അനുവാദമില്ല vel പാടില്ല nemini licet esse otioso vel esse otiosum.

---

## DE CONCORDANTIA RELATIVI CUM ANTECEDENTE

മുൻകടന്ന പെരിനൊടുള്ള relativiന്റെ ചെൎച്ച.

### ൧ാം കാനൊന

Relativum മുൻകടന്ന പെരിനൊട വൎഗ്ഗത്തിലും വചനത്തിലും ഒത്തിരുന്നാൽ മതി വിഭക്തിയിലും ഒത്തിരിക്കുന്നു എന്നുവന്നാൽ അസംഗതിയായിട്ട ആകുന്നതല്ലാതെ ഒത്തിരിക്കണമെന്നില്ല താഴെ കുറിച്ചിരിക്കുന്ന ഉദാഹരണങ്ങളെക്കൊണ്ട ഈ കാനൊന തെളിവാകും. En liber, quem cupis, നീയാഗ്രഹിക്കുന്ന പുസ്തകം ഇതാ. Lege libros qui tibi sint vere utiles, നിനക്ക നെരെയായിട്ട ഉപകാരമുള്ളതായിരിക്കുന്ന പുസ്തകങ്ങളെ വായിക്ക. Nescio tempus quo hæc fient ഈ കാൎയ്യങ്ങൾ സംഭവിപ്പാനിരിക്കുന്ന കാലം ഞാനറിയുന്നില്ല. ഈ ഉദാഹരണങ്ങളെ സൂക്ഷിച്ചാൽ Antecedens എന്ന പറയുന്ന മുൻകടന്ന പെര ഒരുവാക്യത്തിലും relativum എന്ന പറയുന്ന സംബന്ധം കാട്ടുന്ന പെരിന്നു പകരമുള്ള പദം വെറിട്ടൊരു വാക്യത്തിലും ചെരുന്നതാകകൊണ്ട വിഭക്തിയിൽ ഒത്തിരിപ്പാൻ അവശ്യമില്ല എന്നു തിരിയും അതെന്നെന്ത പലപ്പൊഴും ഒത്തിരിപ്പാൻ വഹിയാ.

## ൫ാം കാനോന.

## DE CONCORDANTIA VERBI CUM NOMINATIVO
### Nominativinoടുള്ള ക്രിയാപദത്തിന്റെ ചേർച്ച

---

ചൊ: ക്രിയാപദം അതിന്റെ nominativiനോടുകൂടെ എങ്ങനെ ഒത്തിരിക്കേണ്ടതാകുന്നു?

ഉ: വചനത്തിലും personaയിലും ഒത്തിരിക്കേണം. ഉദ: Ego lego ഞാൻ വായിക്കുന്നു Petrus legit പത്രോസ വായിക്കുന്നു Discipuli legunt ശിഷ്യര വായിക്കുന്നു.

---

## ൬ാം കാനോന.

ചൊ: ഏകവചനമായിരിക്കുന്ന രണ്ടു Substantiva പേരുകളോടു ചേർക്കുന്ന ക്രിയാപദവും Adjectivum പേരും ഏതുവചനത്തിൽ ആയിരിക്കേണം?

ഉ. ബഹുവചനത്തിൽ ആയിരിക്കേണം? ഉദ: പത്രോസും പൌലോസും പുണ്യവാളരാകുന്നു Petrus et Paulus Sunt Sancti ഞാനും നീയും തമ്പുരാനെ സ്നേഹിച്ചാൽ രക്ഷപ്പെടും ego et tu amando Deum Salvabimur.

ചൊ. എന്നാൽ മേൽചൊല്ലിയ രണ്ടു പേരുകൾ വർഗ്ഗഭേദമായിട്ടുള്ളതും ജീവനില്ലാത്ത വസ്തുക്കൾ കാട്ടുന്നതുമായിരുന്നാൽ എന്തുവേണം?

ഉ. ഔവണ്ണം വരുമ്പോൾ Adjectivum പേര ബഹുവചനത്തിലും Neutrum വർഗ്ഗത്തിലും ആയിരിക്കേണം. ഉദ: ജാഗ്രതയും, അദ്ധ്വാനവും ഉപകാരമുള്ളതും അവശ്യമുള്ളതും ആകുന്നു Diligentia et labor Sunt utilia et necessaria അല്ലെങ്കിൽ ഒടുക്കത്തെ പേരിനോടുമാത്രം വർഗ്ഗത്തിലും വചനത്തിലും ഒപ്പിക്കയുമാം. ഉദ: Diligentia et labor est utilis et necssarius അല്ലെങ്കിൽ മുമ്പിലത്തതിനോടുമാത്രം ഒപ്പിക്കാം എന്നാൽ അപ്പോൾ അതിന്നുമുമ്പിൽ വെക്കയുംവേണം ഉദ: utilis et necessaria est diligentia et labor

ചൊ. വാചകത്തിൽ ഉണ്ടായിരിക്കുന്ന രണ്ടു Nominativiകളുടെ Persona വ്യത്യാസമുള്ളതായിരുന്നാൽ ക്രിയാപദം ഏതു പെർസോനയോടു ചേരണം?

ഉ. ബഹുവചനത്തിൽ ആയിരിക്കേണമെങ്കിലും ഏററം ബഹുമാനമുള്ള ആളിനോടു ചേരണം അതായതു ഒന്നാം മൂന്നാം ആളായിരുന്നാൽ ബഹുവചനത്തിന്റെ ഒന്നാം ആളിനെ പ്രയോഗിക്കേണം. ഉദ: ഞാനും നിന്റെ കൂടപ്പിറപ്പും സൌഖ്യമായിരിക്കുന്നു Ego et frater tuus *valemus* അല്ലെങ്കിൽ ഒടുക്കത്തെ ഇടത്തിൽ വെക്കുന്ന ആളിനോടു ഒപ്പിക്കാം എന്നാൽ അപ്പോൾ ക്രിയാപദം അതിന്റെ വചനത്തിലും ആയിരിക്കയുംവേണം Ego et frater tuus valet.

## ൭ാം കാനോന

ചൊ. ഒരു കൂട്ടം അല്ലെങ്കിൽ പലആളുകളെയും vel പല വസ്തുക്കളെയും അടക്കികൊള്ളുന്ന പേര nominativus ആയിവരുമ്പോൾ അതിനോടു ചേർക്കേണ്ടുന്ന ക്രിയാപദം ഏതുവചനത്തിൽ ആയിരിക്കേണം?

ഉ. മനസ്സപോലെ ഏകവചനവും ബഹുവചനവും പ്രയോഗിക്കയും ആം. ഉദ: ജനമൊക്കെയും നിലവിളിച്ചിരുന്നു cunctus Populus clamabat vel clamabant ഇരുവരും കുററമില്ലാത്തവരാകുന്നു uterque innocens est vel uterque Sunt innocentes.

## ൬൭ാം കാനോന

മെൽചൊല്ലിയിരിക്കുന്നതെല്ലാം നല്ലവണ്ണം സൂക്ഷിക്കുമ്പോൾ ഒരു ലത്തീൻ വാചകം എഴുതുന്നതിന്ന ആ വാചകത്തിന്റെ കൎത്താവു vel Nominativusം അതിന്റെ വിശേഷയമായിരിക്കുന്ന ക്രിയാപദത്തിന്റെ കാസുസായി വരുന്ന പെരും അറിവാൻ പ്രത്യേകം ആവശ്യമായിരിക്കുന്നു എന്ന തിരിയും.

ചൊ: എന്നാൽ ഈ രണ്ടുകൂട്ടം അറിവാനുള്ള ഉപായമെന്ത?

ഉ. Regens vel Nominativus അറിയുന്നതിന്ന ആ വാചകത്തിൽ ഉണ്ടായിരിക്കുന്ന പ്രധാന ക്രിയാപദത്തിന്ന മുമ്പിൽ Quis est qui? എന്ന ചൊദ്യമൊഴികളൊട ആ പ്രധാന ക്രിയാപദം ചെൎത്തുകൊൾക ഉത്തരമായിട്ട വരുന്ന പെര ആ വാചകത്തിൽ Nominativus vel regens ആകും. ഉദ: പത്രൊസ തമ്പുരാനെ സ്നെഹിക്കുന്നു, സ്നെഹിക്കുന്നവനാര Quis est qui amat? ഇതിന്ന ഉത്തരമായിട്ട പത്രൊസ എന്നവരും എന്നാൽ Petrus ആ വാക്യത്തിൽ regens vel nominativus ആകുന്നു ക്രിയാപദത്തിന്റെ വിഷയം അതായത casus ആയിട്ട വരുന്ന പെര അറിയെണമെങ്കിൽ ആ ക്രിയാപദത്തിന്റെ ശെഷം quem? quam? vel? quid? vel quos? vel quæ? &c. അതായത ആരെ, എവനെ: എന്തിനെ &c. ഉദ: Petrus amat Deum, പത്രൊസ സൎവ്വെശ്വരനെ സ്നെഹിക്കുന്നു? പത്രൊസ എവനെ സ്നെഹിക്കുന്നു? vel amat quem ഉത്തരമായിട്ട വരുന്ന പെര ക്രിയാപദത്തിന്റെ വിഷയമാകും Cainus occidit Abelem fratrem suum Cainus occidit quem? കായൻ എവനെ കൊന്നു? അബെലിനെ Abel കൊന്നുവെന്ന ക്രിയാപദത്തിന്റെ വിഷയം vel casus ആകും

## ൬൮ാം കാനോന

ഈ രണ്ടാംകൂറിന്റെ തലവാചകത്തിൽ കാണിച്ചിരിക്കുന്ന രണ്ടാമത്തെ വക പദചെൎച്ച അതായത Syntaxis regiminis എന്നതിന്ന സംബന്ധമായിട്ട ചില പൊതുവായ കാനോനാകളെ ഇവിടെകൊടുപ്പാൻ ആവശ്യമായിരിക്കുന്നു.

ചൊ: അപ്രകാരം ഭരിക്കപ്പെടുവാൻ തക്ക വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: മൂന്ന: അതായത: Genitivus, Accusativus, et Ablativus.

ചൊ: Genitivus casus എന്തിനാൽ ഭരിക്കപ്പെടുന്നു?

ഉ: വാചകത്തിൽ തിരിച്ച അല്ലെങ്കിൽ ഉള്ളൎത്ഥമായിട്ട ഉണ്ടായിരിക്കുന്ന ഒരു Substantivo പെരാൽ, അല്ലെങ്കിൽ Substantiviന്റെ-ശക്തികൊണ്ടിരിക്കുന്ന വെറിട്ടൊരു പെരാൽ ഭരിക്കപ്പെടുന്നു. ക്രിയാപദത്തിന്റെ വിഭക്തിയല്ലാതാനും ഉദ: Accuso te furti, കളവു എന്ന കുറ്റം നിന്റെ പെരിൽ ഞാൻ ചുമത്തുന്നു. ഇതിൽ "de crimine" അതായത Accuso te de crimine furti എന്നുള്ളൎത്ഥമായിട്ടുണ്ടായിരിക്ക കൊണ്ട, furti, എന്ന genitivus crimine എന്ന Substantivo പെരാൽ ഭരിക്കപ്പെടുന്നു അതിൻവണ്ണം തന്നെ ultimum dimicationis, പൊരിന്റെ ഒടുക്കം ഇതിൽ ultimum tempus എന്നുള്ള അൎത്ഥമായിരിക്കകൊണ്ട dimicationis എന്ന genitivus casus tempus എന്ന Substantivo പെരാൽ ഭരിക്കപ്പെടുന്നു.

ചൊ: Accusativus വിഭക്തി എന്തിനാൽ ഭരിക്കപ്പെടുന്നു?

ഉ: പലതിനാൽ ഭരിക്കപ്പെടും ൧. Activum vel Deponens ക്രിയാപദത്താൽ ഭരിക്കപ്പെടും ഉദ. Amo Deum ഞാൻ തമ്പുരാനെ സ്നെഹിക്കുന്നു. ൨. അല്ലെങ്കിൽ Infinitivo വിധത്താൽ ഭരിക്കപ്പെടും. ൩. vel accusativum വിഭക്തിയെ ഭരിക്കുന്ന വല്ല præpositio തിരിച്ച എങ്കിലും ഉള്ളൎത്ഥമായിട്ടെങ്കിലും വാചകത്തിലുണ്ടായിരിക്കുമ്പോൾ അതിനാൽ ഭരിക്കപ്പെടും ഉദ. Studeo propter Salutem animæ, ആത്മരക്ഷയെ പ്രതി ഞാൻ പഠിക്കുന്നു. vel Doceo te Scientiam ശാസ്ത്രത്തെ നിന്നെ ഞാൻ പഠിപ്പിക്കുന്നു ഇതിൽ Scientiam എന്ന Accusativo വിഭക്തിക്കു മുമ്പ quoad (സംബന്ധമായി) എന്ന præpositio ഉള്ളൎത്ഥമായി തിരിക്കയുംവെണം.

ചൊ: Ablativus വിഭക്തി എന്തിനാൽ ഭരിക്കപ്പെടുന്നു ?

ഉ: വാചകത്തിൽ തിരിച്ചെങ്കിലും, ഉള്ളൎത്ഥമായിട്ടെങ്കിലും ഉണ്ടായിരിക്കുന്ന വല്ല praepositio കൊണ്ടു ഭരിക്കപ്പെടും ഉദ. redeo ab urbe നഗരിയിൽനിന്ന ഞാൻ പിന്തിരിയുന്നു redeo domo വീട്ടിൽനിന്ന ഞാൻ പിന്തിരിയുന്നു "a domo" എന്ന ഉള്ളൎത്ഥമായിരിക്കുന്നു

ചൊ: Nominativus, Dativus, vocativus എന്ന മൂന്ന വിഭക്തികളെകുറിച്ച എറ്റുപറയെണ്ടു ?

ഉ: Nominativus ഭരിക്കപ്പെടുന്നതിന്ന പകരമായിട്ട ഭരിക്കുന്നു. Dativus ക്രിയാപദങ്ങൾക്കും, പെരുകൾക്കും ആകമാനമായിട്ടുള്ള വിഭക്തിയാകുന്നു. (ut) Affinis regi, രാജാവിനൊടു സംബന്ധമുള്ളവൻ laborat mihi, എനിക്ക വെലചെയ്യുന്നു &c. Vocativus വല്ല ആളിനെ vel വസ്തുവിനെ കാട്ടുന്നതല്ലാതെ ഭരിക്കപ്പെടുന്നുവെന്നു പറഞ്ഞുകൂടാ.

---

## CAPUT SECUNDUM.

### രണ്ടാം അദ്ധ്യായം.

### De Syntaxi nominum et pronominum.

### പെരുകളുടെയും പെരുകൾക്കപകരമുള്ള പദങ്ങളുടെയും പദച്ചെൎച്ചമെൽ.

---

ചൊ: Nomen എന്ന പറയുന്നത എത്രവകയുണ്ടു ?

ഉ: ഒന്നാം ക്ലാസിൽ പഠിച്ചിരിക്കുന്നതുപൊലെ രണ്ടു വകയുണ്ടു അതായത Nomen Substantivum, et Nomen adjectivum.

ചൊ: എന്നാൽ ഇതിൽ ഒന്നാമത്തെ വകയാകുന്ന Nomen Substantivum എത്ര വകയായിട്ട പകുക്കപ്പെടുന്നു ?

ഉ: ആറ വകയായിട്ട അതായത, ൧ സ്വന്തമായിട്ടുള്ളത Proprium. ൨ പലതിന്നപൊതുവായിട്ട പറയുന്നത Appellativum. ൩ മൂലമായുള്ളത Primitivum. ൪ മറ്റൊന്നിൽനിന്ന ഉൽഭവിക്കുന്നത Derivativum. ൫ കൂട്ടത്തിന്നടുത്തത Collectivum. ൬ കുറെക്കുന്നത Diminutivum എന്നാൽ ഒരൊന്നിന്റെ വിവരമാകുന്നതെന്തെന്നാൽ.

1 Nomen preprium ഇത നിശ്ചയിക്കപ്പെട്ട ഒരു വസ്തുവിന്നടുത്തതാകുന്നു. ആയത ആ വൎഗ്ഗത്തിലുള്ള ശെഷമുള്ളതിൽനിന്ന വെറുതിരിക്കുന്നതിന്ന ഇട്ടിരിക്കുന്ന പ്രത്യെകമുള്ള പെരാകുന്നു. ഉദ; Petrus പത്രൊസ, Paulus പൌലൊസ, Roma റൊമാനഗരി, Italia ഇത്താല്യ, Europa യുറൊപ്പ, Asia ആസ്യകണ്ഡം മുതലായത.

2 Appellativum, vel commune ഒരു വൎഗ്ഗത്തിലടങ്ങപ്പെടുന്ന വസ്തുക്കൾക്കൊക്കെക്കും അടുത്ത പെരാകുന്നു ഉദ. Homo മനുഷ്യൻ ഇതു മനുഷ്യ വൎഗ്ഗത്തിലുള്ളവൎക്കൊക്കെക്കും അടുത്തതാകുന്നു. Civitas നഗരി എല്ലാ നഗരികൾക്കും Arbor വൃക്ഷം എല്ലാ വൃക്ഷങ്ങൾക്കും മുതലായത,

3 Primitivum അതായത മറ്റ പെരിൽനിന്ന ഉൽഭവിക്കാത്തത. ഉദ. Mons മല Mare കടൽ മുതലായത.

4 Derivativum അതായത മറ്റൊന്നിൽ നിന്ന ഉൽഭവിച്ചത. ഉദ. Bonitas ഗുണാധികാരം എന്നത bonus നല്ല എന്നതിൽനിന്ന ഉൽഭവിച്ചിരിക്കുന്നു എന്നാൽ വല്ല ക്രി

യാപദത്തിൽ നിന്ന ഉൽഭവിച്ചതാകുന്നുവെങ്കിൽ Derivativum verbale എന്ന ചൊല്ലപ്പെടുന്നു. ഉദ. Amor സ്നെഹം, Amo സ്നെഹിക്കുന്നു എന്ന ക്രിയാപദത്തിൽ നിന്ന ഉൽഭവിച്ചതാകുന്നു.

5 Nomen Collectivum ഏകവചനത്തിൽ കൂടെയും കൂട്ടം കാട്ടുന്ന ഒരു വക പെരാകകൊണ്ട കൂട്ടം സംബന്ധമായ പെര എന്ന ചൊല്ലപ്പെടുന്നു. ഉദ. Populus ജനം Gens ജാതി, &c Senatus സംഘം, ആലൊചന സംഘം. Multitudo പുരുഷാരം മുതലായത. ഇങ്ങിനെയുള്ള പെരുകളൊട്ട ബഹുവചനമായ ക്രിയാപദം ചെർക്കയും ആം. ഉദ. Populus clamavit vel populus clamaverunt.

6 Nomen diminutivum അതായത അർത്ഥം കുറെക്കുന്നത, ഉദ. Liber പുസ്തകം എന്ന പെരിൽ നിന്ന Libellus ചെറിയ പുസ്തകം Puer പൈതൽ എന്നതിൽ നിന്ന Puellus കൊച്ചു പൈതൽ.

---

## SYNTAXIS NOMINIS SUBSTANTIVI

### Substantiva പെരുകളുടെ ചെർച്ചമെൽ

ചൊ: Substantivum പെരിന്റെ ശെഷം Genitivus വിഭക്തി പ്രയൊഗിക്കെണ്ടുന്നത എപ്പൊൾ ആകുന്നു?

ഉ. വെവ്വെറെയുള്ള വസ്തുക്കളൊട്ട സംബന്ധിച്ച രണ്ട Substantiva പെരുകൾ ഒന്നിച്ച വാചകത്തിൽ വരികയും അതിൽ ഒന്ന ഭരിക്കുന്നതായിട്ടും, മറ്റെത ഭരിക്കപ്പെട്ടതായിട്ടും ആകയും ചെയ്യുമ്പൊൾ ഭരിക്കപ്പെട്ടതായിട്ട നില്ക്കുന്നത Genitivo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു.

ഉദ. Liber Petri പത്രൊസിന്റെ പുസ്തകം Filius Regis രാജാവിന്റെ മകൻ officia discipulorum ശിഷ്യരുടെ കടങ്ങൾ, Mors est pœna peccati മരണം ദൊഷത്തിന്റെ ശിക്ഷയാകുന്നു Amor Dei vita animæ, ദൈവത്തിന്റെ സ്നെഹം ആത്മാവിന്റെ ആയുസ്സു.

എന്നാലിതിന്മെൽ സൂക്ഷിക്കെണ്ടുന്നതാവിതു. Genitivo വിഭക്തിയായി പൊരുൾതിരിക്കെണ്ടുന്ന പെരു ഗുണം vel ഗുണക്കെട്ട അല്ലെങ്കിൽ ചില വ്യാകരണക്കാര പറയുന്നതുപൊലെ സ്തുതി vel ആക്ഷെപം കാട്ടുന്ന പെരായിരുന്നാൽ genitivaയിട്ടും ablativaയിട്ടും പൊരുൾതിരിക്കയും ആം. ഉദ: Adolescens bonæ indolis vel bona indole നല്ല സ്വഭാവ ഗുണമുള്ള ബാലൻ.

ചൊ: ഒരാളിന്റെ ദിക്കുപെര ആയാളിന്റെ പെരൊടുകൂടെ വരുമ്പൊൾ എന്തൊരു വിഭക്തിയായിട്ട പൊരുൾ തിരിക്കെണ്ടുന്നതാകുന്നു?

ഉ: ഒന്നുകിൽ a vel ab എന്ന മുൻചൊല്ലിനൊടുകൂടിയ ablativo വിഭക്തിയായിട്ട പൊരുൾതിരിക്കണം അല്ലെങ്കിൽ ആ ദിക്കിന്റെ പെ Adjectivi പെരിന്റെ മുറയ്ക്കാക്കി adjectiviന്റെ മുറയ്ക്ക ആളിന്റെ പെരിനൊടുകൂടെ ചെർക്കണം ഉദ: കൊച്ചിക്കാരൻ പത്രൊസ Petrus a Coccino vel Petrus Coccinensis അലെക്സന്ത്രിയായുടെ പൌലൊസ Paulus ab Alexandria, vel Alexandrinus.

ചൊ: എന്നാൽ ആളിന്റെ പെരിനൊട ചെൎന്നുവരുന്ന സ്വന്തദിക്കിന്റെ പെര Nomen proprium അല്ല പിന്നെയൊ appellativum vel commune,, അതായു നഗരി ദെശം മറ്റും ആയിരുന്നാൽ എന്തൊരു വിഭക്തിയായിട്ട പൊരുൾ തിരിക്കണം,?

ഉ. ,,e,, അല്ലെങ്കിൽ ex എന്ന മുൻചൊല്ലിനൊടുകൂടിയ ablativus വിഭക്തിയായിട്ട പൊരുൾതിരിക്കണം ഉദ. നസറെസെന്ന നഗരിയിൽനിന്നുള്ള യൌസെപ്പ Joseph e civitate Nazaret എജിപ്തുംഎന്ന നാട്ടിൽനിന്നുള്ള മൂന്ന പുരുഷര Tresviri e regione Aegiptiorum എന്നാൽ ചെൎന്ന വരുന്ന പെര ആളിന്റെ വഴിപാട vel വംശവഴി കാട്ടുന്നതാകുന്നുവെങ്കിൽ ഒരംവണ്ണംതന്നെ പൊരുൾതിരിക്കെണ്ടതാകുന്നു ഉദ. യൂദായെന്ന ജാതിയിൽനിന്നുള്ള ദാവീദ David e tribu judæ &c. എന്നാൽ ഭരിക്കപ്പെട്ട പെര മുമ്പി

ലത്തിനോട സംബന്ധിക്കാത്തതാകുമ്പോൾ de എന്ന മുൻചൊല്ലിനോടുകൂടിയ ablativaയിട്ട പൊരുൾതിരിക്കണം. ഉദ. നിന്റെ കാൎയ്യങ്ങളെക്കുറിച്ച ഞങ്ങൾ സംസാരിച്ചില്ല de rebus tuis verba non fecimus.

പലപ്പോഴും ഭരിക്കപ്പെട്ട പേര adjectivum പേരായിട്ട പകൎത്തി മുമ്പിലത്തെ substantivo പേരിനോട adjectivaകളുടെ മുറക്ക ചെൎക്കുന്നത ഏറ്റം ചെൎച്ചയാകുന്നു ഉദ. ദൈവത്തിന്റെ മാൎഗ്ഗം Lex divina റോമ്മ ആലൊചനസംഘം Senatus Romanus പൊമ്പെയുസിന്റെ പടയാളികൾ Milites Pompeiani വൎഷകാലം Tempus hibernum vel hiemale പെരുനാൾ ദിവസം Dies festus ആകാശനന്മകൾ bona cælestia ഭൂമിയുടെ നന്മകൾ vel വസ്തുക്കൾ bona terrena., vel terrestria കൎത്താവിന്റെ ദിവസങ്ങളൊക്കയിലും Singulis diebus Dominicis.

വിശെഷിച്ച സൂക്ഷിക്കെണ്ടുന്നതായത ഒരു Substantivum പെരു ഒരു adjenctivum പെരാൽ ഭരിക്കപ്പെടുമ്പോൾ substantivum പെര præpositio കൂടാതെയുള്ള Ablativo ആയിട്ട പൊരുൾതിരിക്കെണ്ടതാകുന്നു ഉദ. ശരീരാരോഗ്യമുള്ളവൻ fortis corpore സൌഖ്യകെട്ടുകാരൻ vel സൌഖ്യക്ഷീണമുള്ളവൻ Infirmus valetudine.

കടശി ആകമാനമായിട്ട സൂക്ഷിക്കെണ്ടുന്നതായത വല്ല ചൊദ്യത്തിന്ന ഉത്തരിക്കുമ്പൊൾ ചൊദ്യത്തിൽ കാണുന്ന vel ചൊദിക്കുന്ന വിഭക്തിയായിട്ട തന്നെ ഉത്തരിക്കയും വെണം ഉദ. cujus est hæc domus? Ioannis ഈ വീട ആരുടെതാകുന്നു? യൊഹന്നാന്റെ. എന്നാൽ ഗ്രമത്തിക്കിന്റെ ഒടുക്കത്തുങ്കൽ പല ഉദാഹരണങ്ങളാൽ തെളിയിച്ചിരിക്കുന്ന സംഗതി ഇതായിരിക്കുന്നു.

---

## DE SYNTAXI ADJECTIVORUM

### Adjectiva പെരുകളുടെ ചെൎച്ചമെൽ.

ചൊ: ആദ്യം തന്നെ Adjectivo പെരുകളുടെ മെൽ സൂക്ഷിക്കെണ്ടുന്നതെന്താകുന്നു?

ഉ: Adjectiva പെരുകൾ genus neutrum ആയിട്ട പ്രയോഗിച്ചാൽ, Substantivi പെരിന്റെ ശക്തി അതിന്ന ഉണ്ടാകുന്നതാകയാൽ അതിന്റെ ശെഷം വരുന്ന അതിനാൽ ഭരിക്കപ്പെട്ട Substantivum പെരു genitivo വിഭക്തിയിൽ വെക്കെണ്ടതാകുന്നു. ഉദ. Plurimum fæni, et palearum, വളരെ ഉണങ്ങിയ പുല്ലും വൈക്കൊലും obscurum noctis, രാത്രിയിലെ ഇരിട്ട ഇതുപൊലെ തന്നെ ചില Pronomina കളും ചില Adverbia കളും പ്രയൊഗിക്കപ്പെടും ഉദ. id operis, illud mali asperitatis,

ചൊ. Adjectiva പെരുകളൊട ചെൎക്കെണ്ടുന്ന casus എന്തെല്ലാമാകുന്നു?

ഉ. ആകമാനമായിട്ട പറഞ്ഞാൽ ഏതു വിഭക്തിയെങ്കിലും ചെൎക്കാം എന്നാൽ ചില വിഭക്തികൾ ചില Adjectiva പെരുകളൊടും മറ്റു ചിലതുകൾ മറ്റു Adjectiva പെരുകളൊട ചെരും ഇതിന്റെ തിരിവിന്ന താഴെ എഴുതിയിരിക്കുന്ന കാനൊനാകളെ ഗ്രഹിച്ചുകൊൾക.

ഒന്നാമത ക്രിയാപദങ്ങളിൽ നിന്ന ഉത്ഭവിക്കുന്ന Adjectiva പെരുകൾ genitivo വിഭക്തിയൊടുകൂടെ ചെൎപ്പാനുള്ളതാകുന്നു അതായത ഇവകളാൽ ഭരിക്കപ്പെട്ട Substantivum പെര genitivus വിഭക്തിയായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു അപ്പൊഴ.

1. Fugax ambitionis അഹംഭാവത്തിൽനിന്ന ഓടിയൊളിക്കുന്നവൻ vel ഡംഭത്തിന്മെൽ വെറുപ്പുള്ളവൻ.

2. Cupidus, vel avidus gloriæ, സ്തുതി ആഗ്രഹിക്കുന്നവൻ.

3. Invidus പൈശുന്യമുള്ള invidus alienæ felicitatis, അന്യ ഭാഗ്യത്തിന്മെൽ പൈശുന്യമുള്ളവൻ,

4. Pertæsus, pertæsus vitæ, ജീവന്റെമെൽ vel ആയുസ്സിനെ കുറിച്ച ഖെദപ്പെട്ട &c. pertæsus vitam എന്നും കാണും.

5. Patiens ക്ഷമയുള്ള patiens laboris, അദ്ധ്വാനത്തിന്ന ക്ഷമയുള്ളവൻ.

6. Impatiens, ക്ഷമയില്ലാത്ത &c.

7 Appetens, ആഗ്രഹിക്കുന്ന, Appetens laudis, സ്തുതിയെ ആഗ്രഹിക്കുന്നവൻ.

വിശെഷിച്ച അറിവും, അറിവുകെടും, സംപൂൎണ്ണതയും, പൊരായ്മയും കാട്ടുന്ന Adjectiva കളും genitivum വിഭക്തിയെ ഭരിക്കുന്നു. ഉദ. Peritus ശീലമുള്ള വശമുള്ള അഭ്യസിച്ച peritus musicæ, പാട്ട സെപ്പ ശീലമുള്ള..വൻ.

2. Imperitus, ശീലമില്ലാത്ത അറിവില്ലാത്ത &c.

3. Memor ഒൎമ്മയുള്ള Immemor ഒൎമ്മയില്ലാത്ത, മറന്ന Memor beneficii, immemor iniuriæ, ഉപകാരത്തിന്റെ ഒൎമ്മയുള്ളവൻ, ഉപദ്രവത്തെ മറന്നവൻ &c.

4. Studiosus ജാഗ്രതയുള്ള താല്പൎയ്യമുള്ള ശുഷ്കാന്തിയുള്ള പഠിനത്തിന്ന ഉത്സാഹിക്കുന്ന &c.

5. Certus നിശ്ചയമുള്ള.

6. Reus കുറ്റമുള്ള.

ഇതു രണ്ടും "de" എന്ന മുൻചൊല്ലിയതിനൊട്ട കൂടിയ Ablativo വിഭക്തിയൊട്ട കൂടെയും ചെൎക്കയും ആം. ഉദ. certus alicujus rei, vel, de aliqua re, വല്ല കാൎയ്യത്തിന്മെൽ നിശ്ചയമുള്ളവൻ vel വല്ല സംഗതി സൂക്ഷമായി അറിഞ്ഞിട്ടുള്ളവൻ Reus criminis, vel, de crimine, പാതകം ചെയ്യവൻ vel വലിയ കുറ്റവാളി.

7. Conscius അറിവുള്ള, ബൊധമുള്ള Conscius culpæ കുറ്റത്തിന്റെ അറിവുള്ള vel കുറ്റംബൊധിച്ചിട്ടുള്ള

8. Inscius, nescius, ignarus, rudis, imperitus, അറിവില്ലാത്ത, ശീലമില്ലാത്ത, അഭ്യസിച്ചിട്ടില്ലാത്ത inscius, nescius, ignarus linguæ latinæ ലത്തിൻപെച്ച അറിയാത്തവൻ &c.

9. Prodigus ധാരാളമുള്ള

10. Proprius അടുത്ത, സംബന്ധിച്ച Proprium oratoris പ്രസംഗക്കാരനടുത്ത കാൎയ്യം

11. Dives സമ്പത്തുള്ള dives pecoris ആട്ടുംകൂട്ടംകൊണ്ട സമ്പത്തുള്ള

12. Locuples സമ്പൂൎണ്ണതയുള്ള എന്നാൽ ഇവ രണ്ടും അതായത "dives" locuples മുൻചൊല്ല കൂടാതെയുള്ള Ablativo വിഭക്തിയൊട്ടും ചെൎക്കയും ആം. ഉദ: dives opum vel opibus locuples frugum vel frugibus സമ്പത്തു അധികമുള്ള സസ്യങ്ങളുടെയും ധാന്യങ്ങളുടെയും സംപൂൎണ്ണതയുള്ളവൻ

13. Inops ദാരിദ്ര്യമുള്ള

14. Expers, Immunis ഇല്ലാത്ത ഇവ മൂന്നും genitivo വിഭക്തിയൊടും Ablativiനൊട ചെൎക്കാം. ഉദ: Inops verborum vel verbis വചനങ്ങൾ പൊരാതെ ആയി വരുന്നവൻ vel വചനം ചുരുക്കമുള്ള expers culpæ vel culpa കുറ്റമില്ലാത്തവൻ &c.

15. Pauper ദരിദ്രൻ, ദാരിദ്ര്യമുള്ള Pauper argenti പണത്തിൽദരിദ്രൻ

16. Particeps പങ്കാളി, പങ്കുപറ്റുന്ന Particeps lucri ലാഭത്തിന്ന പങ്കാളി

17. Compos: compos Sui vel compos animo നല്ലബൊധമുള്ളവൻ

18. Impos വശഹീനതയുള്ള: മെലെഴുതിയ്ക്കൂടാതെ ഏതാനും ഉണ്ട എന്നവരികിലും Ablativo വിഭക്തിയൊട്ടും ചെൎക്കാകുന്നതാകുന്നു ആയത അഭ്യാസംകൊണ്ട ഗ്രഹിക്കയും ആം

---

## NOTA മെലെഴുതിയതിൻ മെൽസൂക്ഷിക്കെണ്ടുന്നതായത

"Bundus" ആയിട്ട അവസാനിക്കുന്ന ക്രിയാപദങ്ങളിൽ നിന്ന വരുന്ന Adjectiva പെരുകൾ മെലെഴുതിയ കാനൊനകളിൽ അടങ്ങുന്നില്ല, അതെന്തെന്നാൽ ഈ വക Adjectivaകൾ Participiaകളുടെ അൎത്ഥത്തൊട്ടകൂടിയുള്ളതാകകൊണ്ട അതിന്റെ ക്രിയാപദ

ത്തിന്ന വെണ്ടുന്ന casum ഇവകളൊടും ചെൎക്കയും വെണം. ഉ-ദ: Vitabundus classem hostium ശത്രുക്കളുടെ യുദ്ധക്കപ്പലുകളിൽനിന്ന ഒഴിവാനുള്ളവൻ depopulabundus agros പറമ്പുകളെ നശിപ്പിപ്പാനുള്ളവൻ.

രണ്ടാമത, ചൊ. Dativo വിഭക്തിയൊടുകൂടെ ചെൎക്കെണ്ടുന്ന Adjectiva വചനങ്ങൾ എന്തെല്ലാമാകുന്നു?

ഉ. Amicus സ്നെഹിതൻ inimicus ശത്രു Affinis അടുത്ത, സംബന്ധമായുള്ള, അറിഞ്ഞ infensus ശത്രുതയുള്ള, വിരൊധമുള്ള, കെടുള്ള &c. infestus ശത്രുതയുള്ള, പകയുള്ള, കെടുള്ള, മൊശമുള്ള iniquus ദുഷ്ട, ദുഷ്ടതയുള്ള, അന്യായമായിട്ടുള്ള offensus ഉപദ്രവിക്കപ്പെട്ട, കൊപിച്ച &c.

ഉ-ദ: Amicus patri tui നിന്റെ അപ്പന്റെ സ്നെഹിതൻ vel നിന്റെ അപ്പനൊടു സ്നെഹമായുള്ളവൻ inimicus vel iniquus vitiis ദുൎഗ്ഗുണങ്ങളൊടു ശത്രുതയുള്ള

മെലെഴുതിയതിൽ Amicus inimicus affinis genitivo വിഭക്തിയൊടും കാണുകയും ചെയ്യും Amicus veritatis പട്ടാങ്ങയുടെ സ്നെഹിതൻ &c.

മൂന്നാമത ചൊ. എന്നാൽ "a" "vel" "ab" എന്ന മുൻചൊല്ലിനൊടുകൂടിയ Ablativo വിഭക്തിയൊടു ചെൎക്കെണ്ടുന്ന Adjectivaകൾ എന്തെല്ലാമാകുന്നു?

ഉ: Alienus, aversus വിരൊധമായുള്ള, എതിരായ വെറുപ്പുള്ള. Plures sunt alieni, vel aversi a studio, പലരും vel വളരെ പെരും പഠിത്തിന്മെൽ വെറുപ്പുള്ളവരായിരിക്കുന്നു.

Tutus ഭയശൂന്യമില്ലാത്ത, ഒഴിഞ്ഞ, ഉറപ്പുള്ള &c. tutus sum ab omni periculo എല്ലാഭയശൂന്യത്തിൽനിന്ന ഞാൻ ഒഴിയപ്പെട്ടവനാകുന്നു.

നാലാമത, ചൊ: Dignus പാത്രമായ, യൊഗ്യതയുള്ള, Indignus യൊഗ്യതയില്ലാത്ത, Plenus നിറഞ്ഞ എന്ന Adjectiva കൾ എന്തൊരു വിഭക്തിയൊടു കൂടെ ചെൎക്കെണ്ടതാകുന്നു?

ഉ: Genitivo വിഭക്തിയൊടു കാണുമെങ്കിലും മുൻചൊല്ലുകൂടാതെയുള്ള Ablativo വിഭക്തിയൊടുകൂടെ ഏറ്റം നടപ്പുള്ളതായിരിക്കുന്നു. ഉ-ദ: Dignus laude, vel laudis സ്തുതിക്ക യൊഗ്യതയുള്ള, Indignus venia, vel veniæ പൊറുതിക്ക യൊഗ്യതയില്ലാത്ത. Plenus vino, vel vini വീഞ്ഞുകൊണ്ടു നിറഞ്ഞ.

---

അഞ്ചാമത.

## „ OPUS „

ആവശ്യമായിരിക്കുന്ന, ആവശ്യമുള്ള.

ചൊ: Opus എന്നത എന്താകുന്നു? ഇതിന്റെ Constructio എങ്ങിനെ?

ഉ: പെരുക്കമില്ലാത്ത ഒരു Adjectivum പെരത്രെ Opus. എന്നാലിതിന്റെ പ്രയൊഗമാകുന്നതെങ്ങിനെന്നാൽ Opus എന്ന ഇതിനൊടു sum, es, est എന്ന ക്രിയാപദം മൂന്നാമത്തെ പെർസൊനയിൽ ചെൎത്ത ആവശ്യപ്പെടുന്ന വസ്തു Ablativo വിഭക്തിയിൽ വെക്കയും വെണം. ഉ-ദ: നിന്റെ അധികാരം ഞങ്ങൾക്ക ആവശ്യമുള്ളതാകുന്നു Opus est nobis auctoritate tua. പുസ്തകങ്ങളെകൊണ്ടു ഇനിക്കാവശ്യമുണ്ടു vel ആവശ്യമുള്ളതാകുന്നു mihi opus est libris. എന്നാലിപ്രകാരം പ്രയൊഗിക്കപ്പെടുമ്പൊൾ „ Opus „ Substantivum പെരാകുന്നുവെന്ന വ്യാകരണക്കാര പഠിപ്പിക്കുന്നു. എന്നതിനെകൊണ്ടു Adjectivum പെരായിട്ടു ഇതിനെ പ്രയൊഗിച്ചാൽ ആവശ്യപ്പെടുന്ന വസ്തു Nominativo വിഭക്തിയിൽ വെക്കയും അതിനൊടു sum, es est എന്ന ക്രിയാപദം ഒപ്പിക്കയും വെണം. ഉ-ദ: പുസ്തകങ്ങൾ ഇനിക്ക ആവശ്യമുള്ളതാകുന്നു Mihi opus sunt Libri &c.

## DE COMPARATIVIS.

ചൊ: Comparativus എന്നു പറയുന്നതെന്താകുന്നു ?

ഉ: ഒന്നാംക്രീൽ എഴുതിയിരിക്കുന്നതുപൊലെ വസ്തുക്കളുടെ ലക്ഷണം പറയുന്ന പെരുകൾ ആകുന്ന Adjectiva കൾക്ക മൂന്ന പദവിയുണ്ടായിരിക്കുന്നതിൽ „Comparativus gradus„ എന്നത രണ്ടാമത്തെ പദവിയായിരിക്കുന്നു. ആയത ആകുന്നതെന്തെന്നാൽ പല വസ്തുക്കളെ അല്ലെങ്കിൽ രണ്ടെങ്കിലും തമ്മിൽ ഒത്തുനൊക്കി ഒന്നിന്റെ ഗുണം അല്ലെങ്കിൽ ഗുണക്കെട അധികരിപ്പിക്കയെങ്കിലും കുറക്കുകയെങ്കിലും ചെയ്യുന്ന പദവിയാകുന്നു. മലയാഴ്മ പെച്ചിൽ „കാൾ„ എന്ന അവ്യയം കൊണ്ടും Ablativo „ഇൽ„ എന്ന വിഭക്തികൊണ്ടും സാമാന്യം കാട്ടപ്പെടും.
ഉദ: നീ അവനെക്കാൾ ശാസ്ത്രമുള്ളവനാകുന്നു Tu es doctior illo.

ചൊ: എന്നാൽ Comparativus എന്തൊരു വിഭക്തിയൊടു കൂടെ ചെൎക്കെണ്ടതാകുന്നു ?

ഉ: Ablativo വിഭക്തിയൊടുകൂടെ ചെൎക്കെണ്ടതാകുന്നു അല്ലെങ്കിൽ „quam„ എന്ന അവ്യയം കൊണ്ടുമുണ്ടാക്കാം എന്നാൽ അപ്പൊൾ അതിന്റെ ശെഷം വരുന്ന പെര മുൻകടന്ന പെരിന്റെ വിഭക്തിയിൽ തന്നെ വെക്കയും വെണം.
ഉദ. പൌലൊസു പത്രൊസിനെകാൾ ശാസ്ത്രമുള്ളവനാകുന്നു. Paulus est doctior Petro അല്ലെങ്കിൽ Paulus est doctior quam Petrus. പുണ്യം സമ്പത്തുകളെക്കാൾ ഉപകാരമുള്ളതാകുന്നുവെന്ന ഉറച്ചിരിപ്പിൻ persuasum habete, virtutem esse utiliorem divitiis, vel, quam divitias യാതൊരുത്തനും ചിച്ചെരൊനിനെകാൾ അധികമലങ്കാര വാക്കായിട്ട പറഞ്ഞിട്ടില്ല. Nemo locutus est eloquentius Cicerone, vel, quam Cicero നീതിമാൻ പാപിയായിരിക്കുന്ന രാജാവിനെകാൾ സമ്പന്നനാകുന്നു. Homo justus est ditior Rege pezcatore, vel, quam Rex peccator.

ചൊ: Comparativus പദവിയായിട്ട ഉള്ള മൊഴികൾ „ or „ us „ മറു മൊഴികളായിട്ട പകൎത്താമൊ ?

ഉ: പകൎത്താം gradum positivum cum adverbio magis പ്രയൊഗിച്ചു കൊണ്ട പകൎത്താം. ഉദ, നീ എന്നെകാൾ പുണ്യപ്പെട്ടവനാകുന്നു. Tu es Sanctior me, vel quam ego ഇതിന്റെ Positivus പദവി Sanctus ആയിരിക്കയിൽ ഒരം വണ്ണം മെലെഴുതിയ വാചകം പകൎത്താം. Tu es magis Sanctus quam ego.

ചൊ: Comparativo പദവിയൊട കൂടെ ചെൎക്കാകുന്ന Adverbia കൾ എന്തെല്ലാമാകുന്നു?
ഉ: Multo, paullo, tanto, quanto, aliquanto, nimio, nihilo-quanto എന്നതിന്ന പകരമായിട്ട quo tanto എന്നതിന്ന പകരമായിട്ട hoc, vel, eo പ്രത്യെകം quisque quæque, quodque, എന്ന Pronomina കളൊട ചെൎക്കെണ്ടി വരുമ്പൊൾ ഉദ. ille multo doctior, vel longe doctior me അവൻ എന്നെകാൾ അധികം ശാസ്ത്രമുള്ളവനാകുന്നു. Multo citius, vel longe citius ഏറ്റം വെഗത്തിൽ hic nihilo melior illo ഇവൻ അവനെകാൾ ഒട്ടും നല്ലവനല്ല hæc mensa aliquanto major illa ഈ മെശ അതിനെകാൾ അല്പം വലിയതാകുന്നു. Quanto quisque, vel, quo quisque est ingeniosior, tanto, vel, hoc vel, eo docet laborisius ഒരൊരുത്തൻ എത്ര അധികം ബുദ്ധി സമൎത്ഥനാകുന്നൊ അത്ര അധിക ഉത്സാഹത്തൊട കൂടെ പഠിപ്പിക്കയും ചെയ്യുന്നു.
ചിലപ്പൊൾ "quam" എന്ന അവ്യയം ഇടയിൽ കൂട്ടികൊണ്ട രണ്ട comparativa കൾ ഒന്നിച്ചു കൂട്ടും എന്നാൽ ഒടുക്കത്തെത positivo എന്നതിന്ന പകരമായിട്ടാകുന്നു വെന്ന പറയാം ഉദ. Ille doctior quam eloquentior est അവൻ വാക്ക സാമൎത്ഥ്യമുള്ളതിനെകാൾ അധികം വിദ്വാനാകുന്നു. eloquentior, eloquens എന്നതിന്ന പകരമായിട്ടാകുന്നു ചിലപ്പൊൾ comparativus gradus ആയിരുന്നാലും അൎത്ഥം positivi ന്റെ അൎത്ഥം തന്നെയാകാം. അതെന്തെന്നാൽ Senior, Senex കിഴവൻ എന്നതിന്ന പകരമായിട്ടും junior, juvenis ബാലൻ എന്നതിന്ന പകരമായിട്ടും കാണുകയും ചെയ്യും. നിന്നൊട അറിയിക്കുന്നു. facio te certum എന്നതിന്ന പകരമായിട്ട facio te certiorem എന്നത നടപ്പായിരിക്കുന്നു.

വിശേഷിച്ച ഗ്രെക്ക ഭാഷ മുതലായു അധികമെന്ന അൎത്ഥമായിരിക്കുന്ന "Magis" എന്ന Adverbioട കൂടെ Comparativum പ്രയോഗിച്ചിരിക്കുന്നത കാണുമാറുണ്ട. ഉദ. Magis invidia quam pecunia locupletior, പണത്താൽ എന്നതിനെകാൾ ഐശ്വൎയ്യത്താൽ അധികം സമ്പത്തുള്ളവൻ.

കൂടശി സൂക്ഷിക്കെണ്ടുന്നതായത, Comparativus gradus പ്രയോഗിക്കപ്പെടുമ്പൊൾ ഒത്തുനൊക്കുന്ന വസ്തുക്കൾക്ക ആ ഗുണം കുറെയങ്കിലും ഉണ്ടായിരിക്കയും വെണം. ഉദ: കൊക്ക കാക്കയെക്കാൾ വെള്ളയുള്ളതാകുന്നു Cycnus est candidior corvo എന്ന പറഞ്ഞാൽ ശരിയാകയില്ല അതെന്തെ വെള്ള എന്ന ഒരു ലക്ഷണം കാക്കക്കു ഒട്ടും ഇല്ല എന്നതിനെകൊണ്ട ചൊല്ലെ പറയണമെങ്കിൽ Cycnus est albus corvus vero non കൊക്ക വെള്ളയാകുന്നു എന്നാൽ കാക്ക വെള്ളയുള്ളതല്ല എന്ന പറയണം.

---

## DE ADJECTIVIS DIMINUTIVIS

### കുറെക്കുന്ന Adjectiva പെരുകളുമ്മെൽ.

ചൊ: കുറെക്കുന്ന Adjectiva പെരുകളെ ഉണ്ടാക്കുന്നതെങ്ങനെ, അതുകളൊട ചെൎക്കെണ്ടുന്ന Casus ഏത?

ഉ: Comparativa കളുടെ Neutrum genus എന്നതിന്ന ,,culus,, എന്ന അക്ഷരങ്ങളെ കൂട്ടി ഉണ്ടാക്കും Ablativo വിഭക്തിയൊട ചെൎക്കപ്പെടുകയും ചെയ്യുന്നു. ഉദ: Majus culus കുറെ അധികം വലിയ, tardius culus കുറെ അധികം താമസമുള്ള, കുറെ പിന്നെയുണ്ടായ &c. നീ നിന്റെ കൂടപ്പിറപ്പിനെകാൾ കുറെ അധികം പൊക്കമുള്ളവനാകുന്നു Tu es grandiusculus fratre tuo അല്ലെങ്കിൽ കുറെ എന്ന അൎത്ഥമായിരിക്കുന്ന paullo comparativiനൊട കൂട്ടി മെലെഴുതിയതിന്ന പകരമായിട്ട പ്രയോഗിക്കയും ആം. ഉദ: Tu es paullo grandior fratre tuo: præpositio, præ,, ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്നു.

---

## DE SUPERLATIVORUM CONSTRUCTIONE.

ചൊ: Superlativus എന്തൊരു വിഭക്തിയൊട ചെൎക്കെണ്ടതാകുന്നു?

ഉ: Superlativus gradus ഉണ്ടാക്കുന്ന പ്രകാരവും ഇതിനുള്ള അവസാന രൂപങ്ങളും ഇവകളുടെ കുറിപ്പും ഒന്നാം കൂറിൽ വിസ്താരമായിട്ട കാണിച്ചിരിക്കുന്നതാകകൊണ്ട ഇവിടെ അവയൊക്കയിന്മെൽ മിണ്ടാതടങ്ങുന്നു. എന്നാൽ ഇതിന്റെ സ്വന്തമായിട്ടുള്ള വിഭക്തി ബഹുവചനത്തിന്റെ Genitivus ആകുന്നു അല്ലെങ്കിൽ കൂട്ടം സംബന്ധിച്ച പെരായിരുന്നാൽ ഏകവചനത്തിന്റെ Genitivi നൊട ചെൎക്കയും ആം. അല്ലെങ്കിൽ "e" "ex" "de" "præ" യെന്ന മുൻചൊല്ലുകളൊടകൂടിയ Ablativo വിഭക്തിയൊടും അല്ലെങ്കിൽ "inter" എന്ന മുൻചൊല്ലിനൊടകൂടിയ Accusativo വിഭക്തിയൊടും ചെൎക്കയും ആം.

ഉദ: മനുഷ്യരിൽ ഏറ്റം ബൊധജ്ഞാനമുള്ളവൻ Sapientissimus hominum അല്ലെങ്കിൽ Sapientissimus ex hominibus vel Sapientissimus inter homines കവിതക്കാരരിൽ ഏറ്റം കീൎത്തിപ്പെട്ടവര celeberrimi poetarum vel ex poetis vel inter poetas പ്രസംഗക്കാരിൽ ഒന്നാമത്തവൻ ചിച്ചെരൊനാകുന്നു Primus oratorum vel ex oratoribus vel inter oratores est cicero.

ചൊ. Superlativo പദവിയൊട ചെൎക്കാകുന്ന അവ്യയങ്ങൾ എന്തെല്ലാമാകുന്നു?

ഉ: tam, quam, per quam, facile, longe, multum.

ഉദ. ഉല്ലിസ്സെസ്സ എന്ന ആൾ എല്ലാ ഗ്രെക്കകാരിൽ ഏറ്റം ഉപായമുള്ളവനായിരുന്നു. Ulysses erat quam sagacissimus-vel-per quam Sagacissimus longe, multum, facile Sagacissimus omnium Græcorum tam, quam, multum എന്നതിന പകരമായിട്ട tanto quanto, multo എന്നും കാണും.

ചോ: Superlativiന്നു പകരമായിട്ടു പ്രയോഗിപ്പാൻ തക്ക വചനങ്ങൾ നടപ്പുണ്ടോ?

ഉ: ഉണ്ടു. Adverbia maxime, valde, admodum, പ്രയോഗിക്കുമാറാകുന്നു. ഉദ. Plato græcorum doctissimus, vel, maxime doctus, vel admodum doctus, പ്ലെത്തൊ ഗ്രെക്കക്കാരിൽ ഏറ്റം ശാസ്ത്രമുള്ളവൻ.

വിശേഷിച്ചു Supertativo പദവിയായിട്ടുള്ള മൊഴികളെ പകരമായിട്ടു, വെറിട്ടൊരു വാചകരീതിയായിട്ടുണ്ടാക്കി പ്രയോഗിക്കയും ആം. ഉദ. അലെക്സന്ത്രൊ രാജാക്കന്മാരിൽ ഏറ്റം ശക്തിയുള്ളവനായിരുന്നു. (Super) Alexander fuit regum fortissimus ഇതിന്നപകരമായിട്ടു Alexander fuit tam fortis quam qui fortissimus-vel Alexander fuit tam fortis quam qui maxime fortis എന്നു പറയാം അല്ലെങ്കിൽ Alexander tanta fortitudine præditus fuit, ut parem neminem habuerit vel .. ut nullus cum eo conferendus, vel nemo competendus esset. അല്ലെങ്കിൽ ...... fuit tam fortis quo nemo fortior vel Alexander fuit nulli fortitudine inferior vel..nulli fortitudine Secundus, അതായതു അലെക്സാന്ത്രർ ശക്തിയാൽ യാതൊരുത്തന്നു കീഴുള്ളവനായില്ല vel യാതൊരുത്തന്നു രണ്ടാമത്തവനായില്ല.

ശേഷമൊക്കയും കാലവും അഭ്യാസവും നിന്നെ പഠിപ്പിക്കും.

---

## DE NOMINIBUS PARTITIVIS

### വെർതിരിവ vel വിഭാഗ പെരുകളുമ്മെൽ.

ചോ: Nomen partitivum എന്താകുന്നു ?

ഉ: പകുതി vel വിഭാഗം vel വെർതിരിവു എന്നുള്ള അൎത്ഥത്തൊടു ചെൎന്ന ഒരു വക പെരുകൾ ആകുന്നു. ഉദ. unus, solus, quidam, alteruter, plures, multi, nemo, omnes &c.

ചോ: ഈ വക പെരുകൾ എന്തൊരു വിഭക്തികളൊടു ചെൎക്കെണ്ടതാകുന്നു ?

ഉ: Superlativaകളെപ്പോലെ, ബഹുവചനത്തിന്റെ genitiviന്നോടു vel " inter" എന്ന മുൻചൊല്ലിനൊടു കൂടിയ Accusativiനൊടും vel ,, ex ,, de ,, എന്ന മുൻചൊല്ലിനൊടു കൂടിയ Ablativo വിഭക്തിയൊടും ചെൎക്കയും ആം. ഉദ. മൃഗങ്ങളിൽ ആനയെക്കാൾ വിവെകമുള്ളതൊന്നുമില്ല Elephante belluarum nulla prudentior. അതിൻവണ്ണം തന്നെ unus ex multis ; de multis vel unus inter multos, പലരിൽ vel അനെകം പെരിൽ ഒരുത്തൻ.

Uter nostrum Sanctus est, tu ne, an ego? നമ്മൾ രണ്ടുപെരിൽ ഒരുത്തൻ പുണ്യവാളനാകുന്നു നീയൊ ഞാനൊ?

Nemo മാനുഷരെ കുറിച്ചു പ്രയോഗിപ്പാനുള്ളതാകുന്നു Nemo virorum

Nullus മാനുഷരെകുറിച്ചും മററു വസ്തുക്കളെകുറിച്ചും പറയാം ut nullus hominum nullus dæmonum

Omnis എണ്ണുന്നതാൽ വെർതിരിയപ്പെട്ടകൂട്ടത്തെ കുറിച്ചു പറയുമ്പോൾ പ്രയോഗിക്കെണ്ടതാകുന്നു

ഉദ: Omnis homo omnis planta omne animal &c. മാനുഷരൊക്കയും, തൈകളൊക്കയും മൃഗങ്ങളൊക്കയും

"Totus" ഒരു വസ്തു ഒന്നായിട്ടും മുഴുവനായിട്ടും പറവാൻ മനസ്സായിരിക്കുമ്പോൾ പ്രയോഗിക്കെണ്ടുന്നതാകുന്നു. ഉദ: Totus homo മാനുഷൻ മുഴുവനും tota domus വീടു മുഴുവനും totum corpus ശരീരം മുഴുവനും Accepit libros omnes പുസ്തകങ്ങളെ എല്ലാം എടുത്തു എന്നും Ego legi totum ciceronem ചിചെരൊൻ മുഴുവനും ഞാൻ വായിച്ചു എന്നും പറയണം

Universus: കൂട്ടം സംബന്ധമായ പെരിനൊടുകൂടെ Universus ചെൎത്താൽ "Omnes Simul" എന്നു പറയുന്നതുപൊലെയാകും. ഉദ: Patres universi അതായത Omnes simul patres Populus universus ജനങ്ങൾ എല്ലാവരും vel ജനത്തിൽ ഉള്ളവര എല്ലാവരുംഒന്നിച്ച, എന്നാൽ "Universus" ഏകവചനമായിരിക്കുന്ന മറ്റുപെരിനൊടുകൂടെ ചെൎന്നവരുമ്പൊൾ totus എന്നതുപൊലെയാകും. ഉദ: Universus mundus എന്നുപറഞ്ഞാൽ Mundus totus ലൊകമൊക്കെയും ലൊകം മുഴുവനും എന്നുപറയുന്നതുപൊലെയാകും

---

# DE PRONOMINIBUS

## പെരിന്ന പകരമുള്ള പദങ്ങളുമെൽ

ചൊ: പെരിന്ന പകരമുള്ള പദമെന്നുപറയുന്നത എന്താകുന്നു ?

ഉ. ഒന്നാംക്രിയിൽ ചൊല്ലിയിരിക്കുന്നതുപൊലെ വസ്തുക്കളുടെപെരു ഒരു വാചകത്തിൽ കൂടക്കൂടെ ചൊല്ലാതെഇരിപ്പാൻവെണ്ടി അതിന്ന പകരമായിട്ടു പ്രയൊഗിക്കപ്പെടുന്ന പെരുകളുള്ള മൊഴികൾ ആകുന്നു ഇതുകൊണ്ടത്രെ Pro-nomina അതായത പെരിന്ന പകരമുള്ള പദങ്ങൾ എന്നുപറയുന്നത

ചൊ. Demonstrativa എന്ന വിളിക്കപ്പെടുന്ന Ego ഞാൻ Tu നീ Hic ഇവൻ Iste ഇവൻ Ille അവൻ Ipse is അവൻ എന്നീപെരിന്ന പകരമുള്ള പദങ്ങൾ എന്തൊരു വിഭക്തിയൊടു ചെൎക്കപ്പെടുന്നു ?

ഉ. Substantiva പെരുകളുടെ മുറക്കു പ്രയൊഗിക്കുമ്പൊൾ genitivo എന്ന വിഭക്തിയൊടു ചെൎക്കപ്പെടുന്നു. ഉദ: ഒരം എഴുത്ത നിനക്ക ഞാൻ എഴുതി hoc ad te litterarum dedi, Id temporis, hoc commodi, id ætatis, id virtutis.

ചൊ. Idem എന്ന പെരിന്ന പകരമുള്ള പദത്തിന്റെ പ്രയൊഗം എങ്ങനെ ?

ഉ. Idem qui, idem atque, idem ac, idem ut, എന്നതുപൊലെ ഇത vel അതുപൊലെ എന്നുള്ള അൎത്ഥത്തൊടുകൂടെ വിശെഷവാചകമായിട്ടു പ്രയൊഗിക്കാം. ഉദ: നീതിമാന്മാര എന്ന പറയുന്നത പുണ്യവാളന്മാരതന്നെയാകുന്നു Justi iidem sunt ac sancti vel iidem sunt atque sancti vel iidem qui sancti vel iidem ut sancti.

ചൊ. അനുഭവം കാട്ടുന്ന Meus, tuus, suus, noster, vester, പ്രയൊഗിക്കുന്നതെങ്ങനെ ?

ഉ. ശരീരത്തിന്റെയൊ മനസ്സിന്റെയൊ ഒരു പങ്കുകാട്ടുന്നപ്പൊൾ പ്രത്യെകം pars കൂറ പങ്ക dimidium പാതി aliquid യാതൊന്ന മറ്റും പെരുമാറുമ്പൊൾ mei tui sui എന്ന genitivus വിഭക്തി പ്രയൊഗിക്കെണ്ടതാകുന്നു. ഉദ. എന്റെ യാതൊരു പങ്ക ഇനിക്ക പൊയ്പൊയില്ല nullam mei partem amisi meam partem എന്നു പ്രയൊഗിച്ചുകൂടാ, മറ്റുസംഗതികളിൽ പ്രത്യെകം പ്രവൃത്തിക്കുടുത്ത അൎത്ഥത്തൊടുകൂടെയാകുമ്പൊൾ അല്ലെങ്കിൽ വല്ല വസ്തുവിന്റെമെലുള്ള കൎത്തവ്യം കാട്ടുമ്പൊൾ Meus Tuus മറ്റും Substantivo പെരിനൊടു വചനത്തിലും വൎഗ്ഗത്തിലും വിഭക്തിയിലും ഒപ്പിച്ച പ്രയൊഗിക്കയും വെണം. ഉദ: എന്റെസ്നെഹം Amor meus എന്റെ പഠിനം vel താല്പൎയ്യം Studium meum എന്റെപുസ്തകം liber meus &c.

ചൊ: Cujus, cuja, cujum എന്നതിന്റെ പ്രയൊഗമെങ്ങനെ ?

ഉ: Meus, mea, meum പൊലെ പ്രയൊഗിക്കെണ്ടതാകുന്നു അതായത അനുഭവിക്കപ്പെട്ട വസ്തുവിന്റെ വൎഗ്ഗത്തൊടു ഇതിന്റെ വൎഗ്ഗം ഒപ്പിക്കണം. ഉദ: നീ ആരുടെ പടയാളിയാകുന്നു ? cujus es miles? Joannis യൊഹന്നാന്റെ. ഒരം വസ്ത്രം ആരുടെതാകുന്നു ? cuja est hæc vestis? Pauli പൌലൊസിന്റെ cujum pecus? ആട്ടും കൂട്ടം

രുടെ ? Antonii അന്തോനിയുടെ എന്നുവരികിലും quis, quæ, quod എന്ന ചോദ്യത്തിന്നുത്ത Pronominisiന്റെ genitivus ഏററം തെളിവോട്ടകൂടെ പ്രയോഗിക്കയും ആം.

ചൊ: Meus (mei, genit) മുതലായ possessivaകളുമ്മേൽ മററതാനും സൂക്ഷിപ്പാനുണ്ടോ ?

ഉ: ഉണ്ട activa ആയിട്ടും passivo ആയിട്ടുമുള്ള അത്ഥത്തോട്ടകൂടിയ substantiva പെരുകളോട്ടകൂടെ ചെക്കണ്ടിവരുമ്പോൾ activum അത്ഥമുള്ളതുകളോട്ട Meus, tuus, മററും ചെക്കയും വെണം passivum അത്ഥമുള്ളതുകളോട്ട genitivum, mei, tui, &c. ചെക്കയും വെണം ഉദ: Amor meus എന്റെ സ്നേഹം desiderium meum, എന്റെ ആഗ്രഹം അതായത ഞാൻ സ്നേഹിക്കുന്ന എന്ന സ്നേഹം ഞാൻ ആഗ്രഹിക്കുന്ന എന്ന ആഗ്രഹം എന്നഅത്ഥമാകും എന്നാൽ Amor mei, desiderium tui എന്നു ചൊല്ലിയാൽ എന്നെകുറിച്ചുള്ളസ്നേഹം നിന്നെകുറിച്ചുള്ള ആഗ്രഹം എന്നത്ഥമാകും Scito quod ego veni huc desiderio tui, നിന്നെകുറിച്ചുള്ള ആഗ്രഹത്താൽ ഞാൻ ഇവിടെവന്നുവെന്ന നീ അറിക സാമാന്യമിങ്ങനെയായിരുന്നാലും പാട്ട vel passivum അത്ഥമുള്ള ചില substantiva പെരുകളോട്ട meus, tuus മററും ചെത്തുവരുമാറുണ്ട ഉദ: crimen meum എന്റെമെൽ ചുമത്തപ്പെട്ട കററം vulnus meum, എന്റെമുറിവ &c.

ചൊ: genitivus omnium വന്നാൽ എന്തൊരു പ്രൊനൊമനൊട്ട ചെരക്കണ്ടതാകുന്നു ?

ഉ: Nostrum Vestrum എന്നതുകളോട്ട ഉദ: Pertinet ad vitam omnium nostrum, ഞങ്ങളുടെ vel നമ്മുടെ എല്ലാവരുടെ ആയുസ്സിന്നടുത്തതാകുന്നു. (cicero)

വിശെഷിച്ച Interest refert എന്ന രണ്ടു ക്രിയാപദങ്ങളെ ചെരുമാറുമ്പോൾ mei, tui, sui, എന്ന genitivi വിഭക്തികൾക്ക പകരമായിട്ട Mea, tua, sua, nostra, vestra, എന്നതുകളെ ചെരുമാറണം ഉദ. mea interest ഇനിക്കടുത്തതാകുന്നു എന്നാൽ ഇവകളൊട unius, solius, ipsius, ipsorum എന്ന genitivi വിഭക്തികളിൽ അവശ്യംപൊലെ ഒന്നിനെ ചെക്കയും ആം. ഉദ: Mea interest, vel mea unius interest, ഇനിക്കമാത്രം അടുത്തതാകുന്നു. Tua solius refert, നിനക്കുമാത്രം അടുത്തതാകുന്നു.

---

## DE PRONOMINE RECIPROCO, SUI, SIBI, SE.

ചൊ: Pronomen Sui, Sibi, Se പ്രയൊഗിക്കുന്നത എപ്പൊളാകുന്നു ?

ഉ: മൂന്നാമത്തെ persona ചെയ്യുന്ന പ്രവൃത്തി തന്നിൽ തന്നെ തിരിഞ്ഞ അവസാനിക്കുമ്പോൾ പ്രയൊഗിക്കെണ്ടതാകുന്നു. ഉദ. യൊഹന്നാൻ തന്നെ താൻ ഓക്കുന്നു. Joannes recordatur sui, Indulget Sibi, തനിക്ക തന്നെ ദയചെയ്യുകയും. Amat se തന്നെ താൻ സ്നേഹിക്കയും loquitur Secum തന്നെ താൻ സംസാരിക്കയും ചെയ്യുന്നു. എന്നാൽ, reciprocum, suus, a aum. മൂന്നാമാൾ അനുഭവിക്കുന്ന വസ്തുവിനൊട്ടുള്ള സംബന്ധവും അനുഭവും കാട്ടുന്നവാചകത്തിൽ പ്രയൊഗിക്കെണ്ടതാകുന്നു ഉദ. Joannes recordatur Josephi fratris sui. യൊഹന്നാൻ തന്റെ കൂടപ്പിറപ്പായ യൌസെപ്പിനെ ഓക്കുന്നു ipse scripsit epistolam manu sua, അവൻതന്റെ കൈയ്യാൽ എഴുത്ത എഴുതി.

കടശിയായിട്ട ഇതിന്മെൽ സൂക്ഷിക്കെണ്ടുന്നതായ്യ Reciprocum.

Sui sibi se. ഒരാളും ഒരു ക്രിയാപദവും മാത്രമുള്ള വാചകത്തിൽ വരുമ്പോൾ ഒരു pronomen തന്നെ പ്രയോഗിക്കാവു ഉദ. യൊഹന്നാൻ തന്നെത്താൻ ഓക്കുന്നു. Joannes recordatur Sui രണ്ടാളും ഒരു ക്രിയാപദവുമുള്ള വാചകത്തിൽ വന്നാൽ ഒരു: pronomen രണ്ടിൽ ഏതു ആളിനൊട്ട സംബന്ധിച്ചതാകുന്നുവെന്ന സൂക്ഷിപ്പാൻ ആവശ്യം ഇതിൻവണ്ണം രണ്ടുആളും രണ്ടുക്രിയാപദവും വാചകത്തിലുണ്ടായിരിക്കുമ്പോൾ അതതിന്ത പ്രവൃത്തിക്കുന്ന vel കത്താവായിട്ട ഇരിക്കുന്ന ആളിനൊട സംബന്ധിച്ചതാകുന്നു. എങ്കിൽ ഒരുpronomen, അല്ലെങ്കിൽ Ipse, vel is, എന്ന pronomina കളെ പ്രയോഗിക്കയും ആം

ഉദ. ഗുരുവിന്ന തന്റെ സ്നേഹക്കാരരും തന്നൊട ഐക്യതയുള്ളവരുമായ ശിഷ്യരുണ്ട Magister habet discipulos amatores sui conjunctos secum. തന്നൊട ഉപദ്രവിക്കാതെ ഇരിക്കെണമെന്നും തന്നൊട ആയുധങ്ങളാൽ യുദ്ധം ചെയ്യാതെ ഇരിക്കെണമെന്നും ഗുരു ശിഷ്യരൊട അപെക്ഷിക്കയായിരുന്നു, Magister petebat a discipulis, ne injuriam sibi facerent, ne secum decertarent armis ഇതിൽ Sibi എന്നതിന്ന പകരമായിട്ട Ipsi, vel ei പ്രയൊഗിക്കാം എന്നാൽ reciprocum pronomen sui sibi se പ്രവൃത്തിയനുഭവിക്കുന്ന ആളിനെ സംബന്ധിച്ചതാകുമ്പൊൾ എല്ലാപ്പൊഴും ഈ pronomen തന്നെ പ്രയൊഗിക്കെണ്ടതാകുന്നു അല്ലെങ്കിൽ വാചകത്തിൽ തെളിവില്ലായ്മ വരും,

Reciprocum Suus, a, um രണ്ടാളുകൾ ഉള്ള വാചകത്തിൽ വന്നാൽ അനുഭവം പ്രവൃത്തിക്കുന്ന, vel കൎത്താവായിട്ടിരിക്കുന്ന ആളിനൊട സംബന്ധിച്ചതാകുന്നുവെങ്കിൽ പ്രയൊഗിച്ചു മതിയാവു എന്നാൽ അനുഭവംപ്രവൃത്തിയെല്ക്കുന്ന ആളിനൊട സംബന്ധിച്ചതാകുമ്പൊൾ ഈ pronomen എങ്കിലും Ipse vel Is എന്ന pronomen യെങ്കിലും പ്രയൊഗിക്കാം യൊഹന്നാൻ അന്തൊനിയൊട തന്റെ വീട്ടിൻ മുമ്പാകെ സംസാരിച്ചു. Joannes locutus est cum Antonio ante domum suam (വീട യൊഹന്നാന്റെതായിരിക്കണം.) അവന്റെ വീട്ടിന്റെ അരികിൽ യൊഹന്നാനെ ഞാൻ കണ്ടു Vidi Joannem prope domum suam, vel prope domum ipsius, vel prope domum ejus. &c.

---

## DE NOMINIBUS NUMERALIBUS

ചൊ: എണ്ണത്തിന്നടുത്ത പെരുകൾ എന്ന പറയുന്നതെന്താകുന്നു ?

ഉ: എണ്ണം കാട്ടുന്ന ഒരുവക പെരത്രെ "Nomen numerale" vel മലയാഴ്മയിൽ എണ്ണത്തിനടുത്ത പെര എന്നു പറയുന്നത ഉണ്ടായിരിക്കുന്ന നാലു വക എണ്ണത്തിനടുത്ത പെരുകളും അതതിന്റെ പ്രയൊഗവും കുറിപ്പും ഒന്നാംകൂറിൽ മൂന്നാം അദ്ധ്യായത്തിൽ നൊക്കി ഒൎമ്മയിൽ വരുത്തികൊൾക

---

## DE CONSTRUCTIONE NOMINUM NUMERALIUM.

ചൊ: എണ്ണത്തിനടുത്ത പെരുകളൊട ചെൎക്കുന്ന വിഭക്തികൾ എന്തെല്ലാം ?

ഉ: Numeri cardinales ആയാലും Ordinales distributivi ആയിരുന്നാലും ശരി, ഇവകളൊട Genitivus വിഭക്തി vel "ex" "vel" "de" എന്ന മുൻചൊല്ലിനൊട കൂടിയ Ablativus വിഭക്തി ചെൎക്കുന്ന casuകളാകുന്നു. ഉദ: Octoginta Macedonum മക്കെദൊന്യാക്കാരിൽ എൺപത Singuli vestrum നിങ്ങളിൽ ഒരൊരുത്തൻ Primus discipulorum vel primus ex discipulis ശിഷ്യരിൽ ഒന്നാമത്തവൻ unus de sanctis പുണ്യവാളന്മാരിൽ ഒരുത്തൻ bini cives ex singulis civitatibus ഓരൊ നഗരിയിൽനിന്ന രണ്ടുരണ്ട പട്ടണവാസികൾ

ചൊ: വിഭാഗ എണ്ണങ്ങൾ എന്ന പറയുന്ന numeri distributivi പ്രയൊഗിക്കെണ്ടുന്നത എപ്പൊൾ ആകുന്നു ?

ഉ: ഒരു വസ്തു പലൎക്കും ശരിയായിട്ട പകുക്കപ്പെടുമ്പൊൾ പ്രയൊഗിക്കെണ്ടതാകുന്നു

ഉദ: Prior distribuit Singulis Religiosis bina sudariola ആശ്രമശ്രെഷ്ഠൻ ഓരൊരു സന്യാസിക്ക രണ്ടുരണ്ട ലെസ കൊടുത്തു

ചൊ: എന്നാൽ അതിന്മെൽ പകുതിവീഴുന്നു എന്ന ആ വസ്തുവിന്റെ പെര എന്തൊരു വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു ?

ഉ: സാമാന്യം "in" എന്ന മുൻചൊല്ലിനൊടുകൂടിയ Accusativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ: præcepit eis ut binos agnos in singulos annos solverent ആണ്ടുതൊറും രണ്ടുരണ്ട ചെമ്മരിയാട്ടിൻ കുട്ടികളെ വീട്ടുവാൻ അവരൊട അവൻ കല്പിച്ചു

Nota. ഒരു വാചകത്തിൽ ഒന്നിച്ച രണ്ടു എണ്ണത്തിന്നടുത്ത പെരുകൾ വരുമ്പോൾ രണ്ടിനെയെങ്കിലും രണ്ടിൽ ഒന്നിനെയെങ്കിലും വിഭാഗപെരുകളായിട്ട പൊരുൾ തിരിക്കയും ആം. ഉദ: Bini oratores vix singulis ætatibus extiterunt ഏറിയാലും ഒരു യുഗത്തിൽ രണ്ടു പ്രസംഗി ഉണ്ടായി octogeni bini solidi militibus dati അതായത Octoginta duo solidi singulis militibus dati fuerunt ഓരൊ പടയാളിക്ക എൺപത്തുരണ്ട കാശു കൊടുക്കപ്പെട്ടു.

Nota. 2a. പലപ്പൊഴും "Singuli" എന്ന വിഭാഗപെരുകളുടെ പകുതി അതിന്മെൽ വീഴുന്നു എന്ന വസ്തുവിന്റെ പെരു "in" യെന്ന മുൻചൊല്ലിനൊടുകൂടിയ Accusativo വിഭക്തിയിൽ വെക്കും. ഉദ: In militem, in navem, in capita അതായത in singulos milites, in Singulas naves, in singula capita, ഓരൊ പടയാളിക്ക, ഓരൊ കപ്പലിന്ന ഓരൊ ആൾക്ക.

Nota. 3a. ബഹുവചനത്തിൽമാത്രം നടപ്പായിരിക്കുന്ന Substantiva പെരുകളൊട എണ്ണത്തിന്നടുത്ത പെരുകൾ ചെൎന്നുവന്നാൽ Cardinales എണ്ണങ്ങൾ unus duo tres &c. എന്നതിന്ന പകരമായിട്ട distributivi Singuli bini &c. പ്രയൊഗിക്കപ്പെടുമാറാകുന്നു. ഉദ: Binæ litteræ രണ്ടെഴുത്തുകൾ Bina castra രണ്ട പാളയം Bina arma രണ്ടു ആയുധങ്ങൾ

ചിലപ്പോൾ ഏകവചനത്തിൽ നടപ്പായിരിക്കുന്ന Substantiva പെരുകളൊടും പ്രയൊഗിച്ചിരിക്കുന്നത കാണുകയും ചെയ്യും Quadraginta diebus, et quatuor mensibus എന്നതിന്ന പകരമായിട്ട quadragenis diebus. et quaternis mensibus എന്നു കാണുന്നു. വിശെഷിച്ചും വിഭാഗപെരു ഏകവചനമായിട്ടും കാണുമാറുണ്ട. ഉദ: terno ordine *centena arbo re:*

---

## MILLE ആയിരം

### എന്നതിന്റെ പ്രയൊഗത്തിന്മെൽ.

ചൊ: Mille ആയിരം എന്നതിന്മെൽ സൂക്ഷിക്കെണ്ടുന്നത എന്താകുന്നു:

ഉ: ഒരു പെര Adjectivum പെരായിട്ട പ്രയൊഗിച്ചാൽ പെരുക്കമില്ലാത്തതും എല്ലാ വൎഗ്ഗത്തിന്നും എല്ലാ വിഭക്തിക്കും ആകമാനമായിട്ടുള്ളതുമാകുന്നു. ഉദ: ആയിരം പടയാളികൾ Milites mille, ആയിരം പടയാളികളുടെ, Militum mille, ആയിരം പടയാളികൾക്ക Militibus mille.

എന്നാൽ Substantivum പെരായിട്ട പ്രയൊഗിച്ചാൽ Genus neutrum ഉള്ളതും ഏകവചനത്തിൽ പെരുക്കമില്ലാത്തതുമാകുന്നു ഇതിനൊട genitivus വിഭക്തി ചെൎക്കെണ്ടതാകുന്നു. പടയാളികളുടെ ഒരായിരം (കൊല്ലപ്പെട്ടു) Mille militum (interfectum est) interfecti sunt എന്നു പറഞ്ഞാൽ തെറ്റാകുന്നു.

എന്നാൽ ബഹുവചനത്തിൽ പെരുക്കമുള്ളതാകുന്നു ഒരു വണ്ണം. Millia, millium, millibus. ഉദ: duo millia vel tria millia hominum, രണ്ടായിരം vel മൂവായിരം പുരുഷന്മാര. profectus est cum tribus millibus hominum, മൂവായിരം പുരുഷന്മാരൊട vel പടയാളികളൊട കൂടെ പുറപ്പെട്ടു. എന്നാൽ ആളിന്നടുത്ത പെരല്ലാത്തപ്പൊൾ genitivo വിഭക്തിക്ക പകരമായിട്ട Accusativus വിഭക്തിയത്രെ നടപ്പുള്ളത ut solvit mille nummos- non mille nummorum.

ബഹുവചനത്തിൽ Millia എല്ലായ്പൊഴും genitivo വിഭക്തിയൊട ചെൎക്കെണ്ടതാകുന്നു എങ്കിലും കാലത്തിന്നടുത്ത പെരാകുമ്പൊൾ Ablativo വിഭക്തിയിൽ വെക്കാം Vixit tribus millibus annis മൂവായിരം വരുഷം ജീവിച്ചു.

അപ്പൊഴൊ Adjectiva യിട്ട bis mille milites, vel Substantivo ആയിട്ട duo millia millium രണ്ടായിരം പടയാളികൾ Sic. Ter millie milites, vel tria millia miltum

നൂവായിരം പടയാളികൾ, centies mille milites, vel centum millia militum നൂറായിരം vel ഒരു ലക്ഷം പടയാളികൾ decies centena millia militum പത്തു ലക്ഷം vel കോടി vel undecies centena millia militum ഒരു കോടിയും ഒരു ലക്ഷവും പടയാളികൾ duo centum, vel duo mille milites ചൊല്ലു'ക്കൂടാ bis centum vel bis mille milites ഇരുന്നൂറ vel രണ്ടായിരം പടയാളികൾ എന്ന ചൊല്ലുകയും വെണം.

---

# APPENDIX AD CAPUT SECUNDUM.

## De aliquibus casibus Verbis omnibus communibus

## എല്ലാ ക്രിയാപദങ്ങൾക്ക പൊതുവായിരിക്കുന്ന ചില വിഭക്തികളുമെൽ

---

ക്രിയാപ്പദങ്ങളുടെ Syntaxis വിവരിക്കപ്പെടുന്നതിന്ന മുമ്പിൽ ക്രിയാപദങ്ങൾക്ക അനുകമാനമുള്ളതായിരിക്കുന്ന ചില വിഭക്തികളുടെ വിവരവും ഇതിൻെറ കടശി Ablativus absolutus എന്ന ലത്തിൻപെച്ചിൽ വിളിക്കപ്പെടുന്ന ablativiൻെറ വിവരവും മുമ്പിൽതന്നെ ശിഷ്യര ഗ്രഹിച്ചിരുന്നാൽ കൊള്ളാമെന്ന തൊന്നിയിരിക്കുന്നു എന്നതിനെകൊണ്ട അക്കം ഇട്ട ഇതിൻെറതാഴെ കാണിച്ചിരിക്കുന്നു,

## ഒന്നാമത്തെതിൽ I.

## DE DATIVO COMMODI.

---

ചൊ. അതിൻെറ സുഖത്തിന്ന vel സുഖകെട്ടിന്ന വെണ്ടി നാം യാതൊന്ന ചെയ്യുന്നു എന്ന ആളിൻെറ പെര എന്തൊരു വിഭക്തിയായി പൊരുൾതിരിക്കെണ്ടതാകുന്നു ?

ഉ: ഇങ്ങനെയുള്ള ആളിൻെറ പെര dativo വിഭക്തിയായി പൊരുൾ തിരിക്കെണ്ടതാകുന്നു ഉദ: Quidquid valebo auctoritate, vel gratia valebo tibi (ait Cicero) അധികാരം കൊണ്ടും ശുപാൎശികൊണ്ടും എന്തെങ്കിലും ഞാൻ വശമാകുമൊ ആയത നിനക്കായിട്ട ഞാൻ വശമാകും (എന്ന ചിച്ചെരൊൻ ചൊല്ലിയിരിക്കുന്നു) Quidquid boni faciam, tibi faciam എന്തൊരു നന്മയെങ്കിലും ഞാൻ ചെയ്യുമൊ ആയത നിനക്കായിട്ട ഞാൻ ചെയ്യും.

---

## II
## DE ABLATIVO TEMPORIS.

---

ചൊ: നെരം വകക്കപ്പെടുന്നതെങ്ങനെ ?

ഉ. പലവകയുണ്ടെങ്കിലും പ്രധാനമായിട്ടുള്ളത രണ്ടാകുന്നു അതായത

നിശ്ചയമുള്ള നെരം കാണിച്ച അറിയിക്കുന്നത അതായത ഒരു സംഗതിയെപ്പൊൾ സംഭവിച്ചു vel സംഭവിക്കും വെന്ന ചൊദിച്ചാൽ ഉത്തരമായിട്ട പറയുന്നത tempus determinatum എന്ന ചൊല്ലപ്പെടുന്നു. ഉദ. അവൻ എപ്പൊൾ വന്നു ? കഴിഞ്ഞ ആണ്ടിൽ. അവൻ എപ്പൊൾ വരും ? വരുന്ന ആഴ്ചയിൽ. രണ്ടാമത്തെവക tempus continuatum എന്നവിളിക്കപ്പെടുന്ന അതായത ഇടവിടാതുള്ള നെരം എത്ര നാളത്തെക്കു, എത്രസംവത്സരത്തെക്കു എന്നുള്ള വാചകങ്ങളാൽ കാട്ടപ്പെടുന്നു ഉദ. ഇന്നൂര മുപ്പത വരുഷത്തൊളം ജീവിച്ചു vel ഏതാനും വരുഷത്തെക്കുമാത്രം അവൻ വാഴും &c.

ചോ : അപ്പോഴാ tempus determinatum കാട്ടുന്ന പെര എന്തൊരു വിഭക്തിയിൽ ചെപ്പാനുള്ളതാകുന്നു ?

ഉ : മുൻചൊല്ലുകൂടാതെയുള്ളablativo വിഭക്തിയിൽ ചെപ്പാനുള്ളതാകുന്നു ഉദ : അവൻ കഴിഞ്ഞ ആണ്ടിൽവന്നു venit anno præterito. vel anno superiori വരുന്ന ആഴ്ചയിൽ ഞാൻ വരും veniam hebdomada proxima അവൻ പാതിരാക്കു എഴുന്നെററു surrexit media note വെളുപ്പിന്ന അവൻ എഴുന്നെററു surrexit primo mane. വെളുക്കുംമുമ്പെ summo mane ആ നെരത്തിൽതന്നെ vel ഒരെ ക്ഷണത്തിൽതന്നെ vel ഒരെ തരത്തിൽതന്നെ അവൻ എത്തി pervenit eodem tempore, vel eodem momento vel eadem occasione. അവൻ നല്ലപ്രായത്തിൽ മരിച്ചു mortuus est ætate provecta.

Nota, ഒരൊവക നെരമായിട്ട നാഴികകളുടെയും ദിവസങ്ങളുടെയും ആണ്ടുകളുടെയും എണ്ണം ക്രമത്തിന്നടുത്ത എണ്ണമായിട്ട പകർത്തി ചെക്കണം ഉദ: discessit hora octava എട്ട മണിക്ക അവൻ പുറപ്പെട്ടു പൊയി natus est die decima augusti ചിങ്ങമാസം പത്താം തിയ്യതി അവൻ പിറന്നു anno millesimo octingentesimo sexagesimo septimo ൧൮൬൭ാം കാലം എന്നാൽ tempore എന്ന പെരിനൊടകൂടെ പലപ്പൊഴും in എന്ന മുൻചൊല്ല കാണും ഉദ. hoc in tempore, ഒരൊ നെരത്തിൽ in illo tempore ആ കാലത്തിൽ in omni tempore, എല്ലാനെരങ്ങളിൽ vel എല്ലാ കാലത്തിലും

---

## TEMPUS CONTINUATUM.

ചൊ : ഒരൊവക നെരം സംബന്ധിച്ച പെരുകൾ എന്തൊരു വിഭക്തിയിൽ ചെപ്പാനുള്ളതാകുന്നു ?

ഉ. മുൻ ചൊല്ലുകൂടാതെ vel per എന്ന മുൻ ചൊല്ലിനൊട കൂടിയ accusativo വിഭക്തിയിൽ ചെപ്പാനുള്ളതാകുന്നു ചിലപ്പൊൾ മുൻചൊല്ലുകൂടാതെയുള്ള Ablativo വിഭക്തിയിലും കാണുകയും ചെയ്യും ഉദ : അവൻ എത്ര വരുഷത്തെക്കു ജീവിച്ചു ? Quot annos vixit ? മുപ്പതു വരുഷത്തെക്കു ജീവിച്ചു Vixit triginta annos, vel per triginta annos vel triginta annis. ആ രാജാവ മൂന്ന വരുഷത്തെക്കു വാണു Ille Rex regnavit tres annos, vel per tres annos, vel tribus annis.

---

Nota. ഒരു അവധിക്കായിട്ട നിശ്ചയിക്കപ്പെട്ട ഒരു സംഗതി അതായത ഒരു അവധി നിശ്ചയിച്ചുകൊടുക്കപ്പെടുന്ന അവകാശങ്ങൾ തൊഴിൽ മുതലായത. ad എന്ന മുൻ ചൊല്ലിനൊട കൂടിയ accusativus പ്രയൊഗിക്കപ്പെടുന്നു ഉദ . Scientia, vel facultas audiendi confessiones, conceditur ad tempus ad annum കുമ്പസാരിക്കുന്നതിനുള്ള അനുവാദം, നിശ്ചയിക്കപ്പെട്ട അവധിയൊളം vel ഒരു വരുഷത്തെക്കു കൊടുക്കപ്പെടുന്നു Consul advitam മരണത്തൊളം കൊൻസുൽ.

വിശെഷിച്ചു മററുപല വിധമായിട്ടുള്ള വാക്യങ്ങളിൽ നെരത്തിന്റെ ഒരൊരു വിധങ്ങൾ കാണുന്നുണ്ട. ചുരുക്കിക്കൊണ്ടു ഇവിടെ കാട്ടുകയുമാം.

൧ ഒരു സംഗതി ചെയ്യപ്പെട്ടത vel ചെയ്യപ്പെട്ടവാനിരിക്കുന്നത എത്രനെരം vel എത്രനാൾ മററും കൊണ്ടു എന്ന ഒരുവിധം.

൨. ഒരു സംഗതി നിശ്ചയിക്കപ്പെട്ട നെരത്തിൽ എത്ര പ്രാവശ്യം ചെയ്യപ്പെട്ടുഎന്ന ഇതും ഒരുവിധം.

൩. ഒരു സംഗതി എത്രനാൾ കഴിഞ്ഞിട്ട ചെയ്യപ്പെട്ടുഎന്ന ഇതും ഒരുവിധം.

൪. ഒരു സംഗതി ചെയ്യപ്പെട്ടിട്ട എത്ര നാൾ ആയി, .

൫. Vel ഒരു സംഗതി ചെയ്വാൻ തുടങ്ങിട്ട എത്ര നാൾ എത്ര വരുഷം എന്ന ഒരു വിധം.

൧-ാം അക്കത്തിലെ വിധത്തിന്നടുത്ത ഉദ: Id fecit intra tres horas മൂന്നുമണി ഇടകൊണ്ട ഇതു അവൻ ചെയ്തു. vel trium horarum spatio മൂന്ന ദിവസത്തിന്നിടയിൽ മൂന്ന ദിവസംകൊണ്ട intra tres dies, vel intra triduum vel trium dierum spatio ൟ ഉദാഹരണങ്ങളിൽ സൂക്ഷിച്ചാൽ intra എന്ന മുൻചൊല്ലിനൊട കൂടിയ accusativo വിഭക്തിയിൽ vel spatio എന്ന പെരിനൊട കൂടിയ genitivo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നുവെന്ന തിരിയും.

൨-ാം അക്കത്തിൽ ചെന്ന വിധം in എന്ന മുൻചൊല്ലിനൊട കൂടിയ Ablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു ഉദ: Semel in anno, ആണ്ടിൽ ഒരിക്കൽ
bis in mense മാസത്തിൽ രണ്ട പ്രാവശ്യം.
ter in hebdo mada ആഴ്ച വട്ടത്തിൽ മൂന്ന പ്രാവശ്യം
Quater in die ദിവസത്തിൽ നാലുഴം.

൩-ാം അക്കത്തിൽ ചെന്ന വിധം hincad, vel hinc post, vel post മാത്രം accusativo വിഭക്തിയൊടുകൂടെ പ്രയൊഗിക്കെണ്ടതാകുന്നു. ഉദ: രണ്ടു ദിവസം കഴിഞ്ഞിട്ട ഞാൻ പിന്തിരിയും vel ഇന്ന തുടങ്ങി രണ്ടു ദിവസം കഴിയുമ്പൊൾ ഞാൻ പിന്തിരിയും redibo hinc ad duos dies vel redibo hinc post duos dies, vel redibo post duos dies &c.
൪-ാം അക്കത്തിൽ ചെന്ന വിധം ab hinc എന്നതിനൊട കൂടെ ഒന്നുകിൽ Ablativo അല്ലെങ്കിൽ accusativo വിഭക്തിയിൽ വെക്കയും വെണം ഉദ. Mortus est tribus ab hinc annis, vel tres ab hinc annos.

൫-ാം അക്കത്തിൽ ചെന്ന വിധം A, vel Ab, എന്ന മുൻചൊല്ലിനൊട കൂടെ ablativo വിഭക്തിയിൽ vel മുൻചൊല്ലുകൂടാതെയുള്ള accusativo വിഭക്തിയിൽ വെക്കയും വെണം എന്നാൽ accusativum പ്രയൊഗിക്കുമ്പൊൾ മൂലമായ എണ്ണം ordinalis ആയിട്ട പകൎത്തുകയും വെണം ഉദ. അവൻ നാലു വൎഷമായിട്ട പാരീസ പട്ടണത്തിൽ പഠിക്കുന്നു iam a quatuor annis, vel iam quartum annum studet Parisiis.

കൂടി സൂക്ഷിക്കെണ്ടുന്നതായത Ante, Post, എന്ന മുൻചൊല്ലുകൾ accusativum ചെരിക്കുന്നതാകുന്നുവെങ്കിലും നെരത്തിന്നടുത്ത പെരുകളൊട ചെൎക്കപ്പെടുമ്പൊൾ മുൻചൊല്ല Pronomen എന്നതിന്റെയും Substantivi ന്റെയും ഇടയിൽ വെച്ചാൽ accusativo വിഭക്തിയൊടും Ablativo വിഭക്തിയൊടും ചെൎക്കയും ആം ഉദ. Tres ante menses, vel tribus ante mensibus മൂന്ന മാസം മുമ്പ Paucos post dies, vel paucis post diebus എതാനും ദിവസങ്ങൾ കഴിഞ്ഞിട്ട.

---

## III

## DE SPATIO VEL DISTANTIA LOCI.

ചൊ: അകലം vel അകൽച്ച et ഇട എന്തൊരു വിഭക്തിയിൽ വെക്കെണ്ടതാകുന്നു?

ഉ: Accusativo വിഭക്തിയിലും ചിലപ്പൊൾ മുൻചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിലും വെപ്പാനുള്ളതാകുന്നു ഉ: നിന്റെ വടി മൂന്ന ഗജം നീളമുള്ളതാകുന്നു, baculus tuus longus est tres ulnas, vel tribus ulnis: മുപ്പതു മുഴം പൊക്കമുള്ള ചുവര, vel മതിൽ murus altus triginta cubitos vel triginta cubitis. അതു ഇരുപതു കാലടി അകലമുള്ളതാകുന്നു Illud distat viginti passus, vel viginti passibus. എന്നാൽ അളവിന്നടുത്ത പെരിനൊട കൂടെ ഒരു comparativus ചെൎന്നുവന്നാൽ ablativus വിഭക്തിയെ മാത്രമെ പ്രയൊഗിക്കാവു. ഉദ: നിന്റെ കൂടപ്പിറപ്പിനെക്കാൾ നീ രണ്ടുവിരൽ അധികം പൊക്കമുള്ളവനാകുന്നു tu es duobus digitis major fratre tuo.

നിശ്ചയിക്കപ്പെട്ട ഒരെടത്തിൽ നിന്ന എത്ര ദൂരത്തിൽ vel അകൽച്ചയിൽ ഒരു സംഗതി സംഭവിച്ചുവെന്ന പറയുന്ന വാചകത്തിൽ ഉണ്ടാകുന്ന അകൽച്ചക്കടുത്ത പെര ഒന്നുകിൽ മുൻചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിൽ അല്ലെങ്കിൽ ad എന്ന മുൻചൊല്ലിനൊട കൂടിയ accusativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു എന്നാൽ cardinalis

എണ്ണം ordinalis ആയിട്ടപകരത്തന്നും ഉദ: അവൻ ഇവിടെ നിന്ന പത്തുകാലടി ദൂരത്തിൽ വീണു, cecidit decimo abhinc passu, vel ad decimum abhinc passum പട്ടണത്തിൽ നിന്ന മൂന്നാം നാഴികകല്ലൽ കൊല്ലപ്പെട്ടു, Occisus est tertio milliario, vel ad tertium milliarium ab urbe.

---

# IV

## DE ABLATIVIS ‘ INSTRUMENTI,, “CAUSA,, MODI,, EXCESSUS,, PRETII, ET SOCIETATIS.

ചോ: Instrumentum, എന്ന പറയുന്നതിന്റെ അൎത്ഥം എന്താകുന്നു ?

ഉ: യാതൊരുകാൎയ്യം ചെയ്യുന്നതിന്ന നാം പ്രയോഗിക്കുന്ന കരുവത്രെ instrumentum എന്നപറയുന്നത: ഉദ: യുദ്ധം ചെയ്യുവാൻ തോക്ക, വാൾ, തൈക്കുന്നതിന്ന സൂചി, കളിക്കുന്നതിന്ന പന്ത മുതലായ്യ.

ചോ: Causa എന്ന പറഞ്ഞാൽ എന്ത ?

ഉ: മറ്റകാൎയ്യത്തിന്ന കാരണമായിരിക്കുന്നു എന്നത causa എന്നുവിളിക്കപ്പെടുന്നു ഉദ: മരണത്തിന്ന പനിപഞ്ഞം കാരണമാകുന്നു.

ചോ: Modus എന്നുപറയുന്നത എന്താകുന്നു?

ഉ: ഒരു കാൎയ്യം ഏതുവിധത്തിൽ, ഏതുപ്രകാരത്തിൽ ചെയ്യപ്പെടുന്നു യെന്ന കാട്ടുന്ന പൊരുൾ അത്രെ Modus എന്നവചനത്തിൽ അടങ്ങിയിരിക്കുന്നത.

ചോ: അപ്പോഴം Instrumentum causa modus എന്നുള്ളകളെകുട്ട ചൊന്ന പേരുകൾ എന്തൊരുവിഭക്തിയിൽ വെക്കേണ്ടതാകുന്നു ?

ഉ: മുൻ ചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിൽ വെക്കേണ്ടതാകുന്നു ഉദ: Feriro gladio, വാൾകൊണ്ട കുത്തുന്നത.

Fame, frigore interire വിശപ്പാലയും കുളിരാലയും മരിക്കുന്നത:

Incedere lento gradu, സാവധാനത്തിൽ നടക്കുന്നത:

### കരുവിന്നുട്ടത്ത ഉദാഹ:

Ludere pila പന്തകളിക്കുന്നത
Sonare cithara വീണ വായിക്കുന്നത

### കാരണത്തിന്നുട്ടത്ത ഉദ.

Terrore percelli ഭയം vel പരിഭ്രമ കൊള്ളുന്നത
Pallescere culpa കുറ്റത്താൽ വിളക്കുന്നത
Vir natura ferus സ്വഭാവത്താൽ ക്രൂരനായിരിക്കുന്നമനുഷ്യൻ

### പ്രകാരം vel വിധത്തിന്നുട്ടത്ത ഉദാഹരണങ്ങൾ

Nudo capite incedere തല മൂടാതെ നടക്കുന്നത
Aliquid agere dedita opera vel consulto മനസ്സുവെച്ച vel അറിഞ്ഞും മനസ്സുവെച്ചുംകൊണ്ട യാതൊരു പ്രവൃത്തിചെയ്യുന്നത
Loqui lingua latina vel latino idiomate ലത്തീൻഭാഷയായിട്ട സംസാരിക്കുന്നത
Loqui lingua vernacula നാട്ടുഭാഷയിൽ സംസാരിക്കുന്നത

## DE EXCESSU

ചൊ: Excessus കവിച്ചിൽ ആധിക്യം എന്നുപറയുന്നത എന്തൊരു വിഭക്തിയായി പൊരുൾ തിരിക്കെണ്ടതാകുന്നു ?

ഉ: കവിച്ചിൽ, ആധിക്യം vel വമ്പുകാട്ടുന്ന വസ്തുവിന്റെ പെര ablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ: Rex Salomon Superavit omnes reges Sapientia & divitiis ശ്ലൊമൊൻ രാജാവ ബൊധജ്ഞാനംകൊണ്ടും സമ്പത്തുകൊണ്ടും ശെഷം രാജാക്കന്മാരെ ജയിച്ചു vel മെതപ്പെട്ടവനായി &c.

## DE PRETIO

ചൊ: വിലക്കൂട്ടത്ത പെരുകളും ക്രിയാപദങ്ങളും എന്തെല്ലാമാകുന്നു ?

ഉ: കാശ്ശ, പുത്തൻ, ചക്രം, രൂപാമുതലായ്യ വിലക്കൂട്ടത്ത പെരുകൾ ആകുന്നു, മതിക്കുന്നു, വിലയുള്ളതായിരിക്കുന്നു, വിലപിടിക്കുന്നു (Valere) വാങ്ങുന്നു വില്ക്കുന്നു കൂലിക്ക vel പാട്ടത്തിന്നുകൊടുക്കുന്നു, ഇവകളൊടു സമമുള്ളത വിലക്കൂട്ടത്ത ക്രിയാപദങ്ങൾ ആകുന്നു.

ചൊ: അപ്പഴം വിലക്കൂട്ടത്ത പെര എന്തൊരു വിഭക്തിയിൽ വെക്കെണ്ടതാകുന്നു

ഉ: വിലക്കൂട്ടത്തപെര വിലക്കൂട്ടത്ത ക്രിയാപദത്തൊടു ചെൎന്നുവരുമ്പൊൾ മുൻചൊല്ലുകൂടാതെയുള്ള ablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ: ഒരു പുസ്തകം രണ്ടു രൂപാ വിലയുള്ളതാകുന്നു hic liber constat duabus rupiis നൂറു രൂപാക്കു, ആ പറമ്പിനെ ഞാൻ വാങ്ങി Ego emi palmetum illud centum rupiis യൌസെപ്പ മദിയനക്കാരായ കച്ചവടക്കാൎക്ക ഇരുപതു വെള്ളിക്കാശിന്ന വില്ക്കപ്പെട്ടു Joseph venditus fuit mercatoribus Madianitis viginti argenteis ആ വീട മുപ്പത പൊൻകാശിന്ന വില്ക്കപ്പെട്ടു domus illa vendita est triginta aureis.

Nota Solvo, is എന്ന ക്രിയാപദത്തൊടു കൂടെ കൊടുക്കുന്ന വില accusativo വിഭക്തിയിലും (utobjectum) വാങ്ങുന്ന vel വാങ്ങിക്കപ്പെട്ടവസ്തു "pro„ എന്ന മുൻചൊല്ലിനൊടു കൂടിയ ablativo വിഭക്തിയിലും വെക്കപ്പെടുന്നു ഉദ: മുന്തിരിങ്ങാതൊട്ടത്തിന്നായിട്ടു ആയിരം രൂപാ പത്രൊസിന്ന ഞാൻകൊടുത്തു Solvi Petro provinea millie rupias Emo, is, വാങ്ങുന്നു എന്ന ക്രിയാപദം പ്രയൊഗിച്ചാൽ മെലെഴുതിയ ഉദാഹരണം ഒരുവണ്ണം പൊരുൾ തിരിക്കെണ്ടതാകുന്നു അതായത : emi a Petro vineam mille rupiis.

Nota വില നിശ്ചയമില്ലാത്തതാകുന്നു യെങ്കിൽ tanti. quanti, pluris, minoris. satis magni, nimio pluris (അധികം) എന്ന genitivi വിഭക്തികൾ പ്രയൊഗിക്കപ്പെടുന്നു ഉദ, Magni aestimatur, വളരെ മതിക്കപ്പെടുന്നു. parvi constat അല്പവിലയുള്ളതാകുന്നു. Nihili valet, ഏതും വിലയുള്ളതല്ല. tanti valet, ഇത്രവിലയുള്ളതാകുന്നു. Pluris aestimabitur, അധികം മതിക്കപ്പെടും. aliquid satis magni aestimare, യാതൊരു വസ്തുവിനെ മതിയാകുംവണ്ണം മതിക്കുന്നത nimio pluris aestimare, അധികവിലകണ്ടു നിശ്ചയിക്കുന്നത, vel മതിക്കുന്നത &c.

---

## DE SOCIETATE.

ചൊ: കൂട്ടു എന്തൊരു വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു ?

ഉദ: Cum എന്ന മുൻചൊല്ലിനൊടു കൂടിയ ablativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ: Frater tuus occisus est cum aliis decem personis, നിന്റെ കൂടപ്പിറപ്പ മറ്റു പത്തുപെരൊടു കൂടെ കൊല്ലപ്പെട്ടു Mercatores qui eme runt Josephum petebant Aegyptum cum multis camelis, യൌസെപ്പിനെ വാങ്ങിയ കച്ചവടക്കാര ഏറിയ ഒട്ടകങ്ങളൊടു കൂടെ എജിപ്തിലെക്കു പൊകയായിരുന്നു.

# V

# DE ABLATIVO ABSOLUTO.

ചൊ: Ablativus absolutus എന്നു പറഞ്ഞു വരുന്നത എന്താകുന്നു? എപ്പോൾ പ്രയോഗിക്കപ്പെടുന്നു?

ഉ: ഒരു വാചകത്തിൽ രണ്ടുപെരുകൾ അല്ലെങ്കിൽ ,,ns,, vel,, us,, ആയിട്ട അവസാനിക്കുന്ന Participiaകളിൽ ഒന്നിനൊട്ട കൂടിയ ഒരുപെരും, ആ വാചകത്തിലുള്ളതിൽ യാതൊരു ക്രിയാപദത്താൽ എങ്കിലും മറു മൊഴിയാൽ എങ്കിലും ഭരിക്കപ്പെടാത്തതായി, തനിച്ച വരുമ്പൊൾ ablativo വിഭക്തിയായിപ്പൊരുൾ തിരിക്കെണ്ടതാകുന്നു, ഇ ഹെതുവായിട്ടത്രെ ablativus absolutus വിളിക്കപ്പെടുന്നത: ഒരുവണ്ണം absolutus അതായത മറ്റമൊഴികളൊട്ട കെട്ടുപാടില്ലാത്തതാകകൊണ്ട ആ വാചകത്തിൽ നിന്ന ഇതു നിക്കിയാൽ മറു മൊഴികളുടെ അൎത്ഥത്തിന്ന യാതൊരു ചെച്ചകെടുവരികയില്ല. ഉദ: Iudex,, auditis testibus,, tulit sententiam, ന്യായവിധിക്കാരൻ,, സാക്ഷിക്കാരരെ കെട്ടിട്ട,, തീൎപ്പചെയ്തു. ഇതിൽ ablativus absolutus ആയിരിക്കുന്ന,, auditis testibus,, എന്ന മൊഴികളെ നീക്കിയാലും Iudex tulit sententiam എന്ന മൊഴികളുടെ അൎത്ഥത്തിന്ന ചെച്ച കെടെങ്കിലും ഭെദമെങ്കിലും വരികയില്ല. അപ്പൊഴൊ ഇതു കൊണ്ടത്രെ Ablativus absolutus എന്ന വിളിക്കപ്പെടുന്നത മുൻ ചൊല്ലിനാൽ ഭരിക്കപ്പെടാത്തതു കൊണ്ടാകുന്നു എന്ന ചിലര പറഞ്ഞിരിക്കുന്നത നെരല്ല അതതന്നെ മുൻ ചൊല്ല തിരിച്ച ഒരിക്കലും കാണുകയില്ലയെങ്കിലും ഉള്ളൎത്ഥമായിട്ട ഉണ്ടായിരിക്കുന്നു ചിലപ്പൊൾ a, vel ab, ചിലപ്പൊൾ de, cum, എന്ന മുൻചൊല്ലുകൾ ഉള്ളൎത്ഥമായിട്ട ഉണ്ടാകയും ചെയ്യും എന്നാൽ a, vel ab, എന്ന മുൻചൊല്ലിന്മെൽ സൂക്ഷിക്കെണ്ടുന്നതായത കാലം സംബന്ധിച്ച വാചകമായിട്ട വരുമ്പൊൾ post എന്നുള്ള അൎത്ഥമായിട്ടിരിക്കും കീഴിൽ എന്ന പൊരുൾ തിരിക്കാകുന്നതാകുമ്പൊൾ sub എന്ന അൎത്ഥത്തൊട്ട കൂടിയുള്ളതാകും. ഉദ. mortuo patre regnavit filius എന്നു പറഞ്ഞാൽ a mortuo patre അതായത post mortuum patrem regnavit filius അപ്പൻ മരിച്ചിട്ട മകൻ വാണു എന്നൎത്ഥമാകും അതിൻവണ്ണം തന്നെ Id fecit me præsente അതായത id fecit sub me præsente എൻറെ മുമ്പാകെ vel ഞാൻ നില്ക്കയിൽ അവൻ ഇത ചെയ്തു. അതിൻവണ്ണംതന്നെ Me consule, എന്നു പറഞ്ഞാൽ Sub me consule അതായത ഞാൻ കൊൻസുൽ ആയിരിക്കയിൽ vel കൊൻസുളിൻറ ഉദ്യൊഗം ഞാൻ നടത്തിയ കാലത്തിൽ എന്നൎത്ഥമാകും. അപ്പൊഴൊ:

### ഒന്നാമത

മലയാഴ്മയിൽ - പൊകയിൻ, ചെയ്കയിൽ, പൊകുമ്പൊൾ, പൊയാൽ, എന്നിങ്ങനെ വരുന്ന ക്രിയാപദങ്ങളും ഒരു ക്രിയാപദങ്ങളൊട്ട regens ആയിട്ട ചെന്നിരിക്കുന്ന പെരും pronomen മെൽ ചൊല്ലിയിരിക്കുന്നതുപൊലെ വാചകത്തിൻറ മറു മൊഴികളൊട്ട കെട്ടുപാടില്ലാതെ തനിച്ചുള്ളതാകുന്നുയെങ്കിൽ Ablativus absolutus ആയിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു മെൽ ചൊല്ലിയ വാചകങ്ങളൊട്ട സമമുള്ളതിനെ കുറിച്ചും ഇത തന്നെ പറകയുംമാം താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളെ സൂക്ഷിച്ചുകൊൾക.

൧ Discedente patre, discessit et filius അപ്പൻ പുറപ്പെട്ടു പൊകയിൽ മകനും പുറപ്പെട്ടുപൊകയും ചെയ്തു.

൨ Ethnicis imperatoribus Ecclesiam persequentibus, magis ac magis enituit christianorum virtus കാവ്യ എമ്പ്രദൊരിമാര തിരുസഭയെ ഞെരുക്കയിൽ vel ഞെരുക്കിയതുകൊണ്ട ക്രിസ്ത്യാനികളുടെ പുണ്യം അധികം പ്രകാശിച്ചു.

൩ Imperante Cæsare Augusto, erat in pace universus orbis, കെസാർ ഔഗസ്തൊസ വാഴകയാൽ vel ഔഗുസ്തൊസിൻറ വാഴ്ചയുടെ കീഴ ലൊകമൊക്കയും സമാധാനത്തിൽ ആയിരുന്നു.

### രണ്ടാമത

കഴിഞ്ഞ participium അതിനൊട്ട ചെന്ന Substantivum പെരും മെൽ ചൊല്ലി

യിരിക്കും വണ്ണം വാചകത്തിന്റെ മറ്റു മൊഴികളോടു കെട്ടുപാടില്ലാത്തതാകുന്നുവെങ്കിൽ ablativus absolutus ആയിട്ടു പൊരുൾ തിരിക്കേണ്ടതാകുന്നു ഉദ: mortuo patre regnavit filius അപ്പൻ മരിച്ചിട്ടു മകൻ വാണു.

Duce interfecto milites fugerunt കപ്പിത്താൻ കൊല്ലപ്പെട്ടിട്ടു പടയാളികൾ ഓടിപ്പോയി

Saul cæsis Amalecitis servavit Regem contra Domini interdictum ശാവൊൽ അമലെക്കിത്തക്കാരരെ കൊന്നിട്ടു കൎത്താവിന്റെ വിലക്കിന്നു വിരോധമായിട്ടു രാജാവിനെ കാത്തുരക്ഷിച്ചു vel കൊന്നില്ല.

### മൂന്നാമത

Participium futuri rus, ra, rum തക്കവാചകമായിട്ടുവന്നാൽ Ablativus absolutus ആയിട്ടു പൊരുൾതിരിക്കയുമാം. ഉദ: Regina ventura magnum gaudium erat in urbe രാജസ്ത്രീ വരുവാനിരിക്കയിൽ vel വരുവാനിരുന്നതുകൊണ്ടു പട്ടണത്തിൽ വലിയ സന്തോഷമുണ്ടായിരുന്നു.

### നാലാമത

മലയാഴ്മയിൽ രണ്ടു ക്രിയാപദങ്ങൾ ഒരു വാചകത്തിൽതന്നെവരികയും അതിൽ മുമ്പൊന്നാമത്തെതിനൊടും "ആതെ" എന്ന Negativa particula ഉണ്ടായിരിക്കയും ചെയ്യുമ്പോൾ "ആതെ" എന്ന particulaയൊടുകൂടിയ ക്രിയാപദവും അതിനൊടു ചെൎന്നിരിക്കുന്ന Substantivum പെരും ablativus absolutus ആയിട്ടു പൊരുൾതിരിക്കയുമാം. ഉദ: അവൻ കൈകളെ കഴുകാതെ തിന്നുന്നു Non lotis manibus manducat അപ്പൻ കാണാതെ അവൻ പുറത്തുപൊയി vel പുറപ്പെട്ടു exiit patre non vidente അവന്റെ പുറകിൽ ആരും ചെല്ലാതെ അവൻ ഓടിപ്പോയി fugit memine insequente.

---

## NOTA.

മെലെഴുതിയ ഉദാഹരണങ്ങളെസൂക്ഷിച്ചാൽ മലയാഴ്മ particula "ആതെ" ലത്തീനിൽ "Non" എന്ന negativa particula കൊണ്ടു പൊരുൾ തിരിക്കെണ്ടതാകുന്നുവെന്നു തിരിയുമല്ലൊ? എന്നാൽ മലയാഴ്മയിൽ "ആതെ" എന്ന particulaയൊടുകൂടിയ ക്രിയാപദത്തിന്റെ ശെഷം വരുന്ന വാചകത്തിന്റെ കൂറിൽ ഉണ്ടായിരിക്കുന്ന ക്രിയാപദത്തൊടു "ഇല്ല" എന്ന Negativum verbum ഉണ്ടായിരുന്നാൽ "Non" എന്നതിന്നു പകരമായിട്ടു "Nisi" പ്രയൊഗിക്കയുംവെണം. ഉദ: അവൻ കൈകളെ കഴുകാതെ ഒരിക്കലും തിന്നുന്നില്ല Nunquam manducat nisi lotis manibus ഈ വാചകം സൂക്ഷമായിട്ടു മലയാഴ്മ ഈ വണ്ണം പൊരുൾതിരിക്കാം, അതായത അവൻ കൈകളെ കഴുകിയല്ലാതെ ഒരിക്കലും തിന്നുന്നില്ല. ഈ പൊരുൾതിരിപ്പിനെനൊക്കി ഇപ്പൊലെയുള്ള വാചകങ്ങളെ പൊരുൾതിരിച്ചുകൊൾക. ഉദ: ആ ഭാഗത്തൊട്ടു കണ്ണുകളെ തിരിച്ചിട്ടു നിന്റെ കൂടപ്പിറപ്പിനെയല്ലാതെ മറ്റുയാതൊരുത്തനെയും ഞാൻ കണ്ടില്ല illorsum oculis conversis neminem vidi nisi fratrem tuum അവര ഏറിയ ദൂഷണങ്ങളെ പറകയിൽ തമ്പുരാൻ നിങ്ങളെ രക്ഷിക്കട്ടെഎന്നു അല്ലാതെ മറ്റു യാതൊന്നും ഞാൻ പറഞ്ഞില്ല illis plura blasphemantibus ego nihil dixi nisi Deus vos salvet ഞാൻ സമ്മതിച്ചല്ലാതെ യാതൊരുകാൎയ്യം അവൻ ചെയ്തിരുന്നില്ല ille nihil faciebat nisi me consentiente &c.

### അഞ്ചാമത.

ഏറ്റം നടപ്പുള്ളതായിരിക്കുന്ന
ABLATIVI ABSOLUTIകളുടെ കുറിപ്പ്.

1. Iubente Deo ivit — മ. തമ്പുരാൻ കല്പിച്ചിട്ടു vel കല്പിക്കയിൽ അവൻ പൊയി

| | |
|---|---|
| 2. Deo sic permittente occidi illum | ൨. സൎവ്വേശ്വരൻ അനുവദിച്ചിട്ട അവനെ ഞാൻ കൊന്നു |
| 3. Deo juvante vel auxiliante vel opitulante vel auspice Deo ibo | ൩. സൎവ്വേശ്വരൻ തുണെക്കുന്നുവെങ്കിൽ vel സഹായിച്ചാൽ ഞാൻ പൊകും |
| 4. Oriente sole vel occidente sole morietur | ൪. ആദിത്യൻ ഉദിച്ചിട്ട vel ആദിത്യൻ അസ്തമിച്ചിട്ട അവൻ മരിക്കും |
| 5. Ingruente nocte fur venit | ൫. രാത്രി അടുത്തിട്ട കള്ളൻ വന്നു |
| 6. Duce Antonio vicerunt | ൬. അന്തൊനി കപ്പിത്താനായിട്ട അവർ ജയിച്ചു |
| 7. Teste Sancto Thoma res ita est | ൭. മാർതൊമ്മാ മല്പാൻ സാക്ഷി സംഗതി ഈ വണ്ണമാകുന്നു |
| 8. Me iudice lis finita est | ൮. ഞാൻ ന്യായവിധിക്കാരനായിട്ട വഴക്ക അവസാനിച്ചു |
| 9. Comite Angelo prospere pervenies | ൯. മാലാഖാ കൂട്ടുകാരനായിട്ട സൌഖ്യമായിട്ട vel ശുഭമായിട്ട നീ എത്തും |
| 10. Conscio patre vel consentiente patre fac ut dixisti | ൧൦. അപ്പൻ സമ്മതിച്ച vel സമ്മതിച്ചാൽ vel അപ്പന്റെ സമ്മതത്തൊടുകൂടെ നീ പറഞ്ഞതുപൊലെ ചെയ്യു |
| 11. Inscio vel nescio vel ignaro patre fecit | ൧൧. അപ്പൻ അറിയാതെ അവൻ ചെയ്തു |
| 12. Invito vel adverso vel repugnante patre ne facias | ൧൨. അപ്പൻ വിരൊധിച്ചാൽ vel അപ്പന്റെ മനസ്സുകൂടാതെ നീ ചെയ്യരുത |
| 13. Paucis exceptis omnes consentiunt | ൧൩. കുറെ പെരൊഴികെ എല്ലാവരും സമ്മതിക്കുന്നു |
| 14. Omnes consentiunt nemine excepto | ൧൪. യാതൊരുത്തനും ഒഴിയാതെ എല്ലാവരും സമ്മതിക്കുന്നു |
| 15. Insalutato hospite discessit | ൧൫. വീട്ടുതിക്കാരനൊട സലാം പറയാതെ, അതായത, യാതൊരുത്തനൊട മിണ്ടാതെ അവൻ പൊയി |

---

ചൊ: എന്നാൽ കടശിയായിട്ട Participium അതിനൊടുചെൎന്ന പെരും ablativus absolutus ആയിട്ട പൊരുൾ തിരിക്കെണ്ടുന്നത എപ്പൊൾ ആകുന്നുവെന്ന കെൾക്കട്ടെ ?

ഉ: ആ പെരുമിന്നെ Participium എന്നതിനെയും ശെഷം വാചകമൊഴികളെയും ഭരിക്കുമ്പൊൾ ആകുന്നു

ചൊ: അപ്പൊൾ ആ പെരും അതിനൊടുചെൎന്ന participium എന്തൊരുവിഭക്തിയിൽ വെക്കെണ്ടതാകുന്നു ?

ഉ: വാചകത്തിലുണ്ടായിരിക്കുന്ന ക്രിയാപദങ്ങൾ personalia യാകുന്നുവെങ്കിൽ nominativo വിഭക്തിയിൽ Impersonalia യാകുന്നുവെങ്കിൽ അതുകൾക്ക വെണ്ടുന്ന വിഭക്തിയിൽ വെക്കെണ്ടതാകുന്നു

## ഉദാഹരണങ്ങൾ

Circero proconsul in Ciliciam proficiscens, Athenas venit ചിചെരൊ പ്രൊകൊൻസുലായിട്ട ചിലിച്ചിയയിലെക്കു പുറപ്പെട്ടുപൊകയിൽ അത്തെനെന്ന പട്ടണത്തിൽ വന്നു.

Me contemplantem Vulnera Christi poenitet peccatorum മിശിഹായുടെ മുറിവുകളെ സൂക്ഷിച്ച ധ്യാനിക്കുന്ന ഞാൻ ദൊഷങ്ങളുമ്മെൽ മനസ്താപപ്പെടുന്നു.

എന്നാൽ മലയാഴ്മയിൽ Participium, അതിനൊടുചെൎന്ന പെരാൽ ഭരിക്കപ്പെടുകയും, പ്രധാനമായിട്ടുള്ള ക്രിയാപദം വെറിട്ടൊരു പെരാൽ ഭരിക്കപ്പെടുകയും ചെയ്യും

ല്യം ablativus absolutus ആയിട്ട പൊരുൾ തിരിച്ചാൽ തക്കവാചകമല്ലയെങ്കിൽ ആ വാചകത്തിൽ pronomen vel മലയാഴ്മ particula,, എന്ന,, ഉണ്ടായിരുന്നാൽ, അതു ഏതുവിഭക്തിയിൽ വെക്കെണ്ടതായിട്ട പ്രധാന ക്രിയാപദം കാട്ടുമൊ ആ വിഭക്തിയിൽ തന്നെ participium, അതിനൊട്ട ചെൎന്ന പെരും വെക്കെണ്ടതാകുന്നു.

ഉദ : Omnes admirabantur Ciceronem perorantem, ന്യായം പറഞ്ഞു പ്രസംഗിച്ചിരുന്ന ചിച്ചെരൊ നിന്റെ സാമൎത്ഥ്യത്തിന്മെൽ എല്ലാവരും അതിശയപ്പെട്ടിരുന്നു.

Multi occurrerunt ciceroni redeunti ab exilio, അലസി ഭാഗത്തിൽ നിന്ന പിന്തിരിഞ്ഞിരുന്ന ചിച്ചെരൊ നിന്റെ എതിരെല്പിന്ന വളരെ പെരുമപൊയി &c.

---

## CAPUT TERTIUM DE SYNTAXI VERBORUM

### ക്രിയാപദങ്ങളുടെ പ്രയൊഗരീതി.

---

### ൧ാം അദ്ധ്യായം

Activa ക്രിയാപദങ്ങളുടെ Syntaxis ആരംഭിക്കുന്നതിന്ന മുമ്പിൽ എതാനും പൊതുവായ കാനൊനാനകളെ കാട്ടുവാൻ നിശ്ചയിച്ചിരിക്കുന്നു ഒരം കാനൊനാനകൾ നമ്മുടെ ഒരം ഗ്രമത്തിക്കിൽ പല ഇടങ്ങളിലായിട്ട കാണിച്ചിട്ടുള്ളതാകുന്നു വെങ്കിലും ശിഷ്യരുടെ ഉപകാരത്തിന്നായിക്കൊണ്ട ഇവിടെ ഒന്നായിട്ടു കാട്ടുകയും ആം.

൧മത. Sum, es, est എന്ന ക്രിയാപദത്തിന്ന മുമ്പും പിമ്പും Nominativus വെക്കയും വെണം ഉദ : Deus est clemens, സൎവ്വെശ്വരൻ അനുഗ്രഹമുള്ളവനാകുന്നു.

൨മത : Infinitivo വിധത്തിലെ ക്രിയാപദമൊഴികെ ശെഷം വിധമായിട്ടുള്ള ക്രിയാപദത്തിന്ന മുമ്പിൽ തിരിച്ചെങ്കിലും ഉള്ളൎത്ഥമായിട്ടെങ്കിലും ഒരു nominativus വിഭക്തിയുണ്ടാകും ഉദ. Petrus legit പത്രൊസുവായിക്കുന്നു Virtus laudatur abomnibus, പുണ്യം എല്ലാവരാൽ സ്തുതിക്കപ്പെടുന്നു. Amo ഞാൻ സ്നെഹിക്കുന്നു. "ego,, എന്ന nominativus ഉള്ളൎത്ഥമായിട്ടു തിരിയപ്പെടുന്നു ചിലപ്പൊൾ Infinitivus nominativo വിഭക്തിക്ക പകരമായിട്ട നില്ക്കും ഉദ. Peccare est turpe, ദൊഷം ചെയ്യുന്നത കഷ്ടമാകുന്നു.

൩. ഒരു Activum ക്രിയാപദത്തിന്റെ ശെഷം ഉള്ളൎത്ഥമായിട്ടെങ്കിലും തിരിച്ചെങ്കിലും ഒരു Accusativus വിഭക്തിവെണ്ടിയിരിക്കുന്നു ഉദ. Deus punit improbos സൎവ്വെശ്വരൻ ദുഷ്ടന്മാരെ ശിക്ഷിക്കുന്നു. Tu legis നീ വായിക്കുന്നു ഉള്ളൎത്ഥമായിട്ട "librum,, എന്ന Accusativus വിഭക്തിയുണ്ടെന്ന ഓൎത്തുകൊൾക ചിലപ്പൊൾ "Infinitivus,, Accusativo വിഭക്തിക്കപകരമായിട്ട വരും. ഉദ. Tu cupis legere, നീ വായിപ്പാൻ ആഗ്രഹിക്കുന്നു. അതായത, വായിക്കുന്നത എന്നിക്കായ്യും നീയാഗ്രഹിക്കുന്നു എന്നു പറയുന്നതുപൊലെയാകുന്നു.

൪ : Verbum passivum എന്ന ക്രിയാപദത്തിന്ന മുമ്പിൽ തിരിച്ചെങ്കിലും ഉള്ളൎത്ഥമായിട്ടെങ്കിലും ഒരു nominutivus വിഭക്തിയും, അതിന്റെശെഷം സാമാന്യം "a,, vel,, ab,, എന്നമുൻ ചൊല്ലിനൊട്ട കൂടിയ Ablativum ഉണ്ടാകും. ഉദ. Vitium vituperatur ദുൎഗ്ഗുണം കുറം പറയപ്പെടുന്നു. Legitur വായിക്കപ്പെടുന്നു അതായ്യ liber പുസ്തകം vel, lectio legitur എന്ന ഉള്ളൎത്ഥമായിട്ടുള്ള nominativus തിരിയപ്പെടുന്നു Vitium vituperatur ab hominibus bonis ദുൎഗ്ഗുണം നല്ല മാനുഷരാൽ കുറം പറയപ്പെടുന്നു Homines extolluntur virtute, മാനുഷര പുണ്യത്താൽ ഉയൎത്തപ്പെടുന്നു.

൫ : Infinitivus വിധത്തിന്ന മുമ്പിൽ തിരിച്ചെങ്കിലും ഉള്ളൎത്ഥമായിട്ടെങ്കിലും ഒരു Accusativus വിഭക്തിവെണ്ടിയിരിക്കുന്നു. ഉദ. Scio te amare Deum, നീ തമ്പുരാനെ

സ്നെഹിക്കുന്നുയെന്ന ഞാൻ അറിഞ്ഞിരിക്കുന്നു. Tu vis discere പഠിപ്പാൻ നീ മനസ്സായിരിക്കുന്നു അതായത Tu vis te discere.

---

## DE CONSTRUCTIONE VERBORUM ACTIVORUM.

ചൊ: Verbum activum എന്ന പറയുന്നതെന്താകുന്നു?

ഉ: മറെറാരു വിഷയത്തിലെക്കു കടക്കുന്ന പ്രവൃത്തിയെ കാട്ടുകയും o, ആയിട്ട അവസാനിക്കയും ഈ അക്ഷരത്തിന്റെ ശെഷം ഒരു r, എന്ന അക്ഷരം കൂട്ടിയാൽ Passivum ക്രിയാപദമായി പകരപ്പെട്ടുകയും ചെയ്യുന്ന ഒരു വക ക്രിയാപദമത്രെ Verbum activum മലയാഴ്മയിൽ സകൎമ്മ ക്രിയ എന്ന പറയുന്നത. ഉദ: Amo ഞാൻ സ്നെഹിക്കുന്നു. Amor ഞാൻ സ്നെഹിക്കപ്പെടുന്നു.

ചൊ; Activa ക്രിയാപദങ്ങൾ എത്ര ക്രമങ്ങളായിട്ട പകുക്കപ്പെടുന്നു?

ഉ: ഇവകളുടെ വഴിത്താൽ ഒരു Accusativum വിഭക്തിയെ മാത്രം ചെൎക്കുന്നതാകയാൽ ഒരു തരത്തിലും ക്രമത്തിലും ചെൎക്കാം എന്നുവരികിലും Accusativo വിഭക്തിയൊടു കൂടെ മററു ചില വിഭക്തികളും ചെൎന്നു വരുന്നതുകൊണ്ട ഏററം തെളിവുണ്ടാകുന്നതിന്ന ആറ ക്രമങ്ങളായിട്ട പകുക്കപ്പെട്ടിരിക്കുന്നു.

ചൊ: ഈ ക്രമങ്ങൾ ആറും ചുരുങ്ങിയ വചനമായിട്ട പകുത്തുകെൾക്കട്ടെ.

ഉ: ഒന്നാമത്തെ ക്രമത്തിൽ ക്രിയാപദത്തിൽനിന്ന പുറപ്പെടുന്ന പ്രവൃത്തി എല്ക്കുന്ന വിഷയത്തിന്റെ Accusativus വിഭക്തി മാത്രമുള്ള ക്രിയാപദങ്ങൾ അടങ്ങിയിരിക്കുന്നു.

മെൽ ചൊല്ലിയ Accusativus വിഭക്തി കൂടാതെ ഒരു genitivus കൂടെയും ചെൎന്നുണ്ടാകുന്ന ക്രിയാപദങ്ങൾ രണ്ടാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

മെൽ ചൊല്ലിയ സ്വന്തമായിട്ടുള്ള Accusativus വിഭക്തിയൊഴികെ ഒരു Dativus വിഭക്തി ചെൎക്കപ്പെടുന്ന ക്രിയാപദങ്ങൾ മൂന്നാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

സ്വന്തമായിട്ടുള്ള Accusativus വിഭക്തിയൊഴികെ വെറിട്ടൊരു Accusativum വിഭക്തിയെ ചെൎക്കാമെന്നുള്ള ക്രിയാപദങ്ങൾ നാലാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

Acctiva ക്രിയാപദങ്ങൾക്ക സ്വന്തമായിട്ടുണ്ടായിരിക്കുന്ന Accusativus വിഭക്തിയൊഴികെ præpositio കൂടാതെയുള്ള ഒരു Ablativum ചെൎക്കാമെന്നുള്ള ക്രിയപാദങ്ങൾ അഞ്ചാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

ഈ വക ക്രിയാപദങ്ങൾക്ക വഴിത്താലെയുണ്ടായിരിക്കുന്ന Accusativus വിഭക്തിയെയൊഴികെ a, ab, ex, de, എന്ന മൂൻ ചൊല്ലുകളിൽ ഒന്നിനൊടു കൂടിയ Ablativum വിഭക്തിയെ ചെൎക്കാമെന്നുള്ള ക്രിയാപദങ്ങൾ ആറാം ക്രമത്തിൽ അടങ്ങിയിരിക്കുന്നു.

---

## PRIMUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളിൽ വെച്ച ഒന്നാം ക്രമത്തിൽ ചെൎന്നതിന്ന വെണ്ടിയ വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: Activa ക്രിയാപദങ്ങൾ എന്ന വിളിക്കപ്പെടുന്ന Verba കൾക്കൊക്കെയും കൎത്താവായിട്ട ഒരു nominativus പാട്ടപ്പെടുന്നതായിട്ട ഒരു accusativus വെണ്ടിയിരിക്കുന്നു

എന്നാൽ ഒരു nominativus വിഭക്തിയും ഒരു accusativus വിഭക്തിയും മാത്രമുള്ളത ഒന്നാം ക്രമത്തിൽ ചെന്ന ക്രിയാപദങ്ങൾ എന്നു വിളിക്കപ്പെടുന്നു. ഉദ: റൊമുലുസ റൊമാ നഗരിയെ പണിതു അവന്റെ കൂടപ്പിറപ്പായ റെമുസിനെ കൊന്നു. Romulus condidit Romam et interfecit Remum fratrem suum.

---

൧ാം ക്രമത്തിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ.

Amo, as, are സ്നെഹിക്കുന്നു.
Capio, is, cepi, captum, ere, പിടിക്കുന്നു, അടക്കുന്നു, അടക്കികൊള്ളുന്നു.
Commendo, as..are സ്തുതിക്കുന്നു, പുകഴ്ത്തുന്നു, ഭരമെല്പിക്കുന്നു.
Vitupero, as..are ആക്ഷെപിക്കുന്നു കുറ്റം പറയുന്നു.
Abscondo, is, di, ditum, ere ഒളിച്ചുവെക്കുന്നു, മറെക്കുന്നു, sup. ചിലപ്പോൾ absconsum എന്നു കാണും.
Accendo, is, di, sum, ere കത്തിക്കുന്നു.
Aperio, eris, rui, ertum, ire തുറക്കുന്നു.
Aspicio, picis, aspexi, aspectum icere നൊക്കുന്നു.
Cano, is, cecini, cantum പാടുന്നു.
Coerceo, es, cui citum, ere അമൎത്തുന്നു, അടക്കുന്നു, നിറുത്തുന്നു.
Comperio, eris, peri, compertum, erire, കണ്ടെത്തുന്നു.
Condio, is, ivi, itum, ire സുഗന്ധ വൎഗ്ഗങ്ങൾ ഇട്ടു പൂശുന്നു, മസ്സാലയിടുന്നു.
Condo, is. didi, pitum, ere പണിയുന്നു, ഉണ്ടാക്കുന്നു.
Consumo, is, sumpsi, sumptum, ere എത്തിക്കുന്നു, ചിലവഴിക്കുന്നു, &c.
Cupio, is, ivi, itum ആഗ്രഹിക്കുന്നു.
Decerno, is, crevi, cretum, nere കല്പിക്കുന്നു, തീൎപ്പാക്കുന്നു.
Dico, is, xi, dictum, cere ചൊല്ലുന്നു.
Diligo, gis, lexi, lectum, gere സ്നെഹിക്കുന്നു.
Diruo, is, ui, rutum, ere ഇടിക്കുന്നു നശിപ്പിക്കുന്നു.
Disco, is, didici, (sine sup :) scere പഠിക്കുന്നു.
Divido, is, isi, sum പകുക്കുന്നു, വിഭാഗിക്കുന്നു.
Eruo, is, erutum, ere പുറത്തെടുക്കുന്നു. (രക്ഷിക്കുന്നു)
Esurio, is, rivi, ritum, rire വിശക്കുന്നു.
Fallo, is, fefelli, falsum തട്ടിക്കുന്നു, ചതിക്കുന്നു
Jacio, jacis, jeci, jactum, cere എറിയുന്നു, ഇടുന്നു.
Increpo, as, crepui, itum, are ശാസിക്കുന്നു, കുറ്റപ്പെടുത്തുന്നു.
Interficio, is, feci, fectum, ficere കൊല്ലുന്നു.
Juvo, as, juvi, jutum, are സഹായിക്കുന്നു
Ludo, is, lusi, lusum, dere കളിക്കുന്നു.
Me tuo, is, tui (sine sup :) ഭയപ്പെടുന്നു
Misceo, es, miscui, mixtum, scere കലൎത്തുന്നു
Mordeo, es, momordi, morsum, dere കടിക്കുന്നു.
Mulgeo, es, mulsi vel mulxi, multum, vel mulctum കറക്കുന്നു.
Negligo, is, glexi, glectum, gligere കൂട്ടാക്കാതെയിരിക്കുന്നു ഉപെക്ഷിക്കുന്നു.
Pecto, is, pexi, pexum, ചീകുന്നു.
Rego, is, rexi, rectum, ere ഭരിക്കുന്നു താങ്ങുന്നു,
Relinquo, is liqui, lictum, quere ഉപെക്ഷിക്കുന്നു.
Sero, is, sevi, satum വിതെക്കുന്നു.
Sterno, is, stravi, stratum, sternere നിലത്തു വീഴിക്കുന്നു, വിരിക്കുന്നു.
Tero, is, trivi, tritum, rere തെമാനം വരുത്തുന്നു, അരിക്കുന്നു &c.

---

## SECUNDUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ രണ്ടാം ക്രമത്തിൽ ചെന്നവകളൊടു ചെൎക്കേണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: ഇങ്ങിനെയുള്ള ക്രിയാപദങ്ങളൊടു സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ ഒരു genitivus വിഭക്തിയെയും ചെൎക്കാം. എന്നാൽ ൟവക ക്രിയാപദങ്ങൾ നാലു വകയായിട്ടു വകുക്കാം അതായത.

൧ കുററം ചുമത്തുന്നതും കുററം പൊക്കുന്നതും ശിക്ഷെക്കു വിധിക്കുന്നതും.
൨ വില്ക്കുന്നതും കൊള്ളുന്നതും കൂലിക്കു വാങ്ങിക്കുന്നതും
൩ മതിക്കുന്നതും വില നിശ്ചയിക്കുന്നതും.
൪ അറിയിക്കുന്നതും ഗുണദൊഷിക്കുന്നതും എന്നുള്ള അൎത്ഥങ്ങളൊടുസംബന്ധിച്ച ക്രിയാപദങ്ങൾ ആകുന്നു.

ചൊ: ഒന്നാം അങ്കത്തിലെ ക്രിയാപദങ്ങളൊടു ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ, ശിക്ഷ, അല്ലെങ്കിൽ കുററംകാട്ടുന്ന genitivum വിഭക്തിയെയും ചെൎക്കാം. ഉദ: Cicero accusavit verrem crudelitatis, et avaritiæ. ചിച്ചെരൊൻ എന്ന ശാസ്ത്രി ക്രൂരത ലുബ്ധ എന്ന കുററങ്ങളെ വെറെ എന്ന ആളിന്റെമെൽ ചുമത്തി. ൟ genitivus വിഭക്തി യാതൊരു ന്യായം കൂടാതെയുള്ളതാകുന്നുവെന്ന വിചാരിക്കെണ്ട de crimine vel de pœna de nomine എന്നൊ ablativus വിഭക്തികളിൽ വല്ലൊന്ന ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്നുകൊണ്ടത്രെ ആ genitivus വരുന്നത അപ്പൊഴെ മെൽചൊല്ലിയ വാക്യം മുഴുവനാക്കണമെങ്കിൽ ൟവണ്ണം എഴുതണം. Cicero accusavit Verrem de crimine crudelitatis, et avaritiæ.

ചൊ: എന്നാൽ ഇങ്ങിനെയുള്ള genitivus വിഭക്തി വെറിട്ടൊരു വിഭക്തിയായി പകൎത്താമൊ?

ഉ: ഉവ്വ. de എന്ന മുൻചൊല്ലിനൊടുകൂടിയ ablativus വിഭക്തിയായി പകൎത്താം ഉദ: Accusare aliuqem furti, vel .. de furto, കളവു എന്ന കുററം യാതൊരുത്തന്റെമെൽ ചുമത്തുന്നത.

ചൊ: കല്പിക്കപ്പെട്ട ശിക്ഷ സാമാന്യം എന്തൊരു വിഭക്തിയായി പൊരുൾതിരിക്കെണ്ടതാകുന്നു.

ഉ: മുൻചൊല്ല ഉള്ളൎത്ഥമായിട്ടുള്ള ablativo വിഭക്തിയായി പൊരുൾതിരിക്കെണ്ടതാകുന്നു. ഉദ: Damnare aliquem capite, verberibus, vel exilio അതായത യാതൊരുത്തനെ മരണത്തിന്ന അടികൾക്ക vel രാജഭ്രഷ്ടത്തിന്ന വിധിക്കുന്നത.

---

## ൟ കാനൊനായിൽ ചെൎന്നതിൽ ഏതാനും

## ക്രിയാപദങ്ങൾ.

Accuso, as .. are, കുററം ചുമത്തുന്നു ഒരുത്തന്റെ പെരിൽ കുററം ബൊധിപ്പിക്കുന്നു.

Arguo, is, gui, argutum } കുററം ചുമത്തുന്നു കുററപ്പെടുത്തുന്നു.
Insimulo, as .. are, }
Appello, as..are നീതി സ്ഥലത്തെക്കു വിളിക്കുന്നു, ആവലാധിബൊധിപ്പിക്കുന്നു &c-
Postulo, as..are, idem &c: ചൊദിക്കുന്നു.
Defero, defers, detuli, delatum, deferre സൎക്കാരിൽ ആവലാധിബൊധിപ്പിക്കുന്നു
Absolvo, is. vi, absolutum കുററം പൊക്കുന്നു, vel കുററമില്ലെന്ന വിധിക്കുന്നു. വിട്ടയക്കുന്നു.

Damno, as..are; } ശിക്ഷെക്കു വിധിക്കുന്നു.
Condemno, as..are; }

---

ചൊ: രണ്ടാം അങ്കത്തിൽ ചെൎന്ന ക്രിയാപദങ്ങളൊടു ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ. സ്വഭാവത്താലയുള്ള acusativum ഒഴികെ നിശ്ചയമില്ലാത്തവിലയുടെ genitivum വിഭക്തിയെ കാട്ടുന്ന Tanti ഇത്ര: ഇത്ര വിലക്കു, Quanti എത്ര: എത്രവിലക്കു. Pluris, അധികം അധികവിലക്കു Minoris, കുറെച്ച കുറഞ്ഞവിലക്കു Tantidem, അത്രെവിലക്കു Quanticumque, എത്രവിലക്കു എങ്കിലും എന്നുള്ള genitiviകളിൽ ഒന്നിനെ ചെൎക്കയും ആം ഉദ. എന്റെതിനെ ശെഷംപെരവില്ക്കുന്നതിൽ അധികെ വിലക്കു ഞാൻ വില്ക്കുന്നില്ല പക്ഷെ ഏറെറം കുറഞ്ഞ വിലക്കു ഞാൻ വിലക്കുകയും ചെയ്യുന്നു. Vendo meum non pluris quam cæteri, fortasse etiam minoris. ഇങ്ങനെയാകുന്നു വെ ക്കിലും വില ablativo വിഭക്തിയായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു.

---

## ൩ാം കനൊനയിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ.

Vendo, is, didi, venditum, വില്ക്കുന്നു Emo is, i, emptum കൊള്ളുന്നു മെടിക്കുന്നു.
Redimo, is, demi, demptum, വീണ്ടു കൊള്ളുന്നു വീണ്ടു വാങ്ങുന്നു &c.

Loco. as, are, കൂലികൊടുക്കുന്നു conduco, is, xi, ductum കൂലിക്കവാങ്ങിക്കുന്നു. &c.

ചൊ: മെലെഴുതിയ മൂന്നാം അംകത്തിൽ ചെന്ന ക്രിയാപദങ്ങളൊട്ട ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: വൎഗ്ഗത്താലെയുള്ള accusativus ഒഴികെ മെലെഴുതിയ Tanti ശെഷം genitivi വിഭക്തികളെയും Magni, വളരെ, pervi, കുറെച്ച. plurimi എത്രയും വളരെ എന്ന ൩ാം genitiviകളെയും ചെൎക്കയും ആം ഉദ. മാനുഷര പണത്തെ വളരെ മതിക്കുന്നു Homines magni æstimant pecuniam. എന്നാൽ അവരുടെ ആത്മാവുമാത്രം എത്രയും വളരെ മതിക്കെണ്ടതാകുന്നു. Sedanima eorum Solummodo plurimi æstimanda est. എന്നാൽ മെൽ ചൊല്ലിയ genitivus വിഭക്തി ablativus വിഭക്തിയായിപകൎത്താം pretio എന്ന മൊഴി ചിലപ്പൊൾ കൂട്ടുകയും ആം. ഉദ, നീ ഇവകളെ വളരെ മതിക്കുന്നു. Tu æstimas ista permagno. പുണ്യം എല്ലാടത്തും വളരെ മതിക്കപ്പെടുന്നു Virtus magno ubique pretio æstimatur.

---

## ൪ാം കാനൊനായിൽ ചെന്ന ക്രിയാപദങ്ങൾ.

| | |
|---|---|
| Aestimo, as, are, | മതിക്കുന്നു. |
| Duco, is, xi, ductum, | &c. |
| Facio, is, feci, factum, | |
| Pendo, is, pependi, pensum, | |
| Habeo, es, ui, bitum, | |
| Puto, as. . are, | |

Nota, ൟ ക്രിയാപദങ്ങൾക്ക മറ്റുപല അൎത്ഥങ്ങൾ ഉണ്ടെങ്കിലും ൟ കാനൊനായിൽ ചെന്നതായിട്ടുള്ള അൎത്ഥം മാത്രം ഇവിടെ കാണിച്ചിരിക്കുന്നു വെന്നറിക ഉദ. duco te നിന്നെ കൂട്ടികൊണ്ടു പൊകുന്നു Magni ducote, നിന്നെ ഞാൻ വളരെമതിക്കുന്നു habeo charitatem എനിക്ക ഉപവിയുണ്ട Magni habeo charitatem, ഞാൻ ഉപവിയെ വളരെ മതിക്കുന്നു &c. ഇങ്ങനെയുള്ള ക്രിയാപദങ്ങളൊട Nauci, ഒരു ആണ്ടിയുണ്ടാ (യിട്ടു) Flocci ഏതുമില്ല. Pili, ഒരു രൊമം Nihili ഏതുമില്ലാ എന്നുള്ള genitiviകളെയും ചെൎക്കയും ആം ഇവകളൊക്കയും ഗ്രെക്കഭാഷരീതിക്ക തക്കതിൻവണ്ണമുള്ള genitiviകൾ എന്നവിളിക്കപ്പെടുന്നു.

ചൊ: മെലെഴുതിയ നാലാം അംകത്തിൽ ചെന്നക്രിയാപദങ്ങളൊട്ട ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: വൎഗ്ഗത്താലെയുള്ള accusativus വിഭക്തിയൊഴികെ ഒരു genitivum വിഭക്തിയെ

യും ചെക്കാം വിശെഷിച്ച ൩൰ാം genitivus-,,de,, എന്നവൻചൊല്ലിനൊടു കൂടിയ ablativus വിഭക്തിയായിപകത്താം ഉദ. Multi admonuerunt eum insidiarum, vel de insidiis-, ഏറിയപെരും ചതിവുകളുമെൽ വിവരം അവനൊടറിയിച്ചു.

---

### ൩൰ാം കാനൊനായിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ.

Admoneo, es, ui, nitum
Commoneo, es, ui, nitum
Commonefacio, is, eci, factum
} ഗുണദൊഷിക്കുന്നു, അറിയിക്കുന്നു, തിരിയപ്പെടുത്തുന്നു.

---

## TERTIUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ മൂന്നാം ക്രമത്തിൽ ചെന്നവകളൊടു ചെക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: വസ്തുത്താലെയുള്ള accusativus വിഭക്തിയൊഴികെ പ്രവൃത്തിയിൽ നിന്നുള്ള ഉപകാരം, vel ചെതം അനുഭവിക്കുന്ന ആളിന്റെ dativum വിഭക്തിയെ ചെക്കാം.

ഉദ: Da nobis, Domine, dona Spiritus sancti കർത്താവെ റൂഹാദക്കുദശായുടെ ദാനങ്ങളെ ഞങ്ങൾക്ക നീ തരിക Domine tribue auxilium nobis കർത്താവെ ഞങ്ങൾക്ക സഹായം തരിക Concede gratiam tuam nobis, നിന്റെ ഇഷ്ടപ്രസാദം ഞങ്ങൾക്ക അനുവദിച്ചരുളെണമെ &c.

---

### ൩൰ാം കാനൊനായിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ എന്തെന്നാൽ.

Do, das, dedi, datum are, കൊടുക്കുന്നു, തരുന്നു.
Concedo, is, essi, essum അനുവദിക്കുന്നു.
Tribuo, is bui, butum കല്പിച്ചാക്കുന്നു, കൊടുക്കുന്നു.
Reddo, is, didi, ditum തിരികെ കൊടുക്കുന്നു.
Refero, fers, retuli, relatum, referre വീണ്ടും vel തിരികെ കൊണ്ടുവരുന്നു vel കൊണ്ടുപൊകുന്നു, വിവരിക്കുന്നു &c.
Mando, as..are കല്പിക്കുന്നു
Trado, is, didi, ditum ഏല്പിക്കുന്നു, കൊടുക്കുന്നു.
Promitto, is, misi, missum
Spondeo, is, spopondi, nsum
| പറഞ്ഞൊക്കുന്നു വാക്കുകൊടുക്കുന്നു. &c.
Explico, as..are തെളിയിക്കുന്നു, പൊരുൾ തിരിക്കുന്നു,
Significo, as..are തിരിയപ്പെടുത്തുന്നു (അൎത്ഥമായിരിക്കുന്നു)
Antefero, fers, tuli, latum
Præfero, fers tuli latum
| മുമ്പിടുന്നു, മുമ്പാക്കുന്നു ഏറെ പ്രമാണിക്കുന്നു.
Postpono, is sui, situm, vel Posthabeo, es bui, bitum പിമ്പിടുന്നു കുറവായിട്ട വിചാരിക്കുന്നു vel കുറവായി മതിക്കുന്നു. രണ്ടാമതെത്താക്കുന്നു

---

## QUARTUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ നാലാം ക്രമത്തിൽ ചെന്നവകളൊടു ചെക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: ൪ാം വക ക്രിയാപദങ്ങൾക്ക ഒക്കെയും ഉണ്ടായിരിക്കുന്ന സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ ഉള്ളൎത്ഥമായിട്ടുള്ള മുൻചൊല്ലിനാൽ ഭരിക്കപ്പെട്ട രണ്ടാമത്തെ ഒന്ന accusativum വിഭക്തിയെ ചെൎക്കയും ആം. ഉദ: ഗുരു ശിഷ്യരെ ഗ്രമത്തിക്കിനെ പഠിപ്പിക്കുന്നു Magister docet discipulos grammaticam എന്നാൽ ഇതിൽ discipulos എന്ന accusativus വിഭക്തി docet എന്ന ക്രിയാപദത്തിന്റെ സ്വന്തമായിട്ടുള്ള casus ആകുന്നു grammaticam എന്നുള്ളത Secundum, quoad, vel circa എന്ന ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്ന മുൻചൊല്ലിന്റെ accusativus വിഭക്തിയാകുന്നു: അപ്പഴെ മെലെഴുതിയത Magister docet discipulos quoad grammaticam എന്നൎത്ഥമായിരിക്കുന്നു-

---

### ൪ാം കാനോനയിൽ ചെന്ന ക്രിയാപദങ്ങളിൽ ഏതാനുമാകുന്നതെന്തെന്നാൽ.

Doceo, es. .ere, പഠിപ്പിക്കുന്നു
Edoceo, es. .ere, നന്നായിട്ടു അല്പമായ കാൎയ്യങ്ങളെയും പഠിപ്പിക്കുന്നു.
Celo, as. .are ഒളിക്കുന്നു, മറെക്കുന്നു
Flagito, as. .are സാദ്ധ്യമായി ചോദിക്കുന്നു vel അപേക്ഷിക്കുന്നു
Interrogo, as. .are ചോദിക്കുന്നു
Moneo, es. .ere ഗുണദോഷിക്കുന്നു
Rogo, as. .are അപേക്ഷിക്കുന്നു
Posco, is poposci (sine sup) ere ചോദിക്കുന്നു അപേക്ഷിക്കുന്നു, Reposco, is repoposci, (sine sup) idem ac posco.

---

## QUINTUS ORDO ACTIVORUM.

ചൊ: Activa ക്രിയാപദങ്ങളുടെ അഞ്ചാം ക്രമത്തിൽ ചെന്നവകളോടു ചെൎക്കേണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ ഉള്ളൎത്ഥമായിട്ടുള്ള മുൻചൊല്ലിനോടു കൂടിയ Ablativum വിഭക്തിയെയും ചെൎക്കാം എന്നാൽ ഇതിൽ ചെന്ന ക്രിയാപദങ്ങളിൽ ഏതാനും ആകുന്നതെന്തെന്നാൽ.

Induo, is, ui, utum, } ഉടുപ്പിക്കുന്നു.
Vestio, is, ivi itum ire, }
Amicio, is, (cui, ixi,) ictum മൂടുന്നു, മറെക്കുന്നു, ഉടുപ്പിക്കുന്നു.
Cingo is, cinxi, cintum, ere, കെട്ടുന്നു, കെട്ടിമറെക്കുന്നു.
Tego, is, texi, tectum, ere. മൂടുന്നു മറെക്കുന്നു പൊതെക്കുന്നു.
Calceo, as, are ചെരിപ്പിടുന്നു, പാദരക്ഷധരിപ്പിക്കുന്നു vel ധരിക്കുന്നു, കാൽമെസ ഇടുന്നു.
Exuo, is, utum, ere | വസ്ത്രം ഉരിയുന്നു, vel ഉരിയിക്കുന്നു, നഗ്നമാക്കുന്നു
Spolio, are |
Compleo, es, evi-etum, ere }
Impleo, es, evi etum, ere } നിറെക്കുന്നു പൂരിക്കുന്നു, നിറവെറുന്നു,
Repleo, es, evi, etum, ere }
Exhaurio, is, hausi, haustum, rire ഒഴിക്കുന്നു, വെറുമയാക്കുന്നു മുഴുവനും ചില വഴിക്കുന്നു.
Onero, as. .are ചുമത്തിടുന്നു, ചുമതലപ്പെടുത്തുന്നു
Opprimo, is, essi, essum, ere ഞെരുക്കുന്നു, ഞെക്കുന്നു.
Exonero, as. .are ചുമടിറക്കുന്നു ലഘുവാക്കുന്നു
Levo, as. .are, ആശ്വസിപ്പിക്കുന്നു, ഭാരം കുറെക്കുന്നു, വിടുവിക്കുന്നു.
Expedio, is ivi, itum, ire അഴിക്കുന്നു, അഴിച്ചുവിടുന്നു, തടവുനീക്കുന്നു, അയക്കുന്നു, തീൎക്കുന്നു.

Solvo, is, vi, solutum, ere, അഴിക്കുന്നു, വിടുവിക്കുന്നു, വീട്ടുന്നു, രക്ഷിക്കുന്നു &c.
Fraudo, as, are, തട്ടിയെടുക്കുന്നു, ചതിവു ചെയ്യുന്നു, ചതിയാലെ കക്കുന്നു.
Prohibeo, es, bui, bitum, ere വിലക്കുന്നു, അകററുന്നു.

| | |
|---|---|
| Orbo, as, avi, atum, are<br>Privo, as, avi atum, are | ഇല്ലാതാക്കുന്നു, എടുക്കുന്നു. |

Viduo, as, avi atum, ഇല്ലാതാക്കുന്നു, വൈധവിയാക്കുന്നു.

ഉദ: റോമ്മകൊൻസുലിമാര ഒരു വരുഷം കഴിഞ്ഞിട്ട കൊൻസുലിന്റെ സ്ഥാനം ഒഴികയായിരുന്നു Consules Romani post annum abdicabant se consulatu. യാക്കൊവു പലനിറമുള്ള ഉടുപ്പിനെ യൌസെപ്പിനെ ധരിപ്പിച്ചു Jacob induit Josephum veste polymita. കൎത്താവെ നിന്റെ ഇഷ്ടപ്രസാദത്തിന്റെ ഉടുപ്പിനെ എന്നെ ധരിപ്പിക്കണമെ Indue me Domine veste gratiæ tuæ &c.

---

## SEXTUS ORDO ACTIVORUM.

ചോ. Activa ക്രിയാപദങ്ങളുടെ ആറാം ക്രമത്തിൽ ചെൎന്നവകളൊടു ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു ?

ഉ: സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ a, ab, ex, de, എന്ന മുൻചൊല്ലുകളിൽ ഒന്നിനൊടു കൂടിയ ablativum വിഭക്തിയെയും ചെൎക്കാം. ഉദ: Peto misericordiam a Deo, veniam a patribus, et a te correctionem cum charitate തമ്പുരാനൊടു അനുഗ്രഹവും പിതാക്കന്മാരൊടു പൊറുതിയും നിന്നൊടു ഉപവിയൊടു കൂടെയുള്ള കററപ്പാടും ഞാൻ അപെക്ഷിക്കുന്നു. ചോദിക്കുന്നു, അപെക്ഷിക്കുന്നു, നീക്കുന്നു, മാററുന്നു, അകററുന്നു, കൈക്കൊള്ളുന്നു എന്നുള്ള അൎത്ഥങ്ങളെ സംബന്ധിച്ച ക്രിയാപദങ്ങൾ അത്രെ ഠരാം കാനൊനായിൽ ചെൎന്നിരിക്കുന്നത ഇവകളിൽ ഏതാനും ആകുന്നതെന്തെന്നാൽ.

Peto, is, ivi, vel petii, itum, ere അപെക്ഷിക്കുന്നു, ചോദിക്കുന്നു.
Contendo, is, di, tentum വാദിക്കുന്നു സാദ്ധ്യപ്പെട്ട ചോദിക്കുന്നു.
Abduco, is, xi, ctum, ere കൊണ്ടുപൊകുന്നു ബലമായിട്ടെടുക്കുന്നു.
Abstraho, is, xi, ctum ബലമായിട്ട കൊണ്ടുപൊകുന്നു, പിടുങ്ങുന്നു.

| | |
|---|---|
| Abripio, is, pui, reptum, ere<br>Eripio, is, pui, reptum, ere | ബലാല്ക്കാരമായിപ്പറിച്ചെടുക്കുന്നു, കവരുന്നു രക്ഷിക്കുന്നു |

Subripio, is, pui, reptum, ere ഒളിവായിട്ട മൊഷ്ടിച്ചെടുക്കുന്നു
Abstineo, es, ui, entum ere, അനുഭവിക്കാതിരിക്കുന്നു മുടങ്ങുന്നു ഒഴിയുന്നു. &c.
Contineo, es, ui, entum, ere നിൎത്തുന്നു, അടക്കുന്നു, അമൎത്തുന്നു, അടക്കിക്കൊള്ളുന്നു

| | |
|---|---|
| Refræno, as..are,<br>Cohibeo, es, ui, bitum, ere | ഒതുക്കുന്നു, കീഴമൎത്തുന്നു, അടക്കുന്നു. |

Removeo, es, movi, motum, ere മാററുന്നു, അകററുന്നു.
Arceo, es, cui, (sine sup.) അകററുന്നു, നീക്കുന്നു, തള്ളുന്നു, കെട്ടിഞെരുക്കുന്നു.
Repello, is, puli, pulsum, ere തള്ളുന്നു തുരത്തുന്നു വെണ്ടെന്നചൊല്ലിതള്ളുന്നു

| | |
|---|---|
| Absterreo, is, ui, v. ritum, ere<br>Deterreo, es, ui, rritum, ere | ഭയപ്പെടുത്തി മുടക്കിക്കുന്നു പെടിപ്പിക്കുന്നു തടുക്കുന്നു ആട്ടിക്കളയുന്നു അകററുന്നു. |

Accipio, is, cepi, ptum, ere എടുക്കുന്നു, കൈക്കൊള്ളുന്നു, പിടിക്കുന്നു.
Audio, is, കെൾക്കുന്നു.
Disco, is, didici, (sine sup.) പഠിക്കുന്നു.
Quæro, is, sivi, itum ere അറിയുന്നതിന്നചൊദിക്കുന്നു, അന്വെഷിക്കുന്നുചൊദിക്കുന്നു
Aufero (ut fero) നീക്കുന്നു, തട്ടിയെടുക്കുന്നു, അപഹരിക്കുന്നു.

ഉദ: pœna diluvii non deterruit homines a vitiis, വെള്ളപ്രളയത്തിന്റെ ശിക്ഷ മാനുഷരെ ദുൎഗ്ഗുണങ്ങളിൽ നിന്ന ഭയപ്പെടുത്തിയകററിയില്ല. Refrænare linguam a mendacio dicendo, കള്ളം പറയാതെ ഇരിപ്പാൻ നാവിനെ അടക്കുന്നത : Servus subripuit abhero suo centum solidos, ചിററാഴ്മക്കാരൻ അവന്റെ അപ്പനൊട നൂറ ചെമ്പുകാശു ഒളിവാലെ മൊഷ്ടിച്ചെടുത്തു.

എന്നാൽ മെലെഴുതിയ ക്രിയാപദങ്ങളിൽ ചിലതൊക്കയും ചിലപ്പൊൾ Dativo വിഭക്തിയൊടു ചെൎക്കപ്പെട്ട പ്രകാരം നീ കാണുകയും ചെയ്യും. (cicero) id mihi tu.. abstulisti, അതു നീ എന്നിൽ നിന്ന എടുത്തു:

Nota. മെൽ എഴുതിയിരിക്കുന്നതുപൊലെ Activa ക്രിയാപദങ്ങളൊടു accusativus വിഭക്തിയൊഴികെ മറ്റൊരു വിഭക്തികൾ ചിലപ്പൊൾ ചെൎന്നു വരുന്നതുകൊണ്ടത്രെ ആറ ക്രമങ്ങളായിട്ടു പകുക്കപ്പെട്ടിരിക്കുന്നത എന്നതിനെ കൊണ്ടു നാലാം അഞ്ചാം ക്രമങ്ങളിൽ ചെൎന്ന ക്രിയാപദങ്ങളൊടു സ്വന്തമായിട്ടുള്ള accusativus patiens മാത്രം ചെൎന്നുവന്നാൽ ആ വാക്യം ഒന്നാം ക്രമത്തിൽ ചെൎന്നതാകുന്നുവെന്ന പറവാൻ ന്യായമായിരിക്കുന്നുവെന്നറിക. അപ്പൊഴൊ Emo librum tanti ഇത്രക്കു vel ഈ വിലക്കു ഞാൻ പുസ്തകം വാങ്ങിക്കുന്നു എന്നു പറഞ്ഞാൽ രണ്ടാം ക്രമത്തിൽ ചെൎന്ന ക്രിയാപദമാകും. Emo librum എന്നുമാത്രം പറഞ്ഞാൽ ഒന്നാം ക്രമത്തിൽ ചെൎന്ന ക്രിയാപദമാകും. Et sic de cæteris ഈ വണ്ണം ശെഷമുള്ളതിനെക്കുറിച്ച പറക.

---

## APPENDIX.

ചില activa ക്രിയാപദങ്ങളുടെ പ്രയോഗം ശിഷ്യൎക്കു കുറെ വിഷമമുള്ളതായിട്ടു തൊന്നുന്നതാകയാൽ അവകളുടെ വിവരം ഇവിടെ ഒരു വിശെഷ കുറിമാനമായിട്ടു കാട്ടുകയും ആം.

൧-മത Fastidio, is, ivi അറെക്കുന്നു, വെറുക്കുന്നു, അരൊചകം തൊന്നുന്നു എന്ന ഈ ക്രിയാപദത്തിന്റെ പ്രയോഗമാകുന്നതെന്തെന്നാൽ വെറുപ്പ അനുഭവിക്കുന്നആൾ nominativo വിഭക്തിയിലും, വെറുപ്പ വരുത്തുന്ന വസ്തു accusativo വിഭക്തിയിലും വെപ്പാനുള്ളതാകുന്നു. ഉദ: ദീനക്കാരൻ മരുന്നിനെ വെറുക്കുന്നു Aegrotus fastidit medicinam. ഈ വാചകത്തിന്ന പകൎച്ചവരികയില്ല മരുന്ന ദീനക്കാരനെ വെറുപ്പിക്കുന്നു എന്ന മലയാഴ്മ പറഞ്ഞാൽ ലത്തീനിൽ ആക്കുമ്പൊൾ Aegrotus fastidit medicinam എന്നാക്കുകയും വെണം. ചിലപ്പൊൾ നിന്ദിക്കുന്നു എന്ന അൎത്ഥം ഈ ക്രിയാപദത്തിന്ന ഉണ്ടാകും ഇതിന്ന തക്കതിൻ വണ്ണം വിൎജ്ജിലിയൊസെന്ന കവിതക്കാരൻ ചൊല്ലിയിരിക്കുന്നതായത: Invenies alium, si te fastidit Alexis അലെക്സി നിന്നെ നിൎഗ്ഗുണമായിട്ടു നിന്ദിക്കുന്നുവെങ്കിൽ വെറിട്ടൊരു ബാലനെ നീ കണ്ടെത്തും. Passivoയിട്ടുള്ള അൎത്ഥത്തൊടു ക്രിയ വാചകം വന്നാൽ Activoയിട്ടു പകൎത്തുന്നത മുറയാകുന്നു അല്ലെങ്കിൽ ഏറ്റം വിശെഷവാചകമായിട്ടു Abhorreo vel ægre fero, vel me tædet, vel tædio afficior എന്ന ക്രിയാപദങ്ങളെ അതിന്ന പകരമായിട്ടു പ്രയൊഗിക്കാം.

---

## CAPIO, IS, EPI, ERE.

൨-മത അടക്കിക്കൊള്ളുന്നു എന്ന ഈ അൎത്ഥത്തൊടുകൂടെ Capio, is എന്ന ക്രിയാപദത്തിന്റെ പ്രയോഗം എന്തെന്നാൽ അടക്കിക്കൊള്ളുന്ന പാത്രം vel ഇടം nominativo വിഭക്തിയിലും അടക്കപ്പെട്ട വസ്തു accusativo വിഭക്തിയിലും വെപ്പാനുള്ളതാകുന്നു ഉദ: എണ്ണമില്ലാത്ത ആളുകൾ റൊമാക്കാരുടെ അരങ്ങു ശാലകളിൽ അടങ്ങിയിരുന്നു Romanorum theatra capiebant innumeros homines.

എന്നാൽ സൂക്ഷിക്കെണ്ടുന്നതായത: Capio എന്ന ക്രിയാപദത്തിന്ന പകരമായിട്ടു Sum, es, est, എന്ന ക്രിയാപദത്തൊടു Capax, cis, കൊള്ളത്തക്ക എന്ന adjectivum ചെൎത്തു പ്രയൊഗിക്കാം.

എന്നാൽ അപ്പൊൾ അടക്കപ്പെട്ട വസ്തു genitivo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ. സ്കൂളമുറി എറിയ ശിഷ്യരെ അടക്കിക്കൊള്ളുന്നു Schola capit plurimos discipulos vel melius -Schola est capax plurimorum discipulorum.

### ,,Fallo,,

൩-മത ചതിക്കുന്നു എന്ന അൎത്ഥമായിരിക്കുന്ന Fallo എന്ന ക്രിയാപദത്തിന്റെ പ്രയൊഗമെന്തെന്നാൽ, ചതിക്കുന്ന കൂട്ടം nominativo വിഭക്തിയിലും ചതിവിൽ അകപ്പെ

ടുന്ന കൂട്ടം accusativo വിഭക്തിയിലും വെപ്പാനുള്ളതാകുന്നു. ഉദ: എല്ലാററിലും ഞാൻ തെററിപ്പൊകുന്നില്ലയെങ്കിൽ nisi omnia fallunt me. Ni fallor, nisi me fallit opinio ഞാൻ തെററിപ്പൊകുന്നില്ലെങ്കിൽ എന്നും നല്ല വാചകമായിട്ടു ചൊല്ലിവരുമാറുണ്ടു,

൪-മത Habere fidem et Præstare fidem ഈ രണ്ടു ക്രിയാപദങ്ങളുടെ അൎത്ഥം തമ്മിൽ വളരെ വ്യത്യാസമായിരിക്കുന്നു. അതായത Habere fidem വിശ്വസിക്കുന്നു എന്നൎത്ഥമാകുന്നു. Præstre fidem കൊടുത്ത വാക്കിന്ന ഇരിക്കുന്നത എന്നൎത്ഥമായിരിക്കയും ചെയ്യുന്നു. എന്നാൽ രണ്ടിന്റെയും പ്രയൊഗം ഒന്നാകുന്നു അതായത ഈ ക്രിയാപദങ്ങളുടെ ശെഷം Dativum വിഭക്തിയെ ചെൎത്തുകൊൾക ഉദ. റൊമ്മക്കാര ഹന്നിബെൽ എന്ന ആളിനെ വിശ്വസിച്ചിരുന്നില്ല അതെന്തെ ഇയാൾ അവൎക്ക കൊടുത്ത വാക്കിന്ന ഇരുന്നിരുന്നില്ല Romani non habebant fidem Hannibali quia non præstabat fidem illis.

൫-മത Agere gratias Referre gratiam, et habere gratiam Agere gratias വചനങ്ങളാൽ സ്തുതി സ്തൊത്രം ചെയ്യുന്നത എന്ന അൎത്ഥമാകുന്നു. സ്തുതി സ്തൊത്രം എല്ക്കുന്ന ആളിന്റെ പെര Dativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. Referre gratiam പ്രവൃത്തിയാൽ പ്രതിക്രിയ ചെയ്യുന്നത Habere gratiam, vel gratias കടപ്പെട്ടിരുന്നതും കിട്ടിയവുപകാരം ഒൎക്കുന്നതും എന്ന അൎത്ഥമാകും. ഉദ. Cicero revocatus abexilio egit gratias Senatui, populoque Romano, ചിച്ചെറൊ അലസി ഭാഗത്തിൽ നിന്ന തിരികെ വിളിക്കപ്പെട്ട റൊമ്മാലൊചന സംഘത്തിനും ജനത്തിനും സ്തുതി സ്തൊത്രം ചെയ്തു. പട്ടക്കാരൻ കുൎബ്ബാന കഴിഞ്ഞിട്ടു സൎവ്വെശ്വരന്ന സ്തുതി സ്തൊത്രം ചെയ്യുന്നു. Sacerdos post missam agit gratias Deo ഉപകാരത്തിന്നവെണ്ടി അവന്ന തക്ക പ്രതിക്രിയ ചെയ്യപ്പെട്ടന്നില്ല Pro beneficio non ei par gratia refertur (cic), Habenda est gratia illis, qui tibi favent, നിനക്ക ഉപകാരം ചെയ്യുന്നവരെ ഒൎക്കെണ്ടതാകുന്നു &c

൬-മത Do, Tribuo, Duco, Verto, ആക്കുന്നു, പെരിലാക്കുന്നു, ചുമത്തുന്നു എന്നൎത്ഥമായിട്ടു വരുമ്പൊൾ accusativus വിഭക്തിയൊഴികെ രണ്ടു Dativi വിഭക്തികളെ ചെൎക്കയും ആം. ഉദ: ഇത നിനക്ക ഞാൻ സ്തുതിക്കും ബഹുമാനത്തിന്നുമായിട്ടാക്കുന്നു. Ego tribuo, do, duco, verto id tibi honori, et laudi.

൭-മത വായ്പുകൊടുക്കുന്നു എന്ന ഈ വാചകത്തിന്ന ലത്തീൻ പെച്ചിൽ രണ്ടു ക്രിയാപദങ്ങൾ നടപ്പായിരിക്കുന്നു അതായത Commodo, as..are അല്ലെങ്കിൽ Do, das, dare എന്ന ക്രിയാപദത്തൊടു Adjectivum „Mutuus, a, um ചെൎത്തുപ്രയൊഗിക്കാം. എന്നാൽ സൂക്ഷിക്കെണ്ടുന്നതായത വായ്പകൊടുക്കുന്ന വസ്തുതന്നെ തിരികെ കിട്ടുവാൻ തക്കതാകുന്നുയെങ്കിൽ Comodo as പ്രയൊഗിക്കെണ്ടതാകുന്നു ഉദ. ഞാൻ കഴിഞ്ഞ ആണ്ടിൽ അന്തൊനിക്കു രണ്ടു കുതിരയും രണ്ടുവാളും പത്തു പുസ്തകവും വായ്പകൊടുത്തു Ego anno elapso commodavi Antonio duos equos, duos gladios et decem libros കുതിര, വാൾ, പുസ്തകം എന്നുള്ളത തിരികെ കിട്ടുവാൻ തക്ക വസ്തുക്കൾ ആകുന്നു. നിനക്ക ഞാൻ വളരെ പണം വായ്പതന്നു എന്നു പറഞ്ഞാൽ) Tibi magnam dedi pecuniam mutuam എന്ന പൊരുൾ തിരിക്കെണ്ടതാകുന്നു അതെന്തെ കൊടുക്കുന്ന പണം തന്നെ തിരികെ കിട്ടുകയില്ല ഇതുപൊലെ എണ്ണ നെല്ല അതായത പെരുമാററംകൊണ്ടു ചിലവായിപ്പൊകുന്ന വസ്തുക്കൾ ആകുമ്പൊൾ dare mutuum പ്രയൊഗിക്കണം.

൮-മത Jubeo കല്പിക്കുന്നു എന്നുള്ളൎത്ഥത്തൊടു കൂടിയതായി വരുമ്പൊൾ Infinitivo വിധത്തൊടു ചെൎക്കെണ്ടതാകുന്നു. ഉദ. നന്നായി ശരണപ്പെടുവാൻ നിന്നൊടു ഞാൻ കല്പിക്കുന്നു Jubeo te bene sperare എന്നാൽ കല്പിക്കപ്പെടുന്ന വസ്തു കാൎയ്യം ജീവനില്ലാത്തതാകുന്നുയെങ്കിൽ accusativo വിഭക്തിയിൽ വെച്ച പ്രയൊഗിക്കാം ഉദ: ന്യായപ്രമാണം ചെയ്യെണ്ടുന്നതുകളെ പ്രമാണിക്കുന്നു എതിരായതിനെ വിലക്കുകയും ചെയ്യുന്നു Lex jubet ea quæ facienda sunt, prohibetque contraria അപ്പഴൊ ഒരാളിന്റെ പെര vel pronomen accusativo വിഭക്തിയായിട്ടു നീ കണ്ടുയെങ്കിൽ അതു jubeo എന്ന ക്രിയാപദത്തിന്റെ വിഭക്തിയല്ല പിന്നെയൊ ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്ന Infinitivi ന്റെ casus ആകുന്നുവെന്ന ഒൎത്തുകൊൾക. ഉദ Si legeris donec ego te jussero ഞാൻ നിന്നൊടുകല്പിക്കുന്നതുവരെ നീ വായിക്കുമെങ്കിൽ ഇതിൽ donec ego jussero te legere എന്നുള്ളൎത്ഥമായിരിക്കുന്നു.

എന്നാൽ ഈ ക്രിയാപദം തന്നെ നിശ്ചയിക്കുന്നു vel വാഴിക്കുന്നു എന്ന അൎത്ഥമായി വരുമ്പൊൾ accusativo വിഭക്തിയൊടു ചെൎക്കാം ഉദ : റൊമ്മ ജനം ഒരു ന്യായപ്രമാണം നിശ്ചയിച്ചുണ്ടാക്കി Populus Romanus legem jussit. ജനസംഘം രാജാവിനെ വാഴിച്ചിരിക്കയിൽ cum populus jussisset Regem.

൯-മത Veto, Prohibeo, Cogo, Adigo- ഈ ക്രിയാപദങ്ങളുടെ ശെഷം Infinitivus വിധം പ്രയൊഗിക്കപ്പെടുന്നു ഉദ . കക്കരുതെന്ന ദൈവപ്രമാണം വിലക്കുന്നു Divina lex vetat furtum facere.

എന്നാൽ Passivായിട്ടുള്ള വാചകം ലത്തീനിൽ ആകുമ്പൊൾ വിലക്ക ഏല്ക്കുന്ന ആളിന്റെ പെര vel pronomen nominativo വിഭക്തിയിലാക്കി ഇതിനൊടു ക്രിയാപദം ഒപ്പിച്ചിട്ടു കൂടി Infinitiva ആയിട്ടുള്ള ക്രിയപദം ചെൎത്തുകൊൾക. ഉദ . കളിക്കുന്നത നിന്നൊട വിലക്കപ്പെടുന്നു Tu vetaris ludere. പാടുന്നത അവനൊട വിലക്കപ്പെടുന്നു Ille vetatur canere. &c.

൧൦-മത Celo, Interogo എന്ന രണ്ടു ക്രിയാപദങ്ങളൊടു രണ്ടാമത്തെ accusativo വിഭക്തിക്ക പകരമായിട്ടു ജീവനില്ലാത്ത വസ്തുവിന്റെ പെര de എന്ന മുൻ ചൊല്ലിനൊടു കൂടിയ ablativo വിഭക്തിയായി പൊരുൾ തിരിച്ചു ചെൎക്കയും ആം. ഉദ അന്തൊനി ഈ പുസ്തകം എനിക്ക മറെച്ചുകളഞ്ഞു Antonius me de hoc libro celavit ഈ കാൎയ്യത്തെ കുറിച്ചു അവനൊടു ചൊദിക്ക Interroga illum de hac re.

എന്നാൽ Celo, passivായിട്ടു വരുമ്പൊൾ മറെക്കപ്പെടുന്ന വസ്തു, nominativo വിഭക്തിയിൽ വെക്കയും ആളിനടുത്ത ഒരു Dativum വിഭക്തിയെ ചെൎക്കയും ആം. ഉദ. ഇത അപ്പനു മറെക്കപ്പെടുന്നു, Hoc celatur patri.

൧൧-മത Solvo വീട്ടുന്നു എന്ന ക്രിയാപദത്തിന്റെ പ്രയൊഗമാകുന്നതെന്തെന്നാൽ വീട്ടെണ്ടുന്ന വില vel വിലയ്ക്കു പകരമായിരിക്കുന്നത accusativo വിഭക്തിയിലും അതിന്ന വെണ്ടി വില വീട്ടപ്പെടുന്നു എന്ന വസ്തു pro എന്ന മുൻ ചൊല്ലിനൊടു കൂടിയ ablativo വിഭക്തിയിലും വെക്കയും വെണം ആ വസ്തു വില്ക്കുന്ന ആളിന്റെ പെരുണ്ടെങ്കിൽ dativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു . ഉദ. മെഴുകുതിരിക്കാലിന്നവെണ്ടിയുള്ള പണം അന്തൊനിക്ക ഞാൻ വീട്ടി Solvi pecuniam Antonio pro candelabro.

൧൨-മത Impleo. Compleo എന്ന ക്രിയാപദങ്ങളൊടു സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ മുൻ ചൊല്ല കൂടാതെ vel de, എന്ന മുൻ ചൊല്ലിനൊടു കൂടിയ ablativum വിഭക്തിയെയും ചെൎക്കാം, വിശെഷിച്ചു ഗ്രെക്ക മൊഴിയുള്ള ഒരു genitivum വിഭക്തിയെയും ചെൎക്കയും ആം. ഉദ : നിന്റെ പുസ്തകങ്ങളെ വില്പാനും, പണം കൊണ്ടു പെട്ടകം നിറെപ്പാനും നീ വശമാകുന്നില്ല Libros tuos vendere non potes, neque aracm denariorum implere . പണം കൊണ്ടു പെട്ടി നിറെക്ക Imple arcam denariis. ഇവകളാൽ പുസ്തകം നിറയപ്പെട്ടു de his liber impletus est.

൧൩-മത Afficio എന്ന ക്രിയാപദത്തൊടു ആളിനെ കാട്ടുന്ന accusativum വിഭക്തിയെയും വസ്തുവിനെ കാട്ടുന്ന cum എന്നഉള്ളൎത്ഥമായിട്ടുള്ള മുൻ ചൊല്ലിനാൽ ഭരിക്കപ്പെട്ട ablativum വിഭക്തിയെയും ചെൎക്കാം. ഉദ : Beata Dei Genitrix affecit mundum lætitia maxima ഭാഗ്യപ്പെട്ട ദൈവജനനി ലൊകത്തെ എത്രയും വളരെ സന്തൊഷിപ്പിച്ചു cum lætitia maxima എന്ന ഉള്ളൎത്ഥമായിരിക്കുന്നു.

മെലെഴുതിയതു പൊലെയുള്ള വാചകങ്ങളെ Affero എന്ന ക്രിയാപദം കൊണ്ടും Sum, es, est എന്നതുകൊണ്ടും പൊരുൾ തിരിക്കാം എന്നാൽ affero പ്രയൊഗിക്കുമ്പൊൾ സന്തൊഷം, സങ്കടം മറ്റും accusativo വിഭക്തിയിലും ഇതിനെ അനുഭവിക്കുന്ന ആളിന്റെ പെര dativo വിഭക്തിയിലും വെപ്പാനുള്ളതാകുന്നു ഉദ : Beata Dei genitrix attulit lætitiam mundo. Sum, es, est പ്രയൊഗിക്കുമ്പൊൾ രണ്ടു കൂട്ടും അതായത അനുഭവിക്കുന്ന ആളും അനുഭവിക്കപ്പെട്ട വസ്തുവും dativo വിഭക്തിയായി പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദ : Beata Dei genitrix fuit mundo lætitiæ maximæ.

## NOTA കുറിമാനം.

പ്രവൃത്തി കൎത്താവിൽ, അതായത പ്രവൃത്തിക്കുന്നവനിൽ തന്നെ നില്ക്കുന്നതാകുന്നുവെങ്കിൽ ഒരു ക്രിയാപദം Passivaയിട്ട പ്രയോഗിക്കേണ്ടതാകുന്നു അതായത afficior അപ്പോൾ patiens vel പ്രവൃത്തി ഏല്ക്കുന്നവനെന്ന തോന്നുന്ന ആളിന്റെ പെര genitivo വിഭക്തിയിൽ അല്ലെങ്കിൽ ,,in,, vel ,erga,, എന്ന മുൻചൊല്ലിനൊട കൂടിയ accsativus വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദ : ഞാൻ നിന്നെ സ്നെഹിക്കുന്നു എന്ന ഒരു വാചകം afficio എന്ന ക്രിയാപദമായിട്ട പൊരുൾ തിരിക്കുന്നുവെങ്കിൽ ഒരു വണ്ണം പകൎത്തണം. Ego afficior amore tui vel in te, vel erga te, ego afficio amore te എന്ന പറഞ്ഞാൽ പിഴയാകും, തിരികയില്ല.

വിശെഷിച്ച ''afficio,, എന്ന ക്രിയാപദത്തിന്ന സ്വന്തമായിട്ടുള്ള അൎത്ഥമില്ല ഇതിനൊട ചെൎന്നുവരുന്ന ablativiന്റെ അൎത്ഥം നൊക്കി പൊരുൾ തിരിപ്പാനുള്ളതാകുന്നു അപ്പഴൊ afficere laudo എന്നപറഞ്ഞാൽ സ്തുതിക്കുന്നു afficiere everberibus അടിക്കുന്നു തല്ലുന്നു afficere ignominia അപമാനിക്കുന്നു എന്ന അൎത്ഥമാകും.

൭ാമത : Dono Aspergo Impertio. എന്നക്രിയാപദങ്ങളൊട കൂട്ടേണ്ടുന്ന വസ്തുവിന്റെ പെരിനെ accusativo വിഭക്തിയിലും, ആളിന്റെ പെരിനെ dativo വിഭക്തിയിലും വെക്കയും വെണം ഉദ. Romani donabant varias coronas militibus strenuis റൊമാക്കാർ പരാക്രമപടയാളികൾക്ക പലവിധമായ മുടികളെ കൊടുക്കയായിരുന്നു. അല്ലെങ്കിൽ ആളിന്റെ പെര അതായ്ത ദാനം മറ്റും കൈക്കൊള്ളുന്ന ആളിന്റെ പെരിനെ accusativo വിഭക്തിയിലും കൊടുക്കപ്പെടുന്ന വസ്തുവിന്റെ പെരിനെ ablativo വിഭക്തിയിലും വെയ്ക്കയും ആം. ഉദ. Eliezer donavit Rebeccam muneribus pretiosis എലിയെസർ വിലയെറപ്പെട്ട കാഴ്ചകളാൽ റെബെക്കായെ സമ്മാനിച്ചു &c.

൮ാമത: Induo ഉടുപ്പിക്കുന്നു Exuo, വസ്ത്രം ഉരിഞ്ഞെടുക്കുന്നു മൂന്ന വിധമായിട്ട പ്രയോഗിക്കാം അതായ്ത ആളിനെ accusativo വിഭക്തിയിലും വസ്തുവിനെ ablativo വിഭക്തിയിലുംവെച്ചു കൊണ്ടു പ്രയോഗിക്കാം. ഉദ. ഉടുപ്പ ഞാൻ ഉടുക്കുന്നു Induome veste അല്ലെങ്കിൽ വസ്തുവിനെ accusativo വിഭക്തിയിലും ആളിനെ dativo വിഭക്തിയിലും വെച്ചു കൊണ്ടു പ്രയോഗിക്കാം ഉദ. Induo vestem mihi ; അല്ലെങ്കിൽ വസ്തുവിനെ accusativo വിഭക്തിയിൽ വെച്ചുകൊണ്ടുമാത്രം പ്രയോഗിക്കാം. ഉദ. ഞാൻ ഉടുപ്പിനെ ഉടുക്കുന്നു Induo vestem Exuerunt eum vestimentis suis, തന്റെ വസ്ത്രങ്ങളെ ഉരിഞ്ഞെടുത്തു.

൯ാമത : Surripio, Eripio Aufero സ്വന്തമായിട്ടുള്ള accusativus വിഭക്തിയൊഴികെ dativum, അല്ലെങ്കിൽ മുൻചൊല്ലിനൊട കൂടിയ ablativo വിഭക്തിയെയും ചെൎക്കാം ഉദ. ഇത നീ എന്നൊട കട്ടു vel എന്നിൽ നിന്ന എടുത്തു കൊണ്ടുപൊയി. Tu id mihi eripuisti അന്തൊനി കൊവെന്തയിൽ നിന്ന പുസ്തകങ്ങളെ കട്ടുകൊണ്ടുപൊയി. Antonius abstutit libros a conventu.

൰ാമത : Abstineo ഒരു ക്രിയാപദത്തൊട accusativum വിഭക്തിയെയും, മുൻചൊല്ലിനൊട കൂടിയ vel മുൻചൊല്ലുകൂടാതെയുള്ള ablativum വിഭക്തിയെയും ചെൎക്കാം. അല്ലെങ്കിൽ ablativo വിഭക്തിയൊട മാത്രം ചെൎക്കാം അപ്പൊൾ ഒരു ക്രിയപദം Neutra ക്രിയാപദങ്ങളുടെ അഞ്ചാം ക്രമത്തിൽ ചെൎന്നതാകും ഉദ. abstinet se a vino അവൻ വീഞ്ഞുകുടിക്കുന്നില്ല ostreis me abstinebam, മുരിങ്ങ ഞാൻ അനുഭവിക്കാതെ ഇരുന്നു vel തിന്നിരുന്നില്ല.

---

## DE CONSTRUCTIONE VERBI PASSIVI.

ചൊ : Passivum verbum എന്നപറയുന്നത എന്താകുന്നു ?

ഉ : മറ്റൊരുത്തനാൽ ചെയ്യപ്പെട്ട പ്രവൃത്തി ഏല്ക്കപ്പെടുന്നതുകൊണ്ടത്രെ Passivum verbum എന്നവിളിക്കപ്പെടുന്നത ഒരു വക ക്രിയാപദങ്ങൾ Activaയിട്ട പകൎത്തണമെങ്കിൽ ,,r,, എന്ന അക്ഷരം നീക്കിയാൽമതി. ഉദ. Amor ഞാൻ സ്നെഹിക്കപ്പെടുന്നു. Amo ഞാൻസ്നെഹിക്കുന്നു.

ചൊ: Passivi ക്രിയാപദത്തിന്റെ പ്രയൊഗമെങ്ങനെ?

ഉ: ആദ്യം പാടു അനുഭവിക്കുന്നു, vel, മറ്റൊരുത്തനാൽ ചെയ്യപ്പെട്ട പ്രവൃത്തി ഏല്ക്കുന്നു എന്നകൂട്ടം nominativo വിഭക്തിയിലും കടശി പ്രവൃത്തിക്കുന്ന കൂട്ടം "a,, vel,, ab,, എന്ന മുൻചൊല്ലിനൊട കൂടിയ. Ablativo വിഭക്തിയിലും വെക്കയും വെണം ഉദ. Justus amatur a Deo, നീതിമാൻ തമ്പുരാനാൽ സ്നെഹിക്കപ്പെടുന്നു.

ചൊ: ഒരു Activa വാചകം Passivaയിട്ട പകൎത്തണമെങ്കിൽ എന്തുവെണം?

ഉ: Activa വാചകത്താൽ ക്രിയാപദത്തിന്റെ Accusativo വിഭക്തിയിൽ ഇരിക്കുന്ന പെര Nominativus വിഭക്തിയായി പകൎത്തണം. ഈ Nominativiന്റെ ആളും വചനവും നൊക്കി Passivum ക്രിയാപദം ഒപ്പിച്ചതിന്റെ ശെഷം Activa വാചകത്തിൽ nominativo വിഭക്തിയായിരുന്ന പെര a, vel ab, എന്ന മുൻചൊല്ലിനൊട കൂടിയ Ablativo വിഭക്തിൽ വെക്കയും വെണം. ഉദാഹരണങ്ങൾ.

Acti: Deus amat me<br>
Pass: A Deo amor ego

അതായത: Ego amor a Deo ഇതിൽ Activa വാചകത്തിൽ accusativus വിഭക്തിയായിരിക്കുന്ന Me, മെലെഴുതിയ കാനൊനാ മുറക്കു Passiva വാചകത്തിന്റെ nominativus വിഭക്തിയായിട്ട പകൎത്തി Ego എന്നാക്കി. എന്നാൽ ഇത ഏകവചനത്തിന്റെ ഒന്നാമത്തെ persona യാകകൊണ്ട Amor ഞാൻ സ്നെഹിക്കപ്പെടുന്നു എന്ന അൎത്ഥമായിരിക്കുന്ന ക്രിയാപദത്തിന്റെ ഏകവചനത്തിന്റെ ഒന്നാമത്തെ persona ഒപ്പിച്ചിട്ട Activa വാചകത്തിന്റെ Nominitivus ആയിരിക്കുന്ന Deus a, vel ab, എന്ന മുൻ ചൊല്ലിനൊട കൂടിയ Ablativo വിഭക്തിയിൽ വെക്കെണ്ടതാകുന്നു എന്ന കാനൊനായിൽ ചൊല്ലിയിരിക്കുന്നതുപൊലെ a Deo എന്നാക്കിയിരിക്കുന്നു എന്നതിനെകൊണ്ട പഠിച്ച് മറ്റു മൊഴികളെ ചെൎത്തു ഈ വണ്ണം പൊരുൾ തിരിക്ക. അതായത:

Activa Phrasis. Deus amat me തമ്പുരാൻ എന്നെ സ്നെഹിക്കുന്നു.<br>
Passiva Phrasis. Ego amor a Deo ഞാൻ തമ്പുരാനാൽ സ്നെഹിക്കപ്പെടുന്നു. ഇതുപൊലെ<br>
Activa Phrasis. Ego amo Deum ഞാൻ തമ്പുരാനെ സ്നെഹിക്കുന്നു.<br>
Passiva Phrasis, Deus amatur a me സൎവ്വെശ്വരൻ എന്നാൽ സ്നെഹിക്കപ്പെടുന്നു.

---

## ഈ വണ്ണം ഏതുവാചകമെങ്കിലും പകൎത്തുകയും ആം.

മെലെഴുതിയ Activa ക്രിയാപദങ്ങളുടെ ഒരൊരു ക്രമത്തിൽ ചെന്ന ഏതാനും Passiva ക്രിയാപദങ്ങളെ ഇവിടെ കാട്ടുകയും ആം.

### PASSIVA VEBA PRIMA ORDINIS.

Amor, aris amatus sum<br>
Diligor, geris, lectus sum } സ്നെഹിക്കപ്പെടുന്നു,<br>
Legor, eris, lectus sum } വായിക്കപ്പെടുന്നു.

### 2i. ORDINIS.

Accusor, aris, atus sum കുറ്റം ചുമത്തപ്പെടുന്നു.

Absolvor, eris, lutus sum കുറ്റമില്ലാത്തവനെന്ന വിധിക്കപ്പെടുന്നു, മൊക്ഷം പൊക്കപ്പെടുന്നു.

Damnor, aris, atus sum ശിക്ഷക്കു വിധിക്കപ്പെടുന്നു.

ഉദ: Qui mortaliter peccat damnabitur ad inferos ചാവുദൊഷമായിട്ട പിഴക്കുന്നവൻ നരകത്തിന്ന വിധിക്കപ്പെടും.

### TERTII ORDINIS.

Adhibeor, eris, dhibitus sum പ്രയൊഗിക്കപ്പെടുന്നു.

Tribuor, eris, butus sum കൊടുക്കപ്പെടുന്നു, ഒരുത്തന്റെ പെക്കാക്കപ്പെടുന്നു, ഒരുത്തന്റെ പെരിൽ എഴുതപ്പെടുന്നു.

Concedor, eris, cessum അനുവദിക്കപ്പെടുന്നു.

## QUARTI ORDINIS.

Doceor, eris doctus sum പഠിപ്പിക്കപ്പെടുന്നു.
Flagitor, aris, tatus sum ചൊദിക്കപ്പെടുന്നു, അപെക്ഷിക്കപ്പെടുന്നു;
Moneor, eris, nitus sum ഗുണദൊഷിക്കപ്പെടുന്നു.

Aristoleles a Platone doctus fuit Phylosophiam, അരിസ്തൊത്തലസ പ്ലത്തൊനിനാൽ പിലൊസൊപിയ പഠിപ്പിക്കപ്പെട്ടു.

Nota ഈ നാലാം ക്രമത്തിൽ ചെൎന്ന ക്രിയാപദങ്ങളെ Activa വാചകത്തിൽ നിന്ന Passiva വാചകമായിട്ട പകൎത്തിട്ടുവന്നാൽ രണ്ട accusativa വിഭക്തികളിൽ ഏറ്റം ബഹുമാനമുള്ള കൎത്താവ vel ക്രിയാപദത്തിന്റെ പട്ടാങ്ങയായിട്ടുള്ള accusativus വിഭക്തി Nominativായിട്ട പകൎത്തപ്പെടുകുന്നു പഠിപ്പിക്കപ്പെടുന്ന ശാസ്ത്രം മറ്റും ക്രിയാപദത്തിന്റെ വിഭക്തിയല്ലയെന്നും "Secuudum,, "Quoad,, എന്ന ഗ്രെക്കുമൻചൊല്ലുകളുടെ accusativus വിഭക്തിയാകുന്നുവെന്നും ഇതിന്ന മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ? എന്നാൽ ഈ രണ്ടാമത്തെ accusativo വിഭക്തിക്ക പകൎച്ചവരികയില്ല ഉദ. Ego doceo te grammaticam, ഗ്രമത്തി നിന്നെ ഞാൻ പഠിപ്പിക്കുന്നു ഇതിൽ "te,, എന്ന accusativus,, doceo എന്ന ക്രിയാപദത്തിന്റെ സ്വന്തമായിട്ടുള്ള വിഭക്തിയാകുന്നു എന്നതിനെകൊണ്ടു ഈ വാചകം Passivായിട്ട പകൎത്തിയാൽ "te,, nominativus വിഭക്തിയായിട്ട "Tu,, എന്നായി വരും എന്നാൽ ഗ്രമത്തി പഠിപ്പിക്കപ്പെടുന്ന ശാസ്ത്രം vel വിദ്യയായിരിക്കുന്നു അതായത accusativus വിഭക്തിയായിരിക്കുന്നത മെൽ ചൊല്ലിയ മുൻ ചൊല്ല ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്നതു കൊണ്ടത്രെ അതായത quoad vel secundum grammaticam എന്നതിനെ കൊണ്ടാമെൽചൊല്ലിയ വാചകവും ഇതുപൊലെയുള്ളതും Passivaയിട്ട പകൎത്തുമ്പൊഴും ഈ accusativo വിഭക്തിക്ക പകൎച്ചവരികയില്ല.

Ege doceo te grammaticam    Tu doceris a me grammaticam

## QUINTI ORDINIS.

Exuor, eris, utus sum, വസ്ത്രം ഉരിയപ്പെടുന്നു,

Induor, eris, dutus sum, വസ്ത്രം ഉടുപ്പിക്കപ്പെടുന്നു.

Privor, aris, atus sum, ഇല്ലാതാക്കപ്പെടുന്നു.
ഉദ. Qui peccat privatur gratia Dei, പിഴക്കുന്നവൻ ദൈവെക്കപ്രസാദം ഇല്ലാതാക്കപ്പെടുന്നു.

## SEXTI ORDINIS.

Audior, iris, ditus sum, കെൾക്കപ്പെടുന്നു.
Emor, eris, emptus sum, വിലക്കു കൊള്ളപ്പെടുന്നു.
Quæror, reris, quæsitus sum അന്വെഷിക്കപ്പെടുന്നു ചൊദിക്കപ്പെടുന്നു.
ഉദ. Hic liber emptus fuit a me decem rupiis ഈ പുസ്തകം പത്തു രൂപാക്കു, എന്നാൽ കൊള്ളപ്പെട്ടു.

---

# DE CONSTRUCTIONE VERBORUM NEUTRORUM.

ചൊ: Neutrum ക്രിയാപദമെന്ന പറയുന്നത എന്താകുന്നു?

ഉ: ഒന്നാം ക്രമത്തിൽ ചൊല്ലിയിരിക്കുന്നതുപൊലെ verba neutra എന്നുപറയുന്നത ഒന്നുകിൽ പ്രവൃത്തിയൊന്നും കാട്ടാതെ ഒരുവസ്തുവിന്റെ അവസ്ഥ, സ്ഥിതി മാത്രം കാട്ടുന്നു അല്ലെങ്കിൽ പ്രവൃത്തി കാട്ടുന്ന ക്രിയാപദമായിരുന്നാലും ആ പ്രവൃത്തി മറ്റൊരുവിഷയത്തിലെക്കു കടക്കാതെ പ്രവൃത്തിക്കുന്നവനിൽ തന്നെ തികയപ്പെടുകയും ചെയ്യും.

ഉദ: Ego sedeo ഞാനിരിക്കുന്നു, Ego morior ഞാൻ മരിക്കുന്നു. ഈ രണ്ടു ക്രിയാപദങ്ങൾ യാതൊരു പ്രവൃത്തികാട്ടുന്നില്ല എന്റെ അവസ്ഥ മാത്രം കാട്ടുന്നു Ego eo ഞാൻ പൊകുന്നു, Ego deambulo ഞാൻ നടക്കുന്നു vel ഉലാത്തുന്നു എന്ന ഈ രണ്ടു ക്രിയാപദങ്ങൾ ഞാൻ ചെയ്യുന്ന ഒരു പ്രവൃത്തിയെ കാട്ടുന്നുവെങ്കിലും എന്നിൽതന്നെ തികയപ്പെടുകയും ചെയ്യുന്നു.

ചൊ: ഈ വക ക്രിയാപദങ്ങളെ Passivaക്കി പ്രയൊഗിക്കാമൊ?

ഉ: മൂന്നാം personaയിൽ നടപ്പാകുന്നുവെങ്കിലും ആകമാനമായിട്ടു പറഞ്ഞാൽ passivaക്കിക്കൂടാ. ഉദ: Curritur vivitur, statur എന്നു പറയാമെങ്കിലും, curror vivor ചൊല്ലിക്കൂടാ എന്നാൽ ചില ക്രിയാപദങ്ങൾ neutra passiva എന്നു വിളിക്കപ്പെടുന്നു അതെന്തെന്നു രൂപം നൊക്കിയാൽ Activa ക്രിയാപദങ്ങൾ തൊന്നും അർത്ഥം passivum അർത്ഥമായിരിക്കുന്നു എന്നതിനെക്കൊണ്ടു ഈ വക ക്രിയാപദങ്ങൾക്കു ഇട്ടിരിക്കുന്ന പെര അതായത neutra ക്രിയാപദങ്ങൾ എന്നീപെര ശരിയായിരിക്കുന്നു അതെന്തെ ഒന്നുകിൽ എല്ലാ personaകളിൽ passivaയിട്ടു പ്രയൊഗിച്ചു കൂടാത്തതായിരിക്കും അല്ലെങ്കിൽ passivo അർത്ഥത്തൊടു കൂടിയതാകുന്നായെങ്കിൽ രൂപം നൊക്കിയാൽ passiva ക്രിയാപദങ്ങളുടെ രൂപമല്ല. ഉദ: Veneo ഞാൻ വില്ക്കപ്പെടുന്നു, vapulo ഞാൻ അടിക്കപ്പെടുന്നു ഈ ക്രിയാപദങ്ങൾ രണ്ടും passiva അർത്ഥമുള്ളതാകുന്നുവെങ്കിലും രൂപം Veneo, is venire, Audio, is audire. Vapulo, as, are. Amo, as, are, എന്ന രണ്ടു activa ക്രിയാപദങ്ങളുടെ രൂപംപൊലെയായിരിക്കുന്നു.

ചൊ: ഈ വക ക്രിയാപദങ്ങളുടെ ശെഷം പ്രയൊഗിക്കെണ്ടുന്ന വിഭക്തി ഏതാകുന്നു?

ഉ: Activa ക്രിയാപദങ്ങളെ പൊലെ ഉള്ളർത്ഥമായിട്ടെങ്കിലും തിരിച്ചെങ്കിലും ഒരു accusativus വിഭക്തി വെണ്ടിയിരിക്കുന്നു എന്നാൽ കാണാത്തപ്പൊഴെക്കെയും ഒന്നുകിൽ ക്രിയാപദത്തിന്റെ അർത്ഥത്തൊടു സംബന്ധിച്ച ഒരു accusativus വിഭക്തിയുള്ളതു പൊലെ വിചാരിക്കണം. ഉദ: Sto ഞാൻ നില്ക്കുന്നു. Sto statum, Ludo ഞാൻ കളിക്കുന്നു Ludo ludum: Gaudeo ഞാൻ തെളിയുന്നു സന്തൊഷിക്കുന്നു Gaudeo gaudium എന്നതുപൊലെ വിചാരിച്ചുകൊള്ളണം അല്ലെങ്കിൽ Rem വസ്തു vel negotium കാര്യം vel opus, factum പ്രവൃത്തി, സംഗതി മുതലായ വാചകത്തിന്റെ അർത്ഥം പൊലെ പൊരുൾ തിരിക്കയുമാവാം.

എന്നാൽ ഈ വക ക്രിയാപദങ്ങളൊടു വാചകങ്ങളിൽ ചെൎന്നുവരുന്ന വിഭക്തികൾ പലതാകകൊണ്ടു ഏറ്റം തെളിവുണ്ടാകെണ്ടിട്ടു activa ക്രിയാപദങ്ങളെ പൊലെ ആറു ക്രമങ്ങളായിട്ടു പകുക്കപ്പെട്ടിരിക്കുന്നു.

---

## PRIMUS ORDO VERBORUM

## NEUTORUM.

ചൊ: Neutra ക്രിയാപദങ്ങളുടെ ഒന്നാം ക്രമത്തിൽ ചെന്ന ക്രിയാപദങ്ങളൊടു ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: മുമ്പും പിമ്പും ഒരു Nominativus വിഭക്തിതന്നെ. ഉദ: Deus est unus തമ്പുരാൻ ഒന്നാകുന്നു personae sunt tres ആളുകൾ മൂന്നാകുന്നു Prima persona est Pater ഒന്നാമത്തെ persona ബാവാ ആകുന്നു. Secunda persona est Filius രണ്ടാമത്തെ persona പുത്രനാകുന്നു. Tertia persona est Spritus sanctus മൂന്നാമത്തെ persona റൂഹാദക്കുദശായാകുന്നു.

### ൧ാം ക്രമത്തിൽ ചെൎന്ന ഏതാനും ക്രിയാപദങ്ങൾ

### ആകുന്നതെന്തെന്നാൽ.

Sum, es, fui, ആകുന്നു.
Pergo, gis, perrexi, perrectum pergere. പൊകുന്നു.
Curro, is, cucurri, cursum, ഓടുന്നു.
Vivo, is, xi, ere, ജീവിക്കുന്നു.
Venio, is, veni, ventum, ire. വരുന്നു.
Eo, is, ivi, itum ire, പൊകുന്നു.
Abeo, is, ii, ivi, abitum, ire, പൊയിക്കളയുന്നു.
Adeo is, ivi, vel, adii, aditum, ire, പൊകുന്നു, ചെല്ലുന്നു, അടുക്കുന്നു കാണ്മാൻ പൊകുന്നു.
Exeo, is, ivi, vel, exii, exitum, ire, പുറപ്പെടുന്നു, പുറത്തുപൊകുന്നു:
Intereo, is, terii, interitum, ire, മരിക്കുന്നു കഴിഞ്ഞുപൊകുന്നു.
Obeo, is, obivi, vel, obii, obitum, ire, മരിക്കുന്നു തീൎക്കുന്നു നടത്തുന്നു.
Redeo, is, ivi, vel redii, reditum redire, പിന്തിരിയുന്നു.
Transeo, is, ivi, vel sii, itum, ire, കടക്കുന്നു കഴിയുന്നു.

Nota മെലെഴുതിയ കാനൊനമെൽ സൂക്ഷിക്കെണ്ടതായത: ക്രിയാപദത്തിന്റെ ശെഷവും ക്രിയാപദത്തിന്റെ മുമ്പിലും ഒരു nominativum വിഭക്തിയെ ചെൎക്കാമെന്ന പറഞ്ഞിരിക്കുന്നത ൧ാം വക ക്രിയാപദങ്ങൾക്ക മാത്രം അടുത്ത കാൎയ്യമല്ല പിന്നെയൊ പിൻ വരുന്ന പെര മുമ്പിലത്തെതിന്റെ ലക്ഷണം, vel അതിന്റെ അവസ്ഥ പ്രകാരം കാട്ടുന്നതാകുമ്പൊൾ ഏതു വക ക്രിയാപദങ്ങളായിരുന്നാലും nominativo വിഭക്തിയിൽ വെക്കയും ആം. ഉദ. Ego lego lubens, ഞാൻ നല്ലമനസ്സുള്ളവനായി വായിക്കുന്നു Mali Vivunt mæsti തിന്മവര ദുഃഖമുള്ളവരായി ജീവിക്കുന്നു. Boni moriuntur læti, നല്ലവര സന്തൊഷമുള്ളവരായിരിക്കുന്നു.

---

## SECUNDUS ORDO NEUTRORUM.

ചൊ: Neutra ക്രിയാപദങ്ങളുടെ രണ്ടാം ക്രമത്തിൽ ചെൎന്ന ക്രിയാപദങ്ങളൊടു യെതെല്ലാം വിഭക്തികളെ ചെൎക്കാം ?

ഉ: ൨ാം രണ്ടാം ക്രമത്തിൽ ചെൎന്ന ക്രിയാപദങ്ങളൊടു genitivum വിഭക്തിയെ ചെൎക്കയും വെണം ഉദ. പ്രഭുക്കന്മാൎക്ക vel രാജാക്കന്മാൎക്ക പ്രത്യെകം ബൊധജ്ഞാനംകൊണ്ട ആവശ്യമുണ്ട Principes, vel Reges præsertim indigent Sapientiæ. Egeo consilii, ഗുണദൊഷം എനിക്കാവശ്യമുണ്ട. Egeo, Indigeo എന്ന ക്രിയാപദങ്ങളൊടു മുൻചൊല്ലപ്പെട്ടതെയുള്ള ablativus വിഭക്തി നടപ്പായിട്ട ചെൎക്കപ്പെടുകയും ചെയ്യുന്നു. ഉദ. Siquis indiget Sapientia postulet a Deo. (മാർ യാക്കൊബ്ശ്ലീഹാ) യാതൊരുത്തന്ന ബൊധജ്ഞാനംകൊണ്ട ആവശ്യമുണ്ടെങ്കിൽ തമ്പുരാനൊടു അവൻ അപെക്ഷിക്കട്ടെ Egeo omnium, omnibus (et omnia egeo ncumacc.) എല്ലാംകൊണ്ട എനിക്കാവശ്യമുണ്ടു.

---

### ൨ാം ക്രമത്തിൽ ചെൎന്ന ക്രിയാപദങ്ങൾ,

Egeo, es, gui (sine sup,) ആവശ്യപ്പെടുന്നു ആവശ്യമുണ്ടായിരിക്കുന്നു.

Indigeo, es, ui (sine sup? Vide egeo.

Satago, is, (sine præt et sup.) സൂക്ഷത്തൊടു കൂടെ vel ജാഗ്രതയൊടു കൂടെ ചെയ്യുന്നു.

## TERTIUS ORDO NEUTRORUM.

ചൊ: Neutra ക്രിയാപദങ്ങളുടെ മൂന്നാം ക്രമത്തിൽ ചെന്ന ക്രിയാപദങ്ങളൊടു ചെൎക്കപ്പെടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: ഈ വക ക്രിയാപദങ്ങളൊടു Dativus വിഭക്തി ചെൎക്കപ്പെടുന്നു എന്നാൽ ഈ വക ക്രിയാപദങ്ങളുടെ അൎത്ഥം സഹായം auxilium, സുഖം commodum സുഖക്കെട incommodum, ഉപകാരം favor, പഠിപ്പ vel പ്രയത്നം studium, ആചാരം വണക്കം obsequium, കീഴ്വഴക്കം obedientia, കീഴ്പെട്ടി കീഴടക്കം submissio, വഴക്കമില്ലായ്മ വിരൊധം ചിതക്കെട vel മനസ്സുകെട repugnantia, എന്നതിൽ ഒന്നാകയും ചെയ്യും. ഉദ. Mali homines ut plurimum obsistunt bono, et favent malo ദുഷ്ട മനുഷ്യര സാമാന്യം നന്മക്കു വിരൊധിക്കയും, തിന്മക്കു സഹായിക്കയും ചെയ്യുന്നു. Subditi parere debent superiori præcipienti കീഴുള്ളവര കല്പിക്കുന്ന ശ്രേഷ്ഠന്ന കീഴ്വഴങ്ങുവാൻ കടപ്പെട്ടിരിക്കുന്നു. Ne servias agenti contra legem Dei, et Ecclesiæ സൎവ്വെശ്വരന്റെയും, ശുദ്ധമാനപള്ളിയുടെയും പ്രമാണങ്ങൾക്ക വിരൊധമായി പ്രവൃത്തിക്കുന്നവന്ന ശുശ്രൂഷ ചെയ്യരുത.

---

### ഈ മൂന്നാം ക്രമത്തിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ

### ആകുന്നതെന്തെന്നാൽ.

Adsum, es, fui കൂടെ ഉണ്ടായിരിക്കുന്നു മുമ്പാകെ നില്ക്കുന്നു കൂടുന്നു.

Desum, dees, defui, deesse ഇല്ലാതിരിക്കുന്നു, കുറയുന്നു ഉദ: desunt virtutes പുണ്യങ്ങൾ ഇല്ല Non desunt qui dicunt ചൊല്ലുന്നവരുണ്ട.

Intersum, res, fui, ഉണ്ടായിരിക്കുന്നു, കൂടെ നില്ക്കുന്നു, വ്യത്യാസമായിരിക്കുന്നു, &c.

Obsum, es, obfui, obesse ഉപദ്രവിക്കുന്നു, കെടുവരുത്തുന്നു, തിന്മ ചെയ്യുന്നു &c.

Prosum, prodes, profui, prodesse ഉപകരിക്കുന്നു.

Præsum, æes, præfui, præesse തലവനായിരിക്കുന്നു തലവനായി ഭരിക്കുന്നു.

Assurgo, is, rexi, rectum, ere, എഴുനീറ്റു നില്ക്കുന്നു

Consulo, is, lui, sultum, ere വിചാരിക്കുന്നു, ആലൊചിക്കുന്നു, ഗുണദൊഷിക്കുന്നു ഗുണദൊഷം ചൊദിക്കുന്നു.

Debeo, es, bui, debitum, debere കടപ്പെട്ടിരിക്കുന്നു.

Faveo, es. vi, fautum, ere ഉത്സാഹം, vel സഹായം ചെയ്യുന്നു, അനുഗ്രഹിക്കുന്നു.

Immineo, es, ui, (sine sup.) Impendeo, es, di, pensum സമീപിച്ചിരിക്കുന്നു തൊട്ടിരിക്കുന്നു വെഗത്തിൽ സംഭവിപ്പാനിരിക്കുന്നു.

Incommodo, as. .are സുഖക്കെടുവരുത്തുന്നു, അരിഷ്ടിക്കുന്നു.

Indulgeo, es, lsi dultum, ere ദയ vel അനുഗ്രഹം കാട്ടുന്നു, അനുവദിക്കുന്നു കൊടുക്കുന്നു തരുന്നു.

Obsisto, is, stiti, (sin sup.) | തടവു ചെയ്യുന്നു, വിരൊധിക്കുന്നു.
Obsto, is, stiti, (sin sup.) |

Obedio, is, ivi, itum, ire. Obtempero, as, avi, atum കീഴ്വഴങ്ങുന്നു.

Servio, is, ivi itum, ire. ശുശ്രൂഷിക്കുന്നു. സെവിക്കുന്നു,

Studeo, es, ui, (sin sup.) പഠിക്കുന്നു, ഉത്സാഹം, സഹായം ചെയ്യുന്നു.

Subvenio, is, veni, entum സഹായത്തിന്ന ചെല്ലുന്നു, വരുന്നു, സഹായിക്കുന്നു.

Succurro, is, curri. cusum sucurrrere, സഹായത്തിന്ന കൂടുന്നു, vel സഹായം ചെയ്യുന്നു, vel സഹായിക്കുന്നു.

## QUARTUS ORDO NEUTRORUM.

ചൊ: Neutra ക്രിയാപദങ്ങളുടെ നാലാം ക്രമത്തിൽ ചെന്നവകളൊടു ചെൎക്കപ്പെടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: ഈ വക ക്രിയാപദങ്ങളൊടു ഒരു accusativum വിഭക്തിയെ ചെൎക്കാം ഈ ക്രിയാപദങ്ങൾ കൃഷിസംബന്ധിച്ച അൎത്ഥത്തൊടു കൂടിയതാകുന്നുവെന്നറിക ഉദ. ഒരു കാലത്തിൽ vel പൂൎവ്വകാലത്തിൽ വലിയ ആളുകൾ കൂടെയും ഭൂമിയെ കിളെക്കയായിരുന്നു, Quondam etiam Summi viri arabant terram. എന്നാൽ മറ്റു അൎത്ഥങ്ങളൊടു ചെൎന്ന ക്രിയാപദങ്ങളും ഉണ്ടു. ഉദ: Ille bene callebat scientiam militarem, അവൻ യുദ്ധശാസ്ത്രത്തിൽ നന്നായിട്ടു അഭ്യസിച്ചിട്ടുണ്ടായിരുന്നു.

---

### ഈ നാലാം ക്രമത്തിൽ ചെൎന്ന ഏതാനും ക്രിയാപദങ്ങൾ

### ആകുന്നതെന്തെന്നാൽ

Aro, as. . are, ഉഴുന്നു കൃഷിചെയ്യുന്നു.
Put,o as, are, അറുക്കുന്നു വെട്ടുന്നു പ്രത്യേകം മിഞ്ചുന്ന കൊമ്പുകളെവെട്ടുന്നു.
Rigo, as. are, നനെക്കുന്നു. Sero, is, sevi, satum, വിതെക്കുന്നു.
Colo, is, lui, cultum, colere, ഉഴവു ചെയ്യുന്ന കൃഷി ചെയ്യുന്നു &c. (colere Deum സൎവ്വേശ്വരനെ ആരാധിക്കുന്നു എന്നും കാണും) Meto, is, messui, messum കൊയ്യുന്നു.

---

### മററു കാൎയ്യം സംബന്ധിച്ച ക്രിയാപദങ്ങൾ

Calleo, es, callui, (sine sup.) അറിയുന്നു നല്ല പരിചയമായിരിക്കുന്നു.
Exhalo, as. . are, ആവിവീശുന്നു, വീശുന്നു, വിടുന്നു
(Exhalare animam ആത്മാവിനെ വിടുന്നത vel മരിക്കുന്നത).
Oleo, es, olui (et olevi) മണം, ഗന്ധം വീശുന്നു.
Redoleo, es, redolui, litum redolere, മണം ഗന്ധം വീശുന്നു.
Horreo, es, horrui (sine sup) horrere അറെക്കുന്നു വെറുക്കുന്നു.
Maneo, es nsi, nsum, (expecto എന്നതിന്ന പകരം) പാൎത്തിരിക്കുന്നു ഉദ. Mors pessima manet improbos, എത്രയും ആകാത്ത മരണം ദുഷ്ടരെ പാൎത്തിരിക്കുന്നു.

---

### താഴെ എഴുതുന്ന മൂന്ന ഊനക്രിയാപദങ്ങൾ ഈ

### ക്രമത്തിൽ ചെൎന്നതാകുന്നു,

Memini, isti, ഓൎക്കുന്നു Odi, odisti, ദ്വെഷിക്കുന്നു. Novi, novisti അറിയുന്നു. ഈ മൂന്നിനൊടു accusativum വിഭക്തിയെ ചെൎക്കാമെങ്കിലും Neutra ക്രിയാപദങ്ങളെപ്പൊലെ passivaയിട്ടു പകൎത്തിക്കൂടാ.

---

## QUINTUS ORDO NEUTRORUM.

ചൊ: Neutra ക്രിയാപദങ്ങളുടെ അഞ്ചാം ക്രമത്തിൽ ചെൎന്നതുകളൊടു ചെൎക്കേണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: ഈ വക ക്രിയാപദങ്ങളൊടു ഒരു ablativum വിഭക്തിയെ ചെൎക്കാം എന്നാൽ ഈ വിഭക്തിയുള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്ന വല്ല മുന്ന ചൊല്ലിനാൽ ഭരിക്കപ്പെടുന്നു ഉദ. Frater tuus abundat divitiis, നിന്റെ കൂടപ്പിറപ്പിന്ന ഏറിയ സമ്പത്തുണ്ടായിരിക്കുന്നു Homo constat anima, et corpore, മനുഷ്യൻ ആത്മാവുകൊണ്ടും ശരീരം കൊണ്ടും ഉണ്ടാക്കപ്പെട്ടതാകുന്നു vel മനുഷ്യന്ന ആത്മാവും ശരീരവും ഉണ്ടു Tu vivis lacte, et

oryza, നീ പാലു കൊണ്ടും (അരി) vel ചൊറുകൊണ്ടും ജീവിക്കുന്നു Egeo, vel Indigeo consilio tuo, നിന്റെ ഗുണദൊഷം കൊണ്ടു എനിക്കാവശ്യമുണ്ടു. ex, vel de ഉള്ളൎത്ഥമായിട്ടുണ്ടു.

---

### ൫. ക്രമത്തിൽ ചെന്ന ഏതാനും ക്രിയാപദങ്ങൾ

### ആകുന്നതെന്തെന്നാൽ.

Abundo, as. .are വളരെ അധികമുണ്ടായിരിക്കുന്നു, സമ്പൂൎണ്ണതയായിരിക്കുന്നു.
Careo, es, rui, ritum, ere ഇല്ലാതിരിക്കുന്നു &c.
Doleo, es, lui, litum, ere ദുഃഖിക്കുന്നു, മനസ്താപപ്പെടുന്നു.
Egeo, es, gui } (sine sup.) ആവശ്യപ്പെടുന്നു, ദിക്കതിയുണ്ടായിരിക്കുന്നു.
Indigeo, es, gui }
Gaudeo, es, visus sum, ere സന്തോഷിക്കുന്നു സന്തോഷമായിരിക്കുന്നു.
Mœreo, es, mœstus sum ദുഃഖിക്കുന്നു, ക്ലേശമായിരിക്കുന്നു.
Vaco, as, are കൎമ്മമില്ലാതിരിക്കുന്നു, ഇല്ലാതിരിക്കുന്നു, വേലയില്ലാതിരിക്കുന്നു.
Vivo, is, xi, ctum, ere, ജീവിക്കുന്നു, ജീവിതം കഴിക്കുന്നു, ചൊറാൽ നീ ജീവിക്കുന്നു Tu vivis oryza cocta cum aqua (ex oryza) എന്ന ഉള്ളൎത്ഥമായിരിക്കുന്നു.

---

## SEXTUS ORDO VERBORUM

## NEUTRORUM.

ചൊ: Neutra ക്രിയാപദങ്ങളുടെ ആറാം ക്രമത്തിൽ ചെന്നതുകളോടു ചെൎക്കുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു ?

ഉ: ഒരുത്തൻ അനുഭവിക്കുന്ന പാടു കാട്ടുന്ന ക്രിയാപദങ്ങളാകകൊണ്ടു Passiva ക്രിയാപദങ്ങളെ പൊലെ a, vel ab, എന്ന മുൻ ചൊല്ലിനൊടു കൂടിയ ablativus വിഭക്തി ൬ാം വക ക്രിയാപദങ്ങളോടു ചെൎക്കപ്പെടുന്നു. ൬ാം വക ക്രിയാപദങ്ങളുടെ അൎത്ഥം Passivi ന്റെയും Activi ന്റെയും ആകകൊണ്ടത്രെ „Verba Neutra passiva„ എന്ന വിളിക്കപ്പെടുന്നത. ഉദ: പൂൎവ്വകാലത്തിൽ അടിമകൾ വില്ക്കപ്പെടുകയായിരുന്നു Olim mancipia venibant, Tu fustibus vapulavisti ab eo അവനാൽ നീ വടികളാൽ അടിക്കപ്പെട്ടു vel തല്ലപ്പെട്ടു.

ഇതിൽ ചെന്നത. Vapulo, as. .are അടിക്കപ്പെടുന്നു തല്ലപ്പെടുന്നു.
Veneo, is, ivi, venii, ventum. venire വില്ക്കപ്പെടുന്നു.
Fio, is, factus sum, fieri, ചെയ്യപ്പെടുന്നു.

---

## APPENDIX,

Neutra ക്രിയാപദങ്ങളിൽ വെച്ച ചിലതുകളുടെ പെരുമാറ്റം ഏറ്റം നടപ്പുള്ളതും അവകളുടെ പ്രയോഗ രീതി അറിവാൻ ശിഷ്യൎക്ക ഏറ്റം ആവശ്യമുള്ളതാകകൊണ്ടു ഇതിന്റെ താഴെ അക്കം ഇട്ടു ഒരൊന്നിന്റെ പ്രയോഗം കാട്ടുകയും ആം

---

### ൧. SUM, ES, EST.

ചൊ: Sum, es, est എന്ന ക്രിയാപദത്തിന്റെ പ്രയോഗമെങ്ങനെ ?

ഉ: ഏഴ വിധമായിട്ടു പ്രയോഗിക്കാം. ഒന്നാമത: ഇതിന്ന മുമ്പിൽ ചൊല്ലിയിരിക്കുന്ന

ഇതുപൊലെ മുമ്പും പിമ്പും nominativum വിഭക്തിയെ വെച്ചുകൊണ്ട പ്രയൊഗിക്കാം അപ്പൊൾ ആകുന്നു, vel ഇരിക്കുന്നു എന്നൎത്ഥമാകുന്നു. ഉദ: Tu es discipulus meus, നീ എന്റെ ശിഷ്യനാകുന്നു.

രണ്ടാമത ഉടയസുഖം കാട്ടുമ്പൊൾ ഉടയക്കാരനായിട്ട വരുന്നപെര genitivo വിഭക്തിയിൽവെച്ച പ്രയൊഗിക്കെണ്ടതാകുന്നു. ഉദ: Hic liber est Petri ഒരു പുസ്തകം പത്രൊസിന്റെതാകുന്നു

മൂന്നാമത അടുത്തതാകുന്നു, തൊഴിലാകുന്നു എന്നുള്ള അൎത്ഥത്തൊടു കൂടിയതായി വരുമ്പൊൾ തൊഴിൽകാരന്റെ പെര genitivi ൽ വെക്കയും ആം ഉദ: Docere est (proprium) magistri പഠിപ്പിക്കുന്നതു ഗുരുവിന്നടുത്ത കാൎയ്യമാകുന്നു.

നാലാമത Dativo വിഭക്തിയൊടു കൂടെ ചെൎക്കാം എന്നാൽ അപ്പൊൾ ഉണ്ട, ഉണ്ടായിരിക്കുന്നു എന്ന അൎത്ഥമായിരിക്കുന്നു ഇതിൽ വെച്ച മലയാഴ്മയും ലത്തീനും ഒത്തിരിക്കുന്നു അതായത അനുഭവിക്കുന്ന ആളിന്റെ പെര dativo വിഭക്തിയിലും അനുഭവിക്കപ്പെട്ട വസ്തു nominativo വിഭക്തിയിലും വെക്കെണ്ടതാകുന്നു. ഉദ: est mihi magna voluntas disendi, പഠിപ്പാൻ എനിക്ക വലിയ മനസ്സുണ്ട.

അഞ്ചാമത: ചിലപ്പൊൾ രണ്ട dativo വിഭക്തിയൊടു ചെൎക്കാം, അപ്പൊൾ കാരണമാകുന്നു വരുത്തുന്നു എന്നൎത്ഥമാകും ഉദ. Sancta Teresia fuit gloriæ maximæ Hispaniæ ത്രെസ്യ പുണ്യവാളത്തി ഹിസ്പാന്യ രാജ്യത്തിന്ന എത്രയും വലിയ സ്തുതിക്കും പുകഴ്ചക്കും കാരണമായി.

ആറാമത: ചിലപ്പൊൾ മതിക്കപ്പെടുന്നു എന്ന അൎത്ഥത്തൊടു കൂടിയതാകും അപ്പൊൾ "a,, vel,, ,ab,, യെന്ന മുൻ ചൊല്ലിനൊടു കൂടെ vel കൂടാതെ ablativo വിഭക്തിയൊടു കൂടെ ചെൎക്കപ്പെടുന്നു എന്നാൽ ഇതിന്ന പകരമായിട്ട dativo വിഭക്തിയൊടു അല്ലെങ്കിൽ "apud,, എന്നമുൻചൊല്ലിനൊടു കൂടിയ accusativo വിഭക്തിയൊടു വാചകാലങ്കാരത്തൊടു കൂടെ ചെൎക്കയും ആം ഉദ. Sancti sunt maximi apud omnes ശുദ്ധമാക്കപ്പെട്ടവര എല്ലാവരാൽ വളരെ മതിക്കപ്പെടുന്നു Magni erunt mihi tuæ litteræ, നിന്റെ കത്തുകൾ എന്നാൽ വളരെ മതിക്കപ്പെട്ടു.

എഴാമത: Sum, es, est, എന്ന ഒരു ക്രിയാപദം സ്തുതി, ആക്ഷെപം എന്ന അൎത്ഥത്തൊടു കൂടിയതായിരിക്കുമ്പൊൾ ഒന്നുകിൽ genitivo, അല്ലെങ്കിൽ ablativo വിഭക്തിയൊടു ചെൎക്കാം ഉദ. Imperator Augustus fuit summæ bonitatis simulque animo forti et virili, ഔഗുസ്തൊസു എമ്പ്രദൊര എത്രയും വലിയ ഗുണാധിക്യമുള്ളവനായിരുന്നതിനൊടു കൂടെ മനൊധൈൎയ്യമുള്ളവനുമായിരുന്നു.

Nota മെലെഴുതിയ Neutra ക്രിയാപദങ്ങളുടെ കാനൊനകളെ വായിക്കുമ്പൊൾ വല്ല പെര ഒന്നുകിൽ genitivo വിഭക്തിയിൽ അല്ലെങ്കിൽ ablativo വിഭക്തിയിൽ വെക്കാമെന്ന കാണുമ്പൊൾ ഏതു പെരായാലും ഇഷ്ടംപൊലെ genitivaയിട്ടും ablativായിട്ടും പകൎത്താമെന്ന വിചാരിക്കെണ്ട ഇതിങ്കൽ വെച്ച ലത്തീൻ ശാസ്ത്രക്കാരുടെ പ്രയൊഗം സൂക്ഷിക്കയും വെണം

## 2: "VIDEOR,,

ഒരു ക്രിയാപദം "തൊന്നുന്നു,, എന്നുള്ള അൎത്ഥത്തൊടു കൂടിയതായിട്ട പ്രയൊഗിക്കുമ്പൊൾ ആൎക്ക തൊന്നുന്നു എന്നുവെച്ചാൽ, (മലയാഴ്മയിൽ പ്രയൊഗിക്കുന്നതുപൊലെ) ആയാളിന്റെ പെര dativo വിഭക്തിയിൽ വെക്കണം തൊന്നപ്പെടുന്ന കൂട്ടവും അതിനൊടു ചെരുന്ന adjectivum vel adjectivum പൊലെയുള്ളത, nominativo വിഭക്തിയിൽവെക്കെണ്ടതാകുന്നു ഉദ. Tu mihi videris sanctus, നീ പുണ്യവാളനെന്ന എനിക്ക തൊന്നുന്നു, Tu mihi videbaris mæstus, നീ ദുഃഖമുള്ളവനെന്ന എനിക്ക തൊന്നിയിരുന്നു.

Infinitivus വിധം, Videor എന്ന ഒരു ക്രിയാപദത്താൽ ഭരിക്കപ്പെടുമ്പൊൾ infinitivus വിധമായിട്ട പൊരുൾ തിരിക്കെണ്ടുന്ന ക്രിയാപദമാകുന്നുവെങ്കിൽ infinitivo

വിധമായിട്ട തന്നെ പൊരുൾ തിരിക്കെണ്ടതാകുന്നു എന്നാൽ infinitiviന്റെ accusativus ആകെണ്ടുന്ന പെര nominativo ആയിട്ടാക്കി അതിനൊട്ട videor ഒപ്പിക്കെണ്ടതാകുന്നു ഉദ. Tu videris errasse, നിനക്ക തെറ്റിപ്പൊയി vel, നീ തെറ്റചെയ്തു വെന്ന തൊന്നപ്പെട്ടുന്നു. Ego videor mihi loqui, ഞാൻ പറയുന്നുവെന്ന ഇനിക്ക തൊന്നുന്നു Tuus frater tibi visus est loqui നിന്റെ കൂടപ്പിറപ്പ പറയുന്നുവെന്ന നിനക്ക തൊന്നി ഒരു വണ്ണം എല്ലാ persona കളിലും പ്രയൊഗിക്കാം എന്നാൽ infinitivo വിധത്തിന്ന ഉള്ളൎത്ഥമായിട്ട accusativus ഉണ്ടായിരിക്കുന്നു. . .me loqui. . te loqui &c.

ചൊ: ഒരു ക്രിയാപദം തന്നെ Impersonale ആയിട്ട അതായത മൂന്നാം persona യിൽ മാത്രം പ്രയൊഗിക്കപ്പെടുന്നത എപ്പൊൾ ? ഇതിന്റെ Constructio എങ്ങിനെ ?

ഉ: കൊള്ളാം ചിതമായ കാൎയ്യം തൊന്നപ്പെട്ടുന്നു. എന്ന ഒരു അൎത്ഥത്തൊട്ട കൂടെ വരുമ്പൊൾ Impersonale ആയിട്ട പ്രയൊഗിക്കെണ്ടതാകുന്നു constructio സാമാന്യമുള്ളതാകയും ചെയ്യുന്നു. ഉദ: (Cicero) Mihi visum est de senectute ad te scribere വാൎദ്ധക്യത്തെ കുറിച്ച നിനക്ക എഴുതുവാൻ ഇനിക്ക (കൊള്ളാമെന്ന) തൊന്നി. Visum est opportunum, vel visum est opus bonum എന്ന അൎത്ഥമാകും.

൯. Appellor, Vocor, Nuncupor Nominor, Dicor മുതലായ വിളിക്കുടുത്ത ക്രിയാപദങ്ങളും Habeor, Putor Aestimor, Aexistimor, Judicor, Trador, Prohibeor, Feror, Credor, എന്ന ക്രിയാപദങ്ങളും മെലെഴുതിയ Videor പൊലെ ഒന്നുകിൽ Impersonale ആയിട്ട മുമ്പും പിമ്പും Nominativus വെച്ചുംകൊണ്ട അല്ലെങ്കിൽ എല്ലാ persona കളിൽ infinitivo വിധത്തിന്ന മുമ്പ nominativum വെച്ചുംകൊണ്ട പ്രയൊഗിക്കാം. ഉദ: Septem fuisse dicuntur, qui sapientes, et haberentur, et Vocarentur ബൊധജ്ഞാനികൾ എന്ന വിചാരിക്കപ്പെട്ടുകയും, വിളിക്കപ്പെട്ടുകയും ചെയ്തിരുന്നവര എഴുപെരായിരുന്നുവെന്ന ചൊല്ലപ്പെട്ടുന്നു Cervi dicuntur diutissime vivere മാനുകൾ എത്രയും ദീൎഘമായിട്ട ജീവിക്കുന്നുവെന്ന ചൊല്ലപ്പെട്ടുന്നു vel dicitur cervos diutissime vivere- (ഇതെപൊലെ സൎവ്വസാധാരണമായിട്ട) ഒരു രണ്ടാമത്തെ മുറ അതായത Infinitivo വിധത്തിന്ന മുമ്പ accusativum വിഭക്തിയെ വെക്കുന്നത ലത്തീൻ Syntaxis മുറയ്ക്കാകുന്നുവെങ്കിലും അത്ര നടപ്പായിട്ട പ്രയൊഗിക്കെണ്ടതല്ല.

൰. ചൊ: Volo, Malo, Nolo, Cupio, Opto എന്ന ക്രിയാപദങ്ങളുടെ പ്രയൊഗമെങ്ങനെ ?

ഉ: Me, te, se എന്ന accusativi വിഭക്തികളെ വെച്ചെച്ച Infinitivo വിധത്തൊട്ട ചെൎക്കപ്പെട്ടുന്നു. ഉദ: Unusquisque mavult vivere et non mori മരിക്കാതെ ജീവിപ്പാൻ vel മരിപ്പാൻ അല്ല പിന്നെയൊ ജീവിപ്പാൻ ഒരൊരുത്തൻ എറെ മനസ്സായിരിക്കുന്നു.

Esse, എന്ന infinitivus വിധം ഒരു വക ക്രിയാപദങ്ങളൊട്ട ചെൎന്ന വരുമ്പൊൾ Infinitiviന്റെ ശെഷം വരുന്ന പെരും nominativo വിഭക്തിയിൽ വെക്കാം. ഉദ: cupio esse clemens, ദയയുള്ളവനാകുവാൻ ഞാൻ ആഗ്രഹിക്കുന്നു വിശെഷിച്ച Me, te, se എന്ന accusativi കളെ ചെൎക്കാം എന്നാൽ അപ്പൊൾ ഒട്ടുക്കത്തിലും accusativum വിഭക്തിയെ ചെൎക്കയും വെണം. ഉദ: Cupio me esse clementem.

൰൧: ചൊ: “Consulo,, എന്ന ക്രിയാപദത്തിന്റെ പ്രയൊഗമെങ്ങനെ ?

ഉ: കഴിവു vel പൊക്കുണ്ടാക്കുന്നു വിചാരിക്കുന്നു താല്പൎയ്യപ്പെട്ടുന്നു എന്ന അൎത്ഥമായിരിക്കുമ്പൊൾ dativo വിഭക്തിയൊട്ട ചെൎക്കപ്പെട്ടുന്നു ഉദ. Consule tibi നിന്റെ കാൎയ്യം വിചാരിക്ക

എന്നാൽ ഗുണദൊഷം ചൊദിക്കുന്നു എന്നൎത്ഥമായിരിക്കുമ്പൊൾ accusativo വിഭക്തിയൊട്ട കൂടെ vel de എന്നുമുൻചൊല്ലിനൊട്ട കൂടിയ ablativo വിഭക്തിയൊട്ട ചെൎക്കപ്പെട്ടുന്നു ഉദ. Consulere Sapientes aliquod negotium, vel, de aliquo negotio, വല്ല കാൎയ്യത്തെ കുറിച്ചു ബൊധജ്ഞാനികളൊട്ട ഗുണദൊഷം ചൊദിക്കുന്നത.

൬ : ചോ : "Incumbo,, എന്ന ക്രിയാപദത്തിന്റെ പ്രയോഗം എങ്ങിനെ ?

ഉ : ജാഗ്രതയോട്ട കൂടെ vel താല്പൎയ്യമായിട്ട ഒരു കാൎയ്യത്തിന്ന വെല ചെയ്യുന്നത എന്ന അൎത്ഥമായിരിക്കുമ്പൊൾ "in,, vel, ad,, എന്ന മുൻചൊല്ലിനൊട്ട കൂടിയ accusativo വിഭക്തിയൊട്ട കൂടെ ചെൎക്കപ്പെടുന്നു ഉദ. Incumbere in studium, പഠിനത്തിന്ന താല്പൎയ്യപ്പെട്ട വെലചെയ്യുന്നത.

ഇവിടെ പൊതുവായിട്ട പറവാൻപോകുന്നത നന്നായിട്ട സൂക്ഷിച്ചാൽ Infinitivo വിധമായിട്ട പൊരുൾതിരിക്കെണ്ടുന്ന വാചകങ്ങൾ ഇന്നതെന്ന അറിവാൻ എളുപ്പമാകും. അതായത: മലയാഴ്മയിൽ ഒരുവാചകം രണ്ടുകൂറായിട്ട വരികയും, രണ്ടുകൂറിലും ഒരൊ അല്ലെങ്കിൽ പല ക്രിയാപദങ്ങൾ ഉണ്ടായിരിക്കയും, ഒന്നാംകൂറിൽ ഉള്ള ക്രിയാപദങ്ങൾ ,,എന്ന,, എന്ന അവ്യയത്തോട കൂടിയുള്ളതു കൂടാതെ രണ്ടാം കൂറിലെ ക്രിയാപദങ്ങളുടെ സാധനംപോലെ ആയിരിക്കയും ചെയ്യുന്ന വാചകങ്ങൾ എല്ലാം സാമാന്യം ,,എന്ന,, വരെയുള്ള കൂറ Infinitivo വിധമായിട്ട പൊരുൾ തിരിപ്പാനുള്ളതാകുന്നു. വിശെഷിച്ച ആ കൂറിൽ infinitivo വിധത്തിന്റെ Regens ആയിട്ട ഇരിക്കുന്നപെര accusativo വിഭക്തിയിൽ വെപ്പാനുള്ളതാകുന്നു. ഉദാഹരണങ്ങളാൽ തെളിവാകും.

(൧.) നി സൎവ്വേശ്വരനെ സ്നേഹിക്കുന്നു എന്ന (൨) ഞാൻ അറിയുന്നു (൨) Ego Scio (൧) te amare Deum. (നീ തമ്പുരാനെ സ്നേഹിച്ചുവെന്ന ൧) ഞാൻ വിചാരിക്കുന്നു ൨) (Ego cogito ൨) te amavisse Deum ൧) (൧ നീ സൎവ്വേശ്വരനെ സ്നേഹിക്കുമെന്ന) ഞാൻ ശരണപ്പെടുന്നു ൨) (Ego Spero ൨) (te amaturum esse Deum ൧) (നീ സൎവ്വേശ്വരനെ സ്നേഹിപ്പാനിരുന്നു എന്ന ൧) (അവൻ ചൊല്ലി ൨) (Ille dixit ൨) (te amaturum fuisse Deum ൧.)

മെലെഴുതിയതുപൊലെ പൊതുവായിട്ടുള്ള കാനൊനായാകുന്നതെന്തെന്നാൽ, മലയാഴ്മയിൽ ഒരു വാചകത്തിന്റെ ,,regens ആയിട്ടു പെരിന്റെ മുമ്പും വരുന്ന infinitivus വിധം ലത്തീനിലും infinitivo വിധമായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉ-ദ. കള്ളം പറയുന്നത ദൊഷമാകുന്നു Loqui mendacium est peccatum എല്ലാശാസ്ത്രങ്ങളെ പഠിക്കുന്നത നല്ലതാകുന്നു discere omnes scientias bonum est. ദൊഷം ചെയ്യുന്നത പിശാചിന്നടുത്ത പ്രവൃത്തിയാകുന്നു peccare vel facere peccatum est opus diabolicum &c.

മലയാഴ്മയിൽ ചെയ്വാൻ, സ്നേഹിപ്പാൻ എന്ന വിധമായിട്ട വരുന്ന ക്രിയാപദങ്ങൾ പലപ്പൊഴും infinitivo വിധമായിട്ട പൊരുൾ തിരിക്കാകുന്നതാകുന്നുവെങ്കിലും പലപ്പൊഴും പാടാകയുമില്ല.

ഉ-ദ. സൎവ്വേശ്വരനെ സ്നേഹിപ്പാൻ നീ കടപ്പെട്ടിരിക്കുന്നു tu debes amare Deum വായിപ്പാൻ ഞാൻ മനസാകുന്നു Ego volo legere. എന്നാൽ വായിപ്പാൻ പൊ, ito ad legendum എന്ന പൊരുൾ തിരിക്കെണ്ടതാകുന്നു. താഴെ എഴുതുവാൻ പൊകുന്ന കാനൊനകൾകൊണ്ട ഇതു ഏറ്റം തെളിവാകും.

---

### ഒന്നാം കാനൊന.

Soleo, Incipio, Debeo, cœpi, Desino, Possum, Queo, Nequeo എന്ന ക്രിയാപദങ്ങളോടു ചെൎന്നുവരുന്ന ക്രിയാപദം infinitivo വിധമായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉ-ദ. Quotidie Solemus orare, manducare, arare, loqui, studere scribere &c. ദിവസംതോറും നാം നമസ്കരിക്കയും, തിന്നുകയും കിളെക്കയും, സംസാരിക്കയും പഠിക്കയും, എഴുതുകയും ചെയ്യുമാറാകുന്നു.

൨. വല്യ കാൎയ്യത്തിനുള്ള മനസ്സിന്റെ ചാച്ചിലിനെ കാട്ടുന്നതും മനസ്സിന്റെ വിരൊധം കാട്ടുന്നതുമായ ക്രിയാപദങ്ങൾ ആകുന്നു, Volo, Malo, Cupio, Exopto &c. Nolo, recuso, respuo &c. എന്നതുകളൊടു ചെൎന്നുവരുന്ന ക്രിയാപദങ്ങളും.

൩. ആരംഭം കാട്ടുന്ന ക്രിയാപദങ്ങൾ ആയ Incipio, aggredior,, Ordior &c. എന്നതുകളൊടു ചെൎന്നുവരുന്ന ക്രിയാപദങ്ങളും.

൪. നിലനില്പ കാട്ടുന്ന ക്രിയാപദങ്ങളായ Persevero, ,persto, persisto &c. അരുതി കാട്ടുന്ന desino, mitto, Cesso &c. എന്നതുകളൊടു ചെൎന്നുവരുന്നതുകളും.

൫. പ്രയാസം കാട്ടുന്ന ക്രിയാപദങ്ങൾ ആകുന്ന conor, nitor, laboro &c. എന്നതുകളൊടു ചെൎന്നുവരുന്ന ക്രിയാപദങ്ങളും.

൬. ഓൎമ്മ, ഓൎമ്മകെട് കാട്ടുന്ന ക്രിയാപദങ്ങളായ Memini, Recordor, Obliviscor എന്നതുകളൊടു ചെൎന്നുവരുന്ന ക്രിയാപ്പദങ്ങളും.

൭. തത്രം, താമസം കാട്ടുന്ന ക്രിയാപദങ്ങളായ Propero, maturo, moror, supersedeo എന്നതുകളൊടു ചെൎന്നുവരുന്ന ക്രിയാപദങ്ങളും.

൮. Arbitror, puto, existimo, credo, dico, intelligo, Scio, ശെഷവും ഇങ്ങനെ എത്ര അൎത്ഥങ്ങളായിട്ടു കാണിച്ചിരിക്കുന്ന ക്രിയാപദങ്ങളൊടും ഇവകളൊടു സംബന്ധിച്ചതുകളൊടും ചെൎന്നുവരുന്ന ക്രിയാപദങ്ങൾ തക്ക വാചകമായിട്ടാകുമ്പൊൾ infinitivo വിധമായിട്ടു പൊരുൾ തിരിക്കെണ്ടതാകുന്നു.

---

## രണ്ടാം കാനൊന.

ചൊ: Infinitivo വിധമായിട്ടു പൊരുൾ തിരിക്കാമെന്ന തൊന്നും വാചകങ്ങൾ ആയിരുന്നാലും ,,ut,, എന്ന Particula യൊടു കൂടിയ Subjunctivo വിധമായിട്ടു പൊരുൾ തിരിക്കെണ്ടുന്നത ഏതു ക്രിയാപദങ്ങളൊടു ചെൎന്നുവരുമ്പൊൾ ആകുന്നു?

ഉ: ചൊദ്യം കാട്ടുന്ന Peto posco, flaogito; മുതലായതുകളൊടും.

൨. മുട്ടിപ്പ കാട്ടുന്ന Insto, insisto, contendo മുതലായതുകളൊടും.

൩. അപെക്ഷ കാട്ടുന്ന Oro, precor, exoro മുതലായതുകളൊടും.

൪. ഗുണദൊഷം കാട്ടുന്ന Moneo, hortor, Suadeo, മുതലായതുകളൊടും.

൫. കല്പന കാട്ടുന്ന Impero, mando, præcipio മുതലായതുകളൊടും.

൬. അനുവാദം കാട്ടുന്ന Permitto, Sino, concedo മുതലായതുകളൊടും.

൭. പ്രവൃത്തി അന്വെഷം കാട്ടുന്ന Facio, ago, curo മുതലായതുകളൊടും ചിലപ്പൊൾ infinitivo വിധത്തൊടു ചെൎക്കെണ്ടുന്ന Conor nitor laboro, വിശെഷിച്ച ചിലപ്പൊൾ Volo, opto, സംഭവം കാട്ടുന്ന accidit, contingit, evenit, usuvenit, എന്നതുകളൊടും ,,ut,, എന്ന particulaയൊടു ഇല്ലെന്ന പറയുന്ന വാചകമായിരുന്നാൽ ,,ut,, എന്നതിന്നു പകരമായിട്ടു ,,ne,, എന്ന negativa particulaയൊടു കൂടിയ Subjunctivus വിധം ചെൎക്കപ്പെടെണ്ടുന്നതാകുന്നു ഉദ. Oro ne pecces പിഴക്കല്ലെ എന്ന നിന്നൊടു ഞാൻ അപെക്ഷിക്കുന്നു.

Malo mori, quam peccare, പിഴക്കുന്നതിനെക്കാൾ മരിപ്പാൻ ഏററം ഞാൻ മനസ്സായിരിക്കുന്നു.

---

## മൂന്നാം കാനൊന.

വിശെഷിച്ച മെലെഴുതിയ ക്രിയാപദങ്ങളിൽ വെച്ച ചിലതുകളെ കുറിച്ചുള്ള കാനൊനാകൾ ആകുന്നതെന്തെന്നാൽ.

൩-മത. Solet, incipit, debet, Cæpit, desinit, potest എന്ന ക്രിയാപദങ്ങൾ Impersonalia ക്രിയാപദങ്ങളുടെ infinitivo വിധത്തൊടു ചെൎന്നുവരുമ്പോൾ ഒരു ക്രിയാപദങ്ങളും impersonalia ആയിട്ടു അതായത മൂന്നാം personaയിൽ മാത്രം പ്രയൊഗിക്കെണ്ടതാകുന്നു. ഉദ. ദൊഷങ്ങളെ കുറിച്ച നാണിപ്പാൻ നീ തുടങ്ങുന്നു tu incipis te pudere എന്നാകെ ചൊല്ലിയാൽ അബദ്ധമാകുന്നു Incipit te pudere peccatorum എന്നു ചൊല്ലുകയും വെണം. വിശെഷിച്ചും ഇങ്ങനെയുള്ള ക്രിയാപദങ്ങൾ Passivaക്കു കൂടാ എന്ന ഓൎത്തുകൊൾക ആകയാൽ Potestur, debetur, Soletur എന്നും ചൊല്ലി കൂടാ potest, solet, debet എന്ന പ്രയൊഗിച്ച ഇവകളുടെ ശെഷം വരുന്ന infinitivus passivaക്കുകയും വെണം. ഒരുവണ്ണം കാന്നൊ എന്ന യുദ്ധത്തിന്റെ ശെഷം ഹന്നിബെലെ എന്ന അയാളാൽ റൊമ്മാ പിടിക്കപ്പെട്ടുവാൻ വശമായിരുന്നു post pugnam cannensem ab Hannibale capi Roma poterat എന്നാൽ ഒരു ക്രിയാപദങ്ങളുടെ ശെഷം വരുന്ന infinitivus passivaക്കു കൂടാത്ത neutrum vel deponens &c. ക്രിയാപദമായിരുന്നാൽ ഒന്നുകിൽ വാചകം Activaയിട്ടു പകൎത്തികൊള്ളണം അല്ലെങ്കിൽ passivaയിട്ടു പ്രയൊഗിപ്പാൻ തക്കതായിരിക്കുന്ന വെറിട്ടൊരു ക്രിയാപദം പ്രയൊഗിച്ചുകൊള്ളണം ഉദ. ബാല്യപ്രായക്കാരാൽ എല്ലാടത്തും നല്ല കാൎയ്യങ്ങൾ പറയപ്പെടെണ്ടതാകുന്നു, Loquor എന്ന ക്രിയാപദം passivaക്കു കൂടാ ആയതുകൊണ്ടു ഒന്നുതിൽ activaയിട്ടു ഒരു വാചകത്തെ പകൎത്തി ഒരു വണ്ണം പൊരുൾ തിരിക്കണം. Adolescentes debent ubique honesta loqui vel, ,,narror,, എന്ന ക്രിയാപദം പ്രയൊഗിച്ച ഒരുവണ്ണം പൊരുൾ തിരിക്കണം ab adolescentibus debent ubique honesta narrari.

---

## നാലാം കാനൊന

Volo, Malo, Nolo, എന്ന ഒരു മൂന്ന ക്രിയാപദങ്ങൾ passivaയാക്കി കൂടായെന്നു തന്നെയുമല്ല പിന്നെയൊ Impersonalia ആയിട്ടും പ്രയൊഗിച്ചു കൂടാ എന്നതിനെ കൊണ്ടു മലയാഴ്മയിൽ വല്ല Passiva വാചകമായിട്ടു വന്നാൽ അതു activaയായിട്ടു പകൎത്തി ഒരു വക ക്രിയാപദങ്ങൾ impersonalia യായിട്ടു പ്രയൊഗിച്ചുകൊൾക. ഉദ: എഴുതുന്നതിനെകാൾ വായിക്കുന്നത നിന്നാൽ എറ്റം മനസ്സാകപ്പെടുന്നു Tu mavis legere, quam scribere എന്നാൽ ഒരു വക ക്രിയാപദങ്ങൾ യാതൊരു impersonale ക്രിയാപദത്തൊടു ചെൎന്നുവരുമ്പോൾ me, te, se, nos, vos എന്ന പെരിന്ന പകരമുള്ള പദങ്ങളിൽ ഒന്ന കൂട്ടെണ്ടുന്നതാകുന്നു ഉദ: ദൊഷത്തെകുറിച്ച നാനിക്കുന്നതിനെക്കാൾ മനസ്താപപ്പെട്ടുവാൻ എറ്റം ഞാൻ മനസ്സാകുന്നു Malo me peccati poeniteat quam pudeat ദൊഷം ചെയ്തതിനെ കുറിച്ച തെറുന്നതിനെകാൾ ദൊഷം ചെയ്യുന്നതിന നാണിപ്പാൻ എറ്റം ഞാൻ മനസ്സാകുന്നു Malo me pudeat peccare, quam poeniteat peccavisse.

---

## അഞ്ചാം കാനൊന.

Vereor, Timeo, Metuo എന്ന ക്രിയാപദങ്ങൾ ,,ut,, vel ,,ne,, എന്ന particula യൊടു കൂടിയ Subjunctivum വിധത്തെ ആഗ്രഹിക്കുന്നു അതായത ഉണ്ടാകാട്ടെ എന്ന നാം ആഗ്രഹിക്കുന്ന കാൎയ്യം ഉണ്ടാകയില്ല എന്ന ഭയപ്പെടുമ്പോൾ ,,ut,, എന്ന particula പ്രയൊഗിക്കണം ഉദ. ഞാൻ സൌഖ്യമാകുന്നതിനെഴൽ ഭയപ്പെടുന്നു, Timeo ut convalescam എന്നാൽ Timeo me non convalescam. (എറ്റം നല്ല വാചകമാകുന്നു) വീഴുന്നതിന്മെൽ ഞാൻ ഭയപ്പെടുന്നു Timeo ne cadam.

---

## ആറാം കാനൊന.

,,Non dubito,, ഞാൻ സംശയിക്കുന്നില്ല എന്ന അൎത്ഥമായിരിക്കുന്ന ഒരു ക്രിയാപദത്തിന്റെ ശെഷം Subjunctivo വിധത്തൊടു കൂടെ ,,quin,, എന്ന particula ചെൎക്കെണ്ടതാകുന്നു ഉദ. സംഗതി ഒരുവണ്ണമാകുന്നൊ എന്ന ഞാൻ സംശയിക്കുന്നില്ല Non dubito

quin res ita sit. പുണ്യത്തിന്ന സമ്മാനം ആസ്ഥമാക്കപ്പെട്ടിരിക്കുന്നു എന്ന സംശയിക്കുന്നവനാര? Quis dubitat quin virtuti paratum sit proemium ഈ ഒടുക്കത്തെ ഉദാഹരണം സൂക്ഷിക്കുമ്പോൾ dubito ചോദ്യമായിട്ട വന്നാൽ ,,non,, എന്ന particula negativa ഇല്ലെങ്കിലും quin cum Subjunctivo പ്രയോഗിക്കെണ്ടതാകുന്നു വെന്ന തിരിയും.

---

## ഏഴാം കാനോന.

Prohibeo Impedio വിലക്കുന്നു തടവുചെയ്യുന്നു എന്നക്രിയാപദങ്ങളുടെ ശെഷം infinitivum വിധത്തെ പ്രയോഗിക്കാമെങ്കിലും ,,ne,, vel,, quo minus,, എന്ന particula കളോടുകൂടിയ Subjuntivus ഏറ്റം നടപ്പുള്ളതാകുന്നു ഉദ. ഇതിൽ അധികം എഴുതുവാൻ കണ്ണുനീരുകൾ തടവുചെയ്യുന്നു. Prohibent, vel, impediunt lacrimæ ne, vel, quo minus plura scribam Prohibent impediunt lacrymæ plura scribere ; എന്നും പറയാം.

Non te impedio quominus ludas, നീ കളിക്കുന്നതിന്ന ഞാൻ തടവുചെയ്യുന്നില്ല.

---

## എട്ടാം കാനോന.

അതിശയം, ദുഃഖം, കൂടെ ദുഃഖിക്കുന്നു, കൂടെ സന്തൊഷിക്കുന്നു, എന്നുള്ള അൎത്ഥങ്ങളൊടുകൂടിയ ക്രിയാപദങ്ങൾ infinitivum വിധത്തെ quod കൂടി Subjunctivo വിധമായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദ: Gaudeo quod venisti, vel quod veneris, നീ വന്നതുകൊണ്ട ഞാൻ സന്തൊഷിക്കുന്നു എന്നാലും Gaudeo te venisse എന്ന infinitivi-ന്റെ മാൎഗ്ഗം പൊരുൾ തിരിക്കയും ആം.

Doleo quod peccaverim, vel me peccavisse, vel peccasse ഞാൻ പാപം ചെയ്തുകൊണ്ട മനസ്താപപ്പെടുന്നു. Miror, quod nondum advenerit, vel nondum eum advenisse അവൻ ഇതുവരെ വരാത്തതിന്മെൽ ഞാൻ അതിശയപ്പെടുന്നു.

Gratulor, quod recte valeas, നീ സൌഖ്യമായിട്ട ഇരിക്കുന്നതിന്മെൽ vel ഇരിക്കുന്നു എന്നതിനെകൊണ്ട ഞാൻ സന്തൊഷിക്കുന്നു.

---

## ഒമ്പതാം കാനോന.

ശരണം, പറഞ്ഞൊപ്പ, സത്യം, ഉദ്ദെശം എന്ന അൎത്ഥത്തൊടുകൂടിയ Spero, promitto &c. എന്ന ക്രിയാപദങ്ങൾ വരുംകാലം സംബന്ധിച്ചതാകകൊണ്ട ഇവകളുടെ ശെഷം വരുന്ന ക്രിയാപദവും Infinitivi വിധത്തിന്റെ വരുംകാലമായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. എന്നാൽ ഇതിങ്കൽ വെച്ച മലയാഴ്മയും ചെരും. ഉദ: ഈ നിന്റെ നിൎഭാഗ്യത്തിൽ vel അരിഷ്ടതയിൽ സൎവ്വെശ്വരൻ നിന്നെ സഹായിക്കുമെന്ന നീ ശരണപ്പെടുക In ista tua calamitate, Deum tibi auxiliaturum spera. നീ സൌഖ്യമാകുമെന്ന ഞാൻ ശരണപ്പെട്ടിരുന്നില്ല, non amplius sperabam te ad sanitatem venturum &c.

---

## പത്താം കാനോന.

മലയാഴ്മയിൽ വാൻ, പ്പാൻ, എന്ന Infinitiva കൾ ഒരു Substantivo പെരാൽ ഭരിക്കപ്പെടുമ്പോൾ ഇങ്ങിനെയുള്ള Infinitiva കൾ gerundium. in ,, di,, ആയിട്ട പൊരു

ൾ തിരിക്കെണ്ടതാകുന്നു ഉദ: Tempus studendi, പഠിപ്പാനുള്ള നെരം vel കാലം, tempus ludendi, ridendi, orandi &c. കളിപ്പാനും ചിരിപ്പാനും, നമസ്കരിപ്പാനുമുള്ള നെരം &c.

---

## പതിനൊന്നാം കാനൊന.

Dignus, Indignus എന്ന adjectivaകളൊടു ചെൎന്നുവരുന്ന infinitivus വിധം qui quæ, quod എന്ന relativiനൊടു, vel ut ,, എന്ന particulaയൊടു കൂടിയ subjunctivus വിധമായിട്ട പൊരുൾ തിരിപ്പാനുള്ളതാകുന്നു. ഉദ. അവൻ സ്നെഹിക്കപ്പെടുവാൻ യൊഗ്യനാകുന്നു dignus est qui ametur vel dignus est ut ametur അല്ലെങ്കിൽ infinitivus വിധത്തിന്റെ അൎത്ഥമുള്ള ഒരു Substantivo പെരായിട്ട പകൎന്നാം. ഉദ: dignus est amore നീ ജീവിപ്പാൻ യൊഗ്യനല്ല indignus es qui vivas, vel ut vivas, vel indignus es vita.

---

## പന്ത്രണ്ടാം കാനൊന.

,,de,, എന്ന മുൻചൊല്ലിനൊടു കൂടിയ ablativo വിഭക്തിയൊടു ചെൎക്കപ്പെടെണ്ടുന്ന ക്രിയാപദങ്ങളിൽ ഭരിക്കപ്പെടുന്ന infinitivus വിധം Gerundium in do ആയിട്ട ചിലപ്പൊൾ പൊരുൾ തിരിക്കെണ്ടതായിട്ട വരും. ഉദ: യുദ്ധം ചെയ്വാൻ ആലൊചനയായിരിക്കുന്നു vel പറയപ്പെടുന്നു agitur de belligerando. ലൊകത്തെ ഉപെക്ഷിപ്പാൻ നിശ്ചയിക്കുന്നതിന്ന അവൻ തുടങ്ങി cœpit deliberare de relinquendo sæculo.

എന്നാൽ dativo വിഭക്തിയൊടു ചെൎക്കപ്പെടെണ്ടുന്ന ക്രിയാപദത്താലെ adjectivo പെരാലെ infinitivus ഭരിക്കപ്പെടുന്നതായിരുന്നാൽ Gerundium in ,, do ,, ആയിട്ട തന്നെ പൊരുൾ തിരിക്കെണ്ടതാകുന്നു. അപ്പൊൾ ആ gerundium dativus വിഭക്തിയാകും ഉ: assuescere laborando വെല ചെയ്യാൻ തഴങ്ങുന്നത, intentus studendo പഠിപ്പാൻ സൂക്ഷ്മവും താല്പൎയ്യവുമുള്ള. intentus scribendo epistolam, vel melius, scribendæ epistolæ എഴുത്ത എഴുതുന്നതിന്ന vel എഴുതുവാൻ സൂക്ഷ്മമുള്ള vel വെല ചെയ്യുന്ന. വിശെഷിച്ച ,, ad ,, എന്ന മുൻചൊല്ലിനൊടു കൂടിയ accusativo വിഭക്തിയൊടു ചെൎക്കപ്പെടെണ്ടുന്ന ക്രിയാപദത്താൽ എങ്കിലും adjectivo പെരാൽ എങ്കിലും ഭരിക്കപ്പെട്ട infinitivus വിധം gerundium in ,, dum ,, ആയിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദ: Te para ad discendum പഠിപ്പാൻ നിന്നെ ആസ്ഥമാക്കുക, Pronus ad dimittendum offensas vel ad dimittendas offensas ഉപദ്രവങ്ങളെ ക്ഷമിപ്പാൻ vel പൊറുപ്പാൻ ചാഞ്ഞിരിക്കുന്ന(വൻ) Pronus ad parcendum inimicis ശത്രുക്കളൊടു പൊറുപ്പാൻ ചാഞ്ഞിരിക്കുന്ന(വൻ)

---

## പതിമൂന്നാം കാനൊന.

Infinitivus modus passivus ഒരു പെരാൽ ഭരിക്കപ്പെടുമ്പൊൾ സാമാന്യം ,, u ,, ആയിട്ട അവസാനിക്കുന്ന Supinum ആയിട്ട പൊരുൾ തിരിപ്പാനുള്ളതാകുന്നു. ഉദ: കാണപ്പെടുവാൻ അതിശയമുള്ളത mirabile visu, കണ്ടുപിടിക്കപ്പെടുവാൻ അസാദ്ധ്യമുള്ളത impossible intellectu, ചൊല്ലപ്പെടുവാൻ എളുപ്പവും, ചെയ്യപ്പെടുവാൻ വിഷമവുമുള്ള വസ്തു res facilis dictu, sed difficilis facutu.

---

## പതിന്നാലാം കാനൊന.

—വാൻ .പ്പാൻ .തിന്ന എന്ന മലയാഴ്മയിലെ infinitivaകളുടെ ശെഷം ഒന്നുമില്ല, എ

ഉമില്ല, എന്ന വചനം വരുമ്പോൾ qui, quæ, quod കൂടി Subjunctivi ന്റെ നില്ക്കുന്ന കാലമായിട്ടെങ്കിലും കഴിഞ്ഞുനടക്കുന്ന കാലമായിട്ടെങ്കിലും പൊരുൾ തിരിക്കയും ആം. ഉദ: തിന്മാൻ എനിക്ക ഒന്നുമില്ല non habeo quod comedam, നിനക്ക എഴുതുവാൻ യാതൊരു കാൎയ്യവും എനിക്ക ഉണ്ടായിരുന്നില്ല non habebam quod ad te scriberem അയപ്പാൻ എനിക്കൊരുത്തരുമില്ല non habeo quem mittam.

---

## പതിനഞ്ചാം കാനൊന.

ഇന്നതിന്ന വെണ്ടി, അതിനെ പറ്റി -കുറിച്ച എന്നുള്ള അൎത്ഥത്തൊടകൂടിയ infinitivaകൾ ഉണ്ട ഇതിന്റെ ഒരു ഉദാഹരണം ൬൦ം പറയുന്ന കാനൊനായെ തെളിയിക്കും. ഉദ: കൊതമ്പിനെ മെടിപ്പാൻ നാം വന്നു, കൊതമ്പിനെ മെടിക്കുന്നതിന്ന വെണ്ടി, കൊതമ്പിനെ മെടിപ്പാൻ എന്നതിനെ പറ്റി ഞങ്ങൾ vel നാം വന്നു ഇങ്ങിനെയുള്ള വാചകങ്ങൾ Gerundium in ‚dum‚ ആയിട്ട ad എന്ന മുൻചൊല്ല കൂട്ടിക്കൊണ്ട പൊരുൾ തിരിക്കാം, vel causa, gratia, ergo എന്ന കൂട്ടിക്കൊണ്ട gerundium in,, di,, ആയിട്ട പൊരുൾ തിരിക്കാം vel ‚ut‚ എന്ന particula യൊട കൂടിയ Subjunctivus ആയിട്ടും vel rus, ra, rum എന്ന participium ആയിട്ടും അല്ലെങ്കിൽ infinitivum വിധത്തെ ഭരിക്കുന്നത ഇളക്കം കാട്ടുന്ന ക്രിയാപദം ആയിരുന്നാൽ Supinum in ,, um ,, ആയിട്ടും പൊരുൾ തിരിക്കയും ആം ഇതിന്ന തക്കതിൻവണ്ണം മെലെഴുതിയ ഉദാഹരണം ൬൦ം വണ്ണം പൊരുൾ തിരിക്കാം ൧. Venimus ad emendum frumentum. ൨ Venimus emendi causa frumentum. ൩ Venimus ut emamus frumentum. ൪ Venimus empturi frumentum. ൫ Venimus emptum frumentum. ൬ Venimus emendi causa frumenti·

---

## പതിനാറാം കാനൊന.

മലയാഴ്മ Infinitivaകൾ പൊകുവാറായിരിക്കുന്നു പുറപ്പെട്ടുവാറായിരിക്കുന്നു എന്നിവകളും ഇതുപൊലെയുള്ള വാചകങ്ങളും ലത്തീനിൽ participium, rus, ra, rum passiva വാചകമായിരുന്നാൽ participium, dus, da dum, ആയിട്ട ആയിരിക്കുന്ന ആയിരുന്ന വെന്ന കടവിയായിട്ടുള്ള ക്രിയാപദം Sum, es, est എന്ന ക്രിയാപദം കൊണ്ടും പൊരുൾ തിരിപ്പാനുള്ളതാകുന്നു ഉദ. ഞാൻ പുറപ്പെട്ടുവാറായിരിക്കുന്നു. Ego discessurus sum അവര പുറപ്പെട്ടുവാറായിരുന്നു, Illi discessuri erant ഇരുവരും മരിപ്പാറായിരുന്നു, ambo morituri erant.

എന്നാൽ മലയാഴ്മ വാൻ, പ്പാൻ എന്ന infinitivaകളൊട കൂടെ ആവശ്യം കടം കാട്ടുന്ന മൊഴി ചെൎന്നുവരുമ്പോൾ regens dativo വിഭക്തിയിൽ വെച്ച infinitivus, വാൻ പ്പാൻ gerundium in ‚dum‚ ആയിട്ടും ആവശ്യം കടം കാട്ടുന്ന മൊഴി ‚est‚ impersonale ആയിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു ഉദ. Mihi omnino discedendum fuit, എനിക്ക ഒഴിവുകൂടാതെ പുറപ്പെടെണ്ടിവന്നു. Tibi Silendum esset, vel silendum foret, നീ മിണ്ടാതെ ഇരിക്കെണ്ടിയതായിരുന്നു studendum est പഠിക്കെണ്ടതാകുന്നു vel പഠിനത്തിന്ന വെല ചെയ്യെണ്ടതാകുന്നു peccatori timendum foret പാപിക്ക ഭയപ്പെട്ടുവാൻ ആവശ്യമായിരുന്നു discipulo fugienda negligentia ശിഷ്യൻ മടിയിൽനിന്ന ഓടിഒളിപ്പാൻ കടമാകുന്നു Serviendum Domino കൎത്താവിന്ന ചിറാഴ്മ ചെയ്യാൻ അവശ്യമാകുന്നു vel ചെയ്യെണ്ടതാകുന്നു.

——z——

# CAPUT QUARTUM.

## നാലാം അദ്ധ്യായം.

## DE GERUNDIIS PARTICIPIIS, ET SUPINIS.

ചൊ : Gerundium എന്ന ലത്തീൻ പെച്ചിൽ പറയുന്നത എന്താകുന്നു ?

ഉ : വ്യാകരണക്കാര വളരെ തൎക്കിച്ച വിസ്തരിച്ചിരിക്കുന്ന ഒരു സംഗതിയായിരിക്കുന്നു എന്നാൽ ഏറ്റം ഉപ്പുള്ളതായി തൊന്നുന്ന അഭിപ്രായം ഇതായിരിക്കുന്നു അതായത Gerundium എന്നു പറയുന്നത യാതൊരു കാൎയ്യം ചെയ്യുവാനുള്ള കടം vel ആവശ്യം കാണിക്കുന്ന ക്രിയാപദത്തൊട ചെൎന്ന ഒരുവക substantivum പെരാകുന്നു.

ചൊ : എന്നാൽ ഇതിനൊട ചെരെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു ?

ഉ. എന്തൊരു ക്രിയാപദത്തിന്റെ Gerundium ആകുന്നു അതിന്റെ വിഭക്തികൾ ചെൎക്കെണ്ടതാകുന്നു.

ചൊ : Gerundiaകൾ എത്രയാകുന്നു ?

ഉ : മൂന്നാകുന്നു in, di, in, do, in, dum, മൂന്നും activum, passivum ആയിട്ടുള്ള അൎത്ഥം ഉണ്ടെങ്കിലും passivum അൎത്ഥമായിട്ട അത്ര നടപ്പുള്ളതല്ല. ‚ut, എന്ന particula യൊട കൂടിയ subjuctivആയിട്ട പൊരുൾ തിരിക്കുന്നത ഏറ്റം നടപ്പായിരിക്കുന്നു.

ചൊ : Gerundia കൾ എങ്ങിനെ ഉണ്ടാക്കപ്പെടുന്നു ?

ഉ : ans, vel ens ആയിട്ട അവസാനിക്കുന്ന നില്ക്കുന്നകാലത്തിന്റെ participium എന്നതിന്റെ genitivo വിഭക്തിയിൽ നിന്ന tis എന്ന അക്ഷരങ്ങളെ di, do, dum ആയിട്ട പകൎത്തികൊണ്ട ഉണ്ടാക്കപ്പെടുന്നു. ഉദ : Legentis, legendi, legendo, legendum എന്നാൽ Eo ഞാൻ പൊകുന്നു എന്ന ക്രിയാപദത്തിലും ഇതിനാൽ ഉണ്ടാക്കപ്പെട്ടതിലും Gerundia കൾ ഒരൊ ക്രിയാപദങ്ങളുടെ നില്ക്കുന്ന കാലത്തിന്റെ ബഹുവചനത്തിന്റെ മൂന്നാമത്തെ personaയിൽ നിന്ന ‚t, എന്ന അക്ഷരം di, do, dum, ആയിട്ടു പകൎത്തികൊണ്ടുണ്ടാക്കപ്പെടുകയും ചെയ്യുന്നു. ഉദ : Eunt, eundi, eundo, eundum.

ചൊ : Gerundiaകളായിട്ട പൊരുൾ തിരിക്കെണ്ടുന്ന മലയാഴ്മവാചകങ്ങൾ ഇന്നതെന്ന നിശ്ചയിച്ചു പറയാമൊ ?

ഉ : നിശ്ചയിച്ചു പറവാൻ വഹിയാ എന്നു പറയാം എന്നുവരികിലും -പ്പാൻ -വാൻ &c. ആയിട്ട അവസാനിക്കുന്ന infinitiva കൾ പ്രത്യെകം -പ്പാനായിട്ട -വാനായിട്ട എന്നുള്ള അൎത്ഥത്തൊട കൂടിയുള്ളത ഒരു Substantivo പെരാൽ ഭരിക്കപ്പെടുമ്പൊൾ Gerundium in ‚di, ആയിട്ട പൊരുൾ തിരിക്കയുമാം എന്നാൽ ചിലപ്പൊൾ പാടില്ല അല്ലെങ്കിൽ മറ്റു വിധമായിട്ട ഏറ്റം നല്ല ചെല്ലയൊടുകൂടെ പൊരുൾ തിരിക്കാകുന്നത എപ്പൊളാകുന്നുവെന്ന അഭ്യാസംകൊണ്ട ഗ്രഹിക്കയും ചെയ്യാം. ഉദ: റൊമ്മപുരിയെ കാണ്മാൻ ഇനിക്ക ആഗ്രഹം ഉണ്ട Mihi est desiderium videndi Romam. നീ കൊച്ചിനഗരിയെ കാണ്മാൻ ആഗ്രഹമുള്ളവനാകുന്നു tu es cupidus videndi Coccinum. എന്നാൽ മെലെഴുതിയ infinitiva കൾ -പ്പാൻ -വാൻ കഴിഞ്ഞിട്ട മലയാഴ്മയിൽ ഒരു ക്രിയാപദം ആ വാചകത്തിന്റെ തികവിന്നായിട്ട വരുമ്പൊൾ causa vel gratia എന്ന ablativa കളിൽ ഒന്ന ചെൎക്കപ്പെടുന്നു. ഉദ : നിന്നെ കാണ്മാനായിട്ട ഞാൻ വന്നു Veni causa te videndi.

ചൊ : Gerundium ‚in di, എന്നതിനൊട ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു ?

ഉ : മെൽ ചൊല്ലിയിരിക്കുംവണ്ണം Gerundium in, ‚di, എന്ന ഇതിനൊട ശെഷം gerundia കളൊടും അതാതിന്റെ ക്രിയാപദത്തിന്റെ വിഭക്തികൾ ചെൎക്കപ്പെടെണ്ട

താകുന്നു. ഉദ: ഉപദ്രവങ്ങളെ മറപ്പാനുള്ള കാലമാകുന്നു tempus est obliviscendi injuriarum; ശത്രുക്കളോടു ക്ഷമിപ്പാനുള്ള കാലമാകുന്നു tempus est ignoscendi inimicis. ദുരാശകളെ അമൎത്തുവാനുള്ള കാലമാകുന്നു tempus est coercendi cupiditates.

എന്നാൽ infinitivum വിധത്തെ കുറിച്ചു എഴുതിയ കാനോനകളിൽ കാണിച്ചിരിക്കുന്നതുപോലെ മെലെഴുതിയ വാചകങ്ങളോടുകൂടെ യാതൊരു ക്രിയാപദം ചെൎന്നുവരുമ്പോൾ പൊരുൾ തിരിപ്പു പലവിധമാകും. ഉദ: റോമാപുരിയെ കാണ്മാൻ ഞാൻ ആഗ്രഹിക്കുന്നു Cupio videre Romam എന്നാൽ മെലെഴുതിയ വാക്യങ്ങളുടെ ശെഷം ഇളക്കം കാട്ടുന്ന ഒരു ക്രിയാപദം വരുമ്പോൾ ആ വാചകം infinitiviന്റെ പതിനാലാം കാനോനായിൽ കാണുന്നതുപോലെ ആ വിധമായിട്ടു പൊരുൾ തിരിക്കാം എന്നാൽ ഇരിപ്പു കാട്ടുന്ന ക്രിയാപദമായിരുന്നാൽ മൂന്നു വിധമായിട്ടു പൊരുൾ തിരിക്കാം. ഉദ: നിന്നെ കാണുന്നതിന്നു ഇവിടെ ഞാൻ വസിക്കുന്നു Moror hic ut te videam- causa te videndi, visurus te.

## സൂക്ഷിക്കേണ്ടുന്ന ചില വാചകങ്ങൾ.

Discedo ne te videam നിന്നെ കാണാതെ ഇരിപ്പാൻ ഞാൻ പുറപ്പെട്ടുപോകുന്നു.

Non studeo, quia libros non habeo പുസ്തകങ്ങൾ എനിക്കില്ലായ്കയാൽ ഞാൻ പഠിക്കുന്നില്ല Tempus est ut te poeniteat നീ തെറുവാൻ നെരമായി. പഠിപ്പിക്കപ്പെടുവാൻ നീ ആഗ്രഹമുള്ളവനാകുന്നു tu es cupidus erudiri, vel ut erudiaris.

---

## DE GERUNDIO IN ,,DO,,

ചൊ: ഇതിനോടു ചെൎന്ന മലയാഴ്മ വാചകങ്ങൾ എന്തെല്ലാമാകുന്നു?

ഉ: സ്നെഹിച്ചാൽ സ്നെഹിക്കയിൽ സ്നെഹിച്ചുകൊണ്ടു എന്നുള്ള വാചകങ്ങളും ഇതുപോലെ (ഇല്ല) എന്ന negativa particula ചെൎന്നതുകളും മറ്റു ചില വാചകങ്ങളും Gerundio in ,,do,, എന്നതിന്നടുത്ത വാചകങ്ങളാകുന്നുവെങ്കിലും എല്ലാപ്പോഴും Gerundium in ,,do,, പൊരുൾ തിരിച്ചെ മതിയാവു എന്നില്ല എന്നുതന്നെയുമല്ല പിന്നെയൊ താഴെ എഴുതുവാൻ പൊകുന്ന ഉദാഹരണങ്ങളാൽ തെളിവായി വരുമെന്നതുപോലെ ചിലപ്പോൾ വെറെ വിധമായി പൊരുൾ തിരിപ്പാൻ ആവശ്യമാകുന്നു ഉദ. സൎവ്വെശ്വരനെ സ്നെഹിച്ചാൽ നീ രക്ഷപ്പെടും Amando Deum Salvaberis തെറു ചെയ്തുകൊണ്ടു പഠിക്കപ്പെടുന്നു errando discitur: : നന്നായിട്ടു സൂക്ഷിച്ചു നിരൂപിച്ചാൽ, vel ആരാഞ്ഞു പാൎത്താൽ വിഷമം നിനക്കു തിരിയും bene perpendendo, difficultatem intelliges—എന്നാൽ Ablativus വിഭക്തിയായിട്ടുള്ള Gerundium in ,,do,, ചിലപ്പോൾ മുൻചൊല്ലുകൂടാതെ ചിലപ്പോൾ മുൻചൊല്ലിനോടു കൂടെ പ്രയോഗിക്കപ്പെടുന്നു എന്നാൽ സാമാന്യം ഇതിനോടു ചെൎക്കപ്പെടുന്ന മുൻചൊല്ലുകൾ ,,a,, ab,, ,,in,, de,, ചിലപ്പോൾ ,,cum,, pro,, ex,, എന്നുള്ളവയാകുന്നു ഉദ. (മെലെഴുതിയ ഉദാഹരണങ്ങൾ മുൻചൊല്ലുകൂടാതെയുള്ളതായിരിക്കുന്നുവെന്നു കാണാമല്ലൊ?) redierunt a deambulando, ലാത്തിൽ നിന്നു അവർ പിന്തിരിഞ്ഞു dicebantur salii a saliendo, ചാടുന്നതിൽ നിന്നു സാലിയി എന്നു ചൊല്ലപ്പെട്ടിരുന്നു.

ചൊ: Dativus വിഭക്തിയായിട്ടുള്ള gerundium in ,,do,, എന്നതിന്റെ പ്രയോഗം എങ്ങിനെ?

ഉ: ഇത dativo വിഭക്തിയൊടു ചെൎക്കപ്പെടുന്ന ഒരു പെരാൽ എങ്കിലും ഒരു ക്രിയാപദത്താൽ എങ്കിലും ഭരിക്കപ്പെടുന്നു എന്നാൽ ഉണ്ടായിരിക്കുന്ന ക്രിയാപദത്തിന്റെ ശെഷം accusativus വിഭക്തിചെൎക്കപ്പെട്ടതായി വരുമ്പോൾ ഇങ്ങിനെയുള്ള accusativus dativo വിഭക്തിയിൽ ആക്കി gerundium ആയിട്ടുണ്ടായിരിക്കുന്ന ക്രിയാപദം participium in dus da dum ആക്കി ആ dativo വിഭക്തിയൊടു വൎഗ്ഗത്തിലും എണ്ണത്തിലും ഒപ്പിക്കയും ആം ഉദ. Tu es aptus perpetiendo labores (നല്ല വാചകമായിട്ടു tu es aptus laboribus perpetiendis) എന്നു ചൊല്ലുകയും ആം വെലകളെ സഹിപ്പാൻ നീ വശമുള്ളവൻ vel, തക്കവനാകുന്നു.

ചിലപ്പൊൾ dativo ആയിട്ടുള്ള gerundium ഭരിക്കുന്ന പേര ഇട്ടുകയും ആം ഉദ. Solvendo non erat അതായത. par. vel idoneus, vel habilis, vel aptus non erat എന്ന ഉള്ളതുമായിരിക്കുന്നു. വീട്ടുന്നതിന അവൻ പ്രാപ്തിയുള്ളവനല്ലായിരുന്നു.

ചൊ: Dativus വിഭക്തിയായിട്ടുള്ള ഈ gerundium സാമാന്യം ഏതു ക്രിയാപദങ്ങളൊടു ചെൎക്കപ്പെടുമാറാകുന്നു ?

ഉ: Suadeo, operam do proficio: satis sum, præsum &c. എന്ന ഇവകളൊടു ചെൎക്കപ്പെടുമാറാകുന്നു.

അതിൻവണ്ണം തന്നെ aptus, pronus, habilis, idoneus, par, impar, utilis എന്ന adjectiva പെരുകളൊടും മറു ചിലതുകളൊടും ഈ gerundium ചെൎക്കപ്പെടുന്നു ഉദ. Pompejus prœliando operam dabat, et aptus erat vincendo, അതായത പൊമ്പെയൊ യുദ്ധം ചെയ്യുന്നതിന ജാഗ്രതയുള്ളവനായിരുന്നു, ജയിപ്പാനും വശമുള്ളവനായിരുന്നു.

എന്നാൽ Volo, Malo, Nolo, Memini, Odi, Novi, Cœpi, Sum എന്ന ക്രിയാപദങ്ങൾക്കും ശെഷം ഉദാസക്രിയാപദങ്ങൾക്കും Gerundia കൾ ഇല്ലായ്കകൊണ്ട ഇതിന്ന പകരമായിട്ട cum, vel dum എന്ന particula യൊടു കൂടിയ Subjunctiviന്റെ vel dum എന്നതിനൊടു കൂടിയ Indicativiന്റെ നില്ക്കുന്നകാലമായിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദ: നെറികെട്ടകാരനാകുന്ന മനുഷ്യൻ അന്യവസ്തുക്കളെ അവന്റെ പക്കൽ വലിപ്പാൻ മനസ്സായാൽ പലപ്പൊഴും സ്വന്തമായിട്ടുള്ളതും അവന്ന പൊയ്പൊകയും ചെയ്യുന്നു Injustus homo cum velit, vel dum vult aliena ad se trahere amittit Sæpe etiam quod Suum est.

---

## DE GERUNDIO IN „DUM„

---

ചൊ: Gerundium in ,dum, എന്നതിന്നടുത്ത വാചകങ്ങൾ എന്തെല്ലാമാകുന്നു ?

ഉ: Infinitiviന്റെ വാചകം ആകുന്ന -പ്പാൻ -വാൻ പ്രത്യേകം വെണ്ടി, ആയിട്ട എന്നുള്ള ശക്തിയുള്ളതായിരിക്കുമ്പൊൾ ഇതിന്നടുത്ത മലയാഴ്മ വാചകങ്ങൾ ആകുന്നുവെന്ന പറയാം. ഇതുഹെതുവായിട്ട ഇമിക്കം കാട്ടുന്ന ക്രിയാപദത്തൊടു ചെൎന്നുവരുമ്പൊൾ Infinitivo ആയിട്ടും, Supinum ആയിട്ടും, Gerundium in di ആയിട്ടും ,ut, എന്ന particula യൊടുകൂടിയ Subjunctivoയിട്ടും പൊരുൾ തിരിക്കാം. ഉദ: നിന്നെ കാണ്മാൻ ഞാൻ പിന്തിരിയുന്നു redeo ad videndum te, vel redeo causa te videndi, vel visum te, vel videre te, vel redeo ut te videam.

ഈ Gerundium ചിലപ്പൊൾ Nominativus വിഭക്തിയും, ചിലപ്പൊൾ Accusativus വിഭക്തിയുമാകും. ഉദ: Deambulandum est ഉലാത്തെണ്ടതാകുന്നു എന്ന പറഞ്ഞാൽ deambulandum, nominativus വിഭക്തിയാകും, ite ad deambulandum ഉലാത്തുവാൻ പൊകുവിൻ, ഇവിടെ deambulandum accusativus വിഭക്തിയാകും.

ചൊ: അപ്പൊഴം accusativus വിഭക്തിയായിരിക്കുന്ന Gerundium in „dum„ എന്തിനാൽ ഭരിക്കപ്പെടുന്നു ?

ഉ: Ad എന്ന മുൻചൊല്ലിനാൽ ചിലപ്പൊൾ ob, inter, ante, per എന്നതുകളാലും ഭരിക്കപ്പെടും. വിശെഷിച്ചും ഇമിക്കം കാട്ടുന്ന ഒരുക്രിയാപദത്താലും Facilis, difficilis, promptus, paratus എന്നുള്ള adjectiva പെരുകളാലും ഭരിക്കപ്പെടുകയും ചെയ്യും ഉദ: Tobias invenit angelum paratum ad ambulandum നടപ്പാൻ ആസ്ഥമായ മാലാഖായെ തൊബീയൊസ കണ്ടെത്തി. Nonnulli ex Hispaniis Romam venere ad videndum T. Livium ചിലര തെത്തൊസ ലീവ്യൊ എന്ന ആളിനെ കാണ്മാൻ ഹിസ്പാന്യയിൽനിന്ന റൊമ്മയിൽ വന്നു.

## NOTA.

കവിതക്കാരരൊ മൂന്ന Gerundiaകൾക്ക പകരമായിട്ട ഗ്രെക്കരുടെ Infinitivum വിധത്തെ പ്രയൊഗിക്കുന്നു എന്നറിക.

---

മെലെഴുതിയ Gerundiaകളുടെ തിരിവിന്നായിട്ട സൂക്ഷിക്കെണ്ടുന്നതായത.

സ്നെഹിച്ചിരിക്കയിൽ, സ്നെഹിക്കയാൽ, സ്നെഹിക്കുമ്പൊൾ, സ്നെഹിച്ചുകൊണ്ട, സ്നെഹിച്ചിട്ടുണ്ടായിരിക്കയാൽ, vel ഇരിക്കയിൽ, സ്നെഹിച്ചിരുന്നിരിക്കയിൽ എന്നിങ്ങനെ വരുന്ന വാചകങ്ങൾ ചിലതൊക്കയും നില്ക്കുന്ന കാലത്തൊട്ട ചെന്നതാകുന്നു. ചിലത കഴിഞ്ഞ കാലത്തൊട ചെന്നതാകുന്നു. എന്നാൽ,

### ഒന്നാം കാനോന,

നില്ക്കുന്ന കാലത്തൊട്ട ചെന്നവാചകങ്ങൾ „us,, ആയിട്ട അവസാനിക്കുന്ന participium ആയിട്ട അല്ലെങ്കിൽ,, quum, vel,, dum, എന്ന particulaകളൊട്ട കൂടിയ subjunctiviന്റെ vel കാട്ടുന്ന വിധത്തിന്റെ നില്ക്കുന്ന കാലമായിട്ട vel കഴിഞ്ഞ നടക്കുന്ന കാലമായിട്ട vel വരും കാലമായിട്ട ചിലപ്പൊൾ gerundium in „do,, ആയിട്ടും പൊരുൾ തിരിക്കാം താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളെ സൂക്ഷിച്ചു കൊൾക.

Abiit dicens, ചൊല്ലികൊണ്ട . . . . പൊയി.

Abierunt dicentes ചൊല്ലികൊണ്ട . . . . അവര പൊകയും ചെയ്തു.

Fugientes, vel quum, vel dum fugerent clamabant, ഓടിപ്പൊകയിൽ അവര നിലവിളിക്കയായിരുന്നു. Quum, vel dum loquitur Superior, nemo loqui deberet, ശ്രെഷ്ഠൻ പറകയിൽ ആരും പറയാതെ ഇരിക്കെണ്ടിയിരുന്നു എന്നാൽ ഇതു ablativo absolutആയിട്ട ഏറ്റം നല്ല വാചകമായിട്ട പൊരുൾ തിരിക്കാം അതായത loquente Superiore &c.

Quum ingredieris vel quum ingressus fueris (vel etiam) ingressus domum statim adorabis Dominum, നീ വീട്ടിൽ പ്രവെശിച്ചാൽ ഉടനെ കർത്താവിനെ ആരാധിക്കും vel ആരാധിക്ക.

Quum parum studeat, quem progressum facere potest, കുറെ മാത്രം അവൻ പഠിക്കയാൽ (അറിവിൽ എന്തുവളർച്ച അവന്ന ഉണ്ടാകുവാൻ വശമാകുന്നു) Domine Deus meus da cordi meo te desiderando quærere, quærendo invenire, inveniendo amare, എന്റെ സർവ്വെശ്വര കർത്താവെ! നിന്നെ ആഗ്രഹിച്ചും കൊണ്ട അന്വെഷിപ്പാനും അന്വെഷിച്ചും കൊണ്ട കണ്ടെത്തുവാനും കണ്ടെത്തികൊണ്ട സ്നെഹിപ്പാനും എന്റെ ഹൃദയത്തിന്ന മനൊഗുണം ചെയ്യു.

### രണ്ടാം കാനോന.

കഴിഞ്ഞ കാലത്തൊട്ട ചെന്ന വാചകങ്ങൾ „quum,, എന്ന particulaയൊട്ട കൂടിയ subjunctiviന്റെ കഴിഞ്ഞ കാലമായിട്ട vel കഴിഞ്ഞ മറ്റൊന്നിന്ന മുമ്പിൽ കഴിഞ്ഞ കാലമായിട്ട പൊരുൾ തിരിക്കാം ഉദ. Quum studium semper neglexeris, non mirere quod parum didiceris, നീ പഠിത്തതിന്മെൽ എല്ലായ്പൊഴും മടിയായിരുന്നിരിക്കയിൽ അല്പം [മാത്രം] പഠിച്ചതിന്മെൽ ഞാൻ ആശ്ചര്യപ്പെടുന്നില്ല.

Quum hæc dixisset tacuit, അവൻ ഇവകളെ ചൊല്ലികഴിഞ്ഞിരിക്കയിൽ മിണ്ടടങ്ങി.

Nota. കഴിഞ്ഞ കാലത്തിന്നടുത്ത Gerundium (അതിന്റെ ശെഷം) എന്ന അർത്ഥമുള്ളതായിരിക്കുമ്പൊൾ ut, ubi, postquam, എങ്കിലും ablativo absolut ആയിട്ടെങ്കിലും പൊരുൾതിരിക്കയുമാം ഇതിന്റെ തിരിവിന്ന മെലെഴുതിയ ഉദാഹരണം സൂക്ഷിച്ചാൽമതി.

Quum hæc dixisset tacuit എന്നചൊല്ലുമ്പൊൾ, ഇവകളെ ചൊല്ലിയിട്ട, ഇവകളെ ചൊല്ലിയതിന്റെ ശെഷം, എന്ന മലയാഴ്മയിൽ പൊരുൾ തിരിച്ചാൽ ഏറ്റം ചൊവ്വുള്ള പൊരുൾ തിരിപ്പാകുന്നു. അപ്പൊഴ ut hæc dixit, vel ubi hæc dixit, vel postquam hæc dixit, vel hisce dictis tacuit എന്നു പൊരുൾ തിരിക്കാം.

## NOTA 2o

ചിലപ്പൊൾ നില്ക്കുന്ന കാലത്തിന്നടുത്തതും കഴിഞ്ഞ കാലത്തിന്നടുത്തതുമായ gerundiaകൾ രണ്ടും ,,us, a, um, എന്ന അവസാനിക്കുന്ന കഴിഞ്ഞ participium ആയിട്ട പൊരുൾ തിരിക്കാം. ഉദ. ചൊദ്യപ്പെട്ടാൽ നീ ഉത്തരിക്കും. .Interrogatus, respondebis അവൻ വീട്ടിൽ പ്രവെശിച്ചിരിക്കയിൽ ഇവ്വണ്ണം പറഞ്ഞു ingressus domum, Sic locutus est. രാജാവിന്റെ കല്പനകളെ നിറവെറ്റിരിക്കയിൽ സ്വന്ത ദിക്കിലെക്ക അവൻ പിന്തിരിഞ്ഞു Regis mandata executus, in patriam est reversus. സിംഹം പകുത്തിരിക്കയിൽ ഇവ്വണ്ണം പറഞ്ഞു leo, factis partibus, sic locutus est. ന്യായവിധിക്കാരൻ അവനെ കെട്ടിട്ട അയച്ചു auditum iudex dimisit.

മലയാഴ്മയിൽ Gerundiaകൾക്കടുത്ത വാചകങ്ങളെ കാണുമ്പൊൾ നില്ക്കുന്ന കാലത്തൊട ചെന്നതാകുന്നുയെങ്കിൽ Subjunctiviന്റെ നില്ക്കുന്ന കാലമായിട്ടൊ കഴിഞ്ഞുനടക്കുന്ന കാലമായിട്ടൊ കഴിഞ്ഞ കാലത്തൊട ചെന്ന Gerundium, subjunctiviന്റെ കഴിഞ്ഞ കാലമായിട്ടൊ കഴിഞ്ഞ മറ്റൊന്നിന്ന മുമ്പിൽ കഴിഞ്ഞതായിട്ടൊ പൊരുൾ തിരിക്കെണ്ടതാകുന്നു എന്നറിവാൻ ആവാചകം മലയാഴ്മയിൽ (എന്നതിനെകൊണ്ട) എന്ന മൊഴികളായിട്ട പകൎത്തിക്കൊള്ളണം അപ്പൊൾ ഉണ്ടാകുന്ന വാചകംകൊണ്ട കാലത്തിന്റെ അവസ്ഥ തിരികയും ചെയ്യും. ഉദ: അവൻ ദീനമായിക്കിടക്കയാൽ വരുവാൻ വശമാകുന്നില്ല. അതായത അവൻ ദീനമായി കിടക്കുന്ന(തിനെനെകൊണ്ട) &c. quum sit infirmus venire non potest. അവൻ അഗതിയായിരിക്കയിൽ ധൎമ്മം കൊടുപ്പാൻ വശമാകയില്ല. അവൻ അഗതിയാകുന്നതിനെകൊണ്ട &c. quum sit pauper stipem ercgare non poterit. അവൻ വളരെ അകന്നിരിക്കയിൽ കെൾപ്പാൻ വശമായിരുന്നില്ല, വളരെ അകന്നിരുന്നതിനെകൊണ്ട കെൾപ്പാൻ &c. quum longe abesset audire non poterat. അവൻ തിന്മയായിട്ട പ്രവൃത്തിച്ചിരിക്കയിൽ ശിക്ഷെക്ക പാത്രമാകുന്നു, അവൻ തിന്മയായിട്ട പ്രവൃത്തിച്ചതിനെകൊണ്ട &c. quum male operatus sit meretur castigationem. അവന്റെ കടം നിറവെറ്റിരിക്കയിൽ സമ്മാനിക്കപ്പെട്ടു, അവന്റെ കടം നിറവെറ്റീട്ടുണ്ടായിരുന്നതിനെകൊണ്ട സമ്മാനിക്കപ്പെട്ടു quum officio suo functus fuisset, prœmio donatus fuit.

---

## DE GERUNDIVIS.

അതായത Gerundiaകൾ, participiaകളായിട്ട പകൎത്തുന്നതിന്മെൽ.

---

ചൊ: Gerundiaകൾ Gerundivaയായിട്ട പകൎത്തപ്പെടുന്നത എപ്പൊൾ ആകുന്നു?

ഉ: Gerundium, dus, da, dum ആയിട്ടവസാനിക്കുന്ന participium ആയിട്ട പകൎത്തി adjectiviന്റെ മുറെക്ക വാചകത്താൽ ഉണ്ടായിരിക്കുന്ന Substantivo പെരിനൊട വൎഗ്ഗത്തിലും വചനത്തിലും ഒപ്പിക്കുമ്പൊൾ Gerundivum എന്ന വിളിക്കപ്പെടുന്നു.

എന്നാൽ ഇതിന്മെൽ സൂക്ഷിക്കെണ്ടുന്നതായത Substantivum nomen വാചകത്തിന്റെ gerundium എന്നതിന്റെ വിഭക്തിയിൽ വെച്ച ഇതിനൊട gerundivum ഒപ്പിക്കയും വെണം അതായത വാചകത്തിലുള്ളത gerundium in di ആയിരുന്നാൽ Substantivum nomen genitivo വിഭക്തിയിലും Gerundium in ,dum, ആയിരുന്നാൽ accusativo വിഭക്തിയിലും, gerundium in ,do, ആയിരുന്നാൽ dativo vel ablativo വിഭക്തിയിലും വെക്കെണ്ടതാകുന്നു. ഉദ: Tu es cupidus discendi scientias, ശാസ്ത്രങ്ങ

ളെ പഠിക്കുന്നതിന്ന vel പഠിപ്പാൻ നീയാഗ്രഹമുള്ളവനാകുന്നു. Gerundivum ആയിട്ട പകൎത്തിയാൽ ഒരുവണ്ണം. Tu es cupidus scientiarum discendarum, In legendo libros disces പുസ്തകങ്ങളെ വായിച്ചാൽ vel വായിച്ചുകൊണ്ട നീ പഠിക്കും. Gerundivum ഒരുവണ്ണം. in legendis libris disces ശത്രുക്കളൊട ജയിപ്പാൻ തക്കവൻ aptus ad vincendum hostes. Gerundivum ഒരുവണ്ണം. aptus ad vincendos hostes.

ചൊ: Gerundia കളുടെ ശെഷം ഉണ്ടാകുന്ന വിഭക്തി accusativus അല്ലെങ്കിൽ gerundiva കളായിപ്പകൎത്താമൊ?

ഉ: വഹിയാ അതിന്റെ ശെഷം accusativus വിഭക്തിയുള്ളതുമാത്രം പ്രത്യെകം gerundia in ‚do‚ et in ‚dum‚.

Do, Loco, Conduco, Redimo, Mando, Curo, Trado, Attribuo, Præbeo, Relinquo എന്ന ക്രിയാപദങ്ങൾ മലയാഴ്മ വാചകത്തിൽ infinitivo വിധത്തിന്റെ വാചകത്തൊട്ട, അതായത. പ്പാൻ, വാൻ, പെടുവാൻ ചെൎന്നുവരുമ്പൊൾ Gerundivum ആയിട്ട പൊരുൾ തിരിച്ചാൽ നല്ലവാചകമാകും. ഉദ: എന്റെ പുസ്തകങ്ങളെ വായിപ്പാൻ നിനക്ക ഞാൻ തരുന്നു vel നിന്നാൽ വായിക്കപ്പെടുവാൻ എന്റെ പുസ്തകങ്ങളെ നിനക്കഞാൻ തരുന്നു Do tibi libros meos legendos. ചിച്ചെരൊൻ ചൊല്ലിയിരിക്കുന്ന നല്ല വാചകം ആകുന്നതെന്തെന്നാൽ, Attribuit cives interficiendos Gabinio, urbem inflammandam Cassio, totam Italiam diripiendam Catilinæ കൊല്ലുവാൻ നഗരിവാസികളെ ഗബിന്ന്യൊ എന്ന അയാൾക്കും തീ ഇട്ട ചുട്ടുകളവാൻ നഗരിയെ കാസ്സ്യൊ എന്ന അയാൾക്കും, കൊള്ള ഇടുവാൻ ഇതാല്യ മുഴുവനും കത്തലീനയെന്ന അയാൾക്കും നിയമിച്ചുകൊടുത്തു. Attribuit Gabinio cives ad interficiendum &c. ചൊല്ലാം എന്നുവരികിലും മെലെഴുതിയതിൻവണ്ണം gerundivum ഏറ്റം നല്ല വാചകമാകുന്നു.

---

## DE PARTICIPIALI.

ചൊ: Participiale എന്നു പറയുന്നത എന്താകുന്നു?

ഉ: Nominativus വിഭക്തിയായിരിക്കുന്നതും, est എന്ന ക്രിയാപദത്തൊട ചെൎക്കപ്പെട്ടതുമായ Gerundium in ‚dum, അത്രെ participiale എന്നു പറയുന്നത പ്രധാനക്രിയാപദത്തിന്റെ അൎത്ഥത്തിന്ന ആവശ്യം, മിസ്തി കടം, എന്നുള്ള അൎത്ഥം vel ശക്തിക്കൂട്ടുകയും ചെയ്യുന്നു. ഉദ: ജയിപ്പാൻ മിസ്തിയായിരിക്കുന്നു, vel ജയിക്കെണ്ടതാകുന്നു, Vincendum est.

ചൊ: ഇതിന്റെ പ്രയൊഗം vel അന്വയം എങ്ങനെ?

ഉ: എല്ലാവക ക്രിയാപദങ്ങളിൽ മെൽ കാണുന്ന ഉദാഹരണം പൊലെ (absolute) പ്രയൊഗിക്കാം. ഉദ: Amandum est, സ്നെഹിക്കെണ്ടതാകുന്നു. Serviendum est ശുശ്രൂഷിക്കെണ്ടതാകുന്നു. utendum est പ്രയൊഗിക്കെണ്ടതാകുന്നു &c. അല്ലെങ്കിൽ എല്ലാ ക്രിയാപദങ്ങൾക്ക ആകമാന dativo വിഭക്തിയൊടുകൂടെ ഉദ: Mihi amandum est എനിക്ക സ്നെഹിപ്പാന ആവശ്യം, കടമാകുന്നു &c. വിശെഷിച്ച ക്രിയാപദത്തിന്റെ വിഭക്തിയും പലപ്പൊഴും ചെൎക്കപ്പെടുകയും ചെയ്യുന്നു. ഉദ: Mihi serviendum est principi, പ്രഭുവിന്ന ശുശ്രൂഷിപ്പാൻ എനിക്ക ആവശ്യം vel കടമാകുന്നു. Petendum est tibi pacem നീ സമാധാനം അപെക്ഷിക്കെണ്ടതാകുന്നു.

### സൂക്ഷിക്കെണ്ടുന്നത.

ക്രിയാപദത്തിന്റെ വിഭക്തി accusativus ആകുമ്പൊൾ Participiale, അപൂൎവ്വമായിട്ട പ്രയൊഗിക്കപ്പെടുന്നു അതിന്ന പകരമായിട്ട activum participiale, passivo ആയിട്ട പകൎത്തി accusativus വിഭക്തി nominativum ആക്കിക്കൊണ്ടിതിനൊട participium വൎഗ്ഗത്തിലും, വചനത്തിലും ഒപ്പിക്കയും വെണം. ഉദ: മെലെഴുതിയ Petendum est tibi pacem എന്നതിന്ന പകരമായിട്ട petenda est tibi pax അതിൻവണ്ണം തന്നെ

timendum est nobis pœnas æternas, എന്ന ഇതിന്ന പകരമായിട്ട timendæ sunt nobis pœnæ æternæ നിത്യ ദുഃഖങ്ങൾ നമുക്ക ഭയപ്പെടെണ്ടതാകുന്നു.

## NOTA.

ചിലപ്പൊൾ dativo വിഭക്തിക്കപകരമായിട്ട ablativus വിഭക്തി പ്രയൊഗിക്കപ്പെട്ടിരിക്കുന്ന പ്രകാരം നീ കാണും Quid a Socrate, et Platone faciendum putes? എന്ന ചിച്ചെരൊൻ ചൊല്ലിയിരിക്കുന്നു.

---

## DE SUPINIS.

ചൊ: „Um„ ആയിട്ട അവസാനിക്കുന്ന Supinum എന്നതിനൊട്ട ചെൎന്ന മലയാഴ്മ വാചകങ്ങൾ എന്തെല്ലാം ഇതിന്റെ പ്രയൊഗവും അന്വയവും എങ്ങിനെ?

ഉ: Supina എന്താകുന്നു എന്ന ഒന്നാം കൂറിൽ (ubi de Supinis) ചൊല്ലിയിരിക്കുന്നു എന്നാൽ അവിടെ കാണിച്ചിരിക്കുന്ന അൎത്ഥം സൂക്ഷിച്ചാൽ „um„ ആയിട്ട അവസാനിക്കുന്ന Supiniനൊട്ട ചെൎന്ന മലയാഴ്മ വാചകങ്ങൾ infinitiviന്റെ വാചകങ്ങൾ ആകുന്നു പ്പാൻ വാൻ ആയിട്ടുള്ളതാകുന്നു എന്ന തിരിയും ഇതിന്റെ പ്രയൊഗമാകുന്നതെന്തെന്നാൽ ഇതിന്നു മുമ്പിൽ ഇളക്കം കാട്ടുന്ന ഒരു ക്രിയാപദവും ഇതിന്റെ ശെഷം Supinum ആയിട്ട വരുന്ന ക്രിയാപദത്തിന്റെ വിഭക്തികളുമുണ്ടായിരിക്കുന്നു ഇതിനെ ഭരിക്കുന്നത ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്ന „ad„ എന്ന മുൻചൊല്ലായിരിക്കുന്നു ഉദ. സഹായമപെക്ഷിപ്പാൻ കെസരിന്റെ പക്കൽ സ്ഥാനാപതിമാരെ അവര അയക്കുന്നു, Legatos ad cæsarem mittunt rogatum auxilium നാം ഉലാത്തുവാൻ പൊക, eamus deambulatum.

ചൊ: എന്നാൽ Supinum ഇല്ലാത്ത ക്രിയാപദങ്ങളായിരുന്നാൽ ചെയ്യെണ്ടുന്നതെന്താകുന്നു?

ഉ: Gerundium in „di„ ആയിട്ടെങ്കിലും in „dum„ ആയിട്ടെങ്കിലും „ut„ എന്നു particulaയൊട്ട കൂടിയ subjunctivaയിട്ടെങ്കിലും പൊരുൾ തിരിക്കയും വെണം ഉദ. നീ പഠിപ്പാൻ വരുന്നു tu venis studendi causa, vel tu venis ad studendum, vel tu venis ut studeas.

ചൊ: Supinum in „um„ എന്ന ഇതിനൊട്ട ചെൎന്ന മലയാഴ്മ വാചകങ്ങൾ എല്ലാം Gerundium in „dum„ ആയിട്ട പൊരുൾ തിരിക്കാമൊ?

ഉ: പൊരുൾ തിരിക്കാം.

ചൊ: എന്നാൽ Gerundium in „dum„ ആയിട്ടുള്ളതെല്ലാം Supinum in „um,' ആയിട്ട പൊരുൾ തിരിക്കാമൊ?

ഉ: വഴിയാ ഇളക്കം കാട്ടുന്ന ഒരു ക്രിയാപദത്തൊട്ട ചെൎന്ന Gerundiaകൾ മാത്രം Supinum in „um, ആയിട്ട പൊരുൾ തിരിക്കാം അപ്പൊഴും tu venis ad legendum, vel lectum tu is ad deambulandum vel deambulatum &c. എന്ന ഇങ്ങിനെ പകരം എന്നാൽ പുറപ്പെട്ടുപൊകുവാൻ നീ ആസ്ഥമായിരിക്ക vel നിന്നെ ആസ്ഥമാക്കുക te para ad discedendum എന്ന Gerundium in „dum„ ആയിട്ട പൊരുൾ തിരിക്കാമെങ്കിലും te para discessum എന്ന Supinum ആയിട്ട പൊരുൾ തിരിച്ചു കൂടാ അതെന്തെ te para എന്നുള്ള ക്രിയാപദം ഇളക്കത്തിന്നടുത്ത ക്രിയാപദമല്ല non est verbum motus.

---

## SUPINUM IN „U„

ചൊ: Supinum in „u„ എന്നതിനൊട്ട ചെൎന്ന മലയാഴ്മ വാചകങ്ങൾ എന്തെല്ലാം? ഇതിന്റെ പ്രയൊഗം എങ്ങിനെ?

ഉ: Passivum ആയിരിക്കുന്ന infinitivi വിധത്തിന്റെ—പ്പെടുവാൻ എന്ന അവസാനിക്കുന്നതത്രെ ഇതിനൊട്ടു ചെന്ന വാചകം ഉദ. സ്നെഹിക്കപ്പെടുവാൻ amatu വായിക്കപ്പെടുവാൻ lectu &c. ഇതിന്റെ പ്രയൊഗമാകുന്നതെന്തെന്നാൽ മെൽ ചൊല്ലിയിരിക്കുന്ന passiviന്റെ infinitivus വിധം ഒരുപെരാൽ ഭരിക്കപ്പെടുമ്പൊൾ Supinum in ,,u,, ആയിട്ടു പൊരുൾ തിരിക്കെണ്ടതാകുന്നു ഉദ. ചെയ്യപ്പെടുവാൻ ഏറ്റം നല്ലത നിനക്കു തൊന്നുമെന്നതിനെ നീ ചെയ്യും quod optimum factu videbitur facies സാമാന്യം ഇതിനൊട്ടു ചെന്നുവരുന്ന adjectiva പെരുകൾ ആകുന്നതെന്തെന്നാൽ acerbum arduum, asperum facile difficile, ഇവകളൊടു സമമുള്ളതും: substantiva പെരുകൾ ,,fas,, nefas opus എന്ന ഇവകളാകുന്നു.

---

## NOTA.

കവിതക്കാര ഒരൊ രണ്ടു Supinaകൾക്കു പകരമായിട്ടു infinitivum വിധത്തെ പ്രയൊഗിക്കുന്നു അതായത supinum in ,,um,, പകരമായിട്ടു activum infinitivum supinum in ,,u,, എന്നതിന്നു പകരമായിട്ടു passivum infinitivum പ്രയൊഗിക്കുന്നു ഉദ. Ibis fraenare boves frænatum എന്നതിന്നു പകരമായിട്ടു erat dignus amari, amatu എന്നതിന്നു പകരമായിട്ടു.

ചൊ: supinum in ,,u,, എന്നതിനൊട്ടു ചെൎക്കെണ്ടുന്ന വിഭക്തികൾ എന്തെല്ലാമാകുന്നു?

ഉ: Supinum ആയിട്ടുള്ള ക്രിയാപദത്തിന്നു വെണ്ടുന്ന വിഭക്തികൾ തന്നെ വിശെഷിച്ചു ഒന്നാം ക്രിൽ ചൊല്ലിയിരിക്കുന്നതുപൊലെ supinaകൾ substantiva പെരുകൾ ആകുന്നു എന്നതിനെകൊണ്ടു supina കൾ തന്നെ ഒരൊരു വിഭക്തികളാകുന്നു അതായത amatum nominativus vel accusativus വിഭക്തിയാകയും ആം amatu ചിലപ്പൊൾ ablativus (manu പൊലെ) യാകും ചിലപ്പൊൾ dativus (manui എന്നതിന്നു പകരമായിട്ടു)യാകും ഉദ. Jucunda auditu കെൾക്കപ്പെടുവാൻ ഇൻപമുള്ള Jucunda auditui കെൾവിക്കു ഇൻപമുള്ളത എന്ന ഇതിന്നു പകരമായിട്ടാകുന്നു.

എന്നാൽ accusativus വിഭക്തിയായിരിക്കുന്ന supinaകൾ ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്ന മുൻചൊല്ലാൽ ഭരിക്കപ്പെടുന്നു ibo lectum ഉദ. വായിപ്പാൻ ഞാൻ പൊകും അതായത ibo ad lectum vel ad lectionem.

Ablativus വിഭക്തിയായിരുന്നാൽ അതിൻവണ്ണം തന്നെ അതായത ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്ന ഒരു മുൻചൊല്ലാൽ ഭരിക്കപ്പെടുന്നു ഉദ. Primus cubitu surgat ഒന്നാമത്തവൻ കിടക്കിൽ നിന്നു എഴുന്നെല്ക്കട്ടെ അതായത a cubitu.

Supina കൾ മുൻചൊല്ലിയിരിക്കുന്നതുപൊലെ substantiva പെരുകൾ ആകകൊണ്ടു ചെന്നുവരുന്ന മറ്റു പെരുകളുടെ വൎഗ്ഗം പൊലെ മാറുകയില്ല ഇതുഹെതുവായിട്ടു (Livius) vitam ire perditum ആയുസ്സിനെ കളവാൻ പൊകുന്നത (cicero) vaticinatus est madefactum iri græciam sanguine ഗ്രെചിയ ചൊരയാൽ നനയപ്പെടുവാനിരിക്കുന്നുവെന്ന മുമ്പിൽ കൂട്ടിപറഞ്ഞു.

കടശിയായിട്ടു അറിയെണ്ടുന്നതായത: Supinum in ,u, ആയിട്ടുള്ള വാചകങ്ങൾ Supinum ഇല്ലാത്ത ക്രിയാപദങ്ങളായിട്ടു അല്ലെങ്കിൽ passivംക്കി കൂടാത്ത neutra, vel deponentia ക്രിയാപദങ്ങളിൽ വന്നാൽ എങ്ങിനെ പൊരുൾ തിരിക്കെണ്ടുന്നതാകുന്നുവെന്ന അറിവാൻ infinitivum വിധത്തെ കുറിച്ചുള്ള പതിനൊന്നാം കാനൊന വായിച്ചുകൊൾക. എന്നാൽ ഒരു ഉദാഹരണംകൊണ്ടു ഇവിടെ കാട്ടുകയും ആം. അതായത ദാരിദ്ര്യവാസികൾ എല്ലാവരാൽ അനുഗ്രഹിക്കപ്പെടുവാൻ യൊഗ്യമുള്ളവരാകുന്നു Pauperes sunt digni quorum omnes misereantur vel pauperes sunt digni ut eorum omnes misereantur, vel pauperes sunt digni mieratione omnium.

Infinitivi ന്റെ പതിമൂന്നാം കാനൊനാ ഒരൊ Supinum എന്നതിനൊട്ടു ചെന്നതാകകൊണ്ടു അതും വായിച്ചുഗ്രഹിച്ചുകൊൾക.

# DE PARTICIPIIS

Participium എന്താകുന്നുവെന്നും
എത്രയുണ്ടെന്നും ശെഷം വിവരങ്ങളെയും ഒന്നാം ക്രൂറിൽ
(ubi de participiis) വായിച്ചു ഗ്രെഹിക്കയും വെണം.

---

ചൊ: നില്ക്കുന്ന കാലത്തിന്റെ Participium എന്നതിന്റെയും Passiva ക്രിയാപദങ്ങളുടെ കഴിഞ്ഞകാലത്തിന്റെ Participium എന്നതിന്റെയും പ്രയൊഗത്തിൽ എന്തെല്ലാം സൂക്ഷിപ്പാനുണ്ടു ?

ഉ: വിഷമമില്ലാതായിട്ടു യാതൊന്നും സൂക്ഷിപ്പാനില്ല. അതെന്തെ ഒന്നാം ക്രൂറിൽ ചൊല്ലിയിരിക്കുന്നതുപൊലെ participia പട്ടാങ്ങയുള്ള adjectiva പെരുകൾ ആകകൊണ്ടു രണ്ടാം ക്രൂറിലെ ഒന്നാം അദ്ധ്യായം ഒന്നാം കാനൊന പ്രകാരം ഇതിനൊടു ചെൎന്നുവരുന്ന Substantivo പെരിനൊടു വൎഗ്ഗത്തിലും, വചനത്തിലും, വിഭക്തിയിലും ഒത്തിരിക്കെണ്ടതാകുന്നു. എന്നാൽ ഈ participia കൾ രണ്ടും ablativus absolutus ആയിട്ടു ചിലപ്പൊൾ പൊരുൾ തിരിപ്പാനുള്ള സംഗതി de ablativo absoluto കാണിച്ചിരിക്കകൊണ്ടു അവിടെ നൊക്കികൊൾക.

ചൊ: അപ്പൊഴൊ participia കളുടെ പ്രയൊഗത്തിൽ വിഷമം വരുന്നത എപ്പൊൾ ആകുന്നു ?

ഉ: മലയാഴ്മ വാചകങ്ങളിൽ കഴിഞ്ഞ participium ആയിട്ടു വരുന്ന ക്രിയാപദങ്ങൾക്കു ലത്തീൻ പെച്ചിൽ ഒന്നുകിൽ കഴിഞ്ഞ participium „us, a, um, ഇല്ല, അല്ലെങ്കിൽ അതിന്നു അൎത്ഥം activum ആയിരിക്കുന്നു എന്നു വരുമ്പൊൾ ആ വാചകങ്ങളെ ലത്തീൻ പെച്ചിൽ പൊരുൾ തിരിപ്പാൻ വെണ്ടുന്ന കാനൊനകളെ അറിവാൻ ആവശ്യം.

ചൊ: എന്നാൽ ഈ കാനൊനകളെ കെൾപ്പിക്കുന്നതിന്നു മുമ്പിൽ കഴിഞ്ഞ paticipium ഇല്ലാത്തതും, ഉള്ളതാകുന്നുയെങ്കിൽ മറ്റു അൎത്ഥമായിട്ടു വരുന്നതുമായ ക്രിയാപദങ്ങളുടെ വിവരം ചൊല്ലികെൾക്കട്ടെ ?

ഉ: „o, ആയിട്ടു അവസാനിക്കുന്ന neutra ക്രിയാപദങ്ങൾ (Prætereo-Intereo-ascendo, transeo ഒഴികെ) us, a um, ആയിട്ടു അവസാനിക്കുന്ന participium ഇല്ലാത്തതാകുന്നു. അതിൻവണ്ണം തന്നെ supinum ഇല്ലാത്ത disco timeo ശെഷമുള്ള ക്രിയാ പദങ്ങൾക്കും ഇല്ല—എന്നതിനെ കൊണ്ടു മലയാഴ്മയിൽ „ വന്ന പൈതൽ" എന്ന വാചകം വന്നാൽ, puer ventus എന്നും, എത്തിയമനുഷ്യൻ homo perventus എന്നും മറ്റും ചൊല്ലി കൂടാ അതിൻവണ്ണം തന്നെ „or,, ആയിട്ടു അവസാനിക്കുന്ന neutra ക്രിയാപദങ്ങൾക്കും, deponentia ക്രിയാപദങ്ങൾക്കും participium præteriti ഉണ്ടെങ്കിലും, മുമ്പിലത്തെ വകയിലെ ക്രിയാപദങ്ങളുടെ അൎത്ഥം neutrum, രണ്ടാമത്തെ വക ആയത deponentia ക്രിയാപദങ്ങളുടെ participi യുടെ അൎത്ഥം activum ആയിരിക്കകൊണ്ടു പലപ്പൊഴും മലയാഴ്മ വാചകത്തിന്റെ അൎത്ഥത്തൊടു ചെരുകയില്ല. ഉദ. ദാവീദെന്നരാജാവ ശാവൊലിനാൽ ഞെരുക്കം ചെയ്യപ്പെട്ടു vel പിഞ്ചെല്ലപ്പെട്ടു എന്ന മലയാഴ്മ വാചകം വന്നാൽ David rex persecutus,, എന്ന പൊരുൾ തിരിച്ചു കൂടാ അതെന്തെ persecutus എന്നതിന്റെ അൎത്ഥം activum ആയിരിക്കുന്നു എന്നതിനെ കൊണ്ടു ദാവീദെന്ന രാജാവ മറ്റൊരുത്തനെ ഞെരുക്കി vel പിഞ്ചെന്നു എന്ന അൎത്ഥമായിരിക്കും ഇതുപൊലെ മലയാഴ്മയിൽ പുന്നാരിക്കപ്പെട്ടു പൈതൽ,, എന്നവാചകം, ലത്തീനിൽ puer blanditus എന്ന ചൊല്ലി കൂടാ അതെന്തെ: പൈതൽ മറ്റൊരുത്തനെ പുന്നാരിച്ചു എന്ന അൎത്ഥമാകും അപ്പൊഴെ ഇങ്ങിനെയുള്ള participia കൾ ലത്തീനിൽ പൊരുൾ തിരിപ്പാനുള്ള വഴിയറിവാൻ തക്ക കാനൊനാ വെണ്ടിയിരിക്കുന്നു. എന്നാൽ നില്ക്കുന്ന കാലത്തിനും കഴിഞ്ഞ നടക്കുന്ന കാലത്തിനും അടുത്ത participium in „ans,, et „ens,, ആയിട്ടു അവസാനിക്കുന്നതിന്റെയും „rus,, ആയിട്ടു അവസാനിക്കുന്ന വരും കാലത്തിന്റെയും പ്രയൊഗം സംബന്ധിച്ച എതാനും കാനൊനാകളെ മുമ്പു കാണിച്ചതിന്റെ ശെഷം participium എന്നതിന്റെ പ്രയൊഗത്തിലുള്ള വിഷമങ്ങളെ എഴുപ്പമുള്ളതാക്കുവാൻ തക്ക കാനൊനകളെ കാട്ടുകയും ആം.

# DE CONSTRUCTIONE.

## Participii in,, ans,, et in,, ens,,

ചൊ: നില്ക്കുന്ന കാലത്തിനും കഴിഞ്ഞ നടക്കുന്ന കാലത്തിനും അടുത്ത participium ആകുന്ന in ans, et, ens, ആയിട്ട അവസാനിക്കുന്നതിനൊട്ട ചെന്ന മലയാഴ്മ വാചകങ്ങൾ എന്തെല്ലാമാകുന്നു?

ഉ: സ്നെഹിക്കുന്ന, സ്നെഹിക്കയായിരുന്ന, സ്നെഹിക്കുന്നവൻ, -ൾ -ത എന്നുള്ള വാചകങ്ങൾ ആകുന്നു.

ചൊ: എല്ലാ ക്രിയാപദങ്ങളിൽനിന്ന ഉണ്ടാകാമൊ?

ഉ: വഹിയാ, Passiva ക്രിയാപദങ്ങളിൽ നിന്നും, sum, es, est, എന്നതിൽ നിന്നും ഊന ക്രിയാപദങ്ങളിൽ നിന്നും ഉണ്ടാകുവാൻ വഹിയാ. എന്നാൽ personalia യാകുന്ന ശെഷം ക്രിയാപദങ്ങളിൽനിന്ന ഉണ്ടാകകയും ആം. ഉദ: Amans, tis, docens, tis, currens, tis, amplectens, tis.

ചൊ. ഇതിന്റെ constructio എങ്ങിനെ?

ഉ. ഇതിന്റെശെഷം അതതിന്റെ ക്രിയാപദത്തിന്റെ വിഭക്തികൾ ചെൎക്കപ്പെടുന്നു. ഉദ. Petrus amans virtutem, oblivicens injuriarum, parcens imimicis, abstinens malo. സൂക്ഷിക്കെണ്ടുന്നതായത ചിലപ്പൊൾ Participium in ,,ans,, et in ,,ens,, substantivi പെരിന്റെ ശക്തിയുള്ളതായിരിക്കുന്നു. അപ്പൊൾ യാതൊരു കാലവും കാണിക്കുന്നില്ല. ഒരു വണ്ണം വരുമ്പൊൾ അതിന്റെശെഷം genitivus വിഭക്തി ചെൎക്കെണ്ടതാകുന്നു. ഉദ. സ്വന്തദിക്കിന്റെ സ്നെഹക്കാരായ നഗരി വാസികൾ cives amantes patriæ.

## NOTA

പുണ്യത്തെ സ്നെഹിക്കുന്ന പത്രൊസ, Petrus amans virtutem പുസ്തകം വായിക്കുന്ന പൈതൽ Puer legens librum എന്നിങ്ങനെ participium ആയിട്ട പൊരുൾ തിരിക്കുന്ന ഒരു വാചകങ്ങൾ Petrus qui amat virtutem, Puer qui legit librum എന്നിങ്ങനെ പൊരുൾ തിരിക്കയും ആം എങ്കിലും participium ആയിട്ടുള്ള വാചകം എറ്റം നല്ലതാകുന്നു. ഒരു Participium ഇല്ലാത്ത Sum, es, est, odi, cœpi &c. വാചകത്തിൽ partieipium ആയിട്ട വന്നാൽ ,,cum,, എന്ന particula യൊട കൂടിയ Subjunctivum ആയിട്ട എങ്കിലും ,,dum,, എന്ന particula യൊട കൂടിയ Indicativum ആയിട്ടെങ്കിലും പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദ. നിന്റെ കൂടപ്പിറപ്പ പുണ്യവാളനാകയാൽ എല്ലാവരാൽ ബഹുമാനിക്കപ്പെടുന്നു. Frater tuus cum sit Sanctus ab omnibus honoratur.

Participium in ,,ans,, Amo പൊലെ രൂപമുള്ള ക്രിയാപദങ്ങളിൽ നിന്നും in ,,ens,, ഉള്ളത ശെഷം ക്രിയാപദങ്ങളുടെ രൂപം പൊലെയുമുള്ളതിൽനിന്നും ഉത്ഭവിക്കുന്നതാകുന്നു,

---

## PARTICIPIUM IN ,,RUS.,

ചൊ. ഒരു Participium എവിടെനിന്ന ഉണ്ടാകും, എന്തൊരു കാലത്തൊട ചെൎന്നതാകുന്നു?

ഉ. Activa ക്രിയാപദങ്ങളിലും neutra കളിലും Supinum എന്നതിന്റെ ,,m,, rus ആയിട്ട പകൎത്തിക്കൊണ്ടുണ്ടാക്കപ്പെടുന്നു. Communia, et deponentia ക്രിയാപദങ്ങളിൽ കഴിഞ്ഞ കാലത്തിന്റെ ,,s,, rus ആയിട്ട പകൎത്തിക്കൊണ്ടുണ്ടാക്കപ്പെടുകയും ചെയ്യുന്നു. ഉദ. Amatum, amaturus ,a, um casum, casurus ,a, um—loquutus loquuturus ,a, um blanditurus ,a, um.

ചൊ. ഇതിന്റെ Constructio എങ്ങിനെ ?

ഉ. Participium എതു ക്രിയാപദത്തിൽ നിന്ന വരുന്നൊ ? ആ ക്രിയാപദത്തിന വെണ്ടുന്ന വിഭക്തികൾതന്നെ ഒരൊ participium എന്നതിനൊടു ചെൎക്കെണ്ടതാകുന്നു. ഉദ. loquuturus honesta, നല്ലതുകളെ പറവാനിരിക്കുന്നവൻ. Facturus miracula, പ്രത്യക്ഷങ്ങളെ ചെയ്വാനിരിക്കുന്നവൻ.

ക്രമമില്ലാത്ത ചില participia കൾ ആകുന്നതെന്തെന്നാൽ Morior ഞാൻ മരിക്കുന്നു എന്നതിൽനിന്ന moriturus. Orior ഞാൻ പിറക്കുന്നു vel ഉദിക്കുന്നു എന്നതിൽനിന്ന Oriturus nascor ഞാൻ പിറക്കുന്നു എന്നതിൽനിന്ന nasciturus Pario, പ്രസവിക്കുന്നു pariturus. Sum ഞാനാകുന്നു futurus.

ചൊ: Participium ആയിട്ടുള്ള വാചകങ്ങൾ Supinum ഇല്ലാത്ത ക്രിയാപദങ്ങളായിട്ട വന്നാൽ ലത്തീനിൽ പൊരുൾ തിരിക്കെണ്ടുന്നത എങ്ങിനെ ?

ഉ: Sum, es, est എന്ന ക്രിയാപദത്തിന്റെ participium പ്രയൊഗിക്കണം എന്നാൽ പൊരുക്കമില്ലാത്തതിൻവണ്ണം neutrum. അതായത futurum പ്രയൊഗിക്കെണ്ടതാകുന്നു. കാലം കാട്ടുന്നതിന Sum, es, est എന്ന ക്രിയാപദം കാലത്തിന്റെ അവസ്ഥപൊലെ പ്രയൊഗിക്കെണ്ടതാകുന്നു. ഉദ: ബാല്യക്കാര ശാസ്ത്രങ്ങളെ പഠിപ്പാനിരിക്കുന്നവരാകുന്നു Futurum est ut juvenes discant scientias ദീനക്കാരൻ പാപങ്ങളുടെ മെൽ മനസ്താപപ്പെട്ടുവാനിരുന്നവനാകുന്നു futurum erat, ut ægrotum pœniteret peccatorum.

ചൊ: അപ്പഴൊ ഒരൊ participium സംബന്ധിച്ച മലയാഴ്മ വാചകങ്ങൾ എന്തെല്ലാമാകുന്നു.

ഉ: സ്നെഹിക്കും എന്ന അവൻ, സ്നെഹിപ്പാനിരിക്കുന്നവൻ, സ്നെഹിക്കെണ്ടുന്നവൻ, amaturus, a, um, ഒന്നാം കൂറിൽ ചൊല്ലിയിരിക്കുന്നതുപൊലെ ഒരൊ വരുംകാലത്തിന്നുള്ള participium, ഒരു കാൎയ്യം ചെയ്യാറായിരിക്കുന്നുവെന്ന കാട്ടുകയും ചെയ്യുന്നു. ഇതു ഹെതുവായിട്ട vir discessurus എന്നു പറഞ്ഞാൽ യാത്രയ്ക്കു പുറപ്പെട്ടുവാറായിരിക്കുന്ന പുരുഷൻ എന്ന അൎത്ഥമാകും audi quæ dicturus sum de hac re, vel de hoc negotio, vel super hanc rem, vel, super hoc negotium, ഒരു കാൎയ്യത്തിന്മെൽ vel ഒരു കാൎയ്യത്തെകുറിച്ചു ഞാൻ പറവാറായിരിക്കുന്നതിനെ നീ കെൾക്ക iturus ad orationem præpara animam tuam, നമസ്കാരത്തിന്ന vel ധ്യാനത്തിന്ന നീ പൊകവാറാകുമ്പൊൾ നിന്റെ ആത്മാവിനെ ആസ്ഥമാക്കികൊൾക.

Iturus committere bellum adversus alium regem, വെറിട്ടൊരു രാജാവിന്ന വിരൊധമായിട്ട യുദ്ധം ചെയ്വാൻ പൊകവാറായിരിക്കുന്നവൻ &c.

## NOTA.

മെലെഴുതിയ participia രണ്ടും Impersonalia ക്രിയാപദങ്ങൾക്കും ഉള്ളതായിട്ട ചില ഇപ്പൊൾ നീ കാണും. ഉദ: poenitet മനസ്താപപ്പെടുന്നു എന്നതിൽ നിന്ന poenitens നടപ്പുള്ളതാകുന്നുവെന്ന പറയാം.

Pudet ലജ്ജിക്കുന്നു എന്നതിൽ നിന്ന pudens, tis.

Participium futuri in ,rum, ഉദ: liciturum-(cicero) puditurum (plinius)

ഇതിന്റെ താഴെ വരുന്ന കഴിഞ്ഞ Participium in ,tus, എന്നതിനൊടു ചെന്ന in ,tum, കാണും, ഉദ: Misertum, pertæsum, libitum, licitum vel passiva impersonalia കളിൽ നിന്ന ഉദ: pugnatum est (a pugnatur) cursum est (a curritur) എന്നാൽ ഇവകളെ Supina കളുടെ കൂട്ടത്തിൽ ചെൎക്കയും ആം.

വിശെഷിച്ച in ,dus, poenitendus, pudendus, pigendus ഉദ: labor non pigendus, വെറുപ്പ vel അനിഷ്ടം തൊന്നപ്പെട്ടുവാനല്ലാത്ത വെല &c.

## DE CONSTRUCTIONE PARTICIPII IN „TUS„

ചോ: കഴിഞ്ഞ കാലത്തിന്റെ participium എന്നതിനൊട ചെന്ന മലയാഴ്മവാചകങ്ങൾ എന്തെല്ലാമാകുന്നു?

ഉ: സ്നേഹിക്കപ്പെട്ട സ്നേഹിക്കപ്പെട്ടവൻ സ്നേഹിക്കപ്പെട്ടിട്ടുണ്ടായിരുന്നവൻ, ൾ, ത, &c. amatus, a, um.

ചോ: ക്രിയാപദങ്ങളുടെ എന്തൊരു മൊഴിയിൽ നിന്ന ഉണ്ടാക്കപ്പെടുന്നു?

ഉ: Supinum in „u„ എന്നതിന്ന ഒരു „s„ കൂട്ടിയുണ്ടാക്കപ്പെടുന്നു ഉദ. amatu amatus, a, um.

ചോ: ഇതിന്റെ constructio എങ്ങിനെ?

ഉ: ഈ participia കളുടെ ആരംഭത്തിൽ ഒന്നാം കുറിലും ചൊല്ലിയിരിക്കുന്നതു പൊലെ ഇവകൾ adjectiva പെരുകൾ ആകകൊണ്ട വാചകത്തിൽ ഉണ്ടായിരിക്കുന്ന substantivo പെരിനൊട വൎഗ്ഗത്തിലും, വചനത്തിലും, വിഭക്തിയിലും ഒപ്പിച്ചതിന്റെ ശെഷം ഈ കഴിഞ്ഞ participium ഏറിയ കുറും passivum ആകകൊണ്ട passiva ക്രിയാപദങ്ങളുടെ മറ്റു a, vel ab, എന്ന മുൻ ചൊല്ലിനൊട കൂടിയ ablativum വിഭക്തിയെ ഇതിനൊട ചെൎക്കയും വെണം. ഉദ: ഇവനാൽ അറിയപ്പെട്ട സംഗതികളുമെൽ നാം മിണ്ടടങ്ങുക Desistamus dicere de rebus cognitis ab isto.

എന്നാൽ സൂക്ഷിക്കേണ്ടുന്നതായത ചിലപ്പൊൾ participium പെരായിട്ട കരപ്പെടുന്നു അപ്പൊൾ vel dativus, vel genitivus വിഭക്തി അതിനൊട ചെൎക്കപ്പെടെണ്ടതാകുന്നു ഉദ: res nota omnibus എല്ലാവൎക്കും അറിയപ്പെട്ട സംഗതി.

ചോ: അപ്പൊഴാ ആദ്യം പറഞ്ഞിരിക്കുന്ന വിഷമങ്ങൾ എളുപ്പമുള്ളതാക്കുവാനുള്ള വഴി കെൾക്കട്ടെ.

### കാനൊന.

ഉ: മലയാഴ്മ വാചകങ്ങളിൽ വരുന്ന കഴിഞ്ഞ participium ലത്തീനിൽ പൊരുൾ തിരിപ്പാൻ പ്രയൊഗിക്കേണ്ടുന്ന ക്രിയാപദത്തിന്ന കഴിഞ്ഞ participium ഇല്ലാത്തപ്പൊഴും ഉണ്ടെങ്കിലും വെറെ അൎത്ഥമായി വരുമ്പൊഴും ആ വാചകങ്ങളെ ലത്തീനിൽ ആക്കേണ്ടുന്നതെന്തെന്നാൽ വാചകത്തിൽ ഉണ്ടായിരിക്കുന്ന പ്രധാന substantivi പെരിന്റെ ശെഷം ആയവൻ-ൾ-ത. എന്നുള്ള pronomen ഉണ്ടായിരിക്കുന്നുപൊലെ വിചാരിച്ച ഈ pronomen qui, quæ, quod, എന്ന relativum കൊണ്ട പൊരുൾ തിരിച്ച ക്രിയാപദത്തിന്റെ കഴിഞ്ഞകാലം ആളിന്റെയും വചനവും അവസ്ഥപൊലെ കൂട്ടികൊൾക.

ചിലപ്പൊൾ മലയാഴ്മ വാചകത്തിന്റെ അൎത്ഥം passivum ആയിരിക്കും, എന്നാൽ അപ്പൊൾ activum ആയിട്ട പകൎത്തുവാൻ ഒൎത്തുകൊൾക. താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങൾ കൊണ്ട ഈ കാനൊന തെളിവാകും.

൧. ഇവൻ പുത്തനായിട്ട വന്ന ശിഷ്യനാകുന്നു, Hic est dicipulus qui recens venit.

൨ ഇത നിങ്ങളാൽ മൊശമായിട്ട പഠിക്കപ്പെട്ട റെഗുലയാകുന്നു, hæc est regula quam male didicistis. ദാവീദ ശാവൊലിനാൽ ഞെരുക്കം ചെയ്യപ്പെട്ട vel പിൻചെല്ലപ്പെട്ട ഒരു ഗുഹയിൽ ഒളിച്ചുപൊയി. David, quum Saul ipsum persequeretur, se abdidit in specum.

ഈ ഉദാഹരണത്തെ സൂക്ഷിച്ചാൽ ചിലപ്പൊൾ „ആയിരിക്കയിൽ„ എന്നുള്ള വാചകമായിട്ട വരുന്നതുപൊലെ പൊരുൾ തിരിപ്പാനുള്ളതാകുന്നുവെന്നു തിരിയും quum vix pervenisset discessit, അവൻ വരുന്നതായിരിക്കയിൽ യാത്രയ്ക്കു പുറപ്പെട്ടു അതായത, വന്നെത്തിയക്ഷണത്തിൽ Discipulus in quem, vel in quo dominatur negligentia,

proficere non potest, (അവനിൽ മടി ഒരിക്കുന്നു) അതായത മടിയുള്ള ശിഷ്യൻ പഠിനത്തിൽ വളൎവാൻ വശമാകുന്നില്ല. quum pervenerit frater tuus discedes, നിന്റെ കൂടപ്പിറപ്പ വന്നെത്തിയാൽ (വന്നിട്ട) നീ യാത്രയ്ക്കു പുറപ്പെടും.

Participia, പഠിപ്പിക്കപ്പെട്ട, കൊടുക്കപ്പെട്ട. മെലെഴുതിയ കാനൊനായ്ക്കു തക്കതിൻ വണ്ണം, qui, quæ, quod എന്ന relativo യൊടുകൂടെ doceo, vel doceor, dono, vel donor എന്ന ക്രിയാപദങ്ങളായിട്ട പൊരുൾ തിരിപ്പാനുള്ളതാകുന്നു.

ഉദ. ഈശൊമിശിഹായാൽ മനുഷ്യമക്കൾക്ക പഠിപ്പിക്കപ്പെട്ട വഴി ഇതാകുന്നു, hæc est via, quam homines a Jesu Christo docti sunt, vel hæc est via, quam Jesus Christus homines docuit എന്റെ കൂടപ്പിറപ്പിന്ന കൊടുക്കപ്പെട്ട പുസ്തകങ്ങൾ ഇതാ en libros, quibus frater meus donatus est. &c.

ഈ Participia കളിൽ പലതും പെരുകളായിട്ട പ്രയൊഗിക്കപ്പെടുമ്പൊൾ Adjectiva പെരുകളുടെ മുറയ്ക്കു gradus comparativus, et Superlativus ഉണ്ടാകും. ഉദ : Doctus doctior, doctissimus, notus, notior, notissimus.

---

## DE CONSTRUCTIONE PARTICIPII IN „ DUS „

ചൊ : Participium in dus, എങ്ങിനെ ഉണ്ടാക്കപ്പെടുന്നു ഏതുക്രിയാപദങ്ങളിൽ നിന്നും ഉണ്ടാക്കപ്പെടുന്നു ?

ഉ : Ans, ens, ആയിട്ട അവസാനിക്കുന്നതിന്റെ genitivo വിഭക്തിയിൽ നിന്ന tis, എന്ന അക്ഷരങ്ങളെ dus, ആയിട്ട പകൎത്തികൊണ്ടുണ്ടാക്കപ്പെടുന്നു ഉദ : amantis, amandus : legentis legendus &c. എന്നാൽ ഇതിന്റെ അൎത്ഥം passivum ആകകൊണ്ട ഈ participium പ്രധാനമായിട്ട passiva ക്രിയാപദങ്ങൾക്ക സ്വന്തമായിട്ടുള്ളതാകുന്നു. വിശെഷിച്ച activum, et passivum അൎത്ഥമുള്ളതായിരിക്കുന്ന verba communia എന്നുകൾക്കും, deponentia ക്രിയാപദങ്ങൾക്കും, ചില impersonalia ക്രിയാപദങ്ങൾക്കും ഉണ്ടായിരിക്കയും ചെയ്യുന്നു.

ചൊ : ഇതിനൊട്ട ചെൎന്ന മലയാഴ്മ വാചകങ്ങൾ എന്തെല്ലാമാകുന്നു ?

ഉ : സ്നെഹിക്കപ്പെടുവാനിരിക്കുന്ന, സ്നെഹിക്കപ്പെടുവാനിരിക്കുന്നവൻ, -ൾ, -ത, സ്നെഹിക്കപ്പെടുവാൻ തക്ക, സ്നെഹിക്കപ്പെടെണ്ടുന്ന &c.

ഈ വാചകങ്ങൾ amandus, a, um, എന്ന participium in dus ആയിട്ട പൊരുൾ തിരിക്കാകുന്നതാകുന്നു.

ചൊ : ഇതിന്റെ Constructio എങ്ങിനെയാകുന്നു ?

ഉ : മെൽ ചൊല്ലിയതുപൊലെ ഇതിന്റെ അൎത്ഥം passivum ആകകൊണ്ട passiva ക്രിയാപദങ്ങളുടെ മുറയ്ക്കു a, vel ab എന്ന മുൻചൊല്ലിനൊട്ട കൂടിയ ablativus ഇതിനൊട്ട ചെൎക്കപ്പെടെണ്ടുന്ന വിഭക്തിയാകുന്നു. ഉദ : നിന്നാൽ വായിക്കപ്പെടുവാനിരിക്കുന്ന പൂൎവ്വന്മാരുടെ വൃത്താന്തങ്ങൾ veterum monumenta a te legenda.

ഇത participial ആയിട്ട പകൎത്തപ്പെടുമ്പൊൾ സാമാന്യം dativo വിഭക്തിയൊട ചെൎക്കപ്പെടുന്നു.

### NOTA.

Accusativo വിഭക്തിയൊട്ട ചെൎക്കപ്പെടുന്ന ക്രിയാപദങ്ങൾ Neutra ക്രിയാപദങ്ങളായിരുന്നാലും dus ആയിട്ടുള്ള ഈ participium ഉള്ളതായിരിക്കയും ചെയ്യുന്നു. ഉദ : arandus, odiendus: sum, es, est, എന്ന ക്രിയാപദം ഇതിനൊട്ട ചെൎക്കുമ്പൊൾ ആവശ്യം, കടം, &c. എന്നുള്ള അൎത്ഥം കൂട്ടുകയും ചെയ്യുന്നു hic campus arandus est ഈ വയൽ ഉഴവചെയ്യപ്പെടെണ്ടതാകുന്നു vel ചെയ്യപ്പെടുവാനുള്ളതാകുന്നു.

൧. Vir mihi canendus (Ovid.) ൨. Nox una perpetua dormienda (catul) ൩. noctes vigilandæ (cic.) ൪. Mors obeunda (cic) &c. ൧. ഞാൻ പാടെണ്ടുന്ന പുരുഷൻ. ൨. ഒരു നിത്യരാവു ഉറങ്ങെണ്ടുന്നത. ൩. രാവുകൾ ഉറക്കമൊഴിവായിട്ടു കഴിക്കെണ്ടുന്ന vel കഴിക്കെണ്ടുന്ന രാവുകൾ &c. അൎത്ഥംപൊലെ ൪: മരിക്കെണ്ടുന്നത.

———z———

# CAPUT QUINTUM.

## DE CONSTRUCTIONE PARTIUM ORATIONIS INDECLINABILIUM, ET PRIMO DE PRÆPOSITIONIBUS.

ചൊ: Præpositio, എന്നു പറയുന്നത എന്താകുന്നു?

ഉ: ഒന്നാംക്രൂറിൽ ചൊല്ലിയിരിക്കുന്നതുപൊലെ മററു മൊഴികൾക്കു മുൻ വെക്കപ്പെട്ടുന്ന പെരുക്കമില്ലാത്ത ഒരുവക പദങ്ങൾ അത്രെ præpositio എന്നു പറയുന്നത ഉദ: ante prandium, മുത്താഴത്തിന്ന vel ഉച്ചയ്ക്കത്തെ ഭക്ഷണത്തിന്ന മുമ്പിൽ, post cœnam, അത്താഴം vel രാഭക്ഷണത്തിന്റെ ശെഷം.

ചൊ: മുൻചൊല്ലുകൾ vel præpositiones പകുക്കപ്പെട്ടുന്നതെങ്ങനെ:

ഉ: ഒന്നാം ക്രൂറിൽ കാണിച്ചിരിക്കുന്നതിൻവണ്ണം രണ്ടുവകയായിട്ടു പകുക്കപ്പെട്ടുന്നു അതായത വിഭക്തികളെ ഭരിക്കുന്നതായിട്ടും വിഭക്തികളെ ഭരിക്കാതെ മററു മൊഴികളൊട്ടു ചെന്ന ഒരു മൊഴിയായിതീരുന്നതായിട്ടും ഇതിനെന്മ ഒന്നാം ക്രൂറിൽ ചൊല്ലിയിരിക്കുന്നത വായിച്ചുകൊൾക.

ചൊ: വിഭക്തികളെ ഭരിക്കുന്ന præpositiones എന്തെല്ലാം വിഭക്തികളെ ഭരിക്കും?

ഉ: ഒന്നാംക്രൂറിൽ കാണിച്ചിരിക്കുന്നതിൻവണ്ണം accusativum വിഭക്തിയെ ഭരിക്കുന്നതും, ablativum വിഭക്തിയെ ഭരിക്കുന്നതും അൎത്ഥത്തിന്റെ അവസ്ഥപൊലെ accusativum, et ablativum ഭരിക്കുന്നതുമായിട്ടും പകുക്കപ്പെട്ടിരിക്കുന്നു എന്നാലിതു ഒന്നാം ക്രൂറിൽ വിവരം തിരിച്ചകാണിച്ചിരിക്കുന്നതാകയാൽ ഇവിടെ എററം വിഷമമുള്ളതായിരിക്കുന്ന ചിലതുകളുടെ പ്രയൊഗം മാത്രം കാട്ടുകയും ചെയ്യും.

ചൊ: Accusativus വിഭക്തിയെ ഭരിക്കുന്നതിൽ ഒന്നായിരിക്കുന്ന ,Versus, എന്നതിന്റെ പ്രയൊഗം എങ്ങനെ?

ഉ; Accusativus വിഭക്തിയായിട്ടുചെക്കപ്പെട്ടുന്ന പെരിന്റെ ശെഷം വെപ്പാനുള്ളതാകുന്നു. ഉദ: Ire Romam versus, റൊമ്മ പുരിയിലെക്കു പൊകുന്നത. domum versus വീട്ടിലെക്കു &c. (Syntaxis est figurata) ad എന്ന മുൻചൊല്ല ഉള്ളൎത്ഥമായിട്ടു വിചാരിച്ചുകൊൾക.

ചൊ; ,Usque, എന്ന മുൻചൊല്ലിന്റെ പ്രയൊഗം എങ്ങനെ?

ഉ. ,Usque, സാമാന്യം വെറിട്ടൊരു മുൻചൊല്ലിന്ന മുമ്പിൽ വെക്കപ്പെട്ടുന്നു. ഉദ: Ille vixit usque ad tempora diluvii, അവൻ വെള്ളപ്രളയത്തിന്റെ കാലംവരെ ജീവിച്ചു ire usque in plateam, മുററത്തവരെ പൊകുന്നത എന്നാൽ ചിലപ്പൊൾ മററ മുൻചൊല്ലകൂടാതെ accusativo വിഭക്തിയിലുള്ള പെരിന്റെ ശെഷം വെക്കപ്പെട്ടുന്നു. ഉദ: Romam usque റൊമ്മപുരിവരെ, കടൽ വരെ usque mari എന്നും cum ablativo കാണും.

ചൊ: Ablativo വിഭക്തിയൊടു കൂടെ ചെക്കപ്പെട്ടുന്ന മുൻ ചൊല്ലുകളിൽ വെച്ചു Tenus എന്നതിന്റെ പ്രയൊഗം എങ്ങനെ?

ഉ: Tenus പെരിന്റെ ശെഷം വെപ്പാനുള്ളതാകുന്നു എന്നാൽ പെരു ബഹുവചനമാകുന്നുവെങ്കിൽ genitivo വിഭക്തിയിലും ഏകവചനമാകുന്നുവെങ്കിൽ ablativo വിഭക്തിയിലും വെക്കയും വെണം.

ഉദ: Lumborum tenus അരകളൊളം, Fronte tenus നെററിയൊളം, mento tenus താടിയൊളം, naso tenus മൂക്കൊളം.

ചൊ: Cum എന്ന മുൻചൊല്ലിന്റെ പ്രയൊഗം എങ്ങിനെ ?

ഉ: ഇതിനൊട്ട ചെൎക്കേണ്ടുന്ന ablativo വിഭക്തിക്കു മുമ്പ വെപ്പാനുള്ളതാകുന്നു.
ഉദ: Cum domino domus erat അവൻ വീട്ടിന്റെ ഉടയക്കാരനൊട്ട കൂടെയായിരുന്നു, cum potestate magna, et majestate വലിയ അധികാരത്തൊടും മഹിമയൊടും കൂടെ. എന്നാൽ ചില pronomina കളൊട്ട കൂടി ഒരു മൊഴിയായിട്ട എന്ന പൊലെ ചെൎക്കപ്പെടുന്നു അവയാകുന്നതെന്തെന്നാൽ; Mecum എന്നൊടുകൂടെ, tecum നിന്നൊട, secum തന്നൊട, nobis cum ഞങ്ങളൊട, vobiscum നിങ്ങളൊട്ട, വിശെഷിച്ച Quocum quibuscum എന്നും നടപ്പായിരിക്കുന്നു.

ചൊ: a, vel ab, abs എന്ന മുൻ ചൊല്ലുകൾ പ്രയൊഗിക്കപ്പെടുന്നതെങ്ങിനെ ?

ഉ: a, consona[illegible] കൊണ്ട ആരംഭിക്കുന്ന മൊഴികൾക്ക മുൻ പ്രയൊഗിക്കപ്പെടുന്നു.
ഉദ: a tergo പുറകിൽ, പുറകിൽനിന്ന, a domino കൎത്താവിൽ നിന്ന, a magistro ഗുരുവിൽ നിന്ന, ab എന്നത, Vocalis കൊണ്ട ആരംഭിക്കുന്ന മൊഴികൾക്ക മുൻ പ്രയൊഗിക്കെണ്ടതാകുന്നു ഉദ: ab homine മനുഷ്യനിൽനിന്ന, ab amico സ്നെഹിതനിൽ നിന്ന. ചിലപ്പൊൾ ചില consona[illegible] കൊണ്ടാരംഭിക്കുന്നതിന്ന മുമ്പിൽ ab പ്രയൊഗിച്ചിരിക്കുന്നത കാണും. ab senatu ആലൊചന സംഘത്തിൽ നിന്ന, ab legatis സ്ഥാനാപതിമാരിൽനിന്ന, ab Romanis റൊമ്മക്കാരിൽനിന്ന, ab jove ജൊവെന്ന കള്ളദെവനിൽ നിന്ന abs എന്നത t, q, എന്ന അക്ഷരം കൊണ്ടാരംഭിക്കുന്ന മൊഴികൾക്ക മുൻ പ്രയൊഗിക്കപ്പെടുന്നു. ഉദ: abs te, abs quolibet, ഒരു മൊഴിയായിട്ട മററു മൊഴികളൊട്ട ചെൎക്കപ്പെടുമ്പൊൾ c, എന്നുള്ള അക്ഷരത്തിന്ന മുമ്പിൽ ചെൎക്കപ്പെടുന്നു. ഉദ: abscondo, abscedo.

Præ എന്നത ablativo വിഭക്തികൂടാതെ കണ്ടുവെങ്കിൽ ഉള്ളൎത്ഥമായിട്ട പൊരുൾതിരിച്ചുകൊള്ളണം. ഉദ. præ quod tu velis, അതായത præ eo quod tu velis.

---

## IN-SUB-SUPER-SUBTER

ചൊ: ,,In,, എന്ന മുൻ ചൊല്ലിനൊടുകൂടെ accusativum ചെൎക്കേണ്ടുന്നത എപ്പൊളാകുന്നു?

ഉ: ഇളക്കം കാട്ടുന്ന ക്രിയാപദങ്ങളൊട്ട ചെൎന്നുവരുമ്പൊഴും erga, contra, per എന്നിവകൾക്ക പകരമായിട്ട പ്രയൊഗിക്കപ്പെടുമ്പൊഴും accusativo വിഭക്തിയൊട്ട ചെൎക്കേണ്ടതാകുന്നു. ഉദ. :Ire in hortum, തൊട്ടത്തിൽ പൊകുന്നത: pius in patriam, സ്വന്തദിക്കിന്റെ നെരെ (erga) അലിവുള്ളവൻ: durus in scelestos, ദുഷ്ടരൊട (contra) കടുപ്പമുള്ളവൻ: commodare librum in diem, ഒരു ദിവസത്തെക്കു (per diem) പുസ്തകം വായ്പ കൊടുക്കുന്നത:

എന്നാൽ ഇരിപ്പ കാട്ടുന്ന ക്രിയാപദങ്ങളൊട്ട ചെൎന്നുവരുമ്പൊഴും ,,inter,, എന്നതിന്ന പകരമായിട്ട പ്രയൊഗിക്കപ്പെടുമ്പൊഴും ablativo വിഭക്തിയൊട്ട ചെൎക്കേണ്ടതാകുന്നു.
ഉദ: Ego sum in cubiculo, et tu es in turri campanaria, ഞാൻ മുറിയിൽ ഇരിക്കുന്നു, നീയൊ എന്നാൽ മണിമാളികയിൽ ഇരിക്കുന്നു. libri Sybillini asservabantur in capitolio, Sybillini പുസ്തകങ്ങൾ കമ്പിതൊലിയൊ (എന്ന അരമനയിൽ) കാക്കപ്പെട്ടുകയായിരുന്നു. amicitia esse non potest nisi in bonis (cicero) അതായത inter bonos ചങ്ങാത്തം നല്ലവരുടെ ഇടയിൽ മാത്രമെ ഉണ്ടാകുവാൻ പാടുള്ളു.

പൊതു കാറൊന്ന ഇപ്രകാരമാകുന്നുവെങ്കിലും ഇളക്കം കാട്ടുന്ന ക്രിയാപദമില്ലാത്തപ്പൊഴ accusativo വിഭക്തിയൊടും, ഇളക്കം കാട്ടുന്ന ക്രിയാപദമുള്ളപ്പൊഴ ablativo വിഭക്തിയൊടും ചെൎക്കപ്പെട്ടതായി കണ്ടെത്തുകയും ചെയ്യും. in potestatem habere: in tabulas perscribere. In conspectu meo audet venire അവൻ എന്റെ സന്നിധിയിൽ വരുവാൻ തുനിയുന്നു. &c. പലക്രിയാപദങ്ങൾ in എന്ന മുൻ ചൊല്ലിനൊട കൂടെ accusativum, et ablativum ഭരിക്കുന്നു എന്നു പറയുന്നത നെരാകുന്നു. abdere se in tenebris ഇരുട്ടിൽ ഒളിച്ചുപൊകുന്നത, abdere se in domum വീട്ടിൽ ഒളിച്ചുപൊകുന്നത. &c.

ചൊ: ,,Sub,, എന്ന മുൻചൊല്ലിനൊട കൂടെ എപ്പൊൾ accusativus, എപ്പൊൾ ablativus വെക്കെണ്ടതാകുന്നു.

ഉ: നെരം കാലം സംബന്ധിച്ച പെരുകളൊട ചെൎന്നുവരികയും paulo ante, circiter, post എന്നതിന്ന പകരമായിട്ട പ്രയൊഗിക്കപ്പെടുകയും ചെയ്യുമ്പൊഴ ഇളക്കം കാട്ടുന്ന ക്രിയാപദങ്ങളൊട ചെൎക്കപ്പെടുമ്പൊഴും accusativum വിഭക്തിയെ ഭരിക്കുന്നു ഉദ. sub vesperam സന്ധ്യക്കു അല്പം മുമ്പിൽ sub idem tempus എകദെശം ഒരെ കാലത്തിൽ vel ആ കാലത്തിൽ തന്നെ Ille conjecit se sub scalas, അവൻ ഗൊവണികളുടെ താഴെ തന്നെ താൻ ഇടുകയും ചെയ്തു vel കിടന്നു.

എന്നാൽ ഇരിപ്പ കാട്ടുന്ന ക്രിയാപദങ്ങളൊട ചെൎക്കപ്പെടുമ്പൊൾ ablativum വിഭക്തിയെ ഭരിക്കുന്നു ഉദ. quiescere sub umbra, തണലിൽ കിടക്കുന്നത dormire sub dio, vel divo, വെളിയിൽ ഉറങ്ങുന്നത.

ചൊ: ,,Super,, എന്ന മുൻചൊല്ല എപ്പൊൾ accusativo വിഭക്തിയൊടും എപ്പൊൾ ablativo വിഭക്തിയൊടും ചെൎക്കപ്പെടെണ്ടുന്നതാകുന്നു ?

ഉ: Super,, മെൽ എന്ന അൎത്ഥമായിരിക്കുന്ന ഈ മുൻ ചൊല്ല subter എന്നതിന്ന വിരൊധമുള്ള അൎത്ഥത്തൊട കൂടെ ആകുമ്പൊൾ എതു ക്രിയാപദത്തൊട കൂടെയെങ്കിലും accusativum വിഭക്തിയെ ഭരിക്കും എന്നു വരുകിലും ഇരിപ്പ കാട്ടുന്ന ക്രിയാപദങ്ങളൊട ablativum വിഭക്തിയെയും ഭരിക്കും ഉദ. tegula cecidit super caput meum, ഓട എന്റെ തലമെൽ വീണു എന്നാൽ കുറിച്ച എന്ന അൎത്ഥത്തിൽ പെച്ചിൽ ,,de,, എന്നതിന്ന പകരമായിട്ടാകുമ്പൊൾ ablativo വിഭക്തിയൊട കൂടെ ചെൎക്കെണ്ടതാകുന്നു ഉദ. ഈ കാൎയ്യത്തെ കുറിച്ച vel ഈ കാൎയ്യത്തിന്മെൽ നാം പറക loquamur hac super re അതായത de hac re.

ചൊ: Subter,, കീഴ താഴെ എന്നമുൻചൊല്ലിന്റെ പ്രയൊഗം എങ്ങിനെ ?

ഉ: ഇളക്കം കാട്ടുന്ന ക്രിയാപദങ്ങളൊടകൂടെ ചെൎന്നുവരുമ്പൊഴും accusativum വിഭക്തിയെ ഭരിക്കുന്ന മറു മുൻചൊല്ലുകൾക്കുപകരമായിട്ട പ്രയൊഗിക്കപ്പെടുമ്പൊഴും accusativum വിഭക്തി ഭരിക്കും മറു പ്രകാരത്തിൽ ablativum, വിഭക്തിയെ ഭരിക്കും എങ്കിലും ഇരിപ്പ കാട്ടുന്ന ക്രിയാപദങ്ങളൊട ചെൎന്നുവന്നാലും accusativo വിഭക്തിയൊട ചെൎക്കപ്പെട്ടതായി കാണുകയും ചെയ്യും ഉദ. subter cor ശങ്കിന്റെ കീഴ subter densa testudine വട്ടമുള്ള ആമയുടെ താഴെ (virgilius).

Nota. ൧. മുൻചൊല്ലുകൾ വിഭക്തികൾ കൂടാതെ വാചകത്തിൽ വരുമ്പൊൾ adverbiaകൾ ആയിചമയുന്നു എന്നു പറയാം (cic) quatriduo ante ad eum scripseram നാല ദിവസം മുമ്പ അവന്ന ഞാൻ എഴുതീട്ടുണ്ടായിരുന്നു.

൨. ചില മുൻ ചൊല്ലുകൾ adjectiviന്റെയും substantiviന്റെയും ഇടയിൽ നല്ലചെല്ലയായിട്ട വെക്കപ്പെടുന്നു ഉദ. multis de causis, ഏറിയ കാരണങ്ങളെ കുറിച്ച suos inter æquales അവന്റെ സമമുള്ളവരുടെ ഇടയിൽ magno cum metu വലിയ ഭയത്തൊട കൂടെ hac Super re, ഈ സംഗതിമെൽ ducentos in annos ഇരുനൂറ വരുഷത്തെക്കു.

൩. മറു മൊഴികളൊട ഒരു മൊഴിയായി ചെരുന്ന മുൻചൊല്ലുകൾക്കു ശക്തിപ്പകച്ച വ

രാൎത്ഥത്തിനാൽ തനിച്ചു പ്രയോഗിക്കുമ്പോൾ ചെൎക്കുന്ന വിഭക്തി തന്നെ മാറു മൊഴികളൊടു ചെരുമ്പൊഴും ചെൎക്കയും വെണം.

ഉ: Ad-ire patrem അപ്പന്റെ പക്കൽ പൊകുന്നത, Ad-ire oppido നഗരിയിൽ നിന്ന പൊകുന്നത. എന്നാൽ പലപ്പൊഴും മുൻചൊല്ലു വീണ്ടും തിരിച്ചു വെക്കയും ചെയ്യുന്നുണ്ട. ഉദ: In-vadere in urbem ബലാല്ക്കാരമായി പട്ടണത്തിൽ പ്രവെശിക്കുന്നത. നടക്കുന്നത. Nihil ex-it exore വായിൽ നിന്ന യാതൊന്നും പുറപ്പെടുന്നില്ല. ad vos ad-eunt നിങ്ങളുടെ പക്കൽ അവര വരുന്നു, ab-esto a sole ആദിത്യനിൽ നിന്ന നീ അകന്നിരിക്ക. &c.

---

## DE ADVERBIORUM CONSTRUCTIONE.

ചൊ? Adverbium എന്നു പറയുന്നതെന്താകുന്നു?

ഉ: ഒന്നാം ക്രൂറിൽ ubi de adverbiis ചൊല്ലിയിരിക്കുന്നതുപൊലെ മാറു മൊഴികളൊട ചെൎന്നുവരുമ്പൊൾ അതിന്റെ അൎത്ഥം നിശ്ചയിച്ച ഒരുവിധമാക്കുന്ന പെരുക്കമില്ലാത്ത ഒരു വക പദങ്ങൾ അത്രെ adverbia കൾ എന്നു പറയുന്നത. ഉദ: bene scribit (അവൻ) നന്നായിട്ട എഴുതുന്നു. എഴുതുന്നു എന്ന കാട്ടുന്ന ക്രിയാപദത്തൊട bene നന്നായിട്ട എന്ന ഒരു adverbium ചെൎന്നപ്പൊൾ എഴുതുന്ന വിധവും അറികയും ചെയ്തു. raro loquitur അപൂൎവ്വമായിട്ട പറയുന്നു. vel സംസാരിക്കുന്നു &c.

ചൊ: Adverbia കൾ എത്രവകയുണ്ട?

ഉ: ഒന്നാം ക്രൂറിൽ ചൊല്ലിയിരിക്കുന്നതുപൊലെയും, വിവരം തിരിച്ച കാണിച്ചിരിക്കുന്നതുപൊലെയും പലവകയുണ്ടു ആയതു അവിടെ നൊക്കിപഠിച്ചുകൊൾക.

ചൊ: Adverbia കളൊടു വിഭക്തികൾ ചെൎക്കുമാറുണ്ടൊ?

ഉ: സാക്ഷാൽ പറഞ്ഞാൽ adverbia കൾ വിഭക്തികളെ ഭരിക്കുന്നില്ല. എന്നാൽ അതുകളുടെ ശെഷം കാണുന്ന വിഭക്തികൾ ഒന്നുകിൽ ക്രിയാപദത്തിന്റെ വിഭക്തിയായിരിക്കും അല്ലെങ്കിൽ ഉള്ളൎത്ഥമായിട്ടുള്ള വല്ല മുൻചൊല്ലിന്റെ വിഭക്തിയായിരിക്കുന്നു vel ആയിട്ട, വെണ്ടി എന്നുള്ള അൎത്ഥഹെതുവായിട്ട ഉണ്ടാകുന്ന dativus വിഭക്തിയായിരിക്കും. ഉദ: Ecce lupus ഇതാ ചെന്നാ എന്നു പറയുമ്പൊൾ adest എന്ന ക്രിയാപദം ഉള്ളൎത്ഥമായിട്ട വിചാരിച്ചുകൊള്ളണം. Ecce hominem എന്ന accusativum വിഭക്തിയായിട്ട പറയുമ്പൊൾ Vide, vel aspice hominem എന്നൎത്ഥമാകും. Ecce tibi Rex എന്ന പറഞ്ഞാൽ ഇതാ നിനക്ക രാജാവ adest എന്നൎത്ഥമാകുന്നു. Procul urbem, ad urbem എന്നൎത്ഥം. Procul mari oceano അതായത procul a mari oceano സമുദ്രത്തിൽ നിന്ന ദൂരം എന്നൎത്ഥമാകും.

ചൊ: അപ്പൊഴ en, ecce, എന്തൊരു വിഭക്തികളൊടുകൂടെ ചെൎക്കപ്പെടുന്നു?

ഉ: മെൽ കാണിച്ചതുപൊലെയും ഒന്നാംക്രൂറിൽ എഴുതിയിരിക്കുന്നതുപൊലെയും Nominativo വിഭക്തിയൊടും accusativo വിഭക്തിയൊടും ചെൎക്കെണ്ടതാകുന്നു.

ചൊ: Genitivo വിഭക്തിയൊടു ചെൎക്കെണ്ടുന്ന adverbia കൾ എന്തെല്ലാമാകുന്നു?

ഉ: Substantiva പെരുകളെപൊലെ വാചകത്തിൽ പ്രയോഗിക്കപ്പെടുന്ന വലിപ്പം, ചെറുപ്പം, അധികം, കുറെച്ച, എന്നുള്ള അൎത്ഥങ്ങളൊടു കൂടിയ adverbia കളുടെ ശെഷം genitivus വിഭക്തി പ്രയോഗിക്കെണ്ടുന്നതാകുന്നു.

ഉദ: Nihil boni, നന്മയുടെ ഏതുമില്ല vel യാതൊരു ഗുണവുമില്ല, parum virtutis കുറെ പുണ്യം vel പുണ്യത്തിന്റെ കുറെച്ച, Paullulum mellis കുറെ തെൻ, multum aquæ വളരെ വെള്ളം, satis verborum മതിയാകുന്ന വചനങ്ങൾ, eo sævitiæ ഇത്ര ക

ടപ്പുറത്താമം, nimis sollicitudinis അധികതാല്പൎയ്യം vel വിചാരം, instar leonis സിംഹംപൊലെ, abunde pœnarum ശിക്ഷകളുടെ vel ദുരിതങ്ങളുടെ സമ്പൂൎണ്ണത, virtutis ergo പുണ്യംഹെതുവായിട്ട, ergo ഇവിടെ causa vel gratia എന്നതിന്ന പകരമായിട്ടാകുന്നു.

പെരുകളിൽനിന്ന ഉത്ഭവിച്ചിരിക്കുന്ന superlativa adverbiaകളൊട്ടും genitivus വിഭക്തി ചെൎക്കെണ്ടതാകുന്നു ഉദ: maxime omnium nobilium ശ്രെഷ്ഠപ്പെട്ട തറവാട്ടുകാരെക്കാൾ, എന്നാൽ ഒരു genitivus വിഭക്തി „ex„ എന്ന മുൻചൊല്ലിനൊട്ടു കൂടിയ ablativo ആയിട്ട പകൎത്തുകയും ആം. ഉദ : maxime ex omnibus nobilibus doctus

ചൊ. ഇടത്തിന്നടുത്ത adverbiaകൾ അതായത ubi, ubinam, ubique, ubivis, usquam,nusquam, unde, longe, എന്തൊരു വിഭക്തിയൊടുകൂടെ ചെൎക്കെണ്ടതാകുന്നു ?

ഉ : Terrarum et gentium എന്ന genitivo വിഭക്തിയൊടുകൂടെ ചെൎക്കപ്പെട്ടമാറാകുന്നു. ഉദ. ubi terrarum ? ubi gentium ? ubinam gentium ? എവിടെ എന്തൊരു ദിക്കിൽ ? Ubique terrarum എല്ലാ ഇടത്തിലും

Ubivis gentium എവിടെയെങ്കിലും എല്ലാടത്തും, usquam gentium ലൊകത്തിന്റെ വല്ലെടത്തിൽ, nusquam gentium ഒരെടത്തുമില്ല.

Unde gentium ? എവിടെനിന്ന ഏതുദിക്കിൽനിന്ന, longe gentium ദൂരത്തിൽനിന്ന ദൂരദിക്കിൽനിന്ന.

ചൊ. കാലത്തിന്നടുത്തadverbiaകൾ pridie postridie tunc എന്തൊരുവിഭക്തിയൊടുകൂടെ ചെൎക്കെണ്ടതാകുന്നു ?

ഉ : Genitivo വിഭക്തിയൊടുകൂടെചെൎക്കപ്പെട്ടമാറാകുന്നു. എന്നാൽ pridie et postridie accusativo വിഭക്തിയൊടും ചെൎക്കപ്പെടുകയുംചെയ്യും. ഉദ ; tunctemporis ആകാലത്തിൽ pridie ejus diei തലെദിവസം.

Pridie calendas vel calendarum മാസത്തിന്റെ ഒന്നാം തിയ്യതിയുടെ തലെദിവസം. Postridie ejus diei അതിന്റെ പിറ്റെദിവസം (പിറ്റെദിവസം)

Postridie iduum ൧൩തി എന്ന മാസത്തിന്റെ തീയ്യതിയുടെ പിറ്റെദിവസം.

Postridie ludos, കളികളുടെ പിറ്റെദിവസം.

ചൊ: Dativo വിഭക്തിയൊടു ചെൎക്കപ്പെടുന്ന adverbia കൾ ഉണ്ടൊ ?

ഉ: ഉണ്ട. പെരുകളിൽനിന്ന ഉത്ഭവിക്കുന്ന adverbia കൾ ആകുമ്പൊൾ ആ പെരുകളൊട ചെൎന്നുവരുന്ന വിഭക്തി dativus ആയിരുന്നാൽ അതുകളിൽനിന്ന ഉത്ഭവിക്കുന്ന adverbia കളൊടും dativus ചെൎക്കപ്പെടുകയും ചെയ്യും. ഉദ. Vivere convenienter vel congruenter naturæ സ്വഭാവത്തിന്നൊത്ത പൊലെ ജീവിക്കുന്നത: ire obviam alicui യാതൊരുത്തനെ എതിരെല്പാൻ പൊകുന്നത.

ചൊ : Accusativo വിഭക്തിയൊടു ചെൎക്കപ്പെടുന്ന adverbiaകൾ എന്തെല്ലാമാകുന്നു ?

ഉ : Propius ഏറ്റം അടുത്തതായി Proxime എത്രയും സമീപെ &c. accusativo വിഭക്തിയൊടു ചെൎക്കപ്പെടുന്നു ഉദ. castra propius urbem ponere, സെനകളെ പട്ടണത്തിന്ന ഏറ്റം അടുത്തതായി നിൎത്തുന്നത habere exercitum quam proxime hostem ശത്രുവിന്ന എത്രയും സമീപെ സെനയുണ്ടായിരിക്കുന്നത.

ചൊ : Ablativo വിഭക്തിയൊടു കൂടെ ചെൎക്കപ്പെടുന്ന adverbia കൾ എന്തെല്ലാമാകുന്നു ?

ഉ : Comparativa adverbia ablativo വിഭക്തിയൊ ചെൎക്കപ്പെടുന്നതാകുന്നു ഉദ.

Nihil arescit citius lacryma യാതൊന്നും കണ്ണുനീരിനെക്കാൾ അധിക വെഗത്തിൽ ഉണങ്ങുന്നില്ല præ എന്ന മുൻചൊല്ലു ഇല്ലർത്ഥമായിട്ടുണ്ട.

സൂക്ഷിക്കെണ്ടുന്നത മലയാഴ്മ adverbiaകൾ വളരെ കുറെച്ചു എളുമില്ല ഇത്ര എത്ര അല്പം അധികം ഒരു comparativiനൊടും vel ante et post എന്ന മുൻ ചൊല്ലുകളൊടു ചെൎന്നുവരുമ്പൊൾ വളരെ multo കുറെച്ചു paullo ഏളുമില്ല nihilo ഇത്ര tanto എത്ര quanto vel eo, vel quo അല്പം aliquanto അധികം nimio എന്നതായിട്ടു പൊരുൾ തിരിക്കെണ്ടതാകുന്നു ഇതിന്റെ ഏറ്റം വലിയ തിരിവിന്നു തഴെ കുറിക്കപ്പെട്ടിരിക്കുന്ന ഉദാഹരണങ്ങളെ സൂക്ഷിച്ചു കൊൾക.

വളരെ അധികം ശാസ്ത്രിയുള്ള multo doctior, vel longe doctior വളരെ അധികം വെഗത്തിൽ multo citius vel longe citius ഏളും vel ഒട്ടും ഏറ്റം നല്ലതായില്ല vel ........നല്ലതല്ല, Nihilo melior.

അല്പം ഏറ്റം നല്ല-ത-aliquanto melior.

എത്ര അധികമൊ അത്ര അധികം &c. quanto magis, tanto magis vel quo magis eo magis quanto magis studes tanto magis dediscis നീ എത്ര അധികം പഠിക്കുന്നൊ അത്ര അധികം പഠിച്ചത മറക്കുന്നു vel quo magis studes, eo magis dediscis.

എത്ര അധികം കുറെച്ചു അത്ര അധികം കുറെച്ചു, quanto minus tanto minus, vel quo minus, eo minus.

വളരെ മുമ്പ multo ante, vel longe ante. കുറെ പിന്നെ paullo post.

ചൊ: Abhinc എന്ന adverbium പ്രയൊഗിക്കെണ്ടതെങ്ങിനെ ?

ഉ: ഒരു സംഗതി ചെയ്യപ്പെട്ടിട്ടു vel സംഭവിച്ചിട്ടു എത്ര നാളായി എന്നുള്ളതിനെ അറിയിപ്പാനാകുമ്പൊൾ ablativo vel accusativo വിഭക്തിയൊടു ചെൎപ്പാനുള്ളതാകുന്നു ഉദ. നിന്റെ കൂടപ്പിറപ്പ മൂന്നവരുഷം മുമ്പ മരിച്ചു frater tuus mortuus est tribus abhincannis vel tres ab hinc annos എന്നാൽ സംഗതി എത്രനാൾ കഴിഞ്ഞിട്ടു ചെയ്യപ്പെടുമെന്ന വരും കാലമായിട്ടു പറയുമ്പൊൾ hinc ad vel hinc post vel post മാത്രം accusativo വിഭക്തിയൊടു ചെൎക്കെണ്ടതാകുന്നു ഉദ. രണ്ടു ദിവസം കഴിഞ്ഞിട്ടു ഞാൻ തിരികെ വരും Redibo hinc ad duos dies vel redibo hinc post duos dies vel redibo post duos dies.

കടശി, സംഗതി ഇപ്പൊഴും നടക്കുന്നു vel ചെയ്യപ്പെടുന്നു എന്നാൽ തുടങ്ങിട്ടു ഇത്ര നാളായി എന്ന പറയണമെങ്കിൽ a, vel ab, എന്ന മുൻചൊല്ലിനൊടു കൂടിയ ablativus പ്രയൊഗിക്കണം, അല്ലെങ്കിൽ മുൻചൊല്ലുകൂടാതെയുള്ള accusativum പ്രയൊഗിക്കാം എന്നാൽ അപ്പൊൾ എണ്ണം ക്രമത്തിന്നടുത്ത എണ്ണമായിരിക്കെണം. ഉദ: അവൻ കൊച്ചിയിൽ പഠിച്ചുവരുന്നത vel പഠിച്ചു തുടങ്ങിട്ടു നാല വരുഷമായി iam a quatuor annis vel iam quartum annum studet Coccini.

ചൊ: Ut, Ne, adverbiaകളായിട്ടു പ്രയൊഗിക്കെണ്ടുന്നതെങ്ങിനെ ?

ഉ: ut adverbium ആയിട്ടു പൊലെ ഉടനെ ശെഷം പിന്നെ എന്ന അൎത്ഥമായി വരുമ്പൊൾ കാട്ടുന്ന വിധത്തൊടു ചെൎക്കാനുള്ളതാകുന്നു. ഉദ: നീ എഴുതിയതുപൊലെ ut scripsisti ഞാൻ പുറപ്പെട്ട ഉടനെ vel പുറപ്പെട്ടിട്ടു, ut discessi &c. Ne, വിലക്കുന്ന adverbium ആയിട്ടു Subjunctivo vel Imperativo വിധത്തൊടു ചെൎപ്പാനുള്ളതാകുന്നു ഉദ: Ne eas പൊകരുത: ne jures, vel ne jura സത്യം ചെയ്യരുത. ചൊദ്യത്തിന്നായിട്ടു പ്രയൊഗിക്കപ്പെടുമ്പൊൾ indicativo വിധത്തൊടു ചെൎക്കെണ്ടതാകുന്നു. Me ne vocas ? പക്ഷെ എന്നെ വിളിക്കുന്നൊ ?

ചൊ: Antequam, priusquam, nae എന്തൊരു വിധത്തൊടു ചെൎക്കെണ്ടതാകുന്നു ?

ഉ: Indicativo വിധത്തൊടും Subjunctivo വിധത്തൊടും ചെൎക്കയും ആം. ഉദ:

antequam vel prius quam venires നീ വരുന്നതിന്ന മുമ്പിൽ.

Nae നിശ്ചയമായിട്ട, സാക്ഷാൽ എന്നൎത്ഥമായിരിക്കുന്നു എന്നാൽ സാമാന്യം ഒരു pronomen ഇതിന്റെ ശെഷം ചെൎക്കപ്പെടുന്നു ഉദ: Nae ego infelix homo sum ഞാൻ നിശ്ചയമായിട്ട നിൎഭാഗ്യമുള്ള മനുഷ്യനാകുന്നു.

ചൊ: Quin, എന്നതിന്റെ പ്രയൊഗം എങ്ങനെ?

ഉ: ഇതിന്റെ അൎത്ഥങ്ങൾ പലതാകുന്നു. അതായത ആതെഇരിപ്പാൻ, കൂടാതെ, ഇല്ലാതെ, എന്നാൽ, എങ്കിലും, നിശ്ചയമായി, എന്തെ, ഇല്ല, vel അല്ല. Quin taces? എന്തെ നീ മിണ്ടാതെ ഇരിക്കുന്നില്ല. Non quin rectum esset; sed quia &c. ചൊവ്വെയല്ലാഞ്ഞതുകൊണ്ടല്ല പിന്നെയൊ &c. Quin hincipse evolare cupio എന്നുതന്നെയുമല്ല പിന്നെയൊ ഇവിടെനിന്ന പറന്നുപൊകുവാൻ ഞാൻ ആഗ്രഹിക്കുന്നു. Non possum quin ad te scribam നിനക്ക എഴുതാതെ ഇരിപ്പാൻ ഇനിക്കപാടില്ല. പ്രത്യെകം, സംശയിക്കുന്നില്ല എന്ന അൎത്ഥമായിരിക്കുന്ന non dubito എന്നതിന്റെ ശെഷം പ്രയൊഗിക്കപ്പെടുന്നു Non dubito quin res ita se habeat സംഗതി ഒരുവണ്ണം ആകുന്നതിന്മെൽ ഞാൻ സംശയിക്കുന്നില്ല.

ചിലപ്പൊൾ qui non, quæ non, quod non എന്നതിന്ന പകരമായിട്ട കാണുകയും ചെയ്യും Nemo fuit quin viderit, qui non viderit എന്നതിന്ന പകരം, കാണാത്തത ആരും ഉണ്ടായില്ല. &c.

ചില adverbia കൾക്ക Comparativus gradus ഉള്ളപ്രകാരം ഒന്നാംക്രൂറിൽ പറഞ്ഞിരിക്കുന്നതുകൂടാതെ എറിയതും അവിടെ കാട്ടുകയും ചെയ്തു. ആയത അവിടെതന്നെ നൊക്കികൊൾക.

---

## DE CONSTRUCTIONE INTERJECTIONUM.

ചൊ: Interjectio എന്നുപറയുന്നത എന്താകുന്നു?

ഉ: ഒന്നാം ക്രൂറിൽ (ubi de interjectionibus) ചൊല്ലിയിരിക്കുന്നതുപൊലെ ഉള്ളിൽ vel മനസ്സിൽ ഉണ്ടാകുന്ന ഓരൊരു മനൊവികാരങ്ങളെ കാട്ടുന്ന പെരുക്കമില്ലാത്ത ഒരുവക പദങ്ങൾ അത്രെ interjectiones എന്നു പറയുന്നത. എന്നാൽ പലവിധമായ മനസ്സിന്റെ പകച്ചകൾക്ക തക്കതിൻവണ്ണമുള്ള interjectiones നടപ്പായിരിക്കുന്നപ്രകാരവും അതാതിന്റെ വിവരം ഒന്നാം ക്രൂറിൽ ഒമ്പതാം അദ്ധ്യായത്തിൽ കാണുക.

ചൊ: Interjectiones വിഭക്തികളെ ഭരിക്കുന്നൊ?

ഉ: സാക്ഷാൽ പറഞ്ഞാൽ യാതൊരു വിഭക്തിയെ ഭരിക്കുന്നില്ല അതതിന്റെ കൂടെയുണ്ടാകുന്നവിഭക്തി ഉള്ളൎത്ഥമായിട്ടുണ്ടായിരിക്കുന്ന ഒരു ക്രിയാപദത്താൽ ഭരിക്കപ്പെടുന്നു. എന്നാലിവിവരവും പലഉദാഹരണങ്ങളും ഒന്നാം ക്രൂറിൽ മെലെഴുതിയ അദ്ധ്യായത്തിൽ കാണിച്ചിരിക്കകൊണ്ട ഇവിടെ വീണ്ടും എഴുതുവാൻ ആവശ്യമില്ല. ൟ വകപദങ്ങൾ സംബന്ധമായിട്ട അവിടെ എഴുതിയിരിക്കുന്നത വെണ്ടുവൊളം മതിയായിരിക്കുന്നു. എന്നതിനെകൊണ്ട Syntaxis എന്ന വ്യാകരണത്തിന്റെ ൟ ഒടുക്കത്തെ ക്രൂറിന്ന അറുതിവെക്കുന്നതിന്ന വെഗത്തിൽ വാചകത്തിന്റെ എട്ടാമത്തെ, vel ഒടുക്കത്തെ ക്രൂറാകുന്ന conjunctiones എന്നുള്ളവകളുടെ പ്രയൊഗം കാണിച്ചതിന്റെ ശെഷം ചൊദ്യൊത്തരത്തിന്മെലും മറ്റും ചില ആവശ്യമായിട്ടുള്ള സംഗതികളുടെമെലും അറിയെണ്ടുന്നത അനുബന്ധമായിട്ട ചെൎക്കയും ആം.

---

## DE CONSTRUCTIONE CONJUNCTIONUM.

ചൊ: Conjuctio എന്നു പറയുന്നത എന്താകുന്നു?

ഉ: ഒരു പേരിന്റെ അൎത്ഥം കാട്ടുന്നതുപോലെയും ഒന്നാം കൂറിൽ (ubi de conjunctionibus) ചൊല്ലിയിരിക്കുന്നതുപോലെയും വാചകത്തിൽ മൊഴികളെയും വാചകത്തിന്റെ കൂറുകളെയും ചേൎത്തുകെട്ടുന്ന ഒരു വക പദങ്ങൾ അത്രെ conjunctiones എന്നു പറയുന്നത.

എന്നാൽ ഇങ്ങനെയുള്ള സന്ധിപ്പദങ്ങളുടെ ഒരോരൊ വകകളും അതതിന്റെ അൎത്ഥവും ഒന്നാം കൂറിൽ എഴുതിയിരിക്കകൊണ്ട ഇവിടെ ചിലതുകളുടെ പ്രയോഗം മാത്രം കാട്ടുകയും ചെയ്യും.

ചൊ: Cum, vel quum, എന്തൊരു വിധത്തോടു ചേൎക്കേണ്ടതാകുന്നു?

ഉ: എന്നതിനെകൊണ്ട, ആകകൊണ്ട, എന്നുള്ള അൎത്ഥത്തോടു കൂടിയതായി വരുമ്പോൾ എല്ലായ്പോഴും Subjunctivo വിധത്തോടു ചേൎക്കേണ്ടതാകുന്നു. ഉദ: Quum non studeat discere non potest അവൻ പഠിനത്തിന്ന വേല ചെയ്യാതെ ഇരിക്കുന്നതിനെ കൊണ്ട പഠിപ്പാൻ വശമാകുന്നില്ല. Cum negligens fuerit meretur castigationem അവൻ മടിയനായിരുന്നതിനെകൊണ്ട ശിക്ഷയ്ക്കു പാത്രവാനാകുന്നു.

എന്നാൽ (പ്പോൾ) അപ്പോൾ എന്നൎത്ഥമായിട്ട വരുമ്പോൾ കഴിഞ്ഞ നടക്കുന്ന കാലത്തിന്ന മുമ്പിൽ വരുമ്പോൾ Subjunctivo വിധത്തോടു ചേൎക്കേണ്ടതാകുന്നു അല്ലെങ്കിൽ vel മറ്റു കാലങ്ങൾക്ക മുമ്പിൽ വരുമ്പോൾ Indicativo വിധത്തോടു ചേൎക്കേണ്ടതാകുന്നു. ഉദ: Quum abundant divitiæ, abundant plerumque et vitia സമ്പത്തു സമ്പൂൎണ്ണതയാകുമ്പോൾ ഏറിയകൂറും ദുൎഗ്ഗുണങ്ങളും അധികമായിരിക്കയും ചെയ്യുന്നു. cum quis functus est munere suo, est magis lætus യാതൊരുത്തൻ അവന്റെ കടം നിറവെറ്റിയിരിക്കുമ്പോൾ ഏറ്റം സന്തോഷമുള്ളവനാകുന്നു cum esset pauper, erat virtute præditus അവൻ ദരിദ്രൻ ആയിരുന്നപ്പോൾ പുണ്യമുള്ളവനായിരുന്നു.

ചൊ: Dum എന്നതിന്റെ പ്രയോഗം എങ്ങനെ?

ഉ: അപ്പോൾ ഇടയിൽ എന്ന അൎത്ഥത്തോടു കൂടിയതാകുമ്പോൾ നില്ക്കുന്ന കാലമാകുന്ന വാചകത്തിൽ കാട്ടുന്ന വിധത്തോടും കഴിഞ്ഞ നടക്കുന്ന കാലമാകുന്ന വാചകത്തിൽ Subjunctivo വിധത്തോടു ചേൎക്കപ്പെടുകയും ചെയ്യുന്നു. ഉദ: Dum magister loquitur, discipuli eum audire debent ഗുരു പറയുന്നപ്പോൾ (vel പറയുമ്പോൾ) ശിഷ്യര അയാളെ കെൾക്കേണം. Dum omnes dormirent, aufugit എല്ലാവരും ഉറങ്ങികിടക്കയിൽ അവൻ ഒളിച്ചുപോയി.

ചൊ: Dum എന്ന ഒരു സന്ധിപ്പദം തന്നെ dummodo, donec എന്നതിന്ന പകരമായിട്ട വരുമ്പോൾ എന്തൊരു വിധത്തോടു ചേൎക്കേണ്ടതാകുന്നു?

ഉ: Subjunctivo വിധത്തോടു ചേൎക്കേണ്ടതാകുന്നു. ഉദ: clitellas dum portem meas അതായത dum modo portem clitellas meas, എന്റെ ജീനി ഞാൻ ധരിച്ചാൽ expecta dum redeam, ഞാൻ പിന്തിരിയുന്നതുവരെ നീ പാൎത്തിരിക്ക vel താമസിക്ക അതായത expecta donec redeam.

ചൊ: Ut എന്ന സന്ധിപ്പദത്തിന്റെ പ്രയോഗം എങ്ങനെ?

ഉ: അതിന്നുവേണ്ടി അതിന്നായിട്ട ഇതിന്നായിട്ട എന്ന അൎത്ഥമായിട്ട വരുമ്പോഴൊക്കെയും Subjunctivo വിധത്തോടു ചേൎക്കേണ്ടതാകുന്നു. ഉദ: Dominus nos punit, ut nostros corrigamus mores നമ്മുടെ വ്യാപാരത്തെ നന്നാക്കുന്നതിന്ന കൎത്താവ നമ്മെ ശിക്ഷിക്കുന്നു. Studeo ut discam ഞാൻ പഠിക്കുന്നതിന്ന പഠിനത്തിന്ന വേല ചെയ്യുന്നു. ഇതുഹേതുവായിട്ട adeo, ita, sic, talis, tantum, tot, tam എന്ന മൊഴികളുടെ ശേഷം ut cum Subjunctivo പ്രയോഗിക്കേണ്ടതാകുന്നു. ഉദ: es adeo bonus, ut lauderis ab omnibus നീ എല്ലാവരാൽ സ്തുതിക്കപ്പെടുവാൻ തക്കവണ്ണം അത്രെ നീ നല്ലവനാകുന്നു.

Ut എന്ന ഒരു പദം ചിലപ്പോൾ തിരിച്ച വാചകത്തിൽ കാണുന്നില്ലെങ്കിൽ ഉള്ള

ൎത്ഥമായിട്ട പൊരുൾ തിരിച്ചുകൊൾക. ഉദ: Fac sciam അതായത Fac ut sciam ഞാൻ അറിയുന്നതിന്ന നീ ചെയ്യ.

ചിലപ്പോൾ quamvis എന്നതിന്ന പകരമായിട്ട ut പ്രയോഗിക്കപ്പെടുന്നു എന്നാൽ അപ്പൊൾ Subjunctivo വിധത്തൊട ചെൎക്കെണ്ടതാകുന്നു. ഉദ: ut desint vires, tamen est laudanda voluntas ശക്തിയില്ലെങ്കിലും മനസ്സ സ്തുതിക്കപ്പെടെണ്ടതാകുന്നു.

ചൊ: ഉടനെ, അതിന്റെശെഷം, പൊലെ, എന്ന അൎത്ഥമായിട്ട വരുമ്പൊൾ എന്തൊരു വിധത്തൊട ചെൎക്കെണ്ടതാകുന്നു ?.

ഉ: Indicativo, vel കാട്ടുന്ന വിധത്തൊട ചെൎക്കെണ്ടതാകുന്നു. ഉദ. Ut errorem suum agnovit, amare flevit, അവന്റെ തെറ്റ അറിഞ്ഞുവുടനെ അവൻ വളരെ (കൈപ്പൊടെ) കരഞ്ഞു: ut dici solet, ചൊല്ലി വരുമാറാകുന്നതുപൊലെ.

ചൊ: Licet, Etiamsi, Quamvis, Quamquam, Etsi, Tametsi എന്നുള്ള സന്ധിപ്പദങ്ങളുടെ പ്രയോഗം എങ്ങിനെ ?

ഉ: ഈ പദങ്ങളെല്ലാറ്റിന്റെയും അൎത്ഥം (എങ്കിലും എന്ന വന്നാലും, എന്നായാലും) എന്നാകുന്നു. എന്നാൽ licet എല്ലായ്പൊഴും subjunctivo വിധത്തൊടും etiamsi, quamvis, ഏറ്റം നടപ്പായിട്ട subjunctivo വിധത്തൊടുതന്നെ, quamquam, ഏറ്റം നടപ്പായിട്ട Indicativo വിധത്തൊട ചെൎക്കപ്പെടുന്നു. കടശി Etsi, tametsi വാചകത്തിന്റെ തുടക്കത്തിൽ വന്നാൽ Indicativo വിധത്തൊടും മറ്റെടത്തിൽ വന്നാൽ Indicativo വിധത്തൊടും vel, Subjunctivo വിധത്തൊടും ചെൎക്കയും ആം അപ്പൊഴ ഈ വാചകം നിനക്ക സമ്പത്ത അധികം ഉണ്ടെങ്കിലും ചുമ്മ ഇരുന്ന ജീവിതം കഴിച്ചുകൂടാ എന്നത താഴെ കാണിച്ചിരിക്കുന്ന വിധങ്ങളായിട്ട പൊരുൾ തിരിക്കാം അതായത:—

Licet divitiis affluas, tibi non licet otiose vivere.
Etiamsi, vel quamvis divitiis affluis, tibi non licet otiose vivere.
Quamvis divitiis affluis, tibi non licet &c.
Etsi, tametsi divitiis affluis, tibi non licet vitam vivere otiosam-vel.
Tibi non licet vitam vivere otiosam, etsi vel tametsi divitiis affluis vel affluas.

ചൊ: Vereor, Timeo, Metuo എന്ന ക്രിയാപദങ്ങളുടെ ശെഷം ,,ut,, എന്ന പദം പ്രയോഗിക്കെണ്ടുന്നത എപ്പൊൾ ആകുന്നു?

ഉ: സംഗതി ഒാവണ്ണമാകട്ടെ എന്ന ആഗ്രഹിക്കുമ്പൊൾ ,,ut,, പ്രയോഗിക്കെണ്ടതാകുന്നു. ഉദ. വരുമൊ vel വരികയില്ലയൊ എന്ന ഞാൻ ഭയപ്പെടുന്നു. Vereor ut veniat. Vereor ut placari possit അടക്കപ്പെടുമൊ, vel അരിശം അമരുമൊ എന്ന ഞാൻ ഭയപ്പെടുന്നു.

ചൊ: ,,Ne,, വിലക്കുന്ന vel negans സന്ധിപ്പദമായിട്ട പ്രയൊഗിക്കെണ്ടുന്നത എങ്ങനെ ?

ഉ: Subjunctivo വിധത്തൊട ചെൎക്കെണ്ടുന്നതാകുന്നു. ഉദ. Oro ne facias hoc, ഇത നീ ചെയ്യരുതെന്ന ഞാൻ അപെക്ഷിക്കുന്നു. നിന്നെ കാണാതെയിരിപ്പാൻ ഞാൻ പുറപ്പെട്ടു പൊകുന്നു. discedo ne te videam. ചിലപ്പൊൾ ഉള്ളൎത്ഥമായിട്ടല്ലാതെ തിരിച്ച കാണുകയില്ല. Cave sentiant അതായത Cave ne sentiant.

ചൊ: എന്നാൽ Vereor, Timeo, metuo എന്ന ക്രിയാപദങ്ങളുടെ ശെഷം ,,ne,, പ്രയൊഗിക്കെണ്ടുന്നത എപ്പൊൾ ആകുന്നു?

ഉ. സംഗതി ഒാവണ്ണം ആകരുത എന്നാഗ്രഹമായിരിക്കുമ്പൊൾ. ഉദ. Metuebat ne indicaretur, പരസ്യമാക്കപ്പെടുമെന്ന അവൻ ഭയപ്പെടുകയായിരുന്നു.

ചൊ: Ni-nisi എന്നതിന്റെ പ്രയൊഗം എങ്ങനെ ?

ഉ: Indicativo വിധത്തോടും Subjunctivo വിധത്തോടും ചെൎക്കുന്നു Ni fallor vel nisi me fallit opinio, ഞാൻ തെറ്റിപ്പോകുന്നില്ലയെങ്കിൽ Nisi videritis signa, et prodigia non creditis, അടയാളങ്ങളെയും പ്രത്യക്ഷങ്ങളെയും നിങ്ങൾ കണ്ടല്ലാതെ vel കാണ്കയില്ലയെങ്കിൽ വിശ്വസിക്കുന്നില്ല.

ചൊ: മലയാഴ്മയിൽ „എങ്കിൽ„ എന്ന അവ്യയം conditionalായിട്ട വരുമ്പോൾ അതിനോട ചെൎന്ന ക്രിയാപദം എങ്ങിനെ പൊരുൾ തിരിപ്പാനുള്ളതാകുന്നു?

ഉ: വാചകത്തിൽ നില്ക്കുന്ന കാലമായിരുന്നാൽ Indicativiന്റെ നില്ക്കുന്ന കാലമായിട്ട vel Subjunctiviന്റെ നില്ക്കുന്നകാലമായിട്ട പൊരുൾ തിരിക്കാം.

ഉദ: ഞാൻ വേലചെയ്യുന്നുവെങ്കിൽ സൌഖ്യമായിരിക്കുന്നു Si laboro, vel si laborem valeo.

എന്നാൽ വാചകത്തിന്റെ രണ്ടാംക്കൂറിലെ ക്രിയാപദം വരുംകാലമായിരുന്നാൽ എങ്കിൽ എന്ന പദത്തോട ചെൎന്നതും വരുംകാലമായിട്ട പൊരുൾ തിരിക്കുമാറാകുന്നു. ഉദ: നീ പഠിക്കുന്നുവെങ്കിൽ പിന്നെ സന്തോഷമായിരിക്കും Si studeas vel si studueris contentus postea eris.

എങ്കിൽ„ എന്ന അവ്യയ പദത്തോട ചെൎന്ന ക്രിയാപദം Indicativiന്റെ വരുംകാലമായിരുന്നാൽ Indicativiന്റെ വരും കാലമായിട്ടും Subjunctiviന്റെ വരും കാലമായിട്ടും പൊരുൾ തിരിക്കാം. ഉദ: അവൻ വരുമെങ്കിൽ ഞാൻ അവനെ കാണും, Si veniet, vel si venerit illum videbo.

എങ്കിൽ„ എന്ന അവ്യയപദത്തോട ചെൎന്ന ക്രിയാപദം Subjunctiviന്റെ വരുംകാലം ആകുമ്പോൾ Indicativiന്റെ മുഴുവൻ കഴിഞ്ഞകാലമായിട്ട പൊരുൾതിരിക്കേണ്ടുന്നതാകുന്നു. ഉദ: അവൻ പുറപ്പെട്ടിരിക്കുമെങ്കിൽ എന്നോട നീ അറിയിക്കും Si iam discessit me monitum facies.

എങ്കിൽ„ ശബ്ദത്തോട ചെൎന്ന ക്രിയാപദങ്ങൾ രണ്ടും കാട്ടുന്ന വിധത്തിന്റെ കഴിഞ്ഞ നടക്കുന്ന കാലമായാൽ രണ്ടും Subjunctiviന്റെ കഴിഞ്ഞ മറ്റൊന്നിന്ന മുമ്പിൽ കഴിഞ്ഞ കാലമായിട്ട പൊരുൾ തിരിക്കേണ്ടുന്നതാകുന്നു. ഉദ. ഞാൻ ഇതറിഞ്ഞിരുന്നുവെങ്കിൽ ഉടനെ പുറപ്പെട്ടുപോയേനെ Si hoc scivissem, Statim discessissem.

ഇല്ലയെങ്കിൽ വാചകത്തിന്റെ രണ്ടാംക്കൂറിൽ വരുമ്പോൾ Nisi„ cum subjunctivo പൊരുൾ തിരിക്കേണ്ടതാകുന്നു ഉദ: അവൻ നിശ്ചയമായിട്ട സൌഖ്യമാകയില്ല ഈ മരുന്ന സേവിച്ചില്ലയെങ്കിൽ Non convalescet certe, nisi sumat hanc medicinam. ആരും തിന്നരുത വേല ചെയ്യുന്നില്ലയെങ്കിൽ Nemo debet manducare, nisi laboret എന്നാൽ മേലെഴുതിയ മലയാഴ്മ ഉദാഹരണങ്ങൾ മലയാഴ്മ വാചകചെൎച്ചയുടെ തക്കതിൻ വണ്ണമല്ല. എന്നതിനെകൊണ്ട ഈ കാനോന ഏറ്റം ഉപ്പായിട്ട ഈ വണ്ണം പറയാം. അതായത: മലയാഴ്മ വാചകം (ഇന്നത) ചെയ്തല്ലാതെ„ ഇല്ല. ഈ വണ്ണം പ്രവൃത്തിച്ചല്ലാതെ, ചെയ്കയല്ലാതെ„ ഇല്ല. എന്നിങ്ങനെ വരുന്ന വാചകങ്ങൾ മേലെഴുതിയതു പോലെ പൊരുൾ തിരിക്കേണ്ടതാകുന്നു. ഉദ: ഈ മരുന്ന അവൻ സേവിച്ചല്ലാതെ സൌഖ്യമാകയില്ല Non convalescet &c.

ഇല്ലയെങ്കിൽ„ എന്നത വാചകത്തിന്റെ ഒന്നാം ക്കൂറിൽ വരുമ്പോൾ സാമാന്യം Si non, ആയിട്ട cum Indicativo പൊരുൾ തിരിക്കേണ്ടതാകുന്നു നിന്റെ കടം തീൎത്തില്ലയെങ്കിൽ നീ ശിക്ഷിക്കപ്പെടും Si non es functus munere tuo punieris. നീ കുറ്റം ചെയ്തില്ലയെങ്കിൽ നിനക്ക ഭയപ്പെടെണ്ടതില്ല Si non deliquisti, non est tibi timendum.

---

മലയാഴ്മ വാചകങ്ങളിൽ വരുന്ന ഒ? അതായത ചോദ്യമായിട്ട ഈ വണ്ണം പൊരുൾ തിരിക്കണം. ഉദ: അവൻ ഉണൎന്നിരിക്കുന്നൊ, ഉറങ്ങുന്നൊ? vigilat ne, and doruit?

ഒ?, ഇല്ലയൊ?—എന്നിവാചകം ഇത്തരെന്ന. ഉദ: അവൻ പൊയൊ, ഇല്ലയൊ? discessit ne, annon?

ചൊ: ഇപ്പൊലെയുള്ള (ഒ) സംശയിക്കുന്നു, അറിയുന്നില്ല, ചൊദിക്കുന്നു എന്നുള്ള ക്രിയാപദങ്ങളുടെ ഇടയിൽ വരുമ്പൊൾ എത്രയെന്ന പൊരുൾ തിരിക്കെണ്ടതാകുന്നു?

ഉ: Subjunctivo വിധത്തൊടു കൂടെ an, utrum, num, (utrum,..an non, vel necne.) vel an..nec ne.) ഉദ: Nescio an pervenerit അവൻ വന്നെത്തിയൊ ഇനിക്ക അറിയാമെല. eum interrogavit an, vel num, vel numquid ire vellet, പൊകുവാൻ മനസ്സുണ്ടൊ എന്ന അവനൊടു അവൻ ചൊദിച്ചു. Dubito, utrum domi sit, an rure, vel domi ne sit, an rure, അവൻ വീട്ടിലൊ പറമ്പിലൊ ഞാൻ സംശയിക്കുന്നു. അവൻ സൌഖ്യമായൊ ഇല്ലയൊ എന്ന ഇനിക്ക നിശ്ചയമില്ല. Incertum mihi est utrum convaluerit, an non vel nec ne vel an convaluerit, nec ne.

---

## താഴെ എഴുതിയിരിക്കുന്ന ഉദാഹരണങ്ങളെയും സൂക്ഷിച്ചുകൊൾക.

Nescimus an venturus sit, അവൻ വരുമൊ എന്ന ഞങ്ങൾ അറിയുന്നില്ല. Interroga eum, an-vel num, vel numquid venturus esset അവൻ വരുമായിരുന്നൊ എന്ന അവനൊടു നീ ചൊദിക്ക. Dubitabam utrum absolvendus fuisset, an damnandus അവൻ കുറ്റമില്ലാത്തവനായി വിധിക്കപ്പെട്ടുമൊ ശിക്ഷയ്ക്കു വിധിക്കപ്പെട്ടുമൊ എന്ന ഞാൻ സംശയിക്കയായിരുന്നു.

---

## Participia rus, ra, rum, et dus, da, dum ഇല്ലാത്ത ക്രിയാപദങ്ങൾ വന്നാൽ ഉദാഹരണങ്ങൾ.

Nescio an unquam discat, അവൻ പഠിക്കുമൊ ഞാനറിയുന്നില്ല. Nescio an disceret പഠിക്കുമായിരുന്നൊ ഇനിക്ക അറിയാമെല.

Dubito an eum pœnituisset അവൻ മനസ്താപപ്പെട്ടിട്ടുണ്ടായിരുന്നെന്നൊ ഞാൻ സംശയിക്കുന്നു.

---

## - എന്ന -

മലയാളം particula എന്ന ചിലപ്പൊൾ relativum ആയിട്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ചിലപ്പൊൾ ഒരു particula പൊരുൾ തിരിക്കാതെ ഇതിനൊടു ചെന്നിരിക്കുന്ന വാചകം Infinitivus വിധമായിട്ട പൊരുൾ തിരിപ്പാനുള്ളതാകുന്നുയെന്നു മാത്രം കാട്ടുകയും ചെയ്യും ഇവരണ്ടിന്മെൽ ഇവിടെ ഏതാനും കാനൊനകളെ വെച്ചാൽ കൊള്ളാമെന്ന തൊന്നിയിരിക്കുന്നു.

### ഒന്നാം കാനൊന.

എന്ന ഇതിനൊടു ചെന്നിരിക്കുന്ന ഒരു Substantivum പെരിനെ കാട്ടുമ്പൊൾ qui, quæ, quod, എന്ന relativum pronomen കൊണ്ട പൊരുൾ തിരിക്കെണ്ടതാകുന്നു. ഉദ: നീ അന്വെഷിക്കുന്നു എന്ന പുസ്തകം ഇതാകുന്നു hic est liber quem quæris. എന്റെ കൂട്ടപ്പിറപ്പിന്ന പൊയ്പൊയിരുന്നു എന്ന പുസ്തകങ്ങൾ ഇവകളാകുന്നു hi sunt libri fratris mei, quos amiserat.

### രണ്ടാം കാനൊന.

എന്ന. ഒരു particula ഒരു ക്രിയാപദത്താൽ ഭരിക്കപ്പെടുമ്പൊൾ അതായത കുറിക്കുന്ന ഒരു ക്രിയാപദത്തൊടു ചെന്നിരിക്കയും അതിന്റെ ശെഷം വരുന്നതത്രെ വാചക

അതിന്റെ രണ്ടാംക്രിയായിരിക്കയും, മെലെഴുതിയ 'എന്ന', വരെയുള്ളത രണ്ടാംക്രിയിലെ സാധനം പൊലെയായിരിക്കയും ചെയ്യാൽ സാമാന്യം 'എന്ന', വരെയുള്ളത Infinitivായിട്ട പൊരുൾ തിരിച്ച 'എന്ന', ഇട്ടുകളവാനുള്ളതാകുന്നു. ഉദ: സർവ്വെശ്വരൻ സകലത്തെയും പരിപാലിക്കുന്നു എന്ന ഞാൻ വിശ്വസിക്കുന്നു Credo, Deum omnia regere. നീ ഗ്രമത്തി പഠിക്കുന്നു എന്ന ഞാൻ അറിയുന്നു Ego scio te studere grammaticæ. പഠനത്തിന്മെൽ മടിയനായി എന്ന അവൻ അനുസരിച്ച പറയുന്നു Fatetur, se neglexisse studium അവൻ നാളെ വരുമെന്ന ഞാൻ വിശ്വസിക്കുന്നു Credo, eum venturum esse crastina die. ദുഷ്ടപര ഈ ജീവിതത്തിൽ കൂടെയും നിർഭാഗ്യവാന്മാരാകുന്നുവെന്ന കാര്യങ്ങളുടെ പട്ടാങ്ങയുള്ള ഗുരുനാഥയായിരിക്കുന്ന അനുഭവസിദ്ധി നമ്മെ പഠിക്കുന്നു nos docet experientia vera rerum magistra, etiam in hac vita malos esse miseros.

എന്നാൽ ഇതിന്മെൽ, De constructione verborum infinitivorum ചൊല്ലിയിരിക്കുന്നത വായിച്ച ഗ്രഹിച്ചുകൊൾക.

---

# APPENDIX.

## ചൊദ്യൊത്തരത്തിന്മെൽ.

ഉത്തരം ചൊദ്യത്തിന്നൊത്തതായിരിക്കണം. അതായത ചൊദ്യത്തിൽ കാണുന്ന vel കെൾക്കുന്ന വിഭക്തിയായിട്ടും, കാലമായിട്ടും ഉത്തരിക്കയും വെണം. മലയാഴ്മയിൽ ഈ വണ്ണം നടപ്പായിരിക്കുന്നുവെന്ന പറയാം. ഉദ: ഈ പുസ്തകം ആരുടെതാകുന്നു? എന്ന ഒരുത്തൻ നിന്നൊട ചൊദിച്ചാൽ എന്റെത, അല്ലെങ്കിൽ ഇന്നാരുടെതാകുന്നു എന്ന ചൊദ്യത്തിലുള്ളതുപൊലെ genitivus വിഭക്തിയായിട്ട നീ ഉത്തരിക്കയും ചെയ്യും. എവനെ നീ വിളിക്കുന്നു? നിന്നെ, vel അവനെ, എന്ന ചൊദ്യത്തിൽ ഉള്ളതുപൊലെ accusativus വിഭക്തിയായിട്ട നീ ഉത്തരിക്കും ഈ വണ്ണം ശെഷിച്ചും. എന്നാൽ ഇതിന്റെ താഴെ എഴുതുവാൻ പൊകുന്ന ഉദാഹരണങ്ങളാൽ ഇവെല്ലാം തെളിവാകും.

---

## ഉദാഹരണങ്ങളാകുന്നതെന്തെന്നാൽ.

| | |
|---|---|
| Interrogatio. Quis hoc fecit. ? | ചൊ. ആര ഇതചെയ്തു? |
| Responsio. Frater tuus | ഉ. നിന്റെ കൂടപ്പിറപ്പ. |
| In: Quem vocas? | ചൊ. ഏവനെ നീ വിളിക്കുന്നു? |
| R. Fratrem tuum | ഉ. നിന്റെ കൂടപ്പിറപ്പിനെ. |
| In: Cujus est hic liber? | ചൊ. ഈ പുസ്തകം ആരുടെതാകുന്നു? |
| R. Petri | ഉ. പത്രൊസിന്റെ. |
| In: De quo loqueris? | ചൊ. ആരെക്കുറിച്ച നീ പറയുന്നു? |
| R. De Petro | ഉ. പത്രൊസിനെ കുറിച്ച. |
| In: Quid cupit facere? | ചൊ. എന്ത ചെയ്വാൻ അവൻ ആഗ്രഹിക്കുന്നു? |
| R. Discedere | ഉ. പുറപ്പെട്ടുപൊകുവാൻ. |
| In: Quid te rogat, ut facias? | ചൊ. എന്തു നീ ചെയ്യാൻ അവൻ നിന്നൊടപെക്ഷിക്കുന്നു? |
| R. Ut discedam | ഉ. പുറപ്പെട്ടുപൊകുവാൻ. |
| In: Ubi es? | ചൊ. നീ എവിടെയാകുന്നു? |
| R. Hic | ഉ. ഇവിടെ. |
| In: Quo venies? | ചൊ. എവിടെക്കു നീ വരും? |
| R. Huc | ഉ. ഇവിടെക്കു. |
| In: Ubi moratur? | ചൊ. അവൻ എവിടെ പാൎക്കുന്നു? |
| R. Romæ | ഉ. റൊമ്മാപുരിയിൽ. |
| In: Quo ivit? | ചൊ. എവിടെക്കു അവൻ പൊയി. |
| R. Romam | ഉ. റൊമ്മെക്കു. |

In . Quota est hora? — ചോ. എത്രമണിയാകുന്നു?
R. Hora quarta cum quadrante — ഉ. നാലെകാൽ മണി.
In : Quanti valet hic liber ? — ചോ. ഈ പുസ്തകത്തിന്ന എന്തു വിലയാകുന്നു?
R. Decem rupiis — ഉ. പത്തുരൂപാ.
In : Quo consule id evenit ? — ചോ. ആര കൊൻസുലായിരിക്കയിൽ ഇത സംഭവിച്ചു?
R. Cicerone consule — ഉ. ചിച്ചെരൊൻകൊൻസുലായിരിക്കുമ്പോൾ

## മെലെഴുതിയതിന്മെൽ സൂക്ഷിക്കെണ്ടുന്നതായത.

൧-മത. ചോദ്യം. അതിശയപ്പെടുന്ന പ്രകാരം ചെയ്യുന്നുവെങ്കിൽ, അതായത യാതൊരുത്തൻ ചെയ്യുത എങ്ങനെയൊ? എപ്പൊഴൊ? എന്ത്യ? എവിടെ? അല്ലെങ്കിൽ ആ പ്രവൃത്തി ചെയ്യുവനാര? എന്നിങ്ങനെ ചോദിക്കെണ്ടിവരുമ്പൊൾ മെലെഴുതിയതിന്ന പ്രകാരം പ്രയൊഗിക്കെണ്ടുന്ന adverbia കൾ ആകുന്നതെന്തെന്നാൽ. Quandonam എപ്പൊൾ? Quomodonam എങ്ങനെ? Curnam. vel quarenam എന്തെ? Ubinam എവിടെ? Quisnam ആര? എന്നാലിവകൾക്കുള്ള ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ. Quandonan hoc fecit? അവൻ എപ്പൊൾ ഇത ചെയ്തു? Quomodonam potuit hoc facere? ഇതവൻ ചെയ്യുവാൻ വശമായതെങ്ങനെ?

Curnam, vel quarenam hoc fecit? അവൻ ഇത ചെയ്യുതെന്തെ?
Undenam venit? അവൻ എവിടെ നിന്ന വരുന്നു?
Quisnam ausus est hoc facere? ഇതു ചെയ്യുവാൻ തുനിഞ്ഞവനാര?

൨-മത. ഒരു സംഗതിയുള്ളതൊ ഇല്ലാത്തതൊ എന്ന അറിവാൻ തക്ക ക്രിയാപദം ചെയ്തുകൊണ്ട ചോദിക്കുമ്പൊൾ വാചകത്തിന്റെ തുടക്കത്തിൽ an, vel num, vel numquid, വാചകത്തിന്റെ ഒന്നാമത്തെ മൊഴിയുടെ ശെഷം ne, വെച്ചുകൊണ്ട ചോദിക്കെണ്ടതാകുന്നുവെന്നും ഉത്തരം ഇല്ലെന്ന ആകെണ്ടതാകുമ്പൊൾ num, vel numquid പ്രത്യെകം പ്രയൊഗിക്കെണ്ടുന്നതാകുന്നുവെന്നും ഓൎത്തുകൊൾക.

വിശെഷിച്ച ഉണ്ടെയെങ്കിലും, ഇല്ലെന്ന, യെങ്കിലും ഉത്തരിക്കുന്നത, ചോദ്യത്തിൽപ്രയൊഗിച്ചിരിക്കുന്ന ക്രിയാപദംകൊണ്ടുതന്നെ ഉത്തരിക്കയും വെണമെന്നും ഓൎത്തുകൊൾക. ഉദാഹരണങ്ങൾ ആകുന്നതെന്തെന്നാൽ.

Interro : An vidisti Regem ? vel vidisti ne Regem ?
ചോ : രാജാവിനെ നീ കണ്ടൊ?

R. Vidi. — ഉത്ത : ഞാൻ കണ്ടു.

Int : Num dormis, vel numquid dormis ?
ചോ : നീ ഉറങ്ങുന്നൊ?

R. Non dormio. — ഉ. ഞാൻ ഉറങ്ങുന്നില്ല.

Int : Num eris semper negligens ?
ചോ : നീ എല്ലാപ്പൊഴും മടിയനായിരിക്കുമൊ?

R. Id Deus avertat. — ഉ : ഇതുവരാതെ ഇരിപ്പാൻ തമ്പുരാൻ ഇടകൂട്ടട്ടെ.

൩-മത സാമാന്യം പക്ഷെ, എന്ന മൊഴിയും കൂട്ടി ഇല്ലയെന്നുള്ള മൊഴിയായിട്ട ചെയ്യുന്ന ചോദ്യം ഏറിയകൂറും Nonne, vel annon, ചിലപ്പൊൾ non, മാത്രം പ്രയൊഗിച്ചുകൊണ്ട ചോദ്യം ചെയ്യപ്പെടുമാറാകുന്നു. ചിലപ്പൊൾ num. . non അതായത വാചകത്തിന്റെ തുടക്കത്തിൽ num വെച്ച പ്രധാന ക്രിയാപദത്തിന്ന മുമ്പിൽ non വെക്കയും ചെയ്യും. മൂന്ന ഉദാഹരണങ്ങൾ ഇവെല്ലാം തെളിയിക്കും. ഉദ : Nonne, vel annon monitus es? പക്ഷെ നീ ഗുണദൊഷിക്കപ്പെട്ടിട്ടില്ലെ? Ergo non amplius te videbimus? അപ്പൊഴൊ ഇനി ഞങ്ങൾ നിന്നെ കാണുകയില്ലയൊ? Num vitia tua aliquando non deseres? (പക്ഷെ) ഒരു വെളയിൽ നിന്റെ ദുൎഗ്ഗുണങ്ങളെ നീ ഉപെക്ഷിക്കയില്ലയൊ

# മാസത്തിന്റെ ഏതു തിയ്യതിയെങ്കിലും ലത്തീൻ പെച്ചിൽ പൊരുൾ തിരിപ്പാനുള്ള ക്രമം.

മാസത്തിൽ പെരുതിരിയപ്പെട്ട മൂന്ന ദിവസങ്ങളുണ്ടെന്ന ആദ്യംതന്നെ നീ അറിയെണം അതായത:

Calendæ, Nonæ, et Idus.

Calendæ എന്ന പറയുന്നത മാസത്തിന്റെ ഒന്നാം തിയ്യതിയാകുന്നു.

Nonæ എന്ന പറയുന്നത മീനം, ഇടവം, കക്കടകം, തുലാം എന്ന നാലു മാസങ്ങളിൽ എഴാം തിയ്യതിയാകുന്നു. ശെഷം മാസങ്ങളിൽ അഞ്ചാം തിയ്യതിയാകുന്നു.

Idus എന്ന പറയുന്നത മെൽ എഴുതിയ നാലു മാസങ്ങളിൽ പതിനഞ്ചാം തിയ്യതിയാകുന്നു. ശെഷം മാസങ്ങളിൽ പതിമൂന്നാംന്ന-യാകുന്നു. അതായത Idus എന്ന തിയ്യതി Nonæ കഴിഞ്ഞിട്ട എട്ടാം ദിവസിയാകും.

മെലെഴുതിയ നാല മാസങ്ങൾ അതായത ഏഴാം തിയ്യതിക്ക Nonæ, പതിനഞ്ചാം തിയ്യതിക്ക Idus ഉള്ളത എഴുത്തിൽ ഒക്കുന്നതിന്ന ഒരം മൊഴി പ്രയൊഗിക്കാം അതായത. Marmajo. Mar. martius മീനം. Ma, majus ഇടവം. J. julius കക്കടകം. O. october തുലാമാസം.

മെലെഴുതിയതെല്ലാം ശിക്ഷ്യര ഗ്രഹിച്ചിട്ട ഒരൊരു തിയ്യതി ലത്തീൻപെച്ചിൽ പറവാനുള്ളതിന്ന താഴെ എഴുതിയിരിക്കുന്നത സൂക്ഷിക്കണം.

മാസങ്ങളുടെ ഒന്നാം തിയ്യതി ലത്തീൻ പെച്ചിൽ Calendis എന്നാകുന്നു. ഉദ: Calendis januarii മകരമാസം ഒന്നാം തിയ്യതി, മാസത്തിന്റെ പെര adjectivum ആക്കി Calendis vel Nonis എന്നതിനൊട്ട ഒപ്പിക്കാം. ഉദ: Calendis januariis, vel calendis vel nonis martiis. &c.

മെലെഴുതിയ marmajo എന്ന നാലു മാസങ്ങളുടെ എഴാം തിയ്യതി Nonis എന്നാകുന്നു. ശെഷം മാസങ്ങളിൽ അഞ്ചാം തിയ്യതി Nonis. ഉദ: മീനം vel ഇടവം vel കക്കടകം vel തുലാമാസം ഏഴാം തിയ്യതി Nonis martii, vel majii vel julii, vel octobris.
ധനു, മകരം, കുംഭം, മെടം, മിഥുനം, ചിങ്ങം, കന്നി, വൃശ്ചികം അഞ്ചാം തിയ്യതി Nonis Decembris, januarii Februarii &c.

മെലെഴുതിയ നാലുമാസങ്ങളിൽ അതായത മീനം, ഇടവം, കക്കടകം, തുലാം എന്ന മാസങ്ങളുടെ പതിനഞ്ചാം തിയ്യതി Idibus എന്നാകുന്നു. ഉദ: മീനമാസം പതിനഞ്ചാം തിയ്യതി Idibus martii.

എന്നാൽ ശെഷം മാസങ്ങളിൽ Idus പതിമൂന്നാം തിയ്യതിയാകകൊണ്ടു ധനുമാസം ൧൩ തിയ്യതി എന്ന പറയെണമെങ്കിൽ Idibus decembris എന്ന പറയണം ആയതിൻവണ്ണം ശെഷം മാസങ്ങളിൽ. എന്നാൽ Calendæ vel Nonæ vel idus കഴിഞ്ഞാൽ എങ്ങനെയെന്ന അറിവാനുള്ളതാകുന്നു. അതെന്തെന്നാൽ അതുകളുടെ പിറെറ ദിവസം തന്നെ ആകുന്നുവെങ്കിൽ Postridie calendas vel calendarum postridie nonas vel nonarum postridie idus vel iduun എന്ന ചൊല്ലുകയും ആം അപ്പഴെ മകരമാസം രണ്ടാം തിയ്യതി എന്ന പറഞ്ഞാൽ postridie calendas vel calendarum januarii എന്ന പറയാം ആയതിൻവണ്ണം ശെഷം മാസങ്ങളിൽ അതിൻവണ്ണം മെലെഴുതിയ തിയ്യതികളുടെ തലെദിവസമാകുമ്പൊൾ Pridie calendas vel pridie nonas vel pride idus എന്ന പൊരുൾ തിരിക്കുന്നു. ഉദ: ധനുവമാസം ൩൧ തിയ്യതി Pridie calendas januarii എന്ന പൊരുൾ തിരിക്കണം. മകരമാസം നാലാം തിയ്യതി Pridie nonas januarii എന്നതുപൊലെ മകരമാസം ൧൨ തിയ്യതി Pridie idus januarii എന്നും പൊരുൾതിരിക്കണം. മീനമാ

സം ആറാം തിയ്യതി Pridie nonas martii vel martias മീനമാസം പതിനാലാം തിയ്യതി Pridie idus martii.

എന്നാൽ ഏറ്റം സൂക്ഷിക്കെണ്ടുന്നത ഇതായിരിക്കുന്നു. അതായത ഓരൊ മൂന്ന ൹കളിൽ ഒന്ന കഴിഞ്ഞാൽ ഉടനെ വരുന്നതിനെ നൊക്കികൊണ്ട അതിന്ന മുമ്പിൽ ഇത്രദിവസം എന്നകാട്ടുന്ന വാചകമായിട്ട പെരുക്കൽ തിരിക്കമാറാകുന്നു. അതായത calendæ കഴിഞ്ഞിട്ടുള്ള ദിവസം അതായത മാസത്തിന്റെ രണ്ടാം ൹ ആകുമ്പൊൾ Nonæ നൊക്കി അതിന്നെത്ര ദിവസം ഉണ്ടെന്ന കൂട്ടി പെരുക്കൽ തിരിക്കണം. എന്നാൽ കണക്കിൽ വരുവാനിരിക്കുന്ന ൹യും പറയുന്ന ൹യും കൂട്ടുകയും വെണം. ഈവണ്ണം മകരമാസം ൨-ാം ൹ എന്നപറഞ്ഞാൽ ൨-ാം ൹യും nonæ എന്നതുകളുടെ ൹യും അതായത ൫-ാം ൹യും കൂട്ടിയാൽ നാലുദിവസം കണക്കിൽ കാണും അപ്പൊഴം quarto nonas januarii vel januarias ചൊല്ലിയാൽ മകരമാസം ൨-ാം ൹ എന്നൎത്ഥമാകും quarto nonas jenuarii എന്ന ചൊല്ലുമ്പൊൾ quarto die ante nonas januarii എന്ന ചൊല്ലുന്നതുപ്പോലെയാകുന്നു മകരമാസം മൂന്നാം൹ tertio nonas januarii എന്നും നാലാം ൹ Pridie nonas എന്നും ചൊല്ലികൊൾക. എന്നാൽ nonæ ഏഴാം൹യുള്ള മെലെഴുതിയ നാലുമാസങ്ങളിൽ ആ കണക്ക ഒപ്പിച്ച ചൊല്ലെണ്ടതാകുന്നുവെന്ന ഓൎത്തുകൊൾക അപ്പൊഴം മീനമാസം രണ്ടാം൹ sexto nonas martii മൂന്നാം൹ quinto nonas നാലാം൹ quarto nonas അഞ്ചാം൹ tertio nonas ആറാം൹ pridie nonas martii ഇതുപൊലെ ശെഷവും.

Nonæ എന്ന തിയ്യതി കഴിഞ്ഞാൽ Idus എന്ന തിയ്യതിയെ നൊക്കി മെലെഴുതിയതിൻവണ്ണം കണക്ക കൂട്ടികൊൾക. ഉദ: കുംഭമാസം ൬-ാം തിയ്യതി എന്ന പറഞ്ഞാൽ ആറാം തിയ്യതിയും പതിമൂന്നാം തിയ്യതിയും കൂട്ടി എട്ട ദിവസം കാണും അപ്പൊഴം Octavo Idus Februarii എന്ന ൭-ാം തിയ്യതി Septimo Idus എന്നും, എട്ടാം തിയ്യതി Sexto Idus എന്നും മറ്റും പെരുക്കൽ തിരിക്കയും വെണം. മീന മാസം എട്ടാം തിയ്യതി എന്നപറഞ്ഞാൽ പതിനഞ്ചാം തിയ്യതിയൊടുകൂടെ എട്ട ദിവസം കാണും അപ്പൊഴം Octavo Idus martii ൯-ാം തിയ്യതി Septimo Idus ൧൦-ാം തിയ്യതി Sexto Idus &c.

കടശി Idus കഴിഞ്ഞിട്ടുള്ള ദിവസങ്ങൾ ആകുമ്പൊൾ വരുന്ന മാസത്തിന്റെ Calendæ എന്ന തിയ്യതിയെ നൊക്കി മെൽ ചൊല്ലിയ മുറപ്പടി കണക്ക കൂട്ടിപെരുക്കൽ തിരിക്കെണ്ടതാകുന്നു. അപ്പൊഴം മകരമാസം പതിനാലാം തിയ്യതിയെന്ന പറഞ്ഞാൽ ഒന്നുകിൽ മെലെഴുതിയിരിക്കുംവണ്ണം Postridie Idus januarrii എന്ന ചൊല്ലിക്കൊള്ളണം അല്ലെങ്കിൽ കുംഭമാസത്തിന്റെ ഒന്നാം തിയ്യതിയും കൂട്ടി അതുവരെ പത്തൊമ്പതു ദിവസമാകകൊണ്ട decimo nono calendas februarii എന്ന പെരുക്കൽ തിരിക്കയും മീനമാസം പതിനാറാം ൹ ആയിരുന്നാൽ ഒന്നുകിൽ postridie Idus martii, vel postridie Iduum അല്ലെങ്കിൽ മെട മാസത്തിന്റെ calendæ എന്ന ഒന്നാം തിയ്യതിവരെ മെൽപ്രകാരം കണക്ക കൂട്ടിയാൽ പതിനെഴ ദിവസം കിട്ടുന്നതാകയാൽ decimo septimo calendas aprilis മീനമാസം പതിനെഴാം ൹ decimo sexto calendas aprilis എന്നും ഇങ്ങനെ മെലൊട്ട പെരുക്കൽ തിരിച്ചുകൊൾക.

വിശെഷിച്ച കുംഭ മാസത്തെ കുറിച്ച പ്രത്യെകം സൂക്ഷിക്കെണ്ടുന്നതായത സാമാന്യം ഓരൊ മാസത്തിന്ന ൨൮ ൹ ഉണ്ടായിരിക്കുന്നു. എന്നാൽ കുത്തുള്ള കാലത്തിൽ ഇരുപത്തൊമ്പതുണ്ട എന്നാൽ ൨൮ ആയിരുന്നാലും ൨൯ ആയിരുന്നാലും ശരി കുംഭ മാസം ൧൪-ാം ൹ എന്ന പറഞ്ഞാൽ രണ്ട സംഗതിയിങ്കലും sextodecimo calendas martii vel martias എന്ന ചൊല്ലികൊൾക. ഇങ്ങനെ മെലൊട്ട decimo quinto, decimo quarto &c. ൨൪ വരെ എന്നാൽ ഇരുപത്തനാലാം ൹ Sexto calendas martii vel martias ചൊല്ലുകയും കുത്തുള്ള കാലത്തിലും അതായത ഓരൊ മാസത്തിന്ന ഇരുപത്തൊമ്പത ൹ ഉള്ള കാലത്തിൽ ൨൫-ാം ൹യിലും വീണ്ടും sexto calendas martii, vel martias എന്ന ചൊല്ലികൊൾക. ഇതു മുഖാന്തരത്താൽ അത്രെ കുത്തുള്ള കാലം bissextilis അതായത bis രണ്ടുരം sextilis എന്ന വിളിക്കപ്പെടുന്നത.

മെലെഴുതിയതെല്ലാം ഒരു നൊട്ടംകൊണ്ട കാണ്മാൻതക്ക പടം ഇവിടെ ചെൎക്കയുംആം. ഏഴുമാസങ്ങൾ അതായത മകരം, മീനം, ഇടവം, കൎക്കടകം, ചിങ്ങം, തുലാം ധനു, എന്ന മാസങ്ങൾക്ക ൩൧ ൹യും നാലുമാസങ്ങൾ അതായത മെടം, മിഥുനം, കന്നി, വൃശ്ചികം, എന്ന മാസങ്ങൾക്ക മുപ്പത ൹യും കുംഭമാസത്തിന്ന ൨൮ കുത്തുള്ള കാലത്തിൽ ൨൯ ഉണ്ടെന്ന ഓൎത്തുകൊൾക.

## ഒന്നാം പട്ടം.

### ൩൧ തിയ്യതിയുള്ള മാസങ്ങളുടെ പട്ടം.

Nonæ ൭-ാം നു- Idus ൧൫-ാംനു- ഉള്ളവ.

| | |
|---|---|
| ൧ | Calendis |
| ൨ | Sexto nonas (1) |
| ൩ | Quinto nonas |
| ൪ | Quarto nonas |
| ൫ | Tertio nonas |
| ൬ | Pridie nonas |
| ൭ | Nonis |
| ൮ | Octavo Idus |
| ൯ | Septimo Idus |
| ൧൦ | Sexto Idus |
| ൧൧ | Quinto Idus |
| ൧൨ | Quarto Idus |
| ൧൩ | Tertio Idus |
| ൧൪ | Pridie Idus |
| ൧൫ | Idibus |
| ൧൬ | Decimo Septimo cal: |
| ൧൭ | Decimo Sexto cal. |
| ൧൮ | Decimo quinto cal. |
| ൧൯ | Decimo quarto cal. |
| ൨൦ | Decimo tertio cal. |
| ൨൧ | Duodecimo cal. |
| ൨൨ | Decimo primo cal. |
| ൨൩ | Decimo calendas |
| ൨൪ | Nono calendas |
| ൨൫ | Octavo calendas |
| ൨൬ | Septimo calendas |
| ൨൭ | Sexto calendas |
| ൨൮ | Quinto calendas |
| ൨൯ | Quarto calendas |
| ൩൦ | Tertio calendas |
| ൩൧ | Pridie calendas |

(൧–൧൫) Martii, Maii, Julii, Octobris.

(൧൬–൩൧) പിററ മാസത്തിന്റെ പെര genitivo വിഭക്തിയിൽ ഇടെക്കെണം. ഉ-ദ: Decimo septimo calendas Aprilis &c.

Nonæ ൫-ാം നു- Idus ൧൩-ാംനു- ഉള്ളവ.

| | |
|---|---|
| ൧ | Calendis |
| ൨ | Quarto Nonas |
| ൩ | Tertio Nonas |
| ൪ | Pridie Nonas |
| ൫ | Nonis |
| ൬ | Octavo Idus |
| ൭ | Septimo Idus |
| ൮ | Sexto Idus |
| ൯ | Quinto Idus |
| ൧൦ | Quarto Idus |
| ൧൧ | Tertio Idus |
| ൧൨ | Pridie Idus |
| ൧൩ | Idibus |
| ൧൪ | Decimo nono cal. |
| ൧൫ | Decimo octavo cal. |
| ൧൬ | Decimo septimo cal. |
| ൧൭ | Decimo sexto cal. |
| ൧൮ | Decimo quinto cal. |
| ൧൯ | Decimo quarto cal. |
| ൨൦ | Decimo tertio cal. |
| ൨൧ | Duodecimo calendas |
| ൨൨ | Undecimo calendas |
| ൨൩ | Decimo calendas |
| ൨൪ | Nono calendas |
| ൨൫ | Octavo calendas |
| ൨൬ | Septimo calendas |
| ൨൭ | Sexto calendas |
| ൨൮ | Quinto calendas |
| ൨൯ | Quarto calendas |
| ൩൦ | Tertio calendas |
| ൩൧ | Pridie calendas |

(൧–൧൩) Januarii, Augusti, Decembris.

(൧൪–൩൧) പിററ മാസത്തിന്റെ പെരിന്റെ Genitivo വിഭക്തിയൊടുകൂടെ ഉ-ദ. Decimo nono Calendas Februarii &c.

---

(1) അല്ലെങ്കിൽ Postridie calendas vel calendarum: ൮-ാം-കു Postridie Nonas vel Nonarum: ൧൬ തിയ്യതിക്കു Postridie Idus vel Iduum: മററ മാസങ്ങളിൽ ൬-ാം തിയ്യതിക്കു Postridie Nonas &c. ഒപ്പിച്ചുകൊൾക.

രണ്ടാം പടം.

## Nonæ ൫-ാം തീയ്യതിക്കും Idus ൧൩ തീയ്യതിക്കുമുള്ള ൩൦ തീയ്യതിയുള്ള മാസങ്ങളുടെ പടം.

| | മെടം, മിഥുനം, കന്നി, വൃശ്ചികം ൩൦ ഉള്ളത. | |
|---|---|---|
| ൧ | Calendis | Aprilis, Junii, Septembris, Novembris. |
| ൨ | Quarto Nonas | |
| ൩ | Tertio Nonas | |
| ൪ | Pridie Nonas | |
| ൫ | Nonis | |
| ൬ | Octavo Idus | |
| ൭ | Septimo Idus | |
| ൮ | Sexto Idus | |
| ൯ | Quinto Idus | |
| ൧൦ | Quarto Idus | |
| ൧൧ | Tertio Idus | |
| ൧൨ | Pridie Idus | |
| ൧൩ | Idibus | |
| ൧൪ | Decimo octavo cal. | പിന്നത്തെ മാസത്തിന്റെ പെര genitivo ൽ ചെൎക്കിൽ ൧ കൂട്ടിക്കൊൾക ഉദ: decimo octavo calendas Maii, മെടമാസം ൧൮-ാം ന. |
| ൧൫ | Decimo septimo cal. | |
| ൧൬ | Decimo sexto cal. | |
| ൧൭ | Decimo quinto cal. | |
| ൧൮ | Decimo quarto cal. | |
| ൧൯ | Decimo tertio cal. | |
| ൨൦ | Duodecimo cal. | |
| ൨൧ | Undecimo cal. | |
| ൨൨ | Decimo calendas | |
| ൨൩ | Nono calendas | |
| ൨൪ | Octavo calendas | |
| ൨൫ | Septimo calendas | |
| ൨൬ | Sexto calendas | |
| ൨൭ | Quinto calendas | |
| ൨൮ | Quarto calendas | |
| ൨൯ | Tertio calendas | |
| ൩൦ | Pridie calendas | |

| | കുംഭ മാസം Februarius | | | |
|---|---|---|---|---|
| ൧ | Calendis Februarii | | | |
| ൨ | Quarto Nonas Februarii | | | |
| ൩ | Tertio Nonas Februarii | | | |
| ൪ | Pridie Nonas Februarii | | | |
| ൫ | Nonis Februarii | | | |
| ൬ | Octavo Idus Februarii | | | |
| ൭ | Septimo Idus Februarii | | | |
| ൮ | Sexto Idus Februarii | | | |
| ൯ | Quinto Idus Februarii | | | |
| ൧൦ | Quarto Idus Februarii | | | |
| ൧൧ | Tertio Idus Februarii | | | |
| ൧൨ | Pridie Idus Februarii | | | |
| ൧൩ | Idibus Februarii | | | |
| ൧൪ | Decimo sexto calendas Martii | | | |
| ൧൫ | Decimo quinto calendas Martii | | | |
| ൧൬ | Decimo quarto calendas Martii | | | |
| ൧൭ | Decimo tertio calendas Martii | | | |
| ൧൮ | Duodecimo calendas Martii | | | |
| ൧൯ | Undecimo calendas Martii | | | |
| ൨൦ | Decimo calendas Martii | | | |
| ൨൧ | Nono calendas Martii | | | |
| ൨൨ | Octavo calendas Martii | | | |
| ൨൩ | Septimo calendas Martii | | | |
| ൨൪ | Sexto Calendas Martii | | | |
| | സാമാന്യ കാലം. | | കുത്തുള്ള കാലം. | |
| ൨൫ | Quinto cal. | Martii. | Bis sexto cal. | Martii. |
| ൨൬ | Quarto cal. | | Quinto cal. | |
| ൨൭ | Tertio cal. | | Quarto cal. | |
| ൨൮ | Pridie cal. | | Tertio cal. | |
| ൨൯ | (*) | | Pridie cal. | |

(*) ൨൫ തീയ്യതി തുടങ്ങി മെലൊട്ട തെററിപ്പൊകാതിരിപ്പാൻ നടക്കുന്ന ആണ്ടെ സാമാന്യമുള്ളതൊ കുത്തുള്ള കാലമൊ എന്നറിയണം.

## ലത്തീൻ പുസ്തകങ്ങളിൽ നടപ്പായിരിക്കുന്ന വാചകങ്ങളുടെ കുറിപ്പ്.

Ago-is.
Agere vitam ജീവിതം കഴിക്കുന്നത.
Agere animam മരണപ്രമാദത്തിൽ ഇരിക്കുന്നത.
Agere boves കാളകളെ മുമ്പോട്ടു ഉന്തിനടത്തുന്നത.
Agere vigilias vel excubias കാവൽ ആയിരിക്കുന്നത യാമം കാക്കുന്നത.
Age quod agis, vel hoc age quod agis, നീ ചെയ്യുന്നതിന്മെൽ സൂക്ഷം വെക്ക.
Agi furiis മദവെറിപിടിച്ചിരിക്കുന്നത.
Actum est, vel acta res est കാൎയ്യം തീൎന്നു ഇനികഴിവില്ല പൊയ്പ്പോയി.
Actum est de eo, അവൻ നശിച്ചു.
Pars in crucem acti ഒരു കൂറ കുരിശിന്മെൽ തറക്കപ്പെട്ടു.

### ACCIPIO.

Ex tuis literis accepi, നിന്റെ എഴുത്തുകളിൽ നിന്ന vel നിന്റെ കുറിയിൽ നിന്ന ഞാൻ ഗ്രഹിച്ചു.

Accipite nunc, quæso, quod inde factum est, അതിന്റെ ശെഷം ഉണ്ടായതു മനൊഗുണമായിട്ടു കെൾപ്പിൻ.

### ACCEDO.

Ad ceteras meas miserias accessit dolor, ശെഷം എന്റെ അരിഷ്ടതകളൊടുകൂടെ വ്യാകുലവും വന്നുകൂടി.

Huc accedit. .quod, ഇതിനൊടു ഇതും ചെൎക്കപ്പെടുന്നു vel ഇതും ചെൎന്നുണ്ടായിരിക്കുന്നു.

### EDO, IS, EDIDI, EDITUM

Edere librum, ഒരു പുസ്തകം അച്ചടിക്കുന്നത.
Edere clamorem, നിലവിളിക്കുന്നത.
Edere strepitum ഒച്ചകൊൾപ്പിക്കുന്നത.
Edere extremum spiritum ഒടുക്കത്തെശ്വാസം വിടുന്നത, ചാകുന്നത.

### FINGO, IS.

Fingere morbum ചടപ്പാകുന്നുവെന്ന കള്ളമായിട്ടു കാട്ടുന്നത.
Fingere vas, പാത്രം മനയുന്നു.
Fingere mores നടപടികളെ vel വ്യാപാരത്തെ നന്നാക്കുന്നത.

### CASTIGO, AS.

Castigare mores വ്യാപാരത്തെ ചൊവ്വാക്കുന്നത.
Castigare dolorem, നൊമ്പരത്തെ കുറെക്കുന്നത.

### INCEDO, IS.

Cupido eos incessit, അവൎക്കമനസ്സുതൊന്നി.

### CONCEDO, IS

Concessit in antrum ഒരു ഗുഹയിൽ പൊയിപ്പാൎത്തു
Concessit domum വീട്ടിൽ പൊയി.

### CONDUCO, IS

Conducere operarios, കൂലിവെലക്കാരെ കൂലിപറഞ്ഞു വെലക്കു നിൎത്തുന്നത.
Conducere domum ഒരു വീടുകൂലിക്കുവാങ്ങുന്നത.

### CONFERT CONDUCIT

Confert conducit sanitati vel ad sanitatem, സൌഖ്യത്തിന്ന ഉപകരിക്കുന്നു.

### CONVENIO IS.

Convenire cum aliquo de pretio, വിലയെ കൊണ്ടു ഒരുത്തനൊടു പറഞ്ഞൊക്കുന്നത.

Eum convenire cogitabam, അവനെ കാണ്മാൻ പൊകുവാൻ ഞാൻ വിചാരിക്കയായിരുന്നു.

## CLASSEM DUCERE.

Contende ut classem duccas, ഇസ്കൂളയിൽ ഒന്നാമത്തവനാകുവാൻ നീ പ്രയാസപ്പെടുക.

## DIEM DICERE.

Diem dicere alicui ഒരുത്തനെ കോയിമ്മയിൽ വിളിപ്പിക്കുന്നത.

## CAUSAM DICERE

Causam alicujus dicere വക്കീലായിട്ട ഒരുത്തന്റെ പെക്ഷന്യായം പറയുന്നത.

## CAUSA CADERE

Causa ceciderunt (വഴക്കിൽ) അവക്ക തൊലിവന്നു.

## ORDIRI, ABSOLVERE.

Orationem ordiri, et absolvere പ്രസംഗം തുടങ്ങുകയും അവസാനിപ്പിക്കയും ചെയ്യുന്നത.

## DICTO AUDIENTEM ESSE.

Dicto audiens sis, നീ ചൊല്ലുവിളിയുള്ളവനാകുക.

## AD NUTUM STARE.

Ad nutum alicujus Stare, ഒരുത്തന്റെ മനസ്സിന്ന കീഴ്വഴങ്ങിയിരിക്കുന്നത.

## AD UNGUEM.

Ad unguem aliquem imitari കാവില്ലാത്തവണ്ണം യാതൊരുത്തനെ കണ്ടുപഠിക്കുന്നത

## AD REM.

Ad rem non facit കാൎയ്യത്തിന്ന കൊള്ളുകയില്ല ഒക്കുന്നില്ല.

## ESSE A SECRETIS &c.

Erat ei a Secretis അവന്റെ സെഗ്രത്താരിയായിരുന്നു.
Erat ei a confessionibus അവന്റെ കുമ്പസാരക്കാരനായിരുന്നു.
Erat ei a Consiliis അവന്റെ ആലൊചനക്കാരനായിരുന്നു.
Erat ei a libellis അച്ചന്ന വരുന്ന അപെക്ഷ vel അവലാധി എഴുത്തുകളെ വാങ്ങി അച്ചന്റെ പക്കൽ ഏല്പിക്കുന്ന ഉദ്യൊഗസ്ഥനായിരുന്നു.

## PRO CASTRIS.

Pro castris locare പാളയത്തിന്ന എതിരെ നിൎത്തുന്നത, vel നിരത്തുന്നത.

## PRO ROSTRIS &c.

Pro rostris dicere പ്രസംഗസ്ഥലത്തിൽനിന്ന പറയുന്നത.
In rostra ascendere പ്രസംഗസ്ഥലത്തിൽ കരെറുന്നത.
De rostris descendere പ്രസംഗസ്ഥലത്തിൽനിന്ന ഇറങ്ങുന്നത.

## PRO CONCIONE &c.

Pro concione laudare കൂട്ടത്തിൽ vel സഭക്കൂട്ടത്തിൽ സ്തുതിക്കുന്നത.
Concionem, vel in concionem vocare ലൊകരെ വിളിച്ചു കൂട്ടുന്നത.
Legi concionem tuam നിന്റെ പ്രസംഗം ഞാൻ വായിച്ചു.

## ALBO, IN ALBUM.

Albo sanctorum inscribere, vel in album sanctorum adnumerare vel referre ശുദ്ധമാക്കപ്പെട്ടവരുടെ എണ്ണത്തിൽ കൂട്ടുന്നത, &c.

## NOMEN DARE.

Militiæ nomen dare, vel in album militum conscribi പട്ടാളത്തിൽ കൂട്ടുന്നത.

## CREDO DIS.

Alicui se credere യാതൊരുത്തന്റെ കൈകളിൽ തന്നെ കൈയ്യാളിക്കുന്നത.
Consilia sua alicui credere തന്റെ രഹസ്യകാൎയ്യങ്ങളെ വല്ലൊരുത്തനൊട്ട വിശ്വാസമായിട്ട പറയുന്നത.
Pecuniam credere പണം വായ്പകൊടുക്കുന്നത.
Ceræ aliquid credere, vel literis consignare, യാതൊന്ന എഴുതുന്നത.

## AES ALIENUM VEL NOMINA FACERE.

Aes alienum facere vel contrahere, vel nomina facere കടം വാങ്ങികടങ്ങളിൽ ഉൾപ്പെടുന്നത എന്നാൽ nomina facere കടം കൊടുക്കുന്നതിന്നും പ്രയോഗിക്കാം.

Aere alieno gravari പണക്കടങ്ങൾ ഉണ്ടായിരിക്കുന്നത.

Aere alieno se liberare, vel nomen solvere കടങ്ങളെ വീട്ടുന്നത.

## GRATIS FACERE, VEL ASSERERE

Gratis alĭquid facere കൂലികൂടാതെ യാതൊന്ന ചെയ്യുന്നത.

Gratis id asseris യാതൊരു ന്യായവും അടിസ്ഥാനവും കൂടാതെ ഇത നീ പറയുന്നു

## MISSUM, VEL MISSA FACERE.

Missum aliquid facere യാതൊരു കാൎയ്യം ചെയ്യാതെ vel ചൊല്ലാതെ, പറയാതെ ഇരിക്കുന്നത.

Plura missa facio പലകൂട്ടങ്ങളുടെ മെൽ ഞാൻ മിണ്ടുന്നില്ല.

## VOTI COMPOTEM FACERE.

Voti compotem aliquem facere യാതൊരുത്തന്റെ അപെക്ഷ കെൾക്കുന്നത അപെക്ഷിക്കുന്നതിനെ അനുവദിച്ചുകൊടുക്കുന്നത.

Voti compos factus est അവന്റെ അപെക്ഷ കെൾക്കപ്പെട്ടു അവന്റെ ആഗ്രഹം സാധിച്ചു.

Illius votis annuit vel adfuit Deus സൎവ്വെശ്വരൻ അവന്റെ അപെക്ഷകളെ കെട്ടു.

## AEQUE BONIQUE FACERE.

Aequi bonique faciam, നന്നായിരിക്കുന്നുവെന്ന vel നന്മയായിട്ട വിചാരിച്ചുകൊള്ളാം.

## DESIDERO, AS.

Id magnam desiderat attentionem ഇതിന്ന വലിയസൂക്ഷം വെണ്ടിയിരിക്കുന്നു.

Diligentia in eo desideratur, അവന്ന സൂക്ഷം vel ജാഗ്രതയില്ല.

Nihil in eo desideratur, അവന്ന യാതൊരു പൊരായ്മയില്ല vel നല്ലഗുണങ്ങളൊക്കയും അവനുണ്ട

## MANUM CONFERRE &c.

Manum conferre vel manus vel dexteras conserere തമ്മിൽ തമ്മിൽ തല്ലപിടിക്കുന്നു ശണ്ഠയിടുന്നു.

## IMPEDIMENTA CONFERRE.

In unum locum impedimenta collata sunt സാമാനം ഒരെടത്തിൽ തന്നെ വെക്കപ്പെട്ടു.

Stipem conferre vel dare ധൎമ്മം കൊടുക്കുന്നത.

## PRIMAS CONFERRE &c.

Primas conferre vel dare ഒന്നാം സ്ഥാനം കൊടുക്കുന്നത.

(Primas partes എന്നൎത്ഥമാകുന്നു.)

Primas tenere തലവനായിട്ടിരിക്കുന്നത ഒന്നാം സ്ഥാനത്തിലിരിക്കുന്നത.

## AEQUO ANIMO, INIQUO ANIMO VEL AEGRE FERRE.

Aequo animo, ferre ക്ഷമയൊടുകൂടെ സഹിക്കുന്നു.

Iniquo animo vel aegre ferre, സങ്കടത്തൊടു കൂടെ ക്ഷമകൂടാതെ സഹിക്കുന്നത.

## AEQUO MARTE.

Aequo Marte pugnatumest ശരിയായിട്ടുള്ള പട്ടാള കൂട്ടത്തൊടു കൂടെ vel ശരിയായ ഭാഗ്യാഭാഗ്യത്തൊടു കൂടെ യുദ്ധം ചെയ്യപ്പെട്ടു.

## MOREM GERERE &c.

Morem alicui gerere, ഒരുത്തന്ന കീഴ്വഴങ്ങുന്നത.

De more, vel ex more, ചട്ടപ്രകാരം പതിവിൻപ്രകാരം.

## AUCTOREM ESSE ALICUI.

Auctor tibi fui ut hæc faceres vel hæc faciendi ഇവകളെ നീ ചെയ്യുന്നതിന്ന vel ചെയ്വാൻ കാരണം ഞാനായി.

## NUNTIUM REMITTERE.

Literis nuntium remisit പഠിനത്തെ vel അക്ഷരാഭ്യാസത്തെ അവൻ ഉപെക്ഷിച്ചു

## E CARCERIBUS DIMITTERE.

Equos e carceribus dimittere പുറപ്പെട്ടു പൊകുവാൻ കുതിരകൾക്ക അടയാളം കാട്ടുന്നത.

## NERVOS INTENDERE. &c.

Nervos intendere in re aliqua ഒരു കാൎയ്യത്തിന്ന ജാഗ്രതയൊടുകൂടെ ഉത്സാഹിക്കുന്നതു.

Nervis omnibus contendere vel, nihil intentatum relinquere, omnem movere lapidem കാൎയ്യം സാധിപ്പാൻ കഴിയുന്ന പ്രയാസം ചെയ്യുന്നത.

## OPERÆ PRETIUM ESSE VEL PUTARE.

Opere pretium est ഹിതമാകുന്ന ഉപകാരമുള്ള കാൎയ്യമാകുന്നു.

Opere pretium puto കാൎയ്യത്തിന്ന കൊള്ളാമെന്ന vel തക്കതാകുന്നുവെന്ന ഞാൻ വിചാരിക്കുന്നു.

## ANTIQUIUS &c.

Nihil mihi est antiquius, ഇതിൽ ഇനിക്ക എറ്റം താല്പൎയ്യമുള്ളത ഒന്നുമില്ല.

Id est mihi antiquissimum, ഇത ഇനിക്ക എത്രയും താല്പൎയ്യമുള്ള കാൎയ്യമാകുന്നു

## PRODITUM ESSE.

Memoriæ vel literis proditum est, എഴുതപ്പെട്ടിരിക്കുന്നു.

## INFICIAS IRE.

